# നന്മയുടെ നീർച്ചാലുകൾ

(Malayalam)

# Nanmayude Neerchalukal

**(Sampoorna Malayala Rajanakal Vol. 2)**

## Dr. Paulos Mar Gregorios

Compiled and Published by Joice Thottackad on behalf of Gregory of India Study Centre for the glory of God and for the benefit of humankind.

First Edition: November 24, 2012

Second Edition: August 9, 2014

Distributors: **Sophia Books**, Kottayam Mob: 99471 20697

Typesetting & Printing : Sophia Print House, Kottayam

**Rs. 90/-**

സമ്പൂർണ മലയാള രചനകൾ: വാല്യം 2

# നന്മയുടെ നീർച്ചാലുകൾ

ഡോ. പൗലോസ് മാർ ഗ്രീഗോറിയോസ്

സോഫിയാ ബുക്സ്
കോട്ടയം

## ഡോ. പൗലോസ് മാർ ഗ്രിഗോറിയോസ്

ലോകപ്രശസ്ത വേദശാസ്ത്രജ്ഞനും, ദാർശനികനും, ചിന്തകനും, ഗ്രന്ഥകാരനും. 1922 ഓഗസ്റ്റ് 9-ന് തൃപ്പൂണിത്തുറയിൽ ജനിച്ചു. പിതാവ്: പൈലി, മാതാവ്: ഏലി. 1937-ൽ മെട്രിക്കുലേഷൻ പരീക്ഷ പാസ്സായി. അതുകഴിഞ്ഞ് പത്രലേഖകൻ (1937-'42), ട്രാൻസ്പോർട്ട് കമ്പനിയിൽ ഗുമസ്തൻ, പി. ആൻഡ് ടി. വകുപ്പിൽ ഗുമസ്തനും പോസ്റ്റ്മാസ്റ്ററും (1942-'47). അക്കാലത്ത് പി. ആൻഡ് ടി. യൂണിയൻ തിരുവിതാംകൂർ - കൊച്ചി അസ്സോസിയേറ്റ് സെക്രട്ടറി. പിന്നീട് എത്യോപ്യയിൽ സർക്കാർ സ്കൂളുകളിൽ അദ്ധ്യാപകൻ (1947-'50). അമേരിക്കൻ സർവ്വകലാശാലകളിൽ പഠിച്ച് ഉന്നതബിരുദങ്ങൾ നേടി (1950-'54). ആലുവാ ഫെലോഷിപ്പ് ഹൗസ് ബർസാർ ആയി പ്രവർത്തിച്ചു (1954-'56). എത്യോപ്യൻ ചക്രവർത്തി ഹെയ്‌ലി സെലാസിയുടെ പേഴ്സണൽ അസിസ്റ്റന്റും ഉപദേശകനും (1956-'59). 1959 ജനുവരിയിൽ ശെമ്മാശനായി. യേൽ സർവ്വകലാശാലയിലും ഓക്സ്ഫഡിലും ഉപരിപഠനം നടത്തി (1959-'61). 1961-ൽ വൈദികനായി. ക്രൈസ്തവസഭകളുടെ അഖിലലോക കൗൺസിലിന്റെ (W.C.C.) അസോസിയേറ്റ് ജനറൽ സെക്രട്ടറിയായി പ്രവർത്തിച്ചു (1962-'67). സോവിയറ്റ് യൂണിയനിലേക്കു പോയ W.C.C.യുടെ ഡെലിഗേഷന്റെയും (1962), യുനെസ്കോ ഡെലിഗേഷന്റെയും (1967) നേതാവ്. 1967 മുതൽ 1996 വരെ ഓർത്തഡോക്സ് സെമിനാരിയുടെ പ്രിൻസിപ്പൽ. 1975-ൽ മെത്രാപ്പോലീത്തായായി. 1976 മുതൽ 1996 വരെ ഡൽഹി ഭദ്രാസന മെത്രാപ്പോലീത്താ. ക്രൈസ്തവസഭകളുടെ ലോകകൗൺസിൽ (W.C.C.) പ്രസിഡന്റുമാരിലൊരാളായി പ്രവർത്തിച്ചു (1983-'91). ലോകസമാധാനത്തിന്റെയും സൗഹൃദത്തിന്റെയും സന്ദേശവുമായി ആഗോളതലത്തിൽ സഞ്ചരിച്ചു. ഒട്ടധികം അന്താരാഷ്ട്ര സംഘടനകളുടെ നേതൃത്വം വഹിച്ചിരുന്നു. സോവിയറ്റ് ലാൻഡ് നെഹ്റു അവാർഡ്, ഓട്ടോ നുഷ്കെ പ്രൈസ് ഫോർ ദി പീസ് (ജർമ്മനി) തുടങ്ങി ഇരുപതോളം രാജ്യാന്തര അവാർഡുകളും ഒട്ടേറെ ബഹുമതികളും ലഭിച്ചിട്ടുണ്ട്. ഗ്രിഗറി ഓഫ് നിസ്സായെക്കുറിച്ചുള്ള ഗവേഷണപഠനത്തിന് 1975-ൽ സെറാമ്പൂർ യൂണിവേഴ്സിറ്റിയിൽ നിന്ന് ഡോക്ടറേറ്റ്. കൂടാതെ റഷ്യയിലെ ലെനിൻഗ്രാഡ് തിയോളജിക്കൽ അക്കാഡമി, ഹംഗറിയിലെ ബുഡാപ്പസ്റ്റ് ലൂതറൻ തിയോളജിക്കൽ അക്കാഡമി, ചെക്കോസ്ലോവാക്യയിലെ ജാൻഹസ് ഫാക്കൽറ്റി എന്നിവിടങ്ങളിൽ നിന്ന് ഓണററി ഡോക്ടറേറ്റ്. ജോയ് ഓഫ് ഫ്രീഡം, ഫ്രീഡം ഓഫ് മാൻ, കോസ്മിക്മാൻ, ഹ്യൂമൻ പ്രസൻസ്, എൻലൈറ്റൻമെന്റ് ഈസ്റ്റ് ആന്റ് വെസ്റ്റ്, സയൻസ് ഫോർ സെയിൻ സൊസൈറ്റീസ്, എ ലൈറ്റ് റ്റൂ ബ്രൈറ്റ്, എ ഹ്യൂമൻ ഗോഡ് തുടങ്ങി 26 ഇംഗ്ലീഷ് ഗ്രന്ഥങ്ങളും 11 മലയാളഗ്രന്ഥങ്ങളും രചിച്ചിട്ടുണ്ട്. പുസ്തകരൂപത്തിൽ പ്രസിദ്ധീകരിക്കപ്പെടാത്ത മലയാളം, ഇംഗ്ലീഷ്, ജർമ്മൻ, ഫ്രഞ്ച് എന്നീ ഭാഷകളിലുള്ള പ്രബന്ധങ്ങൾ ആയിരത്തോളമുണ്ട്. 1996 നവംബർ 24-നു കാലംചെയ്തു. ഓർത്തഡോക്സ് സെമിനാരിചാപ്പലിൽ അന്ത്യവിശ്രമംകൊള്ളുന്നു.



“മറ്റുള്ളവരെക്കുറിച്ചു വിചാരമില്ല.
അവനവനെക്കുറിച്ചുള്ള ചിന്തയേയുള്ളു.
അങ്ങനെയായാൽ
ഇരുട്ടിന്റെ സന്തതിയായിപ്പോകും.”
ഒരിക്കൽ പൗലോസ് മാർ ഗ്രീഗോറിയോസ്
തിരുമേനി സ്നേഹപൂർവ്വമായ
ശാസനയോടെ എന്നോടു പറഞ്ഞതാണിത്.
ഈ വാക്കുകൾ നന്മ ചെയ്യുവാനുള്ള
പ്രചോദനം എന്നും തന്നുകൊണ്ടിരിക്കുന്നു.
സ്നേഹനിധിയായ തിരുമേനിയുടെ
ഓർമ്മയ്ക്കു മുമ്പിൽ ശിരസ്സു നമിച്ചുകൊണ്ട്
ഈ ഗ്രന്ഥം ആ തൃപ്പാദത്തിൽ
സമർപ്പിക്കുന്നു.

ജോയ്സ് തോട്ടയ്ക്കാട്

# ദൈവതേജസ്സിന്റെ നറുനിലാവ്

പൗലോസ് മാർ ഗ്രീഗോറിയോസ് തിരുമേനി നമ്മിൽ നിന്നും വാങ്ങി പ്പോയിട്ട് പതിനഞ്ചു വർഷം കഴിഞ്ഞു. അദ്ദേഹത്തിന്റെ അഭാവം സൃഷ്ടിച്ച ശൂന്യത നമ്മുടെ ബൗദ്ധിക മേഖലയിലും ആത്മീയ മേഖല യിലും പരിഹരിക്കപ്പെടാതെ തന്നെ കിടക്കുന്നു.

ലോകത്തിനും, പ്രത്യേകിച്ച് ഭാരതത്തിനും മലങ്കരസഭയ്ക്കും ദൈവം നൽകിയ വലിയ ദാനമായിരുന്നു മാർ ഗ്രീഗോറിയോസ്. പക്ഷേ അങ്ങ നെയൊരു മനുഷ്യന്റെ സമ്പൂർണ്ണമായൊരു ജീവചരിത്രം തയ്യാറാക്കു ന്നതിനോ വിവിധ ഭാഷകളിലായി അദ്ദേഹം രചിച്ച ആയിരത്തിലധികം വരുന്ന പ്രബന്ധങ്ങളിൽ മുഴുവനും സമാഹരിച്ച് പ്രസിദ്ധീകരിക്കുവാനോ നമുക്കിനിയും കഴിഞ്ഞിട്ടില്ല.

ഈ ഒരു സാഹചര്യത്തിലാണ് ഗ്രിഗറി ഓഫ് ഇന്ത്യാ സ്റ്റഡി സെന്ററും സോഫിയാ ബുക്സും ഈ രംഗത്ത് പ്രസക്തമായ ചില കാര്യങ്ങൾ ചെയ്യുവാൻ ശ്രമിച്ചുകൊണ്ടിരിക്കുന്നത്. ദാർശനികൻ, ചിന്തകൻ, വേദ ശാസ്ത്രജ്ഞൻ തുടങ്ങി നിരവധി മേഖലകളിൽ വിശ്വവിശ്രുതനായ പൗലോസ് മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്തായുടെ മലയാള രച നകളെ പുതിയ തലമുറയ്ക്ക് പരിചയപ്പെടുത്തുവാനുള്ള ഒരു എളിയ ശ്രമമാണ് ഞങ്ങൾ നടത്തിക്കൊണ്ടിരിക്കുന്നത്.

ഗ്രിഗോറിയൻ രചനകൾ (ഇംഗ്ലീഷിലുള്ളവ) ഭൂരിഭാഗവും സമാഹരി ക്കപ്പെട്ടിട്ടുണ്ട്. പക്ഷേ മലയാളം രചനകൾ ഏറെയൊന്നും സമാഹരി ക്കുവാൻ മാർ ഗ്രീഗോറിയോസ് ഫൗണ്ടേഷനു കഴിഞ്ഞിട്ടില്ല. സമാഹരി ച്ചവയിൽ തന്നെ വളരെ കുറച്ചു മാത്രമേ പ്രസിദ്ധീകരിക്കപ്പെട്ടിട്ടുള്ളു. ഗ്രിഗോറിയൻ ദർശനങ്ങൾക്ക് പ്രസക്തിയേറുന്ന ഈ ലോക സാഹചര്യ ത്തിൽ ആ രചനകൾ പ്രസിദ്ധീകരിച്ചു കാണുവാൻ അനേകർ ആഗ്രഹി ക്കുന്നുണ്ട്. അതിനാൽ ഗ്രിഗറി ഓഫ് ഇന്ത്യാ സ്റ്റഡി സെന്റർ ആ ദൗത്യം ഏറ്റെടുക്കുകയും 'സ്നേഹം സ്വാതന്ത്ര്യം പുതിയ മാനവികത' എന്ന പേരിൽ സമ്പൂർണ്ണ മലയാള രചനകളുടെ ആദ്യ വാല്യം പ്രസിദ്ധീകരി ക്കുകയും, 'സ്നേഹം ക്രിസ്തുമതത്തിന്റെ അടിസ്ഥാനം', 'ഈശ്വരൻ മനുഷ്യൻ പ്രപഞ്ചം: നിസ്സായിലെ വി. ഗ്രിഗോറിയോസിന്റെ ദർശനത്തിൽ' എന്നീ ഗ്രന്ഥങ്ങൾ പ്രസിദ്ധീകരണത്തിനായി തയ്യാറാക്കി നൽകുകയും മാർ ഗ്രീഗോറിയോസ് ഫൗണ്ടേഷനും എം.ഒ.സി. പബ്ലിക്കേഷൻസും ചേർന്ന് അവ പ്രസിദ്ധീകരിക്കുകയും ചെയ്തു.

1956–1996 കാലഘട്ടത്തിൽ വിവിധ വിഷയങ്ങളെക്കുറിച്ച് മാർ ഗ്രീഗോ റിയോസ് മെത്രാപ്പോലീത്താ എഴുതിയ 19 ലേഖനങ്ങളും വി. കന്യകമ റിയാമിനെക്കുറിച്ചുള്ള ഒരു ലഘു ഗ്രന്ഥവും മൂന്ന് പ്രഭാഷണങ്ങളുമാണ്

സമ്പൂർണ്ണ മലയാള രചനകളുടെ രണ്ടാം വാല്യമായി പ്രസിദ്ധീകരിക്കുന്ന ഈ ഗ്രന്ഥത്തിൽ സമാഹരിച്ചിരിക്കുന്നത്.

ഗ്രിഗോറിയൻ രചനകൾ മനുഷ്യരാശിയുടെ ആകെ സമ്പത്താണ് എന്ന തത്ത്വത്തിലൂന്നി അവ പ്രസിദ്ധീകരിക്കാൻ ഞങ്ങൾ മുമ്പ് പല തവണ ശ്രമിച്ചിട്ടുണ്ട്. കാലം ചെയ്യുന്നതിന് ഏതാനും മാസങ്ങൾക്കു മുമ്പ് വളരെയേറെ ക്ഷീണിതനായിരുന്ന മെത്രാപ്പോലീത്താ ഞങ്ങൾക്കൊരു അഭിമുഖ സംഭാഷണത്തിന് സമയം നൽകി. ആ അഭിമുഖത്തിൽ, മെത്രാപ്പോലീത്തായുടെ രചനകൾ പ്രസിദ്ധീകരിക്കുവാൻ ബന്ധപ്പെട്ടവർ ഉത്സാഹം കാണിക്കാത്തതിൽ ഞങ്ങൾ ഉൽക്കണ്ഠ പ്രകടിപ്പിച്ചപ്പോൾ 'എന്റെ രചനകൾ പ്രസിദ്ധീകരിക്കുവാൻ ഞാനിനി ഉത്സാഹിക്കുകയില്ലെന്നും അതിന്റെ മൂല്യം മനസ്സിലാക്കുന്ന ആരെങ്കിലും അത് എന്നെങ്കിലും പ്രസിദ്ധീകരിക്കട്ടെ' എന്നും മെത്രാപ്പോലീത്താ പറഞ്ഞു. ആ വാക്കുകൾ രണ്ടു കൈയും വിട്ടുള്ള ഇത്തരം സാഹസപ്രവൃത്തികൾക്ക് ഞങ്ങൾക്ക് എന്നും പ്രചോദനം നൽകിക്കൊണ്ടിരിക്കുന്നു.


പൗലോസ് മാർ ഗ്രീഗോറിയോസ് എന്ന മനുഷ്യനെയും ചിന്തകനെയും അടുത്തറിയാനും ഗ്രിഗോറിയൻ വിചാരലോകത്തേക്ക് പ്രവേശിക്കാനും ഈ ഗ്രന്ഥം വഴികാട്ടിയാവുമെന്നാണ് ഞങ്ങളുടെ പ്രതീക്ഷ. ദൈവതേജസ്സിന്റെ നറുനിലാവായി സർവസൃഷ്ടികളിലേയ്ക്കും പ്രകാശത്തെ പകർന്നു നൽകിയ തിരുമേനി, തന്റെ രചനകളിലൂടെ പ്രശോഭിപ്പിച്ച വെളിച്ചത്തെ മലയാളികൾക്കായി സമർപ്പിക്കുന്നു.

ഗ്രിഗറി ഓഫ് ഇന്ത്യാ സ്റ്റഡി സെന്ററിന്റെ ആഭിമുഖ്യത്തിൽ ആരംഭിച്ച 'പൗലോസ് മാർ ഗ്രീഗോറിയോസ് ഡോട്ട് ഇൻ' എന്ന വെബ്സൈറ്റ് ഗ്രിഗോറിയൻ വിചാരലോകത്തേക്ക് വഴികാട്ടിയായി അനേകർക്ക് പ്രയോജനപ്പെടുന്നു എന്നതിൽ സന്തോഷിക്കുന്നു.

സമ്പൂർണ്ണ മലയാള രചനകളുടെ പ്രസിദ്ധീകരണത്തിനായി മെത്രാപ്പോലീത്തായുടെ ചില പഴയ മലയാള ലേഖനങ്ങൾ തന്നു സഹായിച്ച, മെത്രാപ്പോലീത്തായുടെ രചനകളുടെ സമാഹരണവും സൂക്ഷിപ്പും നിർവ്വഹിച്ചുപോരുന്ന മാർ ഗ്രീഗോറിയോസ് ഫൗണ്ടേഷൻ സെക്രട്ടറി ഫാ. സി. സി. ചെറിയാനോടും, തിരുമേനിയെക്കുറിച്ചുള്ള പഠനത്തിലും അന്വേഷണത്തിലും ഞങ്ങളോടൊപ്പമുള്ള ശ്രീ. ജോൺസൺ ജേക്കബിനോടും, ശ്രീ. ജോൺ കുന്നത്തിനോടും, ഞങ്ങളുടെ അഭ്യുദയകാംക്ഷികളായ മറ്റു സ്നേഹിതന്മാരോടുമുള്ള നന്ദി അറിയിക്കുന്നു.

ഭാവിയിൽ ഗ്രിഗറി ഓഫ് ഇന്ത്യയുടെ ജീവിതവും ദർശനവും പഠിക്കുവാനാഗ്രഹിക്കുന്ന ഏതോ അജ്ഞാതരായ ഗവേഷകർക്ക്, ഈ ഗ്രന്ഥമൊരു വഴികാട്ടിയായി ഭവിക്കും എന്ന പ്രതീക്ഷയിൽ സർവ്വ സൃഷ്ടിയുടെയും നന്മയിലേയ്ക്കുള്ള നിറവിന് ഉതകുമാറ് ഈ ഗ്രന്ഥം മലയാളികളായ ജ്ഞാനാന്വേഷികൾക്കായി സമർപ്പിക്കുന്നു.

**ജോയ്സ് തോട്ടയ്ക്കാട്**



“ദൈവം നന്മയാണ്. അവൻ മാത്രമാണു യഥാർത്ഥമായും പൂർണ മായും നന്മ. തിന്മയുടെ സങ്കലനം കൂടാതെ നന്മയാണവൻ. അവനിൽ സകല തിന്മയും അന്തർദ്ധാനം ചെയ്യുന്നു. അവനിൽ തിന്മയ്ക്കു യാതൊരു സ്ഥാനവുമില്ല - പ്രകാശത്തിൽ ഇരുട്ടിനു യാതൊരു സ്ഥാനവുമില്ലാത്തതുപോലെതന്നെ. തിന്മ ചെയ്യാൻ അവനു കഴിയുകയില്ല. തിന്മ അവനിൽ നിന്നു വരുന്നില്ല. അവൻ അതിനെ സൃഷ്ടിച്ചില്ല. അവൻ തന്റെ സൃഷ്ടിക്കു സ്വാതന്ത്ര്യം നല്കി; ഒന്നിച്ചുതന്നെ സൃഷ്ടിക്കപ്പെട്ട നന്മയെ നിരാകരിക്കാനുള്ള സ്വാതന്ത്ര്യം, അതുവഴി തിന്മയെ തെരഞ്ഞെടുക്കാനുള്ള സ്വാതന്ത്ര്യവും. സൃഷ്ടിക്കപ്പെട്ട ഉണ്മയുടെതന്നെ നിഷേധമാണ് തിന്മ. നന്മയെ കൂടാതെ അതിനു തനിയെ നിലനില്പില്ല. സ്വാതന്ത്ര്യത്തിലാണ് തിന്മയുടെ വേര്. പക്ഷേ തിന്മയ്ക്കു തനിയേ നിലനില്ക്കാൻ കഴിവില്ല. നന്മയോടുള്ള സമ്മിശ്രണത്തിലല്ലാതെ തിന്മയ്ക്കു നിലനില്പില്ല. നന്മയ്ക്കു മാത്രമേ സ്ഥിരമായ നിലനില്പുള്ളു. ഉണ്മയും നന്മയും വേർതിരിക്കാനാവില്ല. ഏതെങ്കിലും വ്യക്തിത്വം നന്മയെ നിഷേധിക്കുകയും നിരാകരിക്കുകയും ചെയ്യുമ്പോൾ സ്വന്തം ഉണ്മയെത്തന്നെ നിഷേധിക്കലാണ് അത്. കാരണം, സൃഷ്ടിക്കപ്പെട്ട യഥാർത്ഥ വ്യക്തി, അതിന്റെ സ്രഷ്ടാവിനെപ്പോലെ, നന്മയാണ്.”

**- ഡോ. പൗലോസ് മാർ ഗ്രിഗോറിയോസ്**

# ഉള്ളടക്കം


| | | |
|---|---|---|
| 1. | പരിശുദ്ധ കന്യകമറിയാം | 11 |
| 2. | ആത്മീയ ജ്യോതിസിനു സ്മരണാഞ്ജലി | 31 |
| 3. | മലങ്കരയുടെ മഹർഷിവര്യൻ | 36 |
| 4. | വിശ്വാസത്തിന്റെ മർമ്മമറിഞ്ഞ ആത്മീയ നേതാവ് | 41 |
| 5. | സഭയും സ്ത്രീകളും | 46 |
| 6. | അസോസ്യേഷൻ ഒരു തിരനോട്ടം | 55 |
| 7. | ശാന്തിയുടെ നീർച്ചാലുകൾ | 60 |
| 8. | നന്മയുടെ രൂപങ്ങൾ സ്ത്രീകളിൽ നിന്ന് | 61 |
| 9. | ലോകസഭാകൗൺസിലിന്റെ ഉപ്പ്സാലാ സമ്മേളനം | 63 |
| 10. | പാപ്പായുടെ സന്ദർശനം | 70 |
| 11. | മഹാപുരോഹിതന്റെ ചുമതലകൾ | 75 |
| 12. | ഓർത്തഡോക്സ് സഭ | 80 |
| 13. | അസോസ്യേഷനും സുന്നഹദോസും: ഒരു ചരിത്രാവലോകനം | 87 |
| 14 | റോമാസഭയും അനുസരണത്തിന്റെ നൽവരവും സുറിയാനിസഭയും | 89 |
| 15. | മാർട്ടിൻ ലൂതർ എന്ന മനുഷ്യസ്നേഹി | 96 |
| 16. | നമ്മുടെ സഭയുടെ ആരാധനാപാരമ്പര്യം | 102 |
| 17. | വി. തോമ്മാശ്ലീഹായുടെ സിംഹാസനം: നവീനസൃഷ്ടിയോ? | 105 |
| 18. | പൗരസ്ത്യ കാതോലിക്കേറ്റ് | 108 |
| 19. | സാർവ്വത്രികസഭയുടെ പുനരൈക്യം | 114 |
| 20. | ഏകസിംഹാസനവാദം: ഒരു ചരിത്ര നിരീക്ഷണം | 117 |
| 21. | കാതോലിക്കാസ്ഥാനം: ചില വസ്തുതകൾ | 125 |
| 22. | ആർഷഭാരതത്തിലെ പുണ്യപുരുഷൻ | 130 |
| 23. | മൂന്നു വൈദികശ്രേഷ്ഠന്മാർ | 145 |

# 1

# പരിശുദ്ധ കന്യകമറിയാം

## വിവിധ സഭകളുടെ വിശ്വാസങ്ങൾ

പരിശുദ്ധ കന്യകമറിയാമിന്റെ പേരു കേൾക്കുമ്പോഴേ വെറുപ്പു തോന്നുന്ന ആധുനിക ക്രിസ്ത്യാനികൾ ധാരാളമുണ്ട്. മുമ്പ് വിവിധ സഭകൾ യോജിച്ചുള്ള ഒരു സായാഹ്ന പ്രാർത്ഥനായോഗത്തിൽ വച്ചുണ്ടായ ഒരു സംഭവം ഓർമ്മ വരുന്നു. ഒരു കൗമ്മാ ഇംഗ്ലീഷിൽ പ്രാർത്ഥിക്കുകയും പരിശുദ്ധ കന്യകമറിയാമിനോടുള്ള അപേക്ഷയുടെ സമയത്ത് നവീകരണ വിശ്വാസികൾക്ക് മനഃപ്രയാസമുണ്ടാകാതിരിക്കാൻവേണ്ടി ആവശ്യമുള്ളവർ മാത്രം നിശ്ശബ്ദമായി പ്രാർത്ഥിക്കുകയുമായിരുന്നു പതിവ്. അന്നത്തെ പ്രാസംഗികൻ അമേരിക്കക്കാരനായ ഒരു ലൂഥറൻ മിഷനറിയായിരുന്നു. പ്രാർത്ഥനാശുശ്രൂഷയുടെ ലീഡറും അദ്ദേഹമായിരുന്നു. കർതൃപ്രാർത്ഥനയ്ക്കു ശേഷം പരിശുദ്ധ കന്യകയോടുള്ള അപേക്ഷയ്ക്കായി രണ്ടു നിമിഷം മൗനം പാലിക്കണമെന്നു യോഗത്തിനു മുമ്പ് അദ്ദേഹത്തോട് ഒരു ആംഗ്ലിക്കൻ വൈദികനാണ് ആവശ്യപ്പെട്ടത്.

അദ്ദേഹത്തിന്റെ മറുപടിയിതായിരുന്നു. "വ്യഭിചാരം നടക്കുവാൻ മൗനാനുവാദം ഞാൻ കൊടുക്കുകയില്ല." ദൈവത്തോടല്ലാതെയുള്ള അർത്ഥനകളെല്ലാം വേദവിപരീതമാണെന്നുള്ള അദ്ദേഹത്തിന്റെ ആശയത്തെ സ്വതസ്സിദ്ധമായ സംസ്ക്കാരവൈഭവത്തോടെ പ്രകടിപ്പിക്കുക മാത്രമായിരുന്നു ആ വിദേശീയ സുഹൃത്ത്.

പക്ഷേ, ഏതാണ്ടിതേ അഭിപ്രായം തന്നെയുള്ള ധാരാളം ക്രിസ്ത്യാനികൾ നമ്മുടെ ഇടയിലുണ്ട്. കിഴക്കൻ സഭകളിലുള്ള അഭ്യസ്തവിദ്യരായ പല ചെറുപ്പക്കാർക്കും ഇതേ സംബന്ധിച്ച് ധാരാളം സംശയങ്ങളുമുണ്ട്.

### നവീകരണക്കാരുടെ ആരോപണങ്ങൾ

നവീകരണ വിഭാഗങ്ങളെല്ലാം തന്നെ പരിശുദ്ധ കന്യകമറിയാമിന്റെ മദ്ധ്യസ്ഥതയേയും ബഹുമാന്യതയേയും ചോദ്യം ചെയ്യുന്നു എന്നു പറയുവാൻ ഒരിക്കലും സാധ്യമല്ല. എന്നാൽ ആധുനിക അമേരിക്കൻ സഭാവിഭാഗങ്ങളിലധിക പങ്കും ദൈവപ്രസവിത്രിയേയും സാത്താനേയും ഏതാണ്ടു തുല്യനിലയിൽ കണക്കാക്കുന്നവരാണ്. ചില ലത്തീൻ രാഷ്ട്രങ്ങളിൽ ദിവ്യകന്യകയോടുള്ള ഭക്തിയുടെ പേരിൽ നടക്കുന്ന കൂത്താട്ടങ്ങളും മദ്യപാനവും കാണുമ്പോൾ ഈ മേരി വിദ്വേഷികളോടല്പമൊരു സഹതാപവും തോന്നിപ്പോകും.

എന്നാൽ പ്രശസ്ത വേദശാസ്ത്ര പണ്ഡിതരായ നവീകരണ വിശ്വാസികളുടെ മനസ്സിൽപ്പോലും കാതോലിക സഭകളുമായി അടുക്കുന്നതിന്, ഏറ്റവും വലിയ പ്രയാസമായി നിലകൊള്ളുന്നത്, പരിശുദ്ധ കന്യകയ്ക്ക് കാതോലിക സഭകൾ കൊടുക്കുന്ന സ്ഥാനമാണ്. അവരുടെ പ്രധാന ആരോപണങ്ങളിവയാണ്.

1. പരിശുദ്ധ കന്യകയെപ്പറ്റിയുള്ള വിശ്വാസങ്ങൾ വേദാധിഷ്ഠിതങ്ങളല്ല. “A Protestant can not understand how, on a silence as great as that of the first centuries of the Church with regard to Mary, Catholic Mariology has been able to build in all good faith” (മറിയാമിനെക്കുറിച്ച് സഭയുടെ ആദിമശതകങ്ങൾ പാലിക്കുന്ന മഹാമൗനത്തിന്മേൽ കത്തോലിക്കാ മേരിശാസ്ത്രം ഉത്തമവിശ്വാസത്തോടെ പണിതുറപ്പിക്കുന്നതെങ്ങിനെയെന്ന് ഒരു നവീകരണ വിശ്വാസിക്ക് മനസിലാക്കുവാൻ കഴിയുന്നില്ല) എന്ന് ഒരു റിഫോംമ്ഡ് പാദ്രിയായ മാക്സ് തുരിയാൻ (Max Thurian) പറയുന്നു.

2. പരിശുദ്ധ കന്യകയോടുള്ള പ്രാർത്ഥനകളും ബഹുമതി പ്രകടനങ്ങളും വിഗ്രഹാരാധനയിലേക്കു വഴിനടത്തുന്നുവെന്നാണ് രണ്ടാമത്തെ ആരോപണം. കിഞ്ചിജ്ഞരായ സാമാന്യ വിശ്വാസികൾ സ്രഷ്ടാവായ ദൈവത്തെ ആരാധിക്കുന്നതിനു പകരം ഒരു സൃഷ്ടിയായ സ്ത്രീയെ ആരാധിക്കുന്നതിനിടയാകുന്നു. മെക്സിക്കോയിലും സ്പെയിനിലും ഫ്രാൻസിലുമൊക്കെ, പഴയ പേഗൻ ദേവതകളുടെ വിഗ്രഹങ്ങളെ കന്യകമറിയാമിന്റെ വിഗ്രഹങ്ങളായി രൂപാന്തരപ്പെടുത്തി, ഗ്രാമവാസികളും തീർത്ഥാടകരും അവയെ ദേവതയായിത്തന്നെ ആരാധിച്ചുവരുന്നു എന്നും ആരോപണമുണ്ട്. ലാസലേറ്റിലും ലൂർദ്ദിലും കന്യകമറിയാമ്മിനെ ദൈവമാക്കിക്കൊണ്ടുള്ള ആരാധനയാണത്രെ.

3. ക്രിസ്തുവിന്റെ രക്ഷകത്വത്തെ കുറേശ്ശ കുറേശ്ശയായി പുറകോട്ടുതള്ളി കന്യകമറിയാമിന് ആ സ്ഥാനം കൊടുക്കുവാനുള്ള ഉദ്യമമാണ് റോമ്മാസഭ നടത്തുന്നതെന്നാണ് മൂന്നാമത്തെ ആരോപണം. അവർ ചൂണ്ടിക്കാണിക്കുന്ന ചില കാര്യങ്ങൾ:-

a. നമ്മുടെ കർത്താവിന്റെ അത്ഭുതാവഹമായ ജനനത്തിനു സമമായി പരിശുദ്ധ കന്യകയുടെ അത്ഭുതാവഹമായ അമലോല്ഭവ സിദ്ധാന്തം കൊണ്ടുവന്നിരിക്കുന്നു. b. നമ്മുടെ കർത്താവിന്റെ സ്വർഗ്ഗാരോഹണത്തിന് സമമായി, പരിശുദ്ധ കന്യകയുടെ സ്വർഗ്ഗാരോഹണം രക്ഷയ്ക്കായി വിശ്വസിയ്ക്കേണ്ട സത്യമായി പ്രഖ്യാപനം ചെയ്തിരിക്കുന്നു. c. കർത്താവിന്റെ ജീവിതത്തിലെ സന്തോഷാത്മകങ്ങളും വേദാത്മകങ്ങളും മഹത്വാത്മകങ്ങളുമായ പതിനഞ്ചു സംഭവങ്ങൾ വീതം ധ്യാനിക്കുന്നതിനുള്ള കൊന്തയുടെ കൂടെ 150 ‘നന്മ നിറഞ്ഞ മറിയമേ’ കൂടി ചൊല്ലുവാൻ

ആവശ്യപ്പെട്ടിരിക്കുന്നു. d. കർത്താവിന്റെ തിരുഹൃദയത്തിന്റെ (Sacred Heart) ആരാധനയ്ക്കു സമമായി കന്യകമറിയാമിന്റെ അമലഹൃദയത്തെ (Immaculate Heart) ആരാധിക്കുവാൻ തുടങ്ങിയിരിക്കുന്നു. e. മരിയൻ ആണ്ടായ 1954-ൽ മാർപ്പാപ്പ പ്രസിദ്ധം ചെയ്ത പരിശുദ്ധ കന്യകയോടുള്ള പ്രാർത്ഥനയിൽ മനുഷ്യരെ രക്ഷിക്കുന്നവളായിത്തന്നെ ദൈവമാതാവിനെ വിഭാവനം ചെയ്തിരിക്കുന്നു.

## സഭാവിശ്വാസ ചരിത്രം എന്തു പറയുന്നു?

കിഴക്കൻ സഭകളെ സംബന്ധിച്ചിടത്തോളം വിശ്വാസപരമായ കാര്യങ്ങൾ തീരുമാനിക്കുന്നതിന് മൂന്നു സംഗതികൾ പരിശോധിക്കേണ്ടതാവശ്യമാണ്. വി. വേദപുസ്തകം (Scripture), സഭയിൽ പൊതുവേ സ്വീകരിക്കപ്പെട്ടിട്ടുള്ള വിശ്വാസസംഹിത (Dogma), സഭയുടെ ആരാധന (Liturgy & devotion), ഇവ മൂന്നും കൂടിയാണ് പ്രശ്നാത്മകമായ വിഷയങ്ങളിൽ ഒരു തീരുമാനത്തിലെത്തുന്നതിനു നമ്മെ സഹായിക്കേണ്ടത്. പരിശുദ്ധ കന്യകമറിയാമ്മിന്റെ സ്ഥാനമാഹാത്മ്യത്തെപ്പറ്റിയും ഈ മൂന്നുപാധികളെ ആധാരമാക്കി നമുക്ക് അല്പമായൊന്നു ചിന്തിക്കാം.

## വി. വേദപുസ്തകം

സാധാരണ ചിന്താഗതിയിൽ വേദപുസ്തകം വായിക്കുമ്പോൾ വിശുദ്ധ കന്യകമറിയാമിനെ ബഹുമാനിക്കുന്നതിനെതിരായി മൂന്ന് പ്രധാന വേദവിഭാഗങ്ങൾ കണ്ണിൽപ്പെടുന്നുണ്ട്. ഒന്നാമത്തേതു വി. മത്തായിയുടെ സുവിശേഷം 11:11, വി. ലൂക്കോസ് 7:28 ആണ്. “സ്ത്രീകളിൽ നിന്നു ജനിച്ചവരിൽ യോഹന്നാൻ സ്നാപകനേക്കാൾ വലിയവൻ ആരും എഴുന്നേറ്റിട്ടില്ല.” ഇങ്ങനെയെങ്കിൽ പരിശുദ്ധ കന്യകയെ ബഹുമാനിക്കുന്നതിനേക്കാൾ കൂടുതലായി നാം വി. യോഹന്നാൻ മാംദോനോയെ ബഹുമാനിക്കേണ്ടതല്ലയോ?

വി. ലൂക്കോസിന്റെ സുവിശേഷം 11:27-28 ആണ് രണ്ടാമത്തെ വേദവിഭാഗം. “ഇതു പറയുമ്പോൾ പുരുഷാരത്തിൽ ഒരു സ്ത്രീ ഉച്ചത്തിൽ അവനോട് ‘നിന്നെ ചുമന്ന ഉദരവും നീ കുടിച്ച മുലയും ഭാഗ്യമുള്ളവ’ എന്നു പറഞ്ഞു. അതിന് അവൻ ‘അല്ല ദൈവത്തിന്റെ വചനം കേട്ട് പ്രമാണിക്കുന്നവർ അത്രേ ഭാഗ്യവാന്മാർ’ എന്നു പറഞ്ഞു.” ഇവിടെയും വി. ദൈവമാതാവിന്റെ പ്രാമുഖ്യത്തെ നമ്മുടെ കർത്താവ് കുറയ്ക്കുകയല്ലേ ചെയ്തത്?

ഇതുപോലെ പലരും എടുത്തുകാണിക്കുന്ന മൂന്നാമതൊരു വേദവിഭാഗം കാനായിലെ കല്യാണവേളയിൽ വീഞ്ഞു തീർന്നുപോയി എന്നുള്ള മാതാവിന്റെ ഉൽബോധനത്തിനു മറുപടിയായി നമ്മുടെ

കർത്താവു പറഞ്ഞ “സ്ത്രീയേ, എനിക്കും നിനക്കും തമ്മിലെന്ത്?” (വി. യോഹ. 2:4) എന്ന വചനം ആണ്.

ഇവ മൂന്നിനെയും പറ്റി ചുരുക്കമായി ചിലതു പറഞ്ഞുകൊള്ളട്ടെ.

വി. മത്തായി 11 മുഴുവൻ വായിച്ചുനോക്കുക. അതിങ്ങനെ തുടരുന്നു. “എന്നാൽ സ്വർഗ്ഗരാജ്യത്തിൽ ഏറ്റവും ചെറിയവനോ അവനിലും വലിയവൻ എന്ന് ഞാൻ സത്യമായിട്ട് നിങ്ങളോടു പറയുന്നു.” ഐഹിക ജനനസംബന്ധമായ ഒരു മഹത്വം മാത്രമാണ് നമ്മുടെ കർത്താവ് വി. യോഹന്നാനു കല്പിക്കുന്നത്. അത് ഒരു പക്ഷേ അദ്ദേഹം ഏലിയാ പ്രവാചകന്റെ ആത്മാവായതുകൊണ്ടായിരിക്കാം. എന്നാൽ സ്വർഗ്ഗരാജ്യത്തിലെ മഹത്വം ദൈവദത്തമായതാണ്. പരിശുദ്ധ കന്യകമറിയം ജന്മനാ വി. യോഹന്നാനേക്കാൾ ഉയർന്നവളല്ല. അമലോത്ഭവ സിദ്ധാന്തത്തെ നിരാകരിക്കുന്നതിന് ഇതുതന്നെ മതിയായ തെളിവാണ്. സ്ത്രീകളിൽ നിന്നു ജനിച്ചവരിൽ പാപമില്ലാത്തവൾ വി. കന്യക മാത്രമാണെന്ന് പറയുവാനും ഇതുകൊണ്ട് സാദ്ധ്യമല്ല. വി. യൂഹാനോനായിരിക്കണം അതിനേക്കാൾ പാപമില്ലാത്തവൻ. എന്നാൽ സ്വർഗ്ഗരാജ്യത്തിൽ പ്രഥമസ്ഥാനം പരിശുദ്ധ കന്യകയ്ക്കാകുവാൻ ഈ വാക്യം ഒരു തടസ്സമല്ല താനും. എന്നാലെന്തിലാണ് വിശുദ്ധ കന്യകയുടെ മഹത്വം സ്ഥിതിചെയ്യുന്നത്. ദൈവത്തെ പ്രസവിച്ചു എന്നതിലാണോ? ആ ചിന്തയ്ക്കെതിരല്ലേ രണ്ടാമതും മൂന്നാമതും ഉദ്ധരിച്ച വാക്യങ്ങൾ.

ഏതായാലും കാനായിലെ കല്യാണത്തിൽവെച്ചു പറഞ്ഞ വാക്യത്തെ കർത്താവും തന്റെ മാതാവും തമ്മിൽ ഒരു ബന്ധവുമില്ല എന്ന അർത്ഥത്തിൽ വ്യാഖ്യാനിക്കുന്നത് വെറും മൂഢത്വമാണ്. അറമായ ഭാഷയിലെ ഒരു പ്രത്യേക ശൈലിയാണിത്. ഒന്നാമത്, “എനിക്കും നിനക്കും തമ്മിൽ എന്ത്” എന്ന് മൂലഭാഷയിലില്ല. “എനിക്കും നിനക്കും എന്ത്?” എന്നേ ഗ്രീക്ക് പറയുന്നുള്ളൂ. പക്ഷേ, അതിന്റെ പോലും അർത്ഥം നമുക്കിതിൽ പങ്കില്ലെന്നല്ല; പ്രത്യുത, ഏതെങ്കിലും ഒരഭ്യർത്ഥനയെ നിരാകരിക്കുന്നതിനുള്ള സ്നേഹപൂർണ്ണമായ ഒരു ശൈലിപ്രയോഗം മാത്രമാണിത്.

എന്നാൽ തന്റെ മാതാവിനെ ബഹുമാനിച്ചും പുകഴ്ത്തിയും സംസാരിച്ച സ്ത്രീയുടെ വചനങ്ങൾക്ക് മറുപടിയായി കർത്താവ് പറഞ്ഞ വാക്കിന്റെ അർത്ഥം മാതാവിനേക്കാൾ ഭാഗ്യവാന്മാരാണ് സാധാരണ ക്രിസ്ത്യാനികൾ എന്നല്ലേ?

അല്ല, ഒരിക്കലും അല്ല.

തന്റെ മാതാവിന്റെ യഥാർത്ഥ ഭാഗ്യത്തെ ആ സ്ത്രീ തെറ്റിദ്ധരിച്ചുവെന്നുള്ളതാണ് കർത്താവ് പറഞ്ഞ വാക്കിന്റെ സാരം. കർത്താവുമാ

യുള്ള ശാരീരിക സമ്പർക്കമുണ്ടാവുകയെന്നതല്ല മനുഷ്യന്റെ മഹാഭാഗ്യം. കർത്താവിനെ ഗർഭത്തിൽ വഹിച്ചതുകൊണ്ടുമല്ല പരിശുദ്ധ കന്യക സർവ്വരേക്കാൾ ഭാഗ്യവതിയായത്.

വി. ലൂക്കോസ് 11:28 ഒരിക്കൽക്കൂടെ വായിച്ചുനോക്കുക. അതാണ് വിശുദ്ധ ദൈവമാതാവിന്റെ യഥാർത്ഥ ഭാഗ്യം. വിധിനിർണ്ണായകമായ ദൈവവചനം കേൾക്കുകയും അവയെ ഹൃദയത്തിൽ സംഭരിക്കുകയും ചെയ്യുന്നവർ ഭാഗ്യവാന്മാർ. വചനം ഗബ്രിയേൽ മാലാഖയിൽക്കൂടി വന്ന പ്പോൾ അതു കേൾക്കുകയും ഹൃദയത്തിൽ സൂക്ഷിക്കുകയും ചെയ്യു വാൻ പരിശുദ്ധ കന്യക സന്നദ്ധയായി എന്നുള്ളതാണ് വി. മറിയാമിന്റെ മഹാഭാഗ്യം.

“അവന്റെ അമ്മയാകട്ടെ ഈ സംഗതികളെല്ലാം അവളുടെ ഹൃദയ ത്തിൽ സംഭരിച്ചുവെച്ചു” (വി. ലൂക്കോസ് 2:51).

ഇതാണ് സഭയുടെ അടിസ്ഥാനം. സുവിശേഷമാകുന്ന ദിവ്യവച നത്തെ നാം ഹൃദപൂർവ്വം സ്വീകരിക്കുകയും സംഭരിക്കുകയും ചെയ്യു ന്നതുമൂലം യഥാർത്ഥ ദിവ്യവചനമായ യേശുമിശിഹാ നമ്മിലേക്കെഴു ന്നെള്ളി വരുന്നു (പരിശുദ്ധ കുർബാന). കന്യകമറിയാമിനുണ്ടായ അനു ഭവത്തിൽ നിന്നാണ് സഭയുടെ ഉത്ഭവം. പരിശുദ്ധ കന്യക ദൈവവച നത്തെ ശ്രവിക്കുകയും സ്വീകരിക്കുകയും ഹൃദയത്തിൽ സംഭരിക്കുകയും ചെയ്തു. അങ്ങിനെ പുത്രൻതമ്പുരാൻ ആ ജീവിതത്തിൽ ഉരുവായി. ഈ കർതൃശരീരമാണ് സഭ. സഭയേയും പരിശുദ്ധ കന്യകയേയും നമ്മുടെ കർത്താവിനേയും അന്യോന്യം മാറ്റിനിറുത്തുവാൻ സാദ്ധ്യമല്ല. ഇതാണ് കിഴക്കൻ സഭകൾ വിശുദ്ധ മറിയാമിന് കൊടുക്കുന്ന അതുല്യസ്ഥാന ത്തിന്റെ അടിസ്ഥാനം. അത് വേദപുസ്തകത്തിനെതിരല്ല. പ്രത്യുത വേദാ ധിഷ്ഠിതമാണ്.

വേദപുസ്തകവും ആദിമ ക്രൈസ്തവ ശതകങ്ങളും ദൈവമാതാവി നെപ്പറ്റി മൗനമവലംബിക്കുന്നു എന്നു തോന്നുന്നത് വേദപുസ്തക ശബ്ദം കേൾക്കുവാൻ നമുക്ക് ചെവിയില്ലെന്നുള്ളതിന്റെ ഫലം മാത്രമാണ്. കൃപ നിറഞ്ഞ മറിയമേ എന്നുള്ള പ്രാർത്ഥനയിലെ ആദ്യഭാഗം ഗബ്രിയേൽ മാലാഖ സംസാരിച്ച ദൈവവചനമാണെന്നുള്ളതു പോലും ഓർമ്മയി ല്ലാത്ത എന്റെ ലൂഥറൻ സുഹൃത്തിനെപ്പോലുള്ളവർക്ക് ആ പ്രാർത്ഥന ‘വ്യഭിചാര’മാണെന്നു പറയുവാൻ തോന്നിയത് ഒന്നുകിൽ അജ്ഞത കൊണ്ടോ അല്ലെങ്കിൽ ആഹങ്കാരം കൊണ്ടോ, ഒരു പക്ഷേ ഇതു രണ്ടി ന്റേയും ഫലമായോ ആയിരിക്കണം. ഈ പ്രാർത്ഥനയിലെ രണ്ടാമത്തെ വാചകം വിശുദ്ധയായ ഏലിശ്ബാ പറഞ്ഞതായി വേദപുസ്തകത്തിലുള്ള വാക്യമാണ് (ലൂക്കോസ് 1:42). അവസാനത്തെ വാചകം, കർതൃപ്രാർത്ഥ

നയോടുകൂടെ സഭ ചേർത്തതുപോലെ (എന്തുകൊണ്ടെന്നാൽ രാജ്യവും ശക്തിയും മഹത്വവും നിനക്കുള്ളതാകുന്നു) ക്രിസ്തുശരീരത്തിന്റെ അതിപ്രധാന ഭാഗമായ പരിശുദ്ധ കന്യകയോട്, നമുക്കുവേണ്ടി പ്രാർത്ഥി പ്പാനുള്ള ഒരർത്ഥനയുമാണ്. ഇതിലെവിടെയാണ് വിഗ്രഹാരാധനയോ വേദവിപരീതമോ ഉള്ളതെന്ന് ശാന്തമായി ചിന്തിക്കുന്നവർക്ക് കാണുവാൻ പ്രയാസമാണ്.

പരിശുദ്ധ കന്യകയെക്കുറിച്ചുള്ള സഭയുടെ വിശ്വാസം വേദാധിഷ്ഠി തമാണോ എന്നുള്ളതിനെക്കുറിച്ചു കൂടുതൽ ചിന്തിക്കണമെന്നാഗ്രഹമു ള്ളവർ താഴെപ്പറയുന്ന രേഖകൾ പരിശോധിക്കുന്നത് സഹായകമായി രിക്കും.

The Mother of God, Edited by E. L. Mascall, Dacre Press, London, 1949 (6 shillings).

## സഭാപിതാക്കന്മാരുടെ വീക്ഷണം

സഭയുടെ വിശ്വാസ സംഹിതയുടെ അടിസ്ഥാനത്തിൽ കൂടിയും വി. കന്യകമറിയാമിനെക്കുറിച്ചു നാം ചിന്തിക്കേണ്ടിയിരിക്കുന്നു. പിതാക്കന്മാ രുടെ എഴുത്തുകൾ, വിശ്വാസപ്രമാണങ്ങൾ, വേദശാസ്ത്രം (Dogmatic Theology) എന്നിവയും നമുക്ക് പരിശോധിക്കാം.

പാശ്ചാത്യസഭകളിലെ പിതാക്കന്മാരാണ് ഇത് സംബന്ധിച്ച് ആദ്യ മായും അധികമായും എഴുതിയത്. അവരിലെല്ലാം പൊതുവെ കാണുന്ന ആശയഗതി, ആദിമസ്ത്രീയായ ഹവ്വായുടെ പാപം മൂലം വന്ന ശാപ ത്തിന് ശാന്തിയുണ്ടായത്, ദ്വിതീയ സ്ത്രീയായ പരിശുദ്ധ കന്യകമറിയാം ദൈവത്തിനു തന്നെത്തന്നെ കീഴ്പ്പെടുത്തിക്കൊടുത്തതു കൊണ്ടാണെ ന്നുള്ളതാണ്. ആധുനിക കാതോലിക വേദശാസ്ത്രത്തിൽ ഇതിന് Eva - ave doctrine എന്നു പേരു പറയുന്നു (Eva എന്നുള്ളതു ഹവ്വായുടെ ലത്തീൻ രൂപവും ave എന്നുള്ളതു കൃപനിറഞ്ഞ മറിയമേ എന്നുള്ള പ്രാർത്ഥനയിലെ ആദ്യ പദവുമാണ്. Eva എന്ന കന്യകയുടെ ദുഷ് പ്രവൃത്തിക്കു പരിഹാരമുണ്ടായതു വേറൊരു കന്യക ave എന്നു തുട ങ്ങുന്ന ദൈവവചനം സ്വീകരിച്ചതു മൂലമാണല്ലോ).

### ജസ്റ്റിൻ മാർട്ടിയർ

166-ാമാണ്ടിൽ റോമിൽ വച്ചു കൊല്ലപ്പെട്ട ഈ പിതാവ് യഹൂദന്മാരെ ഉദ്ദേശിച്ചെഴുതിയ ട്രൈഫോവുമായുള്ള സംഭാഷണം എന്ന ഗ്രന്ഥത്തി ലാണ് ആദ്യമായി ഈ വിഷയത്തെപ്പറ്റി പ്രതിപാദിച്ചു കാണുന്നത്.

“സകല സൃഷ്ടിക്കും മുമ്പായി പിതാവിൽനിന്നും അവന്റെ ശക്തിയും

ഇച്ഛയും മൂലം ജനിച്ചവനാണ് താൻ (വചനം) എന്നും നാം അറിയുന്നു. ... സർപ്പം മൂലമുണ്ടായ അനുസരണക്കേട്, അതാരംഭിച്ച വിധത്തിൽ തന്നെ ഇല്ലാതാക്കുവാൻ വേണ്ടി, താൻ കന്യകയിൽനിന്നു ജനിച്ചു മനുഷ്യനായിത്തീർന്നു. എന്തുകൊണ്ടെന്നാൽ അന്നുവരെ നിഷ്ക്കന്മഷ കന്യകയായിരുന്ന ഹവ്വാ സർപ്പം സംസാരിച്ച വചനത്തെ ഗർഭത്തിൽ ധരിക്കുകയും അനുസരണക്കേടിനേയും മരണത്തേയും ജനിപ്പിക്കുകയും ചെയ്തു. കന്യകമറിയാമാകട്ടെ വിശ്വാസവും സന്തോഷവും കൊണ്ടു നിറഞ്ഞിട്ടു (ദൈവത്തിന്റെ ആത്മാവ് അവളുടെ മേൽ വരുമെന്നും അത്യുന്നതന്റെ ശക്തി അവളെ നിഴലിടുമെന്നും, തന്മൂലം അവളിൽനിന്നും ജനിക്കുന്ന പരിശുദ്ധൻ ദൈവപുത്രനാണെന്നുമുള്ള സദ്വാർത്ത മാലാഖാ അവളെ അറിയിച്ചപ്പോൾ) ഉത്തരം പറഞ്ഞത് "നിന്റെ വചനംപോലെ എനിക്കു ഭവിക്കട്ടെ" എന്നായിരുന്നുവല്ലോ.

### തെർത്തുല്യൻ

ക്രിസ്തബ്ദം 150 മുതൽ 220 വരെ വടക്കേ ആഫ്രിക്കയിലെ ഒരു കശ്ശീശായായിരുന്ന തെർത്തുല്യൻ പാശ്ചാത്യ വേദശാസ്ത്രത്തിന്റെ പിതാക്കന്മാരിലൊരാളാണ്. ത്രിത്വം, ക്നൂമാ, ആദിയായ പദങ്ങൾപോലും അദ്ദേഹത്തിന്റെ സൃഷ്ടികളത്രെ. De Carne Chirst എന്ന അദ്ദേഹത്തിന്റെ കൃതികളുടെ 17-ാം അദ്ധ്യായത്തിൽ നിന്നാണീ ഉദ്ധരണി.

"സാത്താൻ കരസ്ഥമാക്കിയ ദൈവരൂപവും സാമ്യവും സാത്താന്റെ പ്രവൃത്തിക്കു തുല്യമായ ഒരു പ്രവൃത്തി മൂലം ദൈവം വീണ്ടെടുത്തു. മരണസ്ഥാപകമായ വചനം ഹവ്വായിലേയ്ക്കു പ്രവേശിച്ചത് ഹവ്വാ കന്യകയായിരിക്കെയായിരുന്നു. അപ്രകാരം തന്നെ ജീവനെ സ്ഥാപിക്കയും കെട്ടിപ്പടുക്കുകയും ചെയ്യുന്ന ദൈവവചനവും ഒരു കന്യകയിലേയ്ക്കു തന്നെ പ്രവേശിച്ചു. ഇതുണ്ടായതു സ്ത്രീവർഗ്ഗം നാശവിധേയമാക്കിയതിനെ സ്ത്രീവർഗ്ഗത്തിൽക്കൂടെത്തന്നെ രക്ഷയിലേയ്ക്കു തിരിയെ കൊണ്ടുവരാൻ വേണ്ടിയായിരുന്നു. ഹവ്വാ സർപ്പത്തെ വിശ്വസിച്ചു; മറിയാം ഗബ്രിയേലിനെ വിശ്വസിച്ചു. ഒരുവൾ തന്റെ വിശ്വാസം മൂലം ഉളവാക്കിയ അബദ്ധത്തെ മറ്റവൾ വിശ്വാസം മൂലം ദൂരീകരിച്ചു.

### ഐറേനിയോസ്

ദക്ഷിണഗാൾ പ്രദേശത്തെ ലിയോൺസ് നഗരത്തിലെ മെത്രാനായിരുന്ന ഈ പിതാവ് ക്രിസ്തബ്ദം 200-ാമാണ്ടിൽ കാലം ചെയ്തു. അപ്പസ്തോലിക കാലത്തിന് ശേഷമുണ്ടായ മൂന്നു പ്രധാന വേദശാസ്ത്ര കേന്ദ്രങ്ങൾ അലക്സന്ത്രര്യ (ഓറിജൻ, ക്ളീമിസ്), വടക്കേ ആഫ്രിക്കാ (തെർത്തുല്യൻ), ആസ്യമൈനർ (വി. യോഹന്നാൻ, പോലിക്കാർപ്പ്) എന്നിവയായിരുന്നു. ആസ്യയിലെ ഈ വേദശാസ്ത്ര ചിന്താഗതി തിരുവെഴു

ത്തുകളിന്മേൽ അധിഷ്ഠിതവും, മറ്റു രണ്ടു കേന്ദ്രങ്ങളിലെയും ആത്യന്തിക ചിന്താസരണികളെ രമ്യപ്പെടുത്തികൊണ്ടുള്ളതുമത്രേ. അതിന്റെ പ്രധാന വിധാതാവാണ് വി. ഐറേനിയോസ്. വേദവിപരീതികൾക്കെതിരായെഴുതിയ Adversus Haereses എന്ന ഗ്രന്ഥത്തിന്റെ മൂന്നാം പുസ്തകം 22–ാം അദ്ധ്യായത്തിലും അഞ്ചാം പുസ്തകം 19–ാം അദ്ധ്യായത്തിലും അദ്ദേഹം പരിശുദ്ധ കന്യകയെക്കുറിച്ചു പ്രതിപാദിക്കുന്നുണ്ട്. അവിടെയും കന്യകയായ ഹവ്വായുടെ പാപം മൂലം വന്ന ദുരന്തം കന്യകയായ മറിയാമിന്റെ അനുസരണം മൂലമാണ് പരിഹൃതമാകുന്നതെന്ന ചിന്തയാണ് മുന്നിട്ടു നിൽക്കുന്നത്. 5.19–ൽ നിന്നൊരു ഭാഗം താഴെ ഉദ്ധരിക്കുന്നു.

“സന്ദേശവാഹകന്റെ സംസാരം മൂലം വശീകൃതയായ ഹവ്വാ ദൈവവചനത്തെ നിഷേധിച്ചുകൊണ്ട് ദൈവസന്നിധിയിൽ നിന്നും പലായനം ചെയ്തു. മറിയാമിനോടു സന്ദേശവാഹകൻ (മാലാഖ) സദ്വാർത്ത പ്രഖ്യാപനം ചെയ്തു. അവൾ ആ വചനത്തെ അനുസരിച്ചുകൊണ്ടു ദൈവത്തെ ഉള്ളിൽ വഹിച്ചു. ഒരുവൾ ദൈവത്തെ നിഷേധിച്ചുവെങ്കിലും മറ്റവൾ അവനെ അനുസരിപ്പാൻ കാരണമായി. അങ്ങനെ കന്യകമറിയാം കന്യകയായ ഹവ്വായുടെ പ്രതിപാഠക (Advocate) ആയിത്തീർന്നു. ഒരു കന്യക മൂലം മനുഷ്യവർഗ്ഗം മരണത്തിലേയ്ക്കു പിടിച്ചുകെട്ടപ്പെട്ടതു പോലെ തന്നെ മറ്റൊരു കന്യക മൂലം അതു വിമുക്തമായി (രക്ഷിക്കപ്പെട്ടു). ഒരു കന്യകയുടെ അനുസരണക്കേടിനു പ്രതിവിധിയായി ഒരു കന്യകയുടെ അനുസരണം ഉണ്ടായി.”

ഈ മൂന്നു പിതാക്കന്മാരുടെയും അഭിപ്രായഗതിയിൽ കന്യകമറിയാമിനെ ദൈവത്തിന്റെ നിശ്ചേഷ്ടമായ (passive) ഒരു ഉപകരണമായി മാത്രമല്ല കരുതുന്നത്. പ്രത്യുത സ്വമേധയാ സഹകരിക്കുന്ന ഒരു മനുഷ്യവ്യക്തിയായിട്ടത്രെ. കന്യകയുടെ വിശ്വാസവും അനുസരണവും കർത്താവിന്റെ മനുഷ്യാവതാരത്തിനാവശ്യമായിരുന്നു. ദൈവം തന്നെ തെരഞ്ഞെടുത്തു എന്നുള്ള അത്ഭുതാവഹ പരമാർത്ഥത്തോടൊപ്പം തന്നെ നാം അനുസ്മരിക്കേണ്ടതാണ് പരിശുദ്ധ കന്യകയുടെ ഈ സ്വമേധയാ സഹകരണവും അനുസരണവും.

ക്രിസ്തബ്ദം ഇരുനൂറാമാണ്ടിനോടടുത്ത് ഇതുപോലുള്ള വിശ്വാസം ക്രൈസ്തവ വേദശാസ്ത്രത്തിന്റെ എല്ലാ കേന്ദ്രങ്ങളിലും പരന്നുകഴിഞ്ഞിരുന്നുവെങ്കിൽ ആദിമസഭയുടെ വിശ്വാസത്തിൽ തന്നെ അലിഖിതമായിക്കിടന്നിരുന്ന ഒരു പാരമ്പര്യമായിരുന്നു പരിശുദ്ധ കന്യകയ്ക്കു നൽകപ്പെടുന്ന ഉന്നതസ്ഥാനമെന്നു വിശ്വസിക്കുന്നതിൽ തെറ്റില്ല.

ഏതാണ്ട് നാലാം ശതാബ്ദമാകുമ്പോഴേയ്ക്ക് പരിശുദ്ധ കന്യകയെക്കുറിച്ചുള്ള ചിന്തയും വന്ദനവും കുറേക്കൂടെ ഉച്ചസ്ഥാനത്തെത്തുന്നു.

ഊർശ്ലേമിലെ മാർ കൂറിലോസ് (315–386), മാർ അപ്രേം (378–ൽ അന്ത രിച്ചു), മാർ എപ്പിഫാനിയോസ് (320–400), ജെറോം (331–420) എന്നീ പിതാ ക്കന്മാരും ആഗൂസ്തീനോസും (430–ൽ അന്തരിച്ചു) അഖണ്ഡസഭയിൽ ത്തന്നെ ദൈവപ്രസവിത്രിയെക്കുറിച്ച് സമഗ്രമായി പ്രതിപാദിച്ചിട്ടുണ്ട്. ഇവ രെല്ലാവരും അനുകരിക്കുന്ന ചിന്താഗതി മേലുദ്ധരിച്ച മൂന്നു പിതാക്കന്മാ രുടേതു തന്നെയാണ്.

എന്നാൽ ഇതിൽ നിന്നല്പം വ്യത്യസ്തമായ ഒരു ചിന്താഗതിയാണ് മറ്റു ചില പിതാക്കന്മാരുടെ എഴുത്തുകളിൽ കാണുന്നത്. മാർ ബസ്സേലി യോസ്, സ്വർണ്ണനാവുകാരൻ മാർ ഈവാനിയോസ്, അലക്സന്ത്ര്യയിലെ മാർ കൂറിലോസ് എന്നീ മൂന്നു പിതാക്കന്മാരുടെ അഭിപ്രായങ്ങൾ പ്രത്യേകം ശ്രദ്ധേയങ്ങളാണ്.

മാർ ബസ്സേലിയോസ് (379–ൽ അന്തരിച്ചു) തന്റെ 260–ാം ലേഖനത്തിൽ ഈ വിഷയത്തെക്കുറിച്ച് പറയുന്നത് നമ്മുടെ കർത്താവിന്റെ മാതാവിനു തന്നിലുള്ള വിശ്വാസംപോലും ക്രൂശുമരണ സമയത്ത് ഇളകിപ്പോയെന്നും ശിമെയോൻ പ്രവചിച്ച "നിന്റെ സ്വന്തപ്രാണനിൽക്കൂടെയും ഒരു വാൾ കടക്കും" എന്ന വചനത്തിന്റെ അർത്ഥം ഇതാണെന്നുമാണ്. തന്റെ ഉയിർത്തെഴുന്നേല്പിനുശേഷം മാത്രമാണ് പരിശുദ്ധ കന്യകയുടെ പോലും വിശ്വാസം യഥാർത്ഥത്തിൽ ഉറച്ചതെന്നാണ് ഈ പിതാവ് സൂചി പ്പിക്കുന്നത്.

മാർ ഈവാനിയോസ് (407–ൽ അന്തരിച്ചു) ഈ വിഷയത്തെപ്പറ്റി പ്രതി പാദിക്കുന്നതു വി. മത്തായിയുടെ സുവിശേഷ വ്യാഖ്യാനം 4–ാം വിഭാഗം, 44–ാം വിഭാഗം, വി. യോഹന്നാന്റെ സുവിശേഷ വ്യാഖ്യാനം 1–ാം വിഭാഗം എന്നീയിടങ്ങളിലാണ്. ആദ്യഭാഗത്തിലെ തന്റെ ചിന്താഗതി ഏതാണ്ടി ങ്ങനെ സംഗ്രഹിക്കാം.

മാർ യൗസേഫിനോടുള്ള അറിയിപ്പ് കന്യകയുടെ ഗർഭധാരണശേഷ മായിരുന്നല്ലോ. വിശുദ്ധ കന്യകയോടും ഗർഭധാരണശേഷം മാത്രം ഈ ശിശു ദൈവപുത്രനാണെന്നറിയിച്ചാൽ മതിയായിരുന്നല്ലോ. പക്ഷേ, ഗർഭ ധാരണസമയത്തും അതിനുശേഷം കുറെ നാളത്തേക്കും തന്റെ ഉദര ത്തിലുള്ള പ്രജയെപ്പറ്റിയുള്ള സത്യം ആ മാതാവിനറിയാൻ കഴിഞ്ഞി ല്ലായിരുന്നെങ്കിൽ ആ ശ്രേഷ്ഠ കന്യക വല്ല കടുംകയ്യും പ്രവർത്തിച്ചു പോകുമായിരുന്നു. അപമാനം സഹിക്കുവാൻ വഹിയാതെ കത്തിയോ കയറോ ഉപയോഗിച്ചു സ്വപ്രാണഹാനി വരുത്തുമായിരുന്നു. അതുകൊ ണ്ടാണ് മാലാഖാ ഗർഭധാരണത്തിനു മുമ്പുതന്നെ കന്യകയുടെ അടു ക്കൽ വന്നത് (വി. മത്തായി 4).

44-ാം വിഭാഗത്തിലെ ചില വാചകങ്ങൾ പരിഭാഷ ചെയ്തു താഴെ ചേർക്കുന്നു:

“ഇന്നു നാം ഒരു പുതിയ കാര്യം മനസ്സിലാക്കുന്നു. അതായത് ക്രിസ്തുവിനെ ഗർഭത്തിൽ ധരിക്കുകയും അത്ഭുതാവഹമായ വിധത്തിൽ പ്രസവിക്കുകയും ചെയ്യുന്നതു കൊണ്ടു മാത്രം ഒരു പ്രയോജനവുമില്ല. പ്രത്യുത, യഥാർത്ഥ സൽഗുണം ഉണ്ടാകണം. ഇത് ഈ ഭാഗത്തിൽ നിന്നും സുവ്യക്തമാണ്. അവൻ പുരുഷാരത്തോടു സംസാരിക്കയിൽ തന്നെ ഇതാ അവന്റെ മാതാവും സഹോദരന്മാരും അവനോടു സംസാരിപ്പാനാഗ്രഹിച്ചുകൊണ്ടു പുറമേ നിൽക്കുന്നു. etc.” (വി. മത്തായി 12:46-50). ഇതു താൻ പറഞ്ഞതു തന്റെ മാതാവിനെക്കുറിച്ചു തനിക്ക് ലജ്ജയുണ്ടായിരുന്നതുകൊണ്ടോ അവൾ തന്നെ ഗർഭത്തിൽ ധരിച്ചുവെന്നുള്ളത് നിഷേധിക്കുന്നതിനുവേണ്ടിയോ ആയിരുന്നില്ല. കാരണം അവളെക്കുറിച്ച് തനിക്ക് ലജ്ജയുണ്ടായിരുന്നെങ്കിൽ താൻ ആ ഗർഭത്തിൽകൂടെ കടക്കുകയില്ലായിരുന്നല്ലോ. എന്നാൽ താനിങ്ങനെ പറഞ്ഞത്, അവൾ കല്പനകളെ അനുസരിക്കാത്തിടത്തോളംകാലം ഇതുകൊണ്ട് പ്രയോജനമില്ലെന്ന് കാണിക്കുവാൻ വേണ്ടിയായിരുന്നു. എന്തെന്നാൽ അവളുടെ പ്രവൃത്തിയുടെ ഉത്ഭവം മഹത്വകാംക്ഷയിൽ നിന്നായിരുന്നു. തന്റെ മകന്റെ മേൽ തനിക്ക് ശക്തിയും അധികാരവുമുണ്ടെന്ന് പുരുഷാരത്തെ കാണിക്കുന്നതിന് വേണ്ടിയായിരുന്നു. ... താനെന്തുകൊണ്ടാണിങ്ങനെ പറഞ്ഞത്? തന്റെ മാതാവിന്റെ മനസ്സു കലക്കുന്നതിനു വേണ്ടിയല്ല, പ്രത്യുത സ്വേച്ഛാധിപത്യപരമായ ഒരു സ്നേഹത്തിൽനിന്ന് അവളെ വിമുക്തയാക്കി തന്നെ സംബന്ധിച്ചുള്ള ശരിയായ ആശയങ്ങളിലേയ്ക്ക് അവളെ ക്രമാനുഗതമായി കൊണ്ടുവരുന്നതിനും, താൻ അവളുടെ മകൻ മാത്രമല്ല അവളുടെ കർത്താവു കൂടെയാണെന്ന് അവളെ ധരിപ്പിക്കുന്നതിനും വേണ്ടിയായിരുന്നു.”

അലക്സന്ത്ര്യായിലെ മാർ കൂറിലോസ് ഈ വിഷയത്തെപ്പറ്റി പ്രതിപാദിക്കുന്നത് വി. യോഹന്നാന്റെ സുവിശേഷ വ്യാഖ്യാനം 12-ാം പുസ്തകം 1064-ാം വിഭാഗത്തിലാണ്. ക്രൂശിനടുത്ത് വിലപിച്ചുകൊണ്ടിരുന്ന പരിശുദ്ധ കന്യകയുടെ കരച്ചിൽ പുത്രമരണദുഃഖം കൊണ്ടു മാത്രമുണ്ടായതല്ല എന്നാണ് ഈ പിതാവിന്റെ ചിന്താഗതി. താൻ സർവ്വശക്തനായ ദൈവത്തിന്റെ പുത്രനാകുന്നു എന്ന് പ്രഖ്യാപിച്ച ഈ മകൻ എങ്ങിനെ മരണത്തിനും അപമാനത്തിനും അധീനനായിത്തീരുന്നു എന്നുള്ള ചിന്തയിൽനിന്നു കർത്താവിന്റെ ദിവ്യ സ്വഭാവത്തെത്തന്നെ ആ സമയത്ത് ആ മാതാവ് സംശയിച്ചുവെന്നാണ് മാർ കൂറിലോസ് പറയുന്നത്.

ഈ മൂന്നു പിതാക്കന്മാരും പരിശുദ്ധ കന്യകയെ ആരാധിക്കുകയും അത്യധികമായി ബഹുമാനിക്കുകയും ചെയ്തതായി കാണുന്നില്ലെന്നു മാത്രമല്ല, വിശ്വാസപരമായ സംശയം, മഹത്വകാംക്ഷ എന്നീ പാപങ്ങൾ ദൈവമാതാവിൽ ആരോപിക്കുകയും ചെയ്യുന്നു.

## തെയോട്ടൊക്കോസ്

പരിശുദ്ധ കന്യകയുടെ സ്ഥാനമാഹാത്മ്യത്തെക്കുറിച്ചുള്ള നിർവചനങ്ങളുടെ ചരിത്രം നമുക്കൊന്നാരായാം.

ആദിമ പിതാക്കന്മാരുടെയിടയിൽത്തന്നെ കന്യകമറിയാമിനെക്കുറിച്ച് വളരെ ഉയർന്ന ഒരു ചിന്തയുണ്ടായിരുന്നുവെന്ന് കഴിഞ്ഞ അദ്ധ്യായത്തിൽ നിന്നും കണ്ടുവല്ലോ. എന്നാൽ ഒന്നാം ശതാബ്ദത്തിന്റെ അന്ത്യം മുതൽ മിക്കവാറും എല്ലാ സഭാപിതാക്കന്മാരുംതന്നെ വളരെ മാഹാത്മ്യമുള്ള പദങ്ങളിലൂടെയാണ് കന്യകയെക്കുറിച്ച് സംസാരിക്കുന്നത്. ചില നവീകരണ ചിന്തകന്മാർ അഭിപ്രായപ്പെടുന്നതുപോലെ സഭയിൽ നാലാം ശതാബ്ദത്തിന് ശേഷമുണ്ടായ ഒരു വികസനമല്ല കന്യകയുടെ ഉന്നത സ്ഥാനം.

എന്നാൽ ഇതു സംബന്ധമായ ഒരു ഖണ്ഡിത നിർവചനമുണ്ടായത് നെസ്തോറിനെതിരായി തീരുമാനമെടുക്കുന്നതിനു കൂടിയ 431-ലെ എഫേസോസ് സുന്നഹദോസിൽ വെച്ചായിരുന്നു. തെയോട്ടൊക്കൊസ് (Theotokose - God bearer) എന്ന ബഹുമതി സഭ കന്യകയ്ക്ക് നൽകുന്നതിനെ 428-ൽ നെസ്തോർ എതിർത്തു. ഓറിജന്റെ (188-254) കാലം മുതൽ സാധാരണയായി ഉപയോഗിച്ചുവന്ന പദമായിരുന്നു ഇത്. ഇവിടെയുണ്ടായിരുന്ന യഥാർത്ഥ വിവാദം കന്യകമറിയാമിന്റെ സ്ഥാനത്തെക്കുറിച്ചല്ല; പ്രത്യുത നമ്മുടെ കർത്താവിന്റെ മനുഷ്യസ്വഭാവത്തെക്കുറിച്ചായിരുന്നു. അന്ത്യോഖ്യൻ ചിന്തകന്മാർ ക്രിസ്തുവിന്റെ മനുഷ്യത്വത്തെ ഉറപ്പിച്ചു പ്രഖ്യാപിച്ചു. അലക്സന്ത്ര്യക്കാരാകട്ടെ, തന്റെ ദിവ്യസ്വഭാവത്തെയാണ് പ്രധാനമായിക്കരുതിയത്. ക്രിസ്തുവിന്റെ മാതാവിനെ "ദൈവവാഹിനി", "ദൈവപ്രസവിത്രി" എന്നർത്ഥമുള്ള പദം (Theotokos) കൊണ്ടു വിവക്ഷിക്കുന്നതു മൂലം കന്യകയിൽനിന്നു തന്റെ മനുഷ്യസ്വഭാവം ഉല്പാദിതമായി എന്നുള്ള സത്യം മറഞ്ഞുപോകുമെന്നും ദൈവത്തെ വഹിച്ച് ദൈവത്തെ പ്രസവിച്ചു എന്നുമാത്രം ചിന്തിക്കാനിടയാകുമെന്നുമായിരുന്നു അന്ത്യോഖ്യക്കാരുടേയും നെസ്തോറിന്റെയും വാദം. കന്യകമറിയാമിന്റെ സ്ഥാനമാഹാത്മ്യത്തെ ചോദ്യം ചെയ്യുകയോ, ക്രിസ്തുവിന്റെ ദിവ്യസ്വഭാവത്തെ നിഷേധിക്കുകയോ, നെസ്തോർ ചെയ്തില്ല.

എന്നാൽ 'തെയോട്ടോക്കോസ്' പദത്തിനെതിരായ വാദം ക്രിസ്തു

വിന്റെ ദിവ്യസ്വഭാവത്തെ നിഷേധിക്കുന്നതായിട്ടാണ് അലക്സന്ത്ര്യക്കാരും പ്രത്യേകിച്ച് മാർ കൂറിലോസും കരുതിയത്. അതുകൊണ്ട് 430–ൽ അദ്ദേഹം കുസ്തന്തീനോപോലീസിലേയ്ക്കെഴുതിയ ഒരു നീണ്ട കത്തിൽ തെയോട്ടോക്കോസ് പദത്തിനെതിരായ വാദത്തെ ശപിക്കുക യാണ് ചെയ്തത്. ആ കത്തിന്റെ അവസാനത്തിലുണ്ടായിരുന്ന 12 ശാപ ങ്ങളിലാദ്യത്തേതിങ്ങനെയാണ്.

"ഇമ്മാനുവേൽ സത്യത്തിൽ ദൈവമാണെന്നും ജഡമായിത്തീർന്ന ദൈവവചനത്തെ ജഡപ്രകാരം പ്രസവിച്ച പരിശുദ്ധ കന്യക തന്മൂലം 'ദൈവപ്രസവിത്രി' (Theotokos) ആണെന്നും ആരെങ്കിലും സമ്മതിക്കാ തിരുന്നാൽ അവൻ ശപിക്കപ്പെട്ടവനായിരിക്കട്ടെ."

അങ്ങിനെ 431 മുതലാണ് ഈ പദം സഭ മുഴുവനിലും പ്രചാരത്തിൽ വന്നത്. ഗ്രീക്കു ഭാഷയിൽ വളരെ ശ്രദ്ധാപൂർവ്വം കരുപ്പിടിപ്പിച്ച ഒരു പുതിയ വാക്കാണ് Theotokos. ദൈവജനനി (ദൈവത്തെ ഉത്ഭവിപ്പിച്ച വൾ) എന്ന അർത്ഥമുള്ള Theo genitrix എന്ന പദമോ ദൈവമാതാവെ ന്നർത്ഥമുള്ള Theomatrix എന്ന പദമോ സഭയുപയോഗിച്ചില്ല. എന്നാൽ മറ്റു ഭാഷകളിലേയ്ക്ക് ഈ പദം വിവർത്തനം ചെയ്തപ്പോൾ ഇത്രതന്നെ ശ്രദ്ധ ചെലുത്താതിരുന്നതു മൂലം വളരെയധികം ധാരണപ്പിശകുകൾ പലരുടേയും മനസ്സിൽ കടന്നുകൂടിയിട്ടുണ്ട്.

Theotokos പദം തെറ്റാണെന്ന് നെസ്തോറിന്റെ കൂട്ടുകാർപോലും വാദിച്ചില്ല. മാർ തെയോഡോറെറ്റ്, അന്ത്യോഖ്യായിലെ മാർ യൂഹാനോൻ, മുതലായവർ നെസ്തോർപക്ഷത്തു നിന്നുകൊണ്ടുതന്നെ ഈ പദത്തെ അംഗീകരിച്ചു. വലിയ മാർ അത്താനാസ്യോസ്, നിസ്സായിലെ ഗ്രീഗോറി യോസ്, ഗ്രീഗോറിയോസ് നാസിയാൻസസ് എന്നിവരും ഈ പദം ഉപയോ ഗിക്കുന്നുണ്ട്.

ഈ പദം കൊണ്ട് വിവക്ഷിക്കുന്ന അർത്ഥം ആദിമ സഭയിൽത്തന്നെ യുണ്ടായിരുന്നുവെന്ന് വേണം വിചാരിപ്പാൻ. ഇതിനെതിരായിട്ടുണ്ടായ നാല് വേദവിപരീതങ്ങളെ സഭ ശക്തിയുക്തം നിരാകരിക്കുകയാണ് ചെയ്തത്.

**1. പുത്രസ്വീകാരവാദം (Adoptionism)** (യേശു മനുഷ്യനായിരുന്നു വെന്നും പിന്നീട് ദൈവപുത്രനായി ഉയർത്തപ്പെടുകയുമാണ് ചെയ്തത് എന്ന വാദം).

അങ്ങനെയാണെങ്കിൽ കന്യകജനനത്തിനർത്ഥമൊന്നുമില്ല. മനു ഷ്യാവതാരം ആരംഭിക്കുന്നത് ഈ പുത്രസ്വീകാരത്തിന്റെ സമയത്ത് മാത്ര മാണ്. അതിൽ കന്യകമറിയാമിന് പങ്കൊന്നുമില്ല. ഈ വാദഗതിപ്രകാരം

ദൈവം മനുഷ്യനാവുകയില്ല. മനുഷ്യൻ ദൈവമാകുകയാണ് ചെയ്തത്. കന്യകയുടെ ദൈവപ്രസവിത്രി സ്ഥാനത്തിനെതിരായ ഈ ചിന്താഗതി സഭയൊരിക്കലും അംഗീകരിക്കയില്ല.

**2. നെസ്തോറിയൻ വാദം:** കന്യകയിൽനിന്ന് ജനിച്ചത് മനുഷ്യനായ യേശുവായിരുന്നുവെന്നും, ദൈവപുത്രൻ ആ ശിശുവുമായി അഭേദ്യമായ ബന്ധം പുലർത്തുകയേ ചെയ്തുള്ളുവെന്നുമുള്ള ഈ വാദഗതി സ്വീകരിക്കുകയാണെങ്കിലും കന്യകമറിയാമിനെ 'ദൈവപ്രസവിത്രി' യെന്നു വിളിക്കാൻ സാദ്ധ്യമല്ല.

**3. മായാവാദം (Docetism):** ക്രിസ്തുവിന്റെ മനുഷ്യത്വം ഒരു മായ മാത്രമായിരുന്നുവെന്നുള്ള ചിന്താഗതിയിലും കന്യകമറിയാമിന് ഒരു നാടകത്തിലെ നടിയുടെ സ്ഥാനമേയുള്ളു. ഇതിനേയും സഭ തള്ളിക്കളയുകയാണുണ്ടായത്.

**4 എവുത്തിക്കോസിന്റെ വാദം** (ക്രിസ്തുവിന്റെ മനുഷ്യത്വം തന്റെ ദൈവത്വത്തിൽ അലിഞ്ഞുചേർന്നുവെന്നുള്ള ചിന്ത)

ഇവിടേയും കന്യകമറിയാമിന്റെ സ്ഥാനം മനുഷ്യരൂപത്തിൽക്കൂടെയുള്ള ദൈവത്തിന്റെ ഒരു പ്രത്യക്ഷപ്പെടലിന്റെ ഉപകരണമെന്ന നിലയിലേയ്ക്ക് താഴുന്നു. തന്റെ മനുഷ്യത്വം നിത്യതയുള്ളതല്ലെങ്കിൽ തന്നെ പ്രസവിച്ചവളെ ദൈവപ്രസവിത്രിയെന്ന് വിളിക്കുന്നതും ശരിയായിരിക്കുകയില്ലല്ലോ.

ഇങ്ങനെ സഭയിലുദിച്ച വേദവിപരീതങ്ങളെല്ലാം തന്നെ ദൈവപ്രസവിത്രിയുടെ ഉന്നതസ്ഥാനത്തെക്കൂടെ ബാധിക്കുന്നവയായിരുന്നുവെന്നുള്ളതിൽനിന്നും, സ്തുതിചൊവ്വാകപ്പെട്ട വിശ്വാസവും കന്യകയുടെ പ്രത്യേക സ്ഥാനവും തമ്മിൽ അഭേദ്യമായ ബന്ധമുണ്ടെന്നു കാണാമല്ലോ.

നമ്മുടെ കർത്താവിന്റെ മനുഷ്യാവതാരം, നമ്മുടെ കർത്താവിന്റെ നിത്യമനുഷ്യത്വം എന്നീ രണ്ട് തൂണുകളിന്മേലാണ് വിശുദ്ധ കന്യകയുടെ സ്ഥാനം നിലകൊള്ളുന്നത്.

ആദ്യത്തേത് സാധ്യമായിത്തീർന്നത്, കന്യക സ്വയം ദൈവത്തിന് കീഴ്പ്പെടുത്തിക്കൊടുത്തതുകൊണ്ടാണ്. ഒൻപതുമാസം വചനമാം ദൈവത്തെ ഗർഭത്തിൽ ധരിച്ച അത്ഭുത സ്ത്രീയാണീ വിശുദ്ധ കന്യക. ഹവ്വായുടെ അവിശ്വാസവും അനുസരണക്കേടും മൂലം മനുഷ്യവർഗ്ഗത്തിനുണ്ടായ മഹാപതനത്തിൽനിന്ന് തന്റെ വിശ്വാസവും അനുസരണവും മൂലമാണ് ദൈവം അതിനെ ഉദ്ധരിച്ചത്.

രണ്ടാമത്തെക്കാര്യം പല നവീകരണവിശ്വാസികളുമിന്ന് വിസ്മരിക്കുന്ന ഒരു സംഗതിയാണ്. നമ്മുടെ കർത്താവ് ഇന്നും പൂർണ്ണ മനുഷ്യനും പൂർണ്ണ ദൈവവുമാണ്. തന്റെ മനുഷ്യത്വവും ദൈവത്വവും രണ്ടും വേർപെട്ടല്ല നിൽക്കുന്നത്. സ്വർഗാരോഹണത്തോടെ തന്റെ മനുഷ്യത്വം അവസാനിച്ചിട്ടില്ല. അങ്ങനെയെങ്കിൽ ഇന്നും വചനമായ ദൈവത്തിന്റെ മാതാവാണ് പരിശുദ്ധ കന്യക.

## അമലോത്ഭവ വാദം

സകല സഭാംഗങ്ങളും സ്വീകരിക്കുവാൻ കടപ്പെട്ടതായി 1854 ഡിസംബറിൽ റോമാസഭ പ്രഖ്യാപനം ചെയ്ത ഒരു വിശ്വാസസത്യമാണ് പരിശുദ്ധ കന്യകമറിയാമിന്റെ അമലോത്ഭവസിദ്ധാന്തം. അതിലെ പ്രധാന വാചകത്തിന്റെ ഔദ്യോഗിക ഇംഗ്ലീഷ് പരിഭാഷയും മലയാള വിവർത്തനവും താഴെ ചേർത്തിരിക്കുന്നു.

“We, by the authority of our Lord Jesus Christ of the blessed Apostles Peter and Paul and by that invested in us do, to the honour of the holy and undivided Trinity, for the glory and adornment of the Virgin Mother of God for the exaltation of the Catholic faith, and the advancement of the Chirstian Religion DECLARE AND PRONOUNCE AND DEFINE that the doctrine which holds that the Blessed Virgin Mary, in the first of her conception, has been, a special grace and privilege of Almighty God and in view of the merits of Jesus Christ, The saviour of the human race, preserved and exempted from every stain of original sin, is revealed God, and consequently is to be believed firmly and inviolably by all the faithful” (From the bull “Ineffabilis” of Pope Pius IX; Published in English by M. H. Gill & Son Ltd. Dublin, 1954).

“നമ്മുടെ കർത്താവായ യേശുമിശിഹായുടേയും, വാഴ്ത്തപ്പെട്ട ശ്ലീഹന്മാരായ പത്രോസിന്റേയും പൗലോസിന്റേയും അധികാരത്താലും, നമ്മിൽ നിക്ഷിപ്തമായ അധികാരത്തിലും, വിശുദ്ധിയുള്ളതും അവിഭാജ്യമായതുമായ ത്രിത്വത്തിന്റെ ബഹുമതിയ്ക്കായി കന്യകയായ ദൈവമാതാവിന്റെ മഹത്വത്തിനും വിഭൂഷണത്തിനും വേണ്ടിയും, കാതോലിക വിശ്വാസത്തിന്റെ ഉന്നമനത്തിനു വേണ്ടിയും, ക്രിസ്തീയ മതത്തിന്റെ പുരോഗതിക്കുവേണ്ടിയും, നാം അറിയിക്കുകയും പ്രഖ്യാപിക്കുകയും നിർവ്വചിക്കുകയും ചെയ്യുന്നതെന്തെന്നാൽ – വാഴ്ത്തപ്പെട്ട കന്യകമറിയാം അവളുടെ ഉല്പാദനത്തിന്റെ പ്രഥമ നിമിഷത്തിങ്കൽത്തന്നെ, സർവ്വശക്തനായ ദൈവത്തിന്റെ പ്രത്യേക കൃപയും അധികാരവും മൂലവും, മനുഷ്യവർഗത്തിന്റെ രക്ഷകനായ യേശുക്രിസ്തുവിന്റെ പുണ്യങ്ങളെ ദർശിച്ചുകൊണ്ടും, മൂലപാപത്തിന്റെ (ജന്മപാപത്തിന്റെ) സർവലേശത്തിൽ നിന്നും സംരക്ഷിതയും ഒഴിവാക്കപ്പെട്ടവളുമാണെന്നുള്ള വിശ്വാസസത്യം,

ദൈവത്താൽ വെളിപ്പെടുത്തപ്പെട്ടതും തന്മൂലം എല്ലാ വിശ്വാസികളാലും ഉറപ്പായും അഭേദ്യമായും വിശ്വസിക്കപ്പെടേണ്ടതുമാകുന്നുവെന്നത്രെ."

ഈ പ്രഖ്യാപനത്തെപ്പറ്റി രണ്ടുമൂന്നു കാര്യങ്ങൾ പ്രത്യേകം ചൂണ്ടിക്കാണിച്ചുകൊള്ളട്ടെ.

1. 1854-നു മുമ്പുതന്നെ ഈ വിശ്വാസം നിലവിലിരുന്നുവെന്നാണ് റോമിലെ മെത്രാപ്പോലീത്തായുടെ പ്രഖ്യാപനം.

2. ക്രിസ്തുവിന്റെയും ക്രിസ്തീയ വിശ്വാസത്തിന്റേയും ഉന്നമനത്തിന് വേണ്ടിയാണ് ഈ പ്രഖ്യാപനം.

3. അത്ഭുതാവഹമായ ഒരു ഗർഭധാരണത്തെപ്പറ്റി ഇവിടെ പ്രഖ്യാപിക്കുന്നുണ്ടോ എന്ന വിഷയം വിവാദാർഹമാണ്. അമലോത്ഭവം എന്ന പദം തന്നെ ഈ വാചകത്തിലില്ല.

## അമലോത്ഭവ വിശ്വാസത്തിന്റെ പശ്ചാത്തലം

ഈ പ്രഖ്യാപനത്തിന്റെ ശതവത്സരപൂർത്തിയെ ആസ്പദമാക്കി 1954-ാമാണ്ടിനെ "മരിയൻ വർഷ"മായി പ്രഖ്യാപനം ചെയ്തുകൊണ്ട് കാലം ചെയ്ത മാർപ്പാപ്പാ പന്ത്രണ്ടാം പീയൂസ് പ്രസിദ്ധപ്പെടുത്തിയ Fulgens Corona എന്ന ബൂളായിൽ അമലോത്ഭവ സിദ്ധാന്തത്തിന്റെ വേരുകളാരായുന്നുണ്ട്.

ഈ വിശ്വാസത്തിന്റെ ആരംഭം തിരുവെഴുത്തുകളിൽത്തന്നെയാണത്രെ. "നിനക്കും സ്ത്രീക്കും നിന്റെ സന്തതിക്കും തമ്മിൽ ഞാൻ ശത്രുതയുണ്ടാക്കും" (ഉല്പത്തി 3:15). കന്യകയുടെ സന്തതിയാണ് സർപ്പത്തിന്റെ തലയെ ചതയ്ക്കേണ്ടതെങ്കിൽ, കന്യകയും സർപ്പവും തമ്മിൽ നിത്യ ശത്രുത്വം ഉണ്ടാകണം. എപ്പോഴെങ്കിലും പാപലേശം കന്യകയെ തീണ്ടിയെങ്കിൽ അന്നുമുതൽ അവൾക്കു പിശാചിനോടുള്ള ബന്ധം ശത്രുത്വമല്ല അധീനത്വമാണെന്നാണ് മാർപ്പാപ്പാ വാദിക്കുന്നത്.

"കൃപ നിറഞ്ഞവൾ" എന്നു കന്യക അഭിസംബോധന ചെയ്യപ്പെടുന്നു. പിന്നെ എങ്ങനെ പാപത്തിന് അവളിൽ സ്ഥാനമുണ്ടാകുമെന്നാണ് മാർപ്പാപ്പായുടെ മറ്റൊരു ചോദ്യം.

മാർപ്പാപ്പാ തിരുമേനിയുടെ സംശയനിവൃത്തിക്കായി ഒരു ചോദ്യമേ ഈ ലേഖകനു വിനീതമായി ചോദിക്കാനുള്ളു. പരിശുദ്ധ കന്യക പാപരഹിതയും സർവ്വകൃപകളുടേയും കേദാരവുമായിരുന്നെങ്കിൽ മനുഷ്യവർഗത്തെ രക്ഷിക്കുവാൻ ക്രിസ്തു ആവശ്യമാണോ? ഈ അടുത്ത കാലത്തു യേശുക്രിസ്തുവിന്റെ ദർശനമവിടത്തേയ്ക്കുണ്ടായി എന്നു പത്രങ്ങളിൽ നിന്നു ഞങ്ങൾ അറിഞ്ഞു. പരിശുദ്ധ കന്യകയും താനും

കൂടിയാണ് മനുഷ്യവർഗ്ഗത്തെ രക്ഷിക്കുന്നതെന്ന് ആ കർത്താവ് പഠിപ്പിച്ചതായോ അവിടുത്തെ അപ്പോസ്തോലന്മാർ പഠിപ്പിച്ചതായോ തിരുവെഴുത്തുകളിൽനിന്ന് അവിടുത്തേക്കറിവുണ്ടോ?

സുറിയാനിക്കാരുടെ പണ്ഡിത പിതാവും മഹാകവിയുമായ മാർ അപ്രേമിന്റെ മറ്റൊരു സ്തുതികീർത്തനമാണ് ഈ വിശ്വാസത്തിനു മാർപ്പാപ്പാ കാണുന്ന മറ്റൊരാലംബം. പുത്രൻതമ്പുരാനോടായി കവിയിങ്ങനെ പറയുന്നു: "യഥാർത്ഥത്തിൽ നീ മാത്രവും, നിന്റെ മാതാവുമാണ് സർവസുന്ദരർ, എന്തെന്നാൽ നിന്നിലോ നിന്റെ മാതാവിലോ കറ ഒന്നുമില്ല." ലക്ഷക്കണക്കിനു പദ്യശകലങ്ങളെഴുതിയിട്ടുള്ള ഈ പിതാവ് പരിശുദ്ധ കന്യകയുടെ അമലോത്ഭവം ഒരു വിശ്വാസസത്യമായി പഠിപ്പിച്ചെങ്കിൽ, റോമാക്കാരേക്കാൾ മുമ്പു സുറിയാനിക്കാർ അത് കണ്ടുപിടിക്കുമായിരുന്നു. കവിതയും വിശ്വാസസത്യവും തമ്മിലുള്ള അന്തരം കുറെ സാരമായിട്ടുള്ളതാണെന്നാണ് തോന്നുന്നത്.

ഈ വിശ്വാസം പണ്ടുമുതലേയുള്ളതാണെന്നതിന് മാർപ്പാപ്പാ ഉന്നയിക്കുന്ന മറ്റൊരു വാദം, ഞാൻ അദ്ദേഹത്തിന്റെ പദങ്ങളിൽതന്നെ കുറിക്കാം.

"കൂടാതെ, കാതോലികൈക്യത്തിൽ നിന്നും വളരെക്കാലം മുമ്പേ പിന്തിരിഞ്ഞ കിഴക്കൻ ക്രൈസ്തവസഭകളിലെല്ലാം, നമുക്കെതിരായി മുൻവിധിയും നമ്മോടു വിരോധമുള്ളവരെങ്കിലും ഈ വിശ്വാസത്തെ സ്വീകരിക്കുകയും അമലകന്യകയുടെ ശ്രേഷ്ഠതയെ ആണ്ടുതോറും ആഘോഷിക്കുകയും ചെയ്യുന്നവർ പലരുണ്ട്. അവർ ഏക ആട്ടിൻകൂട്ടത്തിൽനിന്നും വേർപെടുന്നതിന് മുമ്പുതന്നെ പുരാതനമായി ഈ വിശ്വാസം സ്വീകരിച്ചില്ലായിരുന്നെങ്കിൽ ഇതിങ്ങനെയുണ്ടാകയില്ലായിരുന്നു" (Fulgens Corona 1). കിഴക്കൻ സഭകൾ പരിശുദ്ധ കന്യകയുടെ ജനനപ്പെരുന്നാൾ ഘോഷിക്കുന്നുണ്ടെന്നു പറയുന്നതും പരിശുദ്ധ കന്യകയുടെ അമലോത്ഭവത്തിൽ അവർ വിശ്വസിക്കുന്നു എന്നു പറയുന്നതും തമ്മിൽ കുറെ അധികം വ്യത്യാസമുണ്ടെന്നു സാധാരണക്കാർക്കു കാണുവാൻ കഴിയും.

നമ്മുടെ കർത്താവിന്റെ മനുഷ്യാവതാരത്തിന്റെ അത്ഭുതരഹസ്യം ഇതുപോലുള്ള വിശ്വാസനിർവചനം കൊണ്ട് പുഷ്ടിപ്പെടുത്താമെന്നുദ്ദേശിക്കുന്നതിലേ കിഴക്കൻസഭകൾക്കു വിരോധമുള്ളു. പരിശുദ്ധ കന്യകയുടെ ഉൽകൃഷ്ട സ്ഥാനത്തെ റോമൻസഭ ഉപയോഗിക്കുന്നത്ര തന്നെ ഉന്നതങ്ങളായ ബഹുമതി പദങ്ങൾകൊണ്ട് ഓർത്തഡോക്സ് സഭകളും അംഗീകരിക്കുന്നുണ്ട്. പക്ഷേ, അതിനെ ആസ്പദമാക്കി യുക്തിപരമായ ഒരു നിർവചനമുണ്ടാക്കി അതെല്ലാവരും സ്വീകരിക്കണമെന്നും, സ്വീക

രിക്കാത്തവർ "സർവ്വശക്തനായ ദൈവത്തിന്റേയും വാഴ്ത്തപ്പെട്ട ശ്ലീഹന്മാരായ പത്രോസിന്റെയും പൗലോസിന്റെയും അതൃപ്തിക്കിരയാകു" മെന്നും പറഞ്ഞ് ഭീഷണിപ്പെടുത്തുന്നതിനെ കിഴക്കൻ സഭകൾക്കു നിരാകരിക്കാതിരിക്കാൻ സാദ്ധ്യമല്ലെന്നു മാത്രം.

പാപം നിറഞ്ഞ മനുഷ്യവർഗ്ഗവും പാപമില്ലാത്ത മനുഷ്യൻ കൂടെയായ യേശുക്രിസ്തുവും തമ്മിലുള്ള വിടവ് ചിന്തകൾകൊണ്ടു നികത്തുവാൻ സാദ്ധ്യമായതല്ല. പാപമില്ലാത്ത ഒരു മാതാവിനെ മുമ്പോണ്ടു കൊണ്ടുവരുന്നതുകൊണ്ട് ഒരു പുതിയ പ്രശ്നമുണ്ടാക്കാമെന്നു മാത്രമേയുള്ളൂ. ആ മാതാവും പാപപങ്കിലമായ മനുഷ്യവർഗ്ഗവും തമ്മിലുള്ള വിടവു നികത്തുവാൻ പുതിയ അത്ഭുതങ്ങളെ മനോധർമ്മംകൊണ്ട് കെട്ടിച്ചമയ്ക്കേണ്ടി വരുന്നു. അങ്ങനെയവസാനം ദൈവത്തിൽനിന്നും വെളിപ്പെടുത്തപ്പെട്ട സത്യവും, നമ്മുടെ ബുദ്ധിയുപയോഗിച്ചു നാം സൃഷ്ടിക്കുന്ന കുറെ വിശ്വാസ പ്രഖ്യാപനങ്ങളും തമ്മിലുള്ള അതിർത്തി തിരിച്ചറിയാൻ നിവൃത്തിയില്ലാതായിത്തീരുന്നു. സത്യവും അസത്യവും കൂടെ കൂടിച്ചേരുന്നത് "ത്രിത്വത്തിന്റെ ബഹുമതി"ക്കോ "കാതോലിക വിശ്വാസത്തിന്റെ ഉന്നമനത്തിനോ" കാരണമായിത്തീരുമോ?

## ചോദ്യോത്തരങ്ങൾ

ചോദ്യം: 'വാങ്ങിപ്പ്," എന്നതിന് ശരീരത്തോടു കൂടി സ്വർഗ്ഗത്തിലേയ്ക്ക് എടുക്കപ്പെട്ടു എന്നാണർത്ഥമെങ്കിൽ 'വാങ്ങിപ്പോയ പിതൃക്കൾക്കും ഭ്രാതാക്കൾക്കും നൽകാശ്വാസം' എന്നു നാം പാടുന്നതും വാങ്ങിപ്പോയവർക്ക് വേണ്ടി പ്രാർത്ഥിക്കുന്നതുമൊക്കെ, ശരീരത്തോടുകൂടി സ്വർഗ്ഗത്തിലേയ്ക്ക് എടുക്കപ്പെട്ടവരെക്കുറിച്ചു മാത്രമാണോ?

ഉത്തരം: അല്ല. "ശൂനോയോ" എന്ന സുറിയാനി പദത്തിന്റെ തർജ്ജമയാണ് വാങ്ങിപ്പ്. Change, Migration, Departure, Removal എന്നാണീ പദത്തിന്റെ ധാത്വർത്ഥം. മരണത്തിന് ആദിമ ക്രിസ്ത്യാനികൾ ഉപയോഗിച്ചിരുന്ന പല ശൈലികളിലും ഈ പദമുണ്ടായിരുന്നു. ഈ ലോകത്തിൽ നിന്നും വാങ്ങിപ്പോവുക, തന്റെ കർത്താവിങ്കലേയ്ക്കു വാങ്ങിപ്പോവുക, ശരീരത്തിൽ നിന്നും വാങ്ങിപ്പോവുക എന്നിങ്ങനെയുള്ള പ്രയോഗങ്ങൾ ധാരാളമായിരുന്നു. അതുകൊണ്ട് ക്രിസ്ത്യാനിയുടെ മരണത്തിനുതന്നെ 'വാങ്ങിപ്പ്' എന്ന് ആദിമുതലേ പറയുക പതിവായിരുന്നിരിക്കണം.

വിശുദ്ധ കന്യകയും സാധാരണ മനുഷ്യരെപ്പോലെ മരിച്ചതിനുശേഷം ശരീരവും ആത്മാവും സ്വർഗ്ഗത്തിൽ ഐക്യപ്പെട്ടു എന്നാണ് പാരമ്പര്യം. ഈ മരണത്തിന്റെ ഓർമ്മയ്ക്ക് ശൂനോയോ പെരുനാൾ എന്ന് പേരുണ്ടായി. സാധാരണ മനുഷ്യരുടെ ആത്മാവ് മാത്രമേ വാങ്ങിപ്പോകു

ന്നുള്ളു. കന്യകമറിയാമിന്റെ ശരീരവും വാങ്ങിപ്പോയി എന്നാണ് പാരമ്പര്യം. രണ്ടും വാങ്ങിപ്പു തന്നെ. ഈ പാരമ്പര്യത്തെ കിഴക്കൻസഭകൾ പൂർണ്ണമായി സ്വീകരിക്കുന്നുണ്ടോ എന്നുള്ളത് സംശയാസ്പദമാണ്.

ചോദ്യം: ദൈവമാതാവിന്റെ വാങ്ങിപ്പ് എന്ന് സുറിയാനി സഭ പഠിപ്പിക്കുന്നത് റോമ്മാ വിശ്വാസത്തിൽനിന്നും വ്യത്യസ്തമായ രീതിയിലാണോ?

ഉത്തരം: അതെ. സുറിയാനി സഭയിലെ വിശ്വാസ സംഹിത നിഖ്യാ വിശ്വാസപ്രമാണമാണ്. എന്നാൽ റോമ്മാ സഭയിലേതാകട്ടെ ട്രെന്ത് സുന്നഹദോസ് നിശ്ചയങ്ങളും അതിനുശേഷം മാർപ്പാപ്പാമാർ ഔദ്യോഗികമായി പ്രഖ്യാപനം ചെയ്യുന്ന വിശ്വാസസത്യങ്ങളുമാണ്. നിഖ്യാ വിശ്വാസപ്രമാണത്തിൽ കന്യകമറിയാമിന്റെ വാങ്ങിപ്പിനെക്കുറിച്ച് ഒന്നും തന്നെയില്ലല്ലോ. ട്രെന്ത് വിശ്വാസപ്രമാണ (1564) ത്തിലും ആദ്യത്തെ ഖണ്ഡിക നിഖ്യാ വിശ്വാസപ്രമാണ സ്വീകരണമാണ്. ട്രെന്ത് പ്രമാണത്തിൽ, വേദപുസ്തക വ്യാഖ്യാനത്തിനുള്ള അധികാരം സഭയ്ക്ക് മാത്രമാണ്, കൂദാശകൾ ഏഴാണ്, കുർബാനയിൽ പരസത്തീകരണം (Transsubstantiation) ഉണ്ടാകുന്നുണ്ട്, ബെസ്പുർക്കാനായുണ്ട്, ക്രിസ്തുവിന്റെയും നിത്യ കന്യകയായ ദൈവമാതാവിന്റെയും പ്രതിമകൾ സൂക്ഷിച്ച് ബഹുമാനിക്കണം, റോമ്മാസഭയാണ് സകല സഭകളുടേയും അമ്മയും നാഥയും, പാപ്പാ പത്രോസിന്റെ പിൻഗാമിയാണ്, ക്രിസ്തുവിന്റെ വികാരിയാണ്, എന്നെല്ലാം ഏറ്റുപറയുന്നുണ്ടെങ്കിലും ദൈവമാതാവിന്റെ ശാരീരിക വാങ്ങിപ്പിനെക്കുറിച്ചോ അമലോത്ഭവത്തെക്കുറിച്ചോ ഒന്നും പറയുന്നില്ല.

എന്നാൽ 1950-ലെ മുനിഫിസെന്റിസിമുസ്ദേവുസ് (Munificentissimus Deus) എന്ന ബൂളായിലാണ് ശാരീരിക വാങ്ങിപ്പിനെക്കുറിച്ചുള്ള നിർവചനമുണ്ടായത്. ഇതാണ് ഔദ്യോഗിക ഇംഗ്ലീഷ് തർജ്ജമയിലെ വാക്കുകൾ:

"By the authority of our Lord Jesus Christ, of the blessed Apostles Peter and Paul, and by our own, we proclaim, declare and define it to be a dogma revealed by God that the Immaculate Mother of God, Mary Ever Virgin, when the course of her earthly life was finished was taken up body and soul into the glory of heaven."

ഈ നിർവചനത്തിലെ പല ഭാഗങ്ങളും സുറിയാനി സഭയ്ക്ക് സ്വീകാര്യമല്ല. ഒന്നാമത് ഇങ്ങനെയുള്ള വിശ്വാസസത്യങ്ങൾ പ്രഖ്യാപനം ചെയ്യുവാനുള്ള അധികാരം ആകമാനസഭയ്ക്ക് മാത്രമേയുള്ളൂ. രണ്ടാമത് നിഖ്യാ വിശ്വാസപ്രമാണത്തോട് വിശ്വാസപ്രഖ്യാപനങ്ങൾ കൂട്ടിച്ചേർക്കാതിരിക്കയാണുത്തമം എന്നാണ് നമ്മുടെ പിതാക്കന്മാരിൽ പലരും അഭി

പ്രായപ്പെട്ടിട്ടുള്ളത്. മൂന്നാമത് കന്യകയുടെ ശരീരം സ്വർഗ്ഗത്തിലേയ്ക്കെടുക്കപ്പെട്ടു എന്ന് പാരമ്പര്യമുണ്ടെങ്കിലും, അത് നമ്മുടെ വാങ്ങിപ്പുപെരുന്നാളിന്റെ പ്രാർത്ഥനക്രമത്തിൽപ്പോലും കാണുന്നില്ല. അന്നത്തെ സന്ധ്യയുടെ സെദറായിൽ 'പുത്രനോടൊന്നിച്ച് സ്വർഗത്തിൽ വിശ്രമിപ്പാൻ വേണ്ടി താതന്റെ നിയോഗത്താലും കൃപയാലും നിന്റെ സന്നിധിയിലേയ്ക്ക് നീ നീക്കപ്പെട്ടു' എന്നു പറയുന്നുണ്ടെങ്കിലും, ശരീരത്തെപ്പറ്റി എടുത്ത് പറയുന്നിടത്ത് അത് ഭൂമിയിൽ സംസ്ക്കരിക്കപ്പെട്ടു എന്നല്ലാതെ സ്വർഗത്തിലേയ്ക്ക് എടുക്കപ്പെട്ടു എന്നു കാണുന്നില്ല. ആത്മാവിനെ സ്വർഗ്ഗത്തിലേയ്ക്ക് എടുത്തു എന്ന് പ്രുമിയോനിൽ വ്യക്തമായി പറയുകയും ചെയ്യുന്നുണ്ട്. യഥാർത്ഥത്തിൽ സ്വർഗമല്ല, പാതാളമാണ് ആ ശരീരത്തെ സ്വീകരിച്ചതെന്നാണ് പ്രഭാതപ്രാർത്ഥനയുടെ സെദറായിൽ കാണുന്നത്. 'അമ്മയുടെ മഞ്ചം പന്തിരുപേർ വഹിച്ചിരുന്നു. ശവകുടീരത്തിൽ മൂടൽമഞ്ഞ് വാണിരുന്നു. ദൈവത്തിന്റെ നിർമ്മലവാസം പാതാളത്തിന്റെ ഗുഹയിൽ വയ്ക്കപ്പെട്ടു. ജഡികരഥത്തിന്റെ മുമ്പിൽ അതിന്റെ വാതിലുകൾ അടയ്ക്കപ്പെട്ടു. നമ്മുടെ രക്ഷകന്റെ മാതാവ് ഭൗമികരാൽ സംസ്ക്കരിക്കപ്പെട്ടു' എന്നിങ്ങനെയാണ് പ്രാർത്ഥന. ഈ ശരീരം പിന്നീട് ശവകുടീരത്തിൽ നിന്നു വാങ്ങിപ്പോയതായി പ്രാർത്ഥനയിൽ കാണുന്നുമില്ല.

റോമ്മാസഭയുടെ പഠിപ്പിക്കലും സുറിയാനി സഭയുടെ പഠിപ്പിക്കലും തമ്മിൽ സാരമായ വ്യത്യാസമുണ്ടെന്നു വേണം ഇതിൽ നിന്നും മനസ്സിലാക്കുവാൻ.

ചോദ്യം: "മാതാവേ ദൈവസന്നിധിയിൽ നിനക്കുള്ള ധൈര്യമായ പ്രവേശനം മൂലം" എന്ന സന്ധ്യാപ്രാർത്ഥനഭാഗം കർത്താവ് പ്രസംഗിച്ചുകൊണ്ടു നിന്നപ്പോൾ തന്റെ മാതാവും സഹോദരന്മാരും കൂടെ തന്നെ കാണുവാൻ ശ്രമിച്ച സംഭവവുമായി ചേർത്ത് ആലോചിക്കുമ്പോൾ, തന്നോടുള്ള ബന്ധം പ്രധാനമായും ആത്മീയമാണ് എന്നല്ലേ തെളിയുന്നത്? മാനുഷിക വ്യാപാരങ്ങളിൽ നിഷിദ്ധമെന്നു കരുതപ്പെടുന്ന സ്വജനപക്ഷവാദം ദൈവത്തിനു ഭൂഷണമോ?

ഉത്തരം: മാതാവെന്ന നിലയിൽ തന്റെമേൽ അധികാരം പുലർത്തുന്നതിനെ നമ്മുടെ കർത്താവ് ഒരിക്കലെങ്കിലും പ്രോത്സാഹിപ്പിച്ചതായി തിരുവെഴുത്തുകളിൽ കാണുന്നില്ല. വിശ്വാസം മൂലം ദൈവവചനത്തെ സ്വീകരിക്കുക എന്നതാണ് മനുഷ്യത്വത്തിന്റെ പാരമ്യം.

അതുതന്നെ ദൈവബന്ധത്തിനുള്ള മാർഗവും, ഈ വചനസ്വീകരണത്തെ ശാരീരികമായും ആത്മീയമായും പൂർണ്ണമായി നിർവഹിച്ചവൾ എന്ന അർത്ഥത്തിലാണ് കന്യകമറിയാമിനു ദൈവസന്നിധിയിൽ ധൈര്യപൂർവ്വമായ പ്രവേശനം ഉണ്ടെന്ന് പറയുന്നത്. വിശ്വാസത്തിന്റെ മാത്രയ

നുസരിച്ചാണ് ദൈവസന്നിധിയിലേയ്ക്കുള്ള നമ്മുടെ പ്രവേശനസാധ്യത വർദ്ധിക്കുന്നത്. ദൈവത്തിന് പക്ഷവാദമില്ല (പ്രവൃത്തി 10:34). എന്നാൽ മാതാവിന്റെ വിശ്വാസം അസാധാരണമാണു താനും. ഈ വിശ്വാസത്തിൽ നിന്നാണ് ഈ ധൈര്യപൂർവ്വമായ പ്രവേശനം ഉണ്ടാകുന്നത്.

ചോദ്യം: കൗമായിൽ കന്യകമറിയാമിനോടുള്ള അപേക്ഷയിൽ 'കൃപ നിറഞ്ഞ മറിയമേ' എന്നും 'നന്മ നിറഞ്ഞ മറിയമേ' എന്നും രണ്ട് വിധത്തിൽ ആളുകൾ ചൊല്ലുന്നുണ്ട്. ഏതാണ് ശരി?

ഉത്തരം: 'ഖയിറെ കെഖാറിറ്റോമെനേ' എന്നാണ് ഗബ്രിയേൽ പരിശുദ്ധ കന്യകയെ അഭിവാദനം ചെയ്തത് (ലൂക്കോസ് 1:28).

'കെഖാറിറ്റോമെനേ' എന്ന പദത്തിന്റെ തർജ്ജിമയാണ് 'നന്മ നിറഞ്ഞവളേ' എന്നോ 'കൃപ നിറഞ്ഞവളേ' എന്നോ ഉള്ളത്. ഇത് പരിഭാഷ ചെയ്യാൻ പ്രയാസമുള്ള പ്രയോഗമാണ്. സുറിയാനിയിൽ 'മൽയാസ് തൈബൂസോ' എന്ന രണ്ടു പദങ്ങൾ കൊണ്ടാണിത് വിവർത്തനം ചെയ്തത്. തൈബൂസോ എന്ന പദത്തെ സാധാരണയായി 'കൃപ' എന്നാണു വിവർത്തനം ചെയ്യുന്നത്. അതുകൊണ്ട് 'കൃപ നിറഞ്ഞവളേ നിനക്കു സമാധാനം' എന്നുള്ളതാണ് സുറിയാനിയുടെ ശരിയായ തർജ്ജിമ.

*(1956-ൽ ചർച്ച് വീക്കിലിയിൽ പരമ്പരയായി പ്രസിദ്ധീകരിച്ച ഒരു ലേഖനവും, അതേ കാലയളവിൽ ചർച്ച് വീക്കിലിയിൽ തന്നെ പ്രസിദ്ധീകൃതമായ ചോദ്യത്തരപംക്തിയിൽ കൊടുത്ത ചില മറുപടികളും ചേർത്ത് പുസ്തകരൂപത്തിൽ 'വി. കന്യകമറിയാം' എന്ന പേരിൽ 1959-ൽ കെ. വി. മാമ്മൻ പ്രസിദ്ധീകരിച്ചു. മെത്രാപ്പോലീത്തായുടെ ആദ്യ ഗ്രന്ഥമാണിത്. 1998, 2011 വർഷങ്ങളിൽ പ്രസാധകൻ തന്നെ രണ്ടും മൂന്നും പതിപ്പുകൾ പ്രസിദ്ധീകരിച്ചു.)*

# 2

# ആത്മീയ ജ്യോതിസിനു സ്മരണാഞ്ജലി

ബസേലിയോസ് ഗീവർഗീസ് ദ്വിതീയൻ കാതോലിക്കാ എന്ന ഔദ്യോഗിക നാമത്തേക്കാൾ അടുത്തറിയാവുന്ന എല്ലാവർക്കും സുപരിചിതമാണ് 'കല്ലാശ്ശേരി ബാവാ' എന്ന അഭിധേയം.

കാൽ നൂറ്റാണ്ടിനു മുമ്പ് തൊണ്ണൂറാം വയസിൽ കാലം ചെയ്ത ഈ ബാവായെ ഇന്ന് നാം അനുസ്മരിക്കുന്നത് ആ പരിശുദ്ധ ജീവിതത്തിൽ നിന്ന് അഭിനിവേശം ഉൾക്കൊള്ളാൻ വേണ്ടിയാണല്ലോ.

എന്റെ കുട്ടിക്കാലത്തു തന്നെ പരിശുദ്ധ ബാവായെ കണ്ടിട്ടുണ്ട്. അനുഗ്രഹം പ്രാപിച്ചിട്ടുണ്ട്. എന്റെ തൊട്ടയൽപക്കമായ മനയിട വീട്ടിലാണ് ബാവായുടെ സഹോദരിയെ വിവാഹം കഴിച്ചിട്ടുള്ളത്. സഹോദരിയുടെ ഭർത്തൃമാതാവിനെ രോഗക്കിടക്കയിൽ കാണുവാൻ വരുന്ന സമയത്ത് അഞ്ചോ ആറോ വയസ്സുള്ള ഞാനും പോയി കൈമുത്തും. നിറഞ്ഞ സന്തോഷത്തോടും മധുരിമയും സ്നേഹവും വീശുന്ന പുഞ്ചിരിയോടെയും ബാലനായ എന്നെയും അനുഗ്രഹിക്കും. ഇതെന്റെ ബാല്യസ്മരണകളിൽ മങ്ങാത്ത ഓർമ്മയായി നിലനിൽക്കുന്നു.

കളങ്കമില്ലാത്ത ആ മന്ദസ്മേരമുഖത്തിന്റെ പിന്നിലുണ്ടായിരുന്നത് അച്ഛസ്ഫടികമായ, വഞ്ചനയില്ലാത്ത, പ്രാർത്ഥനാനിർഭരമായ ഒരു അതിമാനുഷിക പ്രതിഭയായിരുന്നു എന്ന് എനിക്ക് പിന്നീടേ മനസ്സിലായുള്ളു. ആ ജീവിതത്തിന്റെ യാഥാർത്ഥ രഹസ്യം നിരന്തരമായ പ്രാർത്ഥനയും അഗാധമായ വേദാദ്ധ്യയനവുമായിരുന്നു. ഓർത്തഡോക്സുകാർ പൊതുവെ വേദപുസ്തകം വായിക്കുകയോ പഠിക്കുകയോ ചെയ്യില്ല എന്നൊരു തെറ്റിദ്ധാരണ ചില ഓർത്തഡോക്സ് വിശ്വാസികളിൽപ്പോലും കടന്നു കൂടിയിട്ടുണ്ട്. കല്ലാശ്ശേരി ബാവായെ സംബന്ധിച്ചിടത്തോളം, കണ്ണു നന്നായി കാണാൻ പാടില്ലാത്ത കടന്ന വാർദ്ധക്യത്തിലും എല്ലാ ദിവസവും മുടക്കം കൂടാതെ ശെമ്മാശ്ശനെക്കൊണ്ടു വേദപുസ്തകത്തിലെ പല അദ്ധ്യായങ്ങൾ വായിപ്പിച്ച് കേട്ട് ധ്യാനിക്കുക പതിവായിരുന്നു. ഇതു ഞാൻ നേരിട്ടു കണ്ടിട്ടുണ്ട്.

പക്ഷേ ആ പിതാവിന്റെ വേദപാണ്ഡിത്യം എത്ര അഗാധമായിരുന്നുവെന്ന് ഞാൻ നേരിട്ടറിഞ്ഞത് 1954-ൽ മാത്രമായിരുന്നു. കോട്ടയം കുരിശുപള്ളിയിൽ പീസ് ലീഗിന്റെ സത്യഗ്രഹം നടക്കുന്ന കാലം. സഭയിൽ

സമാധാനവും ഐക്യവും കൈവരുത്തുവാൻ വേണ്ടി പാത്രിയർക്കീസ് കക്ഷിയിലുള്ളവരും കാതോലിക്കാ കക്ഷിയിലുള്ളവരുമായ ആറു പേർ ചേർന്നു ഉപവസിക്കുന്നു. അവരിൽ എം. കുര്യനും കെ. ഇ. മാമ്മനും എന്റെ സുഹൃത്തുക്കളായിരുന്നു. ഞാനന്ന് 32 വയസ്സുള്ള ഒരത്മായക്കാരൻ, ആലുവാ ഫെലോഷിപ്പ് ഹൗസിൽ അത്മായക്കാരുടെയിടയിൽ അദ്ധ്യാത്മിക പ്രവർത്തനം നടത്തുകയായിരുന്നു. അമേരിക്കൻ പഠനം കഴിഞ്ഞു നാട്ടിൽ വന്നിട്ട് അധികം നാളായിട്ടില്ല. ബാവായെ പോയി കണ്ടിട്ടില്ല. മെത്രാന്മാരെ അങ്ങനെ പോയി കാണാതിരുന്നതിന്റെ കാരണം ഒന്നുരണ്ടു പേരെ കണ്ടതിനെ തുടർന്നുണ്ടായ നിരാശയായിരുന്നു. എങ്കിലും ത്യാഗശീലനായ പത്രോസ് മാർ ഒസ്താത്തിയോസ് തിരുമേനി റമ്പാനായിരിക്കുന്ന കാലത്ത് അദ്ദേഹത്തിന്റെ കൂടെ പുതു ക്രിസ്ത്യാനികൾക്ക് കൊടുക്കാനുള്ള വസ്ത്രത്തിന്റെ ഭാണ്ഡവും ചുമ്മി ചിലപ്പോഴൊക്കെ നടക്കുമായിരുന്നു.

ഏതായാലും പീസ് ലീഗിലെ ഉപവാസികളെ കാണാൻ വന്ന എനിക്ക് മുപ്പതുദിവസം അവരുടെ കൂടെ താമസിക്കാനും ഉപവാസത്തിൽ അല്പമൊക്കെ പങ്കെടുക്കുവാനും സാധിച്ചു. രാവിലെയും വൈകുന്നേരവും ഉപവാസികൾക്കുവേണ്ടി വേദപഠനം നടത്തും. കുറെ ദിവസത്തിനു ശേഷം ഉപവാസികളെ കാണാൻ വരുന്ന ഭക്തജനങ്ങൾക്കു വേണ്ടിയും വേദപഠനക്ലാസുകൾ നടത്താൻ തുടങ്ങി.

പീസ് ലീഗിനോടു കല്ലാശേരി ബാവായ്ക്കു വലിയ പ്രതിപത്തിയില്ലായിരുന്നു. കാര്യങ്ങൾ മനസ്സിലാക്കാതെ സഭാ സമാധാനം എന്നും പറഞ്ഞ് ഓടി നടക്കുന്നവരെപ്പറ്റി ബാവായ്ക്കു വിരോധമായിരുന്നു. അതിന്റെ കൂടെ അമേരിക്കയിൽ നിന്നും പഠിച്ചു വന്നിരിക്കുന്ന പോൾ വർഗീസ് എന്ന ഒരത്മായക്കാരൻ വേദപുസ്തകം പഠിപ്പിക്കുന്നു എന്നു കേട്ടപ്പോൾ അയാളോടും, നേരിട്ടു കണ്ടതായ് ഓർമ്മയില്ലെങ്കിലും അല്പം നീരസമായി. അമേരിക്കൻ ബൈബിൾ പഠിപ്പിക്കുന്ന പോൾ വർഗീസിനെ പരാമർശിച്ച് അല്പം പുഛമായി ദേവലോകത്ത് പ്രസംഗിച്ച വിവരം കെ. ഫീലിപ്പോസച്ചൻ (ഇന്നത്തെ ഫീലിപ്പോസ് മാർ തെയോഫിലോസ് തിരുമേനി) ആണ് എന്നോടു പറഞ്ഞത്. ഞാൻ ദേവലോകത്തു പോയി ബാവായെ കാണണമെന്നും തെറ്റിദ്ധാരണ നീക്കണമെന്നും എന്നെ ഉപദേശിച്ചു. അച്ചൻ തന്നെ തന്റെ കൊച്ചു ബേബി മോറിസ് കാറിൽ എന്നെ ബാവായുടെ അടുക്കൽ കൊണ്ടുപോയി പരിചയപ്പെടുത്തി.

ഫീലിപ്പോസച്ചനോട് അപ്പുറത്തുപോയി ഇരുന്നുകൊള്ളുവാൻ പറഞ്ഞിട്ട്, അത്മായക്കാരനായ എന്നോട് ശെമ്മാശ്ശനെക്കൊണ്ട് താഴെ ഒരു പായിട്ട് ഇരിക്കുവാൻ കല്പിച്ചു. രണ്ടു മണിക്കൂർ നീണ്ടുനിന്ന ആ സംഭാഷണം വലിയ ഒരു പരിശോധന തന്നെയായിരുന്നു. വേദപുസ്തക സംബന്ധമായ ഇരുന്നൂറോളം ചോദ്യങ്ങൾ എന്നോടു ചോദിച്ചു.

മിനിട്ടുകൾ കടന്നുചെല്ലുന്തോറും പാശ്ചാത്യ രീതിയിലുള്ള ദൈവശാസ്ത്രമോ വേദാപഗ്രന്ഥനമോ അഭ്യസിച്ചിട്ടില്ലാത്ത ഈ ബാവാതിരുമേനിക്ക് ഇത്ര വളരെ നിശതമായ വേദപാണ്ഡിത്യം എങ്ങനെയുണ്ടായി എന്നുള്ള എന്റെ അത്ഭുതവും വളർന്നുവരികയായിരുന്നു.

അവസാനം എന്നോടു ബാവാ തിരുമേനി കല്പിച്ചത് “തന്റെ മറുപടികളിൽ രണ്ടെണ്ണം മാത്രമേ തെറ്റായി നമുക്ക് തോന്നിയുള്ളു. ആ രണ്ടു വേദഭാഗങ്ങളെക്കുറിച്ച് ഇങ്ങനെയാണ് പഠിപ്പിക്കേണ്ടത്” എന്ന് എനിക്ക് ഉപദേശവും തന്നു. അതുകഴിഞ്ഞു ഫീലിപ്പോസച്ചനെ വിളിച്ച് “ഇയാൾ അമേരിക്കയിൽ പഠിച്ചതാണെങ്കിലും ഇയാളുടെ വിശ്വാസം ഓർത്തഡോക്സ് വിശ്വാസം തന്നെയാണെന്ന്” എനിക്കു സർട്ടിഫിക്കറ്റും തന്നു.

പക്ഷേ അതല്ല ഇവിടെ പ്രധാനം. ആ പിതാവിന്റെ അഗാധമായ വേദവിജ്ഞാനത്തിന്റെ മർമ്മം, ആ വിജ്ഞാനം എന്റേതു പോലെ പുസ്തകം വായിച്ചുണ്ടാക്കിയതല്ല, പ്രത്യുത പരിശുദ്ധാത്മനിവേശിതമായിരുന്നു എന്നതാണ്. അതിന്റെ യഥാർഥ നിദാനം പാശ്ചാത്യരീതിയിലുള്ള പാണ്ഡിത്യമല്ല, പ്രത്യുത പ്രാർത്ഥനാജീവിതത്തിലധിഷ്ഠിതമായ വേദധ്യാനമായിരുന്നു എന്നതാണ്.

അതുകൊണ്ടു പാണ്ഡിത്യത്തെക്കുറിച്ച് ആ പിതാവിന് അവമതിപ്പുണ്ടായിരുന്നില്ല.

ഞാൻ അത്മായക്കാരനായിരുന്നപ്പോഴും പിന്നീട് കശ്ശീശായായതിനുശേഷവും എന്നെ വിളിച്ചിരുത്തി ദീർഘമായ ചർച്ചകളിലേർപ്പെടുന്നത് ബാവായ്ക്കു വലിയ സന്തോഷമായിരുന്നു. ബാവായോടു സംസാരിക്കുന്നത് എനിക്കും വലിയ പ്രചോദനമായിരുന്നു. സഭയിൽ ഒരു വൈദികനായിത്തീരുവാനുള്ള അഭിനിവേശം മുഴുവനും എനിക്കു ബാവായിൽ നിന്നാണ് ലഭിച്ചിട്ടുള്ളത്. എനിക്കു നമ്മുടെ തിരുമേനിമാരിൽ ഏറ്റവും കൂടുതൽ ബഹുമാനവും സ്നേഹവും ഉള്ളതും പരിശുദ്ധ ബാവായോടും പാമ്പാടിത്തിരുമേനി (കുറിയാക്കോസ് മാർ ഗ്രീഗോറിയോസ്) യോടും ആയിരുന്നു.

ബാവാ തിരുമേനി കുർബാനയർപ്പിക്കുമ്പോൾ താൻ യഥാർഥ ദൈവസന്നിധിയിൽ ആണെന്നു തനിക്കുള്ള ബോധം, തിരുമേനിയുടെ കുർബാനയിൽ സംബന്ധിക്കുന്നവരേയും വളരെയധികം ദൈവത്തോടടുപ്പിക്കുമായിരുന്നു. ദൈവസാന്നിദ്ധ്യബോധമില്ലാത്ത ആളുകൾ ബാവായോടു കൂടി മദ്ബഹായിൽ നിൽക്കുന്നത് തിരുമേനിക്കു വളരെയധികം ഈർഷ്യ ഉണ്ടാക്കുമായിരുന്നു. സ്വർഗത്തിൽ മാലാഖമാരോടൊരുമിച്ച് ദൈവത്തെ ആരാധിക്കുകയാണെന്ന തന്റെ ബോധം തനിക്കു വെറും ഒരു ഭാവനയായിരുന്നില്ല, പ്രത്യുത യഥാർത്ഥ അനുഭവമായിരുന്നു. തന്റെ പ്രാർത്ഥനാ

ജീവിതമാണ് ഈ അനുഭവത്തിന്റെയും പിറകിൽ മറഞ്ഞിരിക്കുന്ന രഹസ്യം.

ഒരു സദസിൽ സംസാരിക്കുമ്പോഴും പ്രശസ്താതിഥികളെ സ്വീകരിക്കുമ്പോഴും ഔചിത്യബോധത്തോടും അദ്ധ്യാത്മികാവഗാഢതയോടും സംസാരിക്കാൻ തിരുമേനിക്കുണ്ടായിരുന്ന കഴിവ് പ്രത്യേകം തന്നെയാണ്. ജവഹർലാൽ നെഹ്റുവുമായുള്ള ബാവാതിരുമേനിയുടെ കൂടിക്കാഴ്ചയെപ്പറ്റി ഞാൻ പറഞ്ഞു കേട്ടിട്ടേയുള്ളു. എന്നാൽ എത്യോപ്യൻ ചക്രവർത്തി ഹെയ്‌ലി സലാസിയുമായി 1956-ൽ ദേവലോകത്ത് നടന്ന കൂടിക്കാഴ്ചയിൽ ഞാൻ ദ്വിഭാഷിയായി (മലയാളം - അമ്ഹാരിക്ക്) വർത്തിച്ചതുകൊണ്ടു നേരിട്ടറിയാവുന്ന കാര്യമാണ്. സംഭാഷണ സമർത്ഥനായ ഹെയ്‌ലി സലാസിയെ ബാവായുമായുള്ള ആ ഉദാത്ത സംഭാഷണം വളരെയധികം പ്രസാദിപ്പിച്ചു. വൃദ്ധനായ ശിമോൻ യേശുവിനെക്കാണുവാൻ യരുശലേം ദേവാലയത്തിൽ അനേകവർഷം കാത്തിരുന്നതു പോലെ ക്രിസ്തീയ ചക്രവർത്തിയെ കാണുവാൻ താൻ അനേകകാലങ്ങളായി കാത്തിരിക്കുകയായിരുന്നു എന്നു പറഞ്ഞുകൊണ്ടാണു ബാവാ സംഭാഷണം ആരംഭിച്ചത്. "അവിടുത്തെപ്പോലെ പരമപരിശുദ്ധനായ വലിയ ഒരു പുണ്യപുരുഷന്റെ ദർശനത്തേക്കാൾ വലിയതായി ഒരു ചക്രവർത്തിയ്ക്കെന്താണു ലഭിക്കാവുന്നത്" എന്ന് ഉദാത്തമായി ചക്രവർത്തിയും മറുപടി പറഞ്ഞു.

ബാവാ തിരുമേനിയെ വന്നു കണ്ടു പോയിട്ടുള്ള പാശ്ചാത്യരിലും അതിസുന്ദരമായ ഒരു സ്മരണയാണ് ബാവാ തിരുമേനിയെപ്പറ്റി അവശേഷിച്ചിട്ടുള്ളത്. ജാതിമതഭേദമെന്യേ എല്ലാവരോടും ബാവാ തിരുമേനിക്ക് വലിയ സ്നേഹമായിരുന്നു. തന്റെ അനുഗ്രഹങ്ങളും പ്രാർത്ഥാദാനങ്ങളും അക്രൈസ്തവർക്കും വാൽസല്യ പൂർവം ചൊരിഞ്ഞുകൊടുക്കുവാൻ അദ്ദേഹത്തിനു കഴിയുമായിരുന്നു. എത്ര മഹാദ്ഭുതങ്ങളാണ് ആ പ്രാർത്ഥനാ ജീവിതത്തിൽ നിന്നു ബാവാ കാലം ചെയ്യുന്നതിനു മുൻപുണ്ടായിട്ടുള്ളത് എന്നു സാക്ഷ്യം വഹിക്കുവാൻ അനേകം അക്രൈസ്തവർക്കു സാധിക്കും. രോഗികൾക്കു രോഗസൗഖ്യവും വന്ധ്യകൾക്കു ഗർഭോല്പാദനവും ബാവായുടെ പ്രാർത്ഥന മൂലം അത്ഭുതാവഹമായി ലഭിച്ചിട്ടുള്ള പല സംഭവങ്ങളും എനിക്കു നേരിട്ടറിയാം.

സഭാ നേതൃത്വത്തിൽ അദ്ദേഹം വഹിച്ചിട്ടുള്ള പങ്ക് ചരിത്രപ്രധാനം തന്നെയാണ്. കോടതിയിൽ കേസ് തോറ്റ് സഭ നിരാശയിലേക്കു വഴുതിവീഴാൻ തുടങ്ങുമ്പോൾ "സത്യം ജയിക്കും" എന്ന് പ്രാർത്ഥനയോടെ ഉദ്ഘോഷിച്ചുകൊണ്ട്, പ്രത്യാശയിലേക്കും പുരോഗതിയിലേക്കും സഭയെ തിരികെ കൊണ്ടുവരുവാൻ ബാവാ തിരുമേനി കാട്ടിയ കഴിവ് അസാമാന്യം തന്നെയായിരുന്നു. നിഷ്ഠയുള്ള പ്രാർത്ഥനാ ജീവിതവും കളങ്ക

മില്ലാത്ത മനഃസാക്ഷിയും തന്നെയാണ് ആ ധീരനേതൃത്വത്തിന്റെയും പിറ കിലുണ്ടായിരുന്ന രഹസ്യം.

ഇവിടെയുള്ള ഇരുകക്ഷികളുടെയും പൂർണസമ്മതമുള്ള സമാധാന വ്യവസ്ഥകളുമായി 1934 –ൽ ഹോംസിൽ ചെന്ന് പാത്രിയർക്കീസിനെ കണ്ടു സമ്മതിപ്പിക്കാൻ ശ്രമിച്ചിട്ട് അപ്രേം പാത്രിയർക്കീസിന്റെ അധി കാരമോഹം കൊണ്ട് അശേഷവും സാധിക്കാതെ വന്നയവസരത്തിൽ ഒട്ടും വിട്ടുകൊടുക്കാതെ തിരിച്ചുവന്ന നമ്മുടെ ഗീവർഗീസ് ദ്വിതീയൻ ബാവായ്ക്കു കൊട്ടാരക്കര റയിൽവേസ്റ്റേഷൻ മുതൽ കോട്ടയം വരെ നൽകിയ ഗംഭീര സ്വീകരണം ആ പിതാവിനോടു നമ്മുടെ ജനങ്ങൾക്കുള്ള ഭക്ത്യാദരവുകൾ വെളിപ്പെടുത്തി.

അതിനേക്കാളേറെ പ്രാധാന്യമുള്ളതായി എന്റെ മനസ്സിൽ തോന്നു ന്നത് ഇങ്ങനെയുള്ള അനേക പരാജയങ്ങളിലും ദുരിതാനുഭവങ്ങളിലും കൂടെ ശുദ്ധീകരിച്ചെടുത്ത ആ പ്രാർത്ഥനാ ജീവിതവും വ്യക്തിവൈഭ വവും തന്നെ.

അതുപോലുള്ള ആളുകൾ ഇന്നും ഉണ്ടായിരുന്നെങ്കിൽ!

*(മലയാള മനോരമ, ജനുവരി 7, 1989)*

# 3

# മലങ്കരയുടെ മഹർഷിവര്യൻ

കല്ലാശേരി ബാവാ കാലം ചെയ്തിട്ടു കാൽ നൂറ്റാണ്ടു കഴിഞ്ഞു. 1964 ജനുവരി ഒന്നിന് – തന്റെ പേർപ്പിതാവായ പരിശുദ്ധ മാർ ബസേലിയോസ് നാലാം നൂറ്റാണ്ടിൽ (379-ൽ) കാലം ചെയ്ത അതേ പുതുവൽസരദിനത്തിൽ.

പരിശുദ്ധ ബസേലിയോസ് ഗീവർഗീസ് ദ്വിതീയൻ തിരുമേനിയുടെ ചരമ രജത ജൂബിലിയാചരണത്തിന്റെ സമാപനവേളയാണിത്. പടിഞ്ഞാറെക്കടലിൽ പകലോൻ മുങ്ങിയാലും അസ്തമയത്തിന്റെ വർണശബളിമ ചക്രവാളത്തിൽ കളിയാടുന്നതുപോലെ ഇന്നും ആ മഹർഷിവര്യന്റെ ജീവിതം നമുക്ക് ആവേശം പകർന്നുകൊണ്ടിരിക്കുന്നു.

മലങ്കരസഭയുടെ സാരഥിയായി 1929 ഫെബ്രുവരി 15-ന് അഭിഷേകം ചെയ്യപ്പെട്ട ആ പുണ്യപുരുഷനെ ഞാൻ ആദ്യമായി കണ്ടത് എന്റെ ബാല്യകാലത്തായിരുന്നു. തന്റെ സഹോദരീഭർത്താവായ മനയിട കുഞ്ഞുംപാപ്പിയുടെ മാതാവിനെ രോഗശയ്യയിൽ കാണുവാൻ ബാവാ തൃപ്പൂണിത്തുറ മനയിടത്തറവാട്ടിൽ വന്നപ്പോൾ ഒട്ടേറെപ്പേർ കൈമുത്തുവാൻ ഒത്തുകൂടി. ഞങ്ങളുടെ വീടും മനയിടത്തറവാടും അടുത്തടുത്താണ്. ഒരു വേലിയാണ്. അന്ന് എട്ടോ പത്തോ വയസ്സുള്ള ഞാനും ചെന്നു കൈമുത്തി. മന്ദസ്മേരമുഖനായ ആ ഉജ്ജ്വല വ്യക്തിപ്രതിഭയുടെ പുണ്യദർശനം ബാലനായ എന്നെയും ആവേശഭരിതനാക്കി.

പിന്നീടു ഞാൻ ആ പരിശുദ്ധ പിതാവിനെ കണ്ടത് 1955 ലാണ് – എനിക്കു 33 വയസ്സുള്ളപ്പോൾ, പീസ് ലീഗ് സത്യഗ്രഹത്തിന്റെ കാലത്ത്. അന്നു തുടങ്ങി ഞാൻ ആ പിതാവിന്റെ ആരാധകനും ശിഷ്യനുമായിത്തീർന്നു. ബാവായെപ്പറ്റിയുള്ള അനേകം സ്മരണകൾ എന്റെ ഹൃദയത്തിലുണ്ട്. രണ്ടെണ്ണം മാത്രം ഇവിടെ എടുത്തു പറയട്ടെ.

ആദ്യത്തേത് 1956-ലാണ്. ഞാൻ അന്ന് ആലുവാ ഫെലോഷിപ്പ് ഹൗസിൽ ഒരു അത്മായക്കാരനായി പ്രവർത്തിക്കുകയായിരുന്നു. എത്യോപ്യൻ ചക്രവർത്തി ഭാരത സന്ദർശനവേളയിൽ കേരളത്തിലും വന്നു. പരിശുദ്ധ ബാവായെ കാണുവാൻ ദേവലോകത്തെത്തിയ ചക്രവർത്തിയുമായുള്ള സംഭാഷണം തർജ്ജമ ചെയ്യുവാൻ എത്യോപ്യൻ ഭാഷ അറിയാവുന്ന എന്നെ വിളിച്ചു.

മറക്കാനാവാത്ത ഒരു കൂടിക്കാഴ്ചയായിരുന്നു അത്. ആ നർമ്മ

സംഭാഷണം പരിഭാഷപ്പെടുത്തുവാൻ ലഭിച്ച മഹാഭാഗ്യം എന്നെ വളരെ സന്തോഷിപ്പിച്ചു. ആ സംഭാഷണത്തിന്റെ ആരംഭ ഭാഗം ഞാൻ ഇപ്പോഴും ഓർക്കുന്നു.

ബാവാ: "അനേകകാലം, ദാവീദുപുത്രനായ മിശിഹായെ കാണുവാൻ കാത്തിരുന്ന്, ശിശുവായ യേശുവിനെ യരുശലേം ദേവാലയത്തിൽ വച്ചു കണ്ടപ്പോൾ ജീവിത നിർവൃതിയടഞ്ഞ വൃദ്ധനായ ശിമവോന്റെ വികാരങ്ങളാണ് ഓർത്തഡോക്സ് സഭയുടെ ആരുമഭാജനമായ ചക്രവർത്തിയെ കാണുമ്പോൾ എനിക്കിന്നുണ്ടാവുന്നത്."

ചക്രവർത്തി: "പരിശുദ്ധനായ അങ്ങയുടെ ദർശനത്തിങ്കൽ എനിക്കിന്നുണ്ടാവുന്ന സാഫല്യ സന്തോഷത്തേക്കാൾ വലിയ ഒന്ന് ഒരു ചക്രവർത്തിക്കും ഉണ്ടാകാനില്ല."

ഇങ്ങനെ തുടർന്ന ആ സംഭാഷണം ഇരുവരുടെയും വ്യക്തിവിലാസത്തെ വിളിച്ചറിയിക്കുന്നതായിരുന്നു. പരിശുദ്ധ ബാവായെ സന്ദർശിച്ചിട്ടുള്ള എല്ലാ വലിയ ആളുകൾക്കും ആവേശം പകർന്നുകൊടുക്കുവാനുള്ള അനിതരസാധാരണമായ കഴിവ് ബാവായ്ക്കുണ്ടായിരുന്നു.

ആ സംഭാഷണത്തിന്റെ പരിണതഫലമെന്നോണമാണു ഞാൻ രണ്ടാമത് എത്യോപ്യയിൽ പോകാനും ചക്രവർത്തിയുടെ ഉപദേഷ്ടാവും കാര്യദർശിയും ആയി പ്രവർത്തിക്കുവാനും ഇടയായതെന്നു പറയാം.

രണ്ടാമത്തെ അനുഭവം 1957-ലാണ്. സമുദായക്കേസിലെ സുപ്രീം കോടതി വിധിയുണ്ടാകുന്നതിനു മുമ്പായിരുന്നു അത്. മലങ്കരസഭയിലെ കക്ഷിവഴക്കു മൂത്ത കാലം. തന്റെ കണ്ണടയുന്നതിന് മുമ്പേ സഭയിൽ സമാധാനം ഉണ്ടായിക്കാണണമെന്നു പരിശുദ്ധ ബാവായ്ക്കു വലിയ ആഗ്രഹമായിരുന്നു. ഇക്കാര്യം യാക്കോബ് തൃതീയൻ പാത്രിയർക്കീസ് ബാവായെ അനൗദ്യോഗികമായി അറിയിച്ചു പ്രതികരണം തേടാൻ ബാവാ എന്നോടു പറഞ്ഞതനുസരിച്ച് ഞാൻ ഡമാസ്ക്കസിൽ പോയി വിവരങ്ങൾ അറിഞ്ഞു തിരികെ വന്നു. അന്നു ഞാൻ എത്യോപ്യൻ ചക്രവർത്തിയുടെ കൂടെയായിരുന്നതുകൊണ്ട് എനിക്കു മറ്റാരുടെയും സഹായം കൂടാതെ സ്വന്തചെലവിൽ സിറിയയിൽ പോകാനും വരാനും കഴിയുമായിരുന്നു.

യാക്കോബ് തൃതീയന്റെ അനുകൂലമായ പ്രതികരണം പരിശുദ്ധ കാതോലിക്കാബാവായെ ഞാൻ അറിയിച്ചു. ഇവിടെ അന്നുള്ള സഭാ പ്രമാണികൾ കൂടി കാര്യങ്ങളാലോചിച്ചു വയോവൃദ്ധനായ കാതോലിക്കാബാവായുടെ കാലത്തുതന്നെ ഒത്തുതീർപ്പിലെത്തുന്നതാണു നല്ലതെന്നും പാത്രിയർക്കീസ് ബാവായെ ഔദ്യോഗികമായി കാണുവാൻ പത്തനം

തിട്ട പീലക്സിനോസ് തിരുമേനിയും ഞാനും കൂടെ പോയി ഒരു ഒത്തുതീർപ്പുണ്ടാക്കണമെന്നുമായിരുന്നു അനൗദ്യോഗിക തീരുമാനം. ബാവാ അതു സമ്മതിച്ചു.

എന്നാൽ പോകുന്നതിനു മുമ്പു പരിശുദ്ധ സുന്നഹദോസിന്റെ ഔദ്യോഗികാനുമതി വേണമെന്നും, സുന്നഹദോസ് കൂടുമ്പോൾ ഞാൻ കൂടെ (അന്ന് അത്മായക്കാരൻ) സന്നിഹിതനായി ഒരു ഡലിഗേഷൻ സിറിയയിൽ പോകുന്നതിന്റെ അഭിലഷണീയത തിരുമേനിമാരെ പറഞ്ഞു ബോധ്യപ്പെടുത്തണമെന്നും ബാവാ എന്നോടു കല്പിച്ചു.

അന്ന്, സുന്നഹദോസ് പതിവായി കൂടില്ലായിരുന്നു. വളരെ അത്യാവശ്യം വരുമ്പോഴേ കൂടുകയുള്ളൂ. സുന്നഹദോസിലെ അംഗസംഖ്യയും പരിമിതമാണ്. എന്റെ ഓർമ്മ ശരിയാണെങ്കിൽ അന്നു ബാവായെക്കൂടാതെ, പിന്നീടു കതോലിക്കായായി വാഴിക്കപ്പെട്ട ഔഗേൻ മാർ തീമോത്തിയോസ്, പത്തനാപുരത്തെ തോമ്മാ മാർ ദീവന്നാസ്യോസ്, പാറേട്ട് മാർ ഈവാനിയോസ്, ദാനിയേൽ മാർ പീലക്സിനോസ് എന്നീ മെത്രാപ്പോലീത്താമാരേ ഉണ്ടായിരുന്നുള്ളൂ. വട്ടക്കുന്നേൽ മാത്യൂസ് മാർ അത്താനാസ്യോസ് തിരുമേനി സുന്നഹദോസിൽ സംബന്ധിച്ചില്ല.

എന്റെ പരിമിതമായ കഴിവുപയോഗിച്ചു കാര്യങ്ങൾ തിരുമേനിമാരെ പറഞ്ഞു മനസ്സിലാക്കി. ഒരു ഡലിഗേഷൻ പോകുന്നതുകൊണ്ടുണ്ടാവുന്ന പ്രയോജനവും ഇപ്പോൾ പോകാതിരുന്നാലുള്ള സംഭാവ്യതകളും ഒരു അഭിഭാഷകനെപ്പോലെ ഞാൻ വിസ്തരിച്ചു. ആദ്യം ആരും ഒന്നും പറഞ്ഞില്ല. പിന്നീട് ഒരു തിരുമേനി എന്നോടിങ്ങനെ കല്പിച്ചു:

"സാർ പറഞ്ഞതെല്ലാം അക്ഷരംപ്രതി ശരിയാണ്. വരുംവരായ്കകളെപ്പറ്റി പറഞ്ഞതൊക്കെ വാസ്തവമാണ്. അതനുസരിച്ച് ഒരു ഡലിഗേഷൻ ഇപ്പോൾ പാത്രിയർക്കീസ് ബാവായെ കാണാൻ പോകുന്നത് നല്ലതാണെന്നേ ആർക്കും പറയാനൊക്കുകയുള്ളൂ. എങ്കിലും ഞങ്ങൾ പറയുന്നു, ഇപ്പോൾ ഈ ഡലിഗേഷൻ പോകണ്ട എന്ന്. അത് എന്തുകൊണ്ടാണെന്ന് ഞാൻ പറയുന്നില്ല. തക്കതായ കാരണം കാണുമല്ലോ. അതുകൊണ്ട് ഇനിയും പോൾ വർഗീസ് സാർ ഒന്നും പറയേണ്ട."

ഞാൻ അമ്പരന്നു പോയി. സഭാ രാഷ്ട്രീയത്തിൽ ഒട്ടും പരിചയമില്ലാതിരുന്ന എനിക്കു കാര്യം മനസ്സിലായില്ല. അപ്പോൾ പരിശുദ്ധ ബാവാ അദ്ധ്യക്ഷസ്ഥാനത്തിരുന്നുകൊണ്ട് ഗർജിച്ചു: "എന്നെക്കൊണ്ടു കഴിയില്ല. ഞാൻ ഇറങ്ങിപ്പോകുകയാണ്. ഇതു ഗുണംപിടിക്കാൻ പ്രയാസമാണ്."

പറയുക മാത്രമല്ല ഉടനെ ഇറങ്ങിപ്പോകുകയും ചെയ്തു. പിന്നീടാണ് എനിക്കു മനസ്സിലായത് സുന്നഹദോസിൽ അഭിപ്രായവ്യത്യാസമുണ്ടാ

യത് ആരാണു പോകേണ്ടതെന്ന കാര്യത്തെക്കുറിച്ചായിരുന്നു എന്ന്. ഏതായാലും ആരും പോയില്ല. വാങ്ങിച്ച ടിക്കറ്റ് കാൻസൽ ചെയ്യുകയും ചെയ്തു.

സഭാ സമാധാനത്തിനുവേണ്ടി നിരന്തരം പ്രാർത്ഥിക്കുകയും അക്ഷീണമായി പ്രവർത്തിക്കുകയും ചെയ്തിരുന്ന ബാവായെ ഭഗ്നാശയനായി ഞാൻ കണ്ടത് അന്നാണ്. മനുഷ്യന്റെ സ്വാർത്ഥമാണ് സഭയിൽ അസമാധാനത്തിനു കാരണമെന്നു ബാവാ എപ്പോഴും പറയുമായിരുന്നു.

പരിശുദ്ധ ബാവായുടെ വ്യക്തിവിലാസത്തെപ്പറ്റി നാലഞ്ചു കാര്യങ്ങൾ എടുത്തു പറയുവാൻ ഞാൻ ആഗ്രഹിക്കുന്നു.

ഒന്നാമത്, സഭയോട് ആ പിതാവിനുണ്ടായിരുന്ന അനിതരസാധാരണമായ സ്നേഹം. സ്വന്ത താൽപര്യങ്ങൾ ഒന്നും നോക്കാതെ സഭയുടെ സമാധാനത്തിനും ഐശ്വര്യത്തിനും വേണ്ടി വ്യക്തിപരമായി എന്തു ത്യാഗവും സഹിക്കുവാൻ ബാവാ എപ്പോഴും സന്നദ്ധനായിരുന്നു. പക്ഷേ, സഭാ നേതൃത്വത്തിൽ അന്നുണ്ടായിരുന്ന ചിലരുടെ വ്യക്തിതാൽപര്യങ്ങളായിരുന്നു സമാധാനപന്ഥാവിലെ പ്രധാന വിഘാതം. അതേക്കുറിച്ച് ബാവാ വളരെയേറെ വിഷമിക്കുകയും പ്രാർത്ഥനയിൽ മുഴുകുകയും ചെയ്തു എന്ന് എനിക്കറിയാം.

രണ്ടാമത്, ബാവായുടെ ദൈവസാന്നിദ്ധ്യ ബോധം. ആരാധനയിലും പ്രാർത്ഥനയിലും മാത്രമല്ല എല്ലാ സമയത്തും ആ സാന്നിദ്ധ്യബോധം പിതാവിനുണ്ടായിരുന്നു. എല്ലായ്പ്പോഴും ദൈവത്തോടു ഹൃദയത്തിൽ അത് തുടർന്നുകൊണ്ടിരുന്ന ഒരു യഥാർത്ഥ യോഗിയായിരുന്നു ബാവാ തിരുമേനി. മനുഷ്യരുടെ സ്വാർത്ഥം നിറഞ്ഞ പെരുമാറ്റത്തെപ്പറ്റി മനസ് വിഷമിച്ചാലും അല്പനിമിഷങ്ങൾ കൊണ്ട് തന്റെ പ്രയാസം ദൈവതിരുമുമ്പാകെ സമർപ്പിച്ചു ശക്തി പ്രാപിക്കാനും ഈശ്വരാശ്രയത്തിൽ നിരാശ കൂടാതെ ഉറച്ചു നില്ക്കുവാനും തിരുമേനിക്കുള്ള കഴിവ് അപാരമായിരുന്നു.

മൂന്നാമത്തെ പ്രത്യേകത തിരുമേനിയുടെ ആരാധനാനുഭവമായിരുന്നു. ദിവ്യബലിയർപ്പിക്കുവാൻ മദ്ബഹായിൽ കയറുമ്പോൾ ജീവനുള്ള ദൈവത്തിന്റെ ആഗ്നേയസിംഹാസനത്തിലാണു താൻ നില്ക്കുന്നതെന്നുള്ള ഉത്തമബോധ്യം ബാവായ്ക്കുണ്ടായിരുന്നു. അതുകൊണ്ടാണ് മറ്റുള്ളവർ ആരാധാനാസ്ഥലത്ത് അലക്ഷ്യമായി പെരുമാറിയാൽ തിരുമേനി കോപാകുലനാകാറുണ്ടായിരുന്നത്. പരിശുദ്ധ കുർബാനയിലെ ആരാധനയായിരുന്നു പിതാവിന്റെ ജീവിതത്തിന്റെ ഊർജ്ജമൂല്യം. അതിൽ നിന്നു പ്രാപിക്കുന്ന ശക്തിയെ തന്റെ നിരന്തരമായ പ്രാർത്ഥനാശീലം മൂലം കൂടുതൽ കൂടുതൽ വളർത്തിയെടുത്തു മറ്റുള്ളവർക്കു കൃപ ലഭിക്കുവാൻ

കാരണമാക്കിത്തീർക്കുകയായിരുന്നു ആ മഹനീയ ജീവിതത്തിന്റെ ലക്ഷ്യം.

നാലാമത്, അസാധാരണവും അളവില്ലാത്തതുമായ മനുഷ്യസ്നേഹവും അനുകമ്പയുമായിരുന്നു. അതു സഭാംഗങ്ങളോടു മാത്രമല്ല, അന്യസഭാംഗങ്ങളോടും ക്രൈസ്തവേതരരോടും ഒരുപോലെ കാണിക്കും. രോഗം മൂലമോ സാമ്പത്തിക പ്രയാസം മൂലമോ ക്ലേശമനുഭവിക്കുന്നവരോടൊരുമിച്ച് കരഞ്ഞു പ്രാർത്ഥിക്കുവാൻ തിരുമേനിക്കുള്ള കഴിവ് അസാമാന്യമായിരുന്നു. ആ മനംനൊന്തുള്ള പ്രാർത്ഥന അതുപോലെ ഫലിക്കുകയും ചെയ്തിരുന്നു എന്നുള്ളതിനു ഹിന്ദുക്കളും മുസ്ലീങ്ങളും ഒക്കെ സാക്ഷ്യം വഹിക്കും. കുട്ടികളില്ലാതെ സങ്കടപ്പെട്ട ഹിന്ദുവായ അന്നത്തെ കോട്ടയം കലക്ടർക്ക് ആ പിതാവിന്റെ പ്രാർത്ഥന മൂലം സന്താനസൗഭാഗ്യം ഉണ്ടായ അത്ഭുത സംഭവം എന്റെ അനുഭവത്തിൽ ഉണ്ട്.

അഞ്ചാമത്, ആ പിതാവിന്റെ വ്രതനിഷ്ഠയാണ് എടുത്തു പറയേണ്ടത്. ഇന്ന് മനുഷ്യർക്ക്, പ്രത്യേകിച്ച് ആദ്ധ്യാത്മിക നേതാക്കൾക്ക് ആത്മചൈതന്യം ഇല്ലാതെ കാണുന്നതിന്റെ പ്രധാന കാരണം, ആത്മശിക്ഷണത്തിലും വ്രതനിഷ്ഠയിലും പ്രാർത്ഥനാശീലത്തിലും അടിയുറച്ചു വളരുവാനുള്ള മനക്കരുത്ത് അവർക്കില്ല എന്നതു തന്നെയാണ്.

ശരീരത്തിന്റെയും മനസ്സിന്റെയും ദുരാഗ്രഹങ്ങൾക്ക് മനപ്രയാസം കൂടാതെ വഴങ്ങിക്കൊടുക്കാൻ വെമ്പൽ കൊള്ളുന്ന നമ്മുടെ തലമുറയ്ക്ക് ആ പിതാവു വലിയ ദീപസ്തംഭം തന്നെയാണ്. കടന്നുപോയ തലമുറയുടെ കരുത്തുറ്റ ഗുരുവായിരുന്നു ആ മഹർഷിവര്യൻ. ആ പുണ്യപിതാവിന്റെ പ്രാർത്ഥനയാൽ ലോകത്തിനും മനുഷ്യരാശിക്കും സഭയ്ക്കും അനുഗ്രഹവർഷമുണ്ടാകട്ടെ.

(*ഗീവർഗീസ് ദ്വിതീയൻ ബാവാ ചരമ രജത ജൂബിലി സപ്ലിമെന്റ്, മലയാള മനോരമ, ഡിസംബർ 28, 1989*)

# 4

# വിശ്വാസത്തിന്റെ മർമ്മമറിഞ്ഞ ആത്മീയ നേതാവ്

പരിശുദ്ധ ഗീവറുഗീസ് ദ്വിതീയൻ ബാവാ തിരുമേനിയുടെ പെങ്ങളെ കെട്ടിച്ചത് എന്റെ വീടിനു വളരെ അടുത്താണ്. തിരുമേനി അവിടെ വരുമ്പോഴൊക്കെ ഞാനും പോയി കൈ മുത്തിയിട്ടുണ്ട്. അന്ന് തിരുമേനി മെത്രാച്ചനാണ്. ഞാൻ തീരെ ചെറുപ്പവും.

പിന്നീട് പ്രധാനമായി പരിചയപ്പെടുന്നത് 1954-ൽ ആണ്. സഭാസമാധാനം ലക്ഷ്യമാക്കി പീസ് ലീഗ് എന്നൊരു സംഘടന കോട്ടയത്ത് ഉപവസിക്കുന്ന കാലം. ആറു പേരാണ് ഉപവാസം അനുഷ്ഠിക്കുന്നത്. കെ. ഇ. മാമ്മൻ, എം. കുര്യൻ, പാമ്പാടികണ്ടത്തിലച്ചൻ, കോടിയാട്ടച്ചൻ, ഡ്രൈവർ വർഗ്ഗീസ് തുടങ്ങിയവർ. ഞാൻ അമേരിക്കയിൽ നിന്നു ദൈവാശാസ്ത്രപഠനം കഴിഞ്ഞ് മടങ്ങി ആലുവാ ഫെലോഷിപ്പ് ഹൗസിൽ എം. തൊമ്മനോടൊപ്പം താമസിക്കുകയായിരുന്നു. തൊമ്മച്ചന്റെ നിർദ്ദേശമനുസരിച്ച്, ഉപവാസം അനുഷ്ഠിക്കുന്ന പീസ് ലീഗുകാർക്ക് ബൈബിൾ ക്ലാസ്സെടുക്കാൻ കോട്ടയത്തു വന്നു. ഒരു ദിവസത്തെ ക്ലാസു കഴിഞ്ഞപ്പോൾ കുറച്ചു ദിവസം ഇവിടെ തങ്ങി ഞങ്ങൾക്ക് ബൈബിൾ ക്ലാസ് എടുത്തു കൂടെ എന്ന് ഉപവാസം അനുഷ്ഠിക്കുന്നവർ ചോദിച്ചു.

"ഇത്തരം ക്ലാസ് ലഭിക്കുകയാണെങ്കിൽ ഞങ്ങൾക്കു പട്ടിണി കിടക്കാൻ ഒരു പാടുമില്ല" എന്ന അവരുടെ വാക്ക് എനിക്കും പ്രചോദനം നൽകി. ഞാൻ 30 ദിവസത്തോളം അവർക്കു വേണ്ടി ബൈബിൾ ക്ലാസ്സുകൾ എടുത്തു. അപ്പോൾ അവർ മറ്റൊരു നിർദ്ദേശം കൂടി വെച്ചു - ഉപവാസം അനുഷ്ഠിക്കുന്നവരെ കാണാൻ കുറെ പേർ കുരിശുപള്ളിയിൽ വരുന്നുണ്ടല്ലോ. അവർക്കു കൂടി ക്ലാസ് എടുത്തു കൂടെ എന്ന്. അങ്ങനെ അങ്ങാടിയിൽ നിന്ന് കുരിശുപള്ളിയിൽ വരുന്നവർക്കും വേണ്ടി ഞാൻ ബൈബിൾക്ലാസ് എടുത്തു തുടങ്ങി.

ബാവാ ഇത് എങ്ങനെയോ അറിഞ്ഞു. ഒരു ഞായറാഴ്ച 'ഇന്ന് പഴയസെമിനാരിയിൽ തന്നെപ്പറ്റിയായിരുന്നു സംസാരം. ബാവായെ ചെന്നുകാണാൻ എന്നെ പറഞ്ഞു വിട്ടതാണ്.' കെ. ഫീലിപ്പോസച്ചൻ (ഫീലിപ്പോസ് മാർ തെയോഫിലോസ് തിരുമേനി) വന്നു പറഞ്ഞു.

വളരെ ആകാംക്ഷയോടെ എന്നെപറ്റി എന്താണ് പറഞ്ഞത് എന്ന് അച്ചനോട് ഞാൻ ചോദിച്ചു. 'ഇവിടെ ഏതോ ഒരു പോൾ വർഗീസ് വന്നി

ട്ടുണ്ട്. അയാൾ കുരിശുപള്ളിയിൽ ബൈബിൾ പഠിപ്പിക്കുന്നുണ്ടത്രെ. ആരുടെ ബൈബിളാണോ? അമേരിക്കേന്നു കൊണ്ടുവന്നതാണെന്നാ തോന്നുന്നെ.' കെ. ഫീലിപ്പോസച്ചൻ ബാവായുടെ വാക്കുകൾ എടുത്തു പറഞ്ഞു. 'എന്തായാലും ബാവായെ പോയി കാണണം.' ഫീലിപ്പോസച്ചൻ എന്നോടു പറഞ്ഞു.

അച്ചൻ തന്നെയാണ് എന്നെ ബാവായുടെ അടുത്തേക്ക് കൂട്ടിക്കൊണ്ടുപോയതും. അച്ചൻ എന്നെ ബാവായ്ക്ക് പരിചയപ്പെടുത്തി 'ഇയാളാണ് പോൾ വർഗ്ഗീസ്.' പെട്ടെന്ന് ശെമ്മാശനോട് ബാവാ ഒരു പായ് കൊണ്ടുവരാൻ പറഞ്ഞു. ശെമ്മാശൻ കൊണ്ടുവന്നു. എന്നോട് അതിൽ ഇരിക്കാൻ കൽപ്പിച്ചു.

ഫീലിപ്പോസ് അച്ചനോട് അപ്പുറത്തേക്ക് പൊയ്ക്കൊള്ളാൻ പറഞ്ഞു. ഒരു വിസ്താരത്തിനുള്ള തയ്യാറെടുപ്പാണ് എന്ന് എനിക്കും മനസ്സിലായി. മനസ്സിൽ അല്പം ഭീതിയും ഇല്ലാതില്ല.

വിസ്താരം രണ്ടു മണിക്കൂറിലേറെയെടുത്തു. ഇരുനൂറിലേറെ ചോദ്യങ്ങളാണ് എന്നോട് ചോദിച്ചത്. എല്ലാം വേദപുസ്തകത്തിൽ നിന്നും. ഓരോ ചോദ്യവും തിരുമേനിയോട് എനിക്കുള്ള ആദരവ് വർദ്ധിപ്പിച്ചുകൊണ്ടിരുന്നു.

പാശ്ചാത്യനാട്ടിൽ നിന്നും ദൈവശാസ്ത്രത്തിൽ അഭ്യസനം നടത്തിവന്ന എനിക്ക് ബാവായുടെ വേദപുസ്തകപാണ്ഡിത്യത്തിൽ അത്ഭുതം തോന്നി. ചോദ്യങ്ങൾ എല്ലാം കഴിഞ്ഞപ്പോൾ തിരുമേനി കൽപിച്ചു. 'തന്റെ മറുപടി ഒക്കെ എനിക്ക് സന്തോഷമായി. ഏതായാലും അതിൽ രണ്ടെണ്ണത്തിന്റെ മറുപടി ശരിയല്ല. ബാക്കിയൊക്കെ സത്യവിശ്വാസത്തിനു ചേർന്നതു തന്നെ.' ഉടനെ 'ഫീലിപ്പോസച്ചൻ അവിടെ ഉണ്ടോ' എന്ന് ചോദിച്ചു. അച്ചനെ വിളിപ്പിച്ചു. പിന്നെ തമാശരൂപേണ 'കത്തനാരറിയുമോ ഇയാളേ.... ഇയാളാ പോൾ വർഗ്ഗീസ്. ഇയാളും തന്നെപ്പോലെ പടിഞ്ഞാറൻ രാജ്യത്തു പോയി വേദപുസ്തകം പഠിച്ചയാളാ. പക്ഷേ ഇയാൾ ഓർത്തഡോക്സ് വിശ്വാസിയാ. തന്നെപ്പോലൊന്നുമല്ല....' എന്ന് ചിരിച്ചുകൊണ്ട് കൽപ്പിച്ചു. അന്നു മുതൽ എന്നോട് വലിയ കാര്യമായിരുന്നു.

പിന്നീട് പലപ്പോഴും ബാവായെ പോയിക്കാണുമായിരുന്നു. പിന്നീട് പ്രധാനമായി ഞാൻ ബാവായെ കാണുന്നത് എത്യോപ്യൻ ചക്രവർത്തി ഹെയ്‌ലി സെലാസി ദേവലോകത്തു വന്നപ്പോഴാണ്. അന്ന് ബാവായുടെ ദ്വിഭാഷിയായി ചക്രവർത്തിയോട് സംസാരിക്കാനാണ് എന്നെ വിളിപ്പിച്ചത്. അന്നും ഞാൻ ഒരു അത്മായക്കാരനായിരുന്നു. പട്ടം ഏൽക്കുവാൻ ഉദ്ദേശം പോലും ഇല്ലാത്ത കാലം.

മടക്കയാത്രയ്ക്ക് മുൻപ് ചക്രവർത്തി ബാവായോട് ‘അയാളെ എനിക്കു വേണം തരാമോ’ എന്നു ചോദിച്ചു.

‘എല്ലാവർക്കും ഇയാളെ ആവശ്യമാണെന്നാ പറയുന്നെ’ ബാവാ ചക്രവർത്തിയോട് മറുപടിയായി പറഞ്ഞു.

‘താനെന്തോ പറയുന്നു?’ ബാവാ എന്നോടായി ചോദ്യം.

‘താൻ ചക്രവർത്തിയുടെ കൂടെ പോകുന്നത് സഭയ്ക്കു നല്ലതാ. പക്ഷേ താനിവിടെ നിൽക്കുന്നതും സഭയ്ക്കു നല്ലതാ. അതുകൊണ്ടു നല്ലതുപോലെ പോയി പ്രാർത്ഥിച്ചു തീരുമാനിച്ചാൽ മതി പോകണോ വേണ്ടയോ എന്ന്’ ബാവാ കൽപ്പിച്ചു.

ഞാൻ ഒന്നും പറഞ്ഞില്ല. കൈമുത്തി ഇറങ്ങി. ബാവാ എന്നെ തിരികെ വിളിപ്പിച്ചു.

‘എടോ, താൻ പ്രാർത്ഥിച്ചു തീരുമാനിക്കുവാൻ പോവുകയാ. പണ്ട് രണ്ടുപദേശിമാർ പെണ്ണിനും ചെറുക്കനും വേണ്ടി പ്രാർത്ഥിച്ച കഥ തനിക്ക് അറിയാമോ? ചെറുക്കന്റെ ഉപദേശി സ്ത്രീധനം കൂട്ടിത്തരണമെന്നാ പ്രാർത്ഥിച്ചത്. അതുപോലെ പെണ്ണിന്റെ ഉപദേശി സ്ത്രീധനം കുറച്ചു കിട്ടണം എന്നും. ആരുടെ പ്രാർത്ഥനയാ ദൈവം കേൾക്കേണ്ടിയത്.’ ബാവാ ഗൗരവമേറിയ കാര്യം തമാശരൂപേണ അവതരിപ്പിച്ചു ചിരിച്ചു. ‘എന്തായാലും അതുപോലെ പ്രാർത്ഥിക്കരുത്. താൻ ദൈവഹിതം അറിയുവാൻ പ്രാർത്ഥിക്കണം’ എന്നു പറഞ്ഞാണ് എന്നെ അയച്ചത്. തീരുമാനമെടുത്തത് മറ്റുള്ളവർ എനിക്കുവേണ്ടി പ്രാർത്ഥിച്ചാണ്.

വീണ്ടും കാലം കഴിഞ്ഞു. കക്ഷിവഴക്കുകൾ സഭയിൽ മൂർച്ഛിച്ചു നിൽക്കുന്ന കാലം. പാത്രിയർക്കീസ് ബാവായുമായി ഒരു അനുരഞ്ജനം ഉണ്ടാക്കണമെന്നും അതിന് സഭയിൽ നിന്ന് പ്രതിനിധികളെ അയക്കണമെന്നും അതിലൊരാളായി താനും പോകണമെന്നും ബാവാ കൽപിച്ചു. അതിനുവേണ്ടി ടിക്കറ്റും ശരിയാക്കിക്കൊള്ളാൻ എന്നോടു കൽപിച്ചു. അതനുസരിച്ച് ടിക്കറ്റും എടുത്തു. അന്ന് ഞാൻ ഹെയ്‌ലി സെലാസി ചക്രവർത്തിയുടെ സെക്രട്ടറിയാണ്. അന്നത്തെ സുന്നഹദോസിൽ അയ്മേനിയായ എന്നെക്കൂടി വിളിപ്പിച്ചിരുന്നു.

എന്നാൽ അന്നു കൂടിയ സുന്നഹദോസിൽ അതിന് ഒരു ഐകരൂപ്യം ഉണ്ടാക്കിയെടുക്കാൻ കഴിഞ്ഞില്ല. തീരുമാനമുണ്ടാകാഞ്ഞതുകൊണ്ട് യാത്ര മാറ്റി വച്ചു.

1958-ൽ പാത്രിയർക്കീസ് ബാവായുടെ സമാധാന കൽപന വന്ന സമയം. അന്ന് എത്യോപ്യയിൽ നിന്ന് ഞാൻ ഡൽഹിയിൽ വന്നിരുന്നു.

ഡൽഹിയിൽ നമ്മുടെ മക്കാറിയോസ് തിരുമേനി (അന്ന് കെ. സി. തോമസ് അച്ചൻ) യും വിംഗ് കമാൻഡർ കെ. സി. മാത്യൂസും (ഇപ്പോൾ അച്ചനായി സാംബിയായിൽ) ഉണ്ട്.

ഡൽഹി എയർപോർട്ടിൽ മനോരമ കൊണ്ട് മുഖം മറച്ചാണ് അവർ എന്നെ സ്വീകരിച്ചത്. മനോരമയുടെ ഒന്നാം പേജിൽ പാത്രിയർക്കീസ് ബാവാ കാതോലിക്കാ ബാവായെ സ്വീകരിച്ചു എന്ന തലക്കെട്ട് എനിക്ക് വായിക്കാമായിരുന്നു. ഞാൻ നേരെ ഒരു ഹോട്ടലിലേക്ക് പോയി പ്രാർത്ഥിച്ചു. 1956 മുതലുള്ള ഞങ്ങളുടെ പ്രാർത്ഥന ദൈവം സ്വീകരിച്ചതിന്റെ നന്ദി പ്രകടനമായിരുന്നു അത്. സഭയിൽ സമാധാനം ഉണ്ടായി.

ഹോട്ടലിലിരുന്ന് സഭയ്ക്കു വേണ്ടിയും ദൈവത്തിനു വേണ്ടിയും എന്നെ സമർപ്പിക്കുന്നു എന്നു കാണിച്ച് ബാവായ്ക്ക് ഞാനൊരു കത്തയച്ചു. എത്യോപ്യയിലെ ജോലി രാജിവയ്ക്കാമെന്നും എഴുതി. പിന്നെ വന്ന് ബാവായെ കണ്ടു. ബാവായ്ക്കും വളരെ സന്തോഷമായിരുന്നു. ബാവാ എന്നെ കുറുപ്പുംപടി പള്ളിയിൽ വച്ച് ശെമ്മാശനാക്കി.

പട്ടം നൽകുന്നതിന്റെ തലേ രാത്രി എന്നോട് തിരുമേനി കൽപിച്ചു. ‘എടോ എനിക്ക് പ്രായമായി, സഭയുടെ തലവന് പ്രായമാകുമ്പോൾ മരിക്കുന്നതിനെപ്പറ്റിയല്ല പേടിയുള്ളത്. മരിച്ചു കഴിഞ്ഞാൽ ആ സഭ ഏതു വഴിക്കു പോകും. സഭയുടെ വിശ്വാസം ഏതു വഴിക്കു പോകും അതാണ് ആശങ്ക. ഇപ്പോൾ ഇവിടെ പുറത്തു പോയി പഠിച്ചു വന്ന ആളുകളൊക്കെയുണ്ട്. സഭയുടെ സത്യവിശ്വാസം ശരിയാംവണ്ണം പഠിച്ചിട്ടുള്ള തന്നെ ഒരാളെ കണ്ടിട്ടെങ്കിലും എനിക്കു സമാധാനമായി മരിക്കാമല്ലോ.’

ആ വാക്കുകൾ എന്റെ ഹൃദയത്തിൽ ആഴമായി പതിച്ചു. 1967-ൽ എന്നെ ഔഗേൻ ബാവാ, സെമിനാരിയുടെ പ്രിൻസിപ്പാളായി നിയമിച്ചപ്പോൾ ആ വാക്കുകൾ എനിക്ക് ഏറെ പ്രചോദനം നൽകി. അന്ന് ഞാൻ അച്ചനായിരുന്നു.

പരിശുദ്ധ പരുമല തിരുമേനിയും വട്ടശ്ശേരിൽ തിരുമേനിയും ബാവായുടെ ഗുരുക്കന്മാരായിരുന്നു. അവരിൽ നിന്ന് പഠിച്ച കാര്യങ്ങൾ ബാവായെ ആത്മീയതയിലും ദൈവശാസ്ത്രത്തിലും അഗ്രിമനാക്കി. അദ്ദേഹത്തോടു സംസാരിക്കുമ്പോൾ അത് വ്യക്തവുമായിരുന്നു.

അദ്ദേഹം വിശുദ്ധ മദ്ബഹായിൽ നില്ക്കുമ്പോൾ, ദൈവതിരുമുൻപാകെയാണ് താൻ നിൽക്കുന്നത് എന്ന ബോധം അദ്ദേഹത്തിൽ നിറഞ്ഞുനിന്നിരുന്നു. ദൈവം അവിടെ എഴുന്നള്ളി വസിക്കുന്നു എന്നും അദ്ദേഹം മാലാഖമാരോടൊപ്പം ആരാധന നടത്തുന്നുവെന്നുമുള്ള ആഴമായ അവബോധം. അതുകൊണ്ടാണ് മദ്ബഹായിൽ ആരെങ്കിലും ഉദാസീനമായി നിന്നാൽ വഴക്കു പറഞ്ഞിരുന്നത്.

വേദപാണ്ഡിത്യവും രഹസ്യ പ്രാർത്ഥനയും അദ്ദേഹത്തിൽ ഒരുപോലെ കണ്ടെത്താമായിരുന്നു. ഏതു സമയത്തും പ്രാർത്ഥിച്ചുകൊണ്ടിരിക്കും. അതാണ് അദ്ദേഹത്തെ ആത്മീയമായി പുഷ്ടിപ്പെടുത്തിയത്. ആദിമ സഭാ പിതാവായിരുന്ന ബസേലിയോസ് വേദപണ്ഡിതനും പ്രാർത്ഥനാനിരതമായ ജീവിതം ഉള്ളയാളും ആയിരുന്നു. ഒപ്പം തികഞ്ഞ ഒരു സന്യാസിയും. ആ ജീവിതം ബാവായ്ക്ക് നല്ലവണ്ണം അറിയാമായിരുന്നു. ബാവായെ സ്വാധീനിച്ചിട്ടുള്ളതും ആ വ്യക്തിത്വം ആയിരിക്കണം.

സാമാന്യ വിദ്യാഭ്യാസം അത്ര കണ്ടു സിദ്ധിച്ചിട്ടുള്ള ആളായിരുന്നില്ല ബാവാ. മറിച്ച് ആത്മീയ നിറവിൽ നിന്ന് ലഭ്യമായതും പരിശ്രമത്തിലൂടെ ആർജ്ജിച്ചെടുത്തിട്ടുള്ളതുമായിരുന്നു അദ്ദേഹത്തിന്റെ അറിവ്. വേദപുസ്തകം വായിക്കുകയോ വായിപ്പിച്ചു കേൾക്കുകയോ ചെയ്തുകൊണ്ടിരിക്കും. അതിൽ നിന്ന് സത്തായത് ഉൾക്കൊള്ളുവാനും ഹൃദിസ്ഥമാക്കുവാനും അദ്ദേഹത്തിനു കഴിഞ്ഞിരുന്നു.

ബാവായുടെ പ്രസംഗത്തിൽ വാക്കുകളുടെ ഒഴുക്ക് ആരേയും ആകർഷിക്കും. പ്രസംഗത്തിന്റെ തുടക്കത്തിൽ ബാവാ എന്താണ് പറഞ്ഞുവരുന്നത് എന്നു സംശയിക്കുമായിരുന്നു. പക്ഷേ പ്രസംഗം അവസാനിപ്പിക്കുമ്പോൾ കേൾവിക്കാരനിൽ അദ്ദേഹത്തിന്റെ ആശയം പതിഞ്ഞു കഴിഞ്ഞിരിക്കും.

പാണ്ഡിത്യം കൊണ്ടു മാത്രം ഓർത്തഡോക്സ് സ്പിരിചാലിറ്റി ആകുന്നില്ല. വേദപുസ്തകത്തിലുള്ള അറിവ്, നിരന്തരമായ പ്രാർത്ഥന, വ്രതനിഷ്ഠമായ സന്യാസജീവിതം ഇവയെല്ലാം ഒന്നായി ലയിച്ചിരിക്കണം ഒരു വ്യക്തിയിൽ. അത്തരമൊരു വ്യക്തിത്വമാണ് ബാവായിൽ നാം ദർശിക്കുക. കപടഭക്തിയോട് ബാവായ്ക്ക് വലിയ വിരോധവുമായിരുന്നു.

മഹാത്മാഗാന്ധിയെപ്പോലെ 'സത്യം ജയിക്കും' എന്ന് അദ്ദേഹം ഉറച്ചു വിശ്വസിച്ചതുകൊണ്ടാണ് കാറും കോളും നിറഞ്ഞ അന്തരീക്ഷത്തിൽ സഭാനൗകയെ ശാന്തതയുടെ തുറമുഖത്തെത്തിക്കുവാൻ അദ്ദേഹത്തിനു കഴിഞ്ഞതും.

പിതാക്കന്മാരുടെ ജീവിത ദർശനവും ജീവിതത്തിലൂടെയുള്ള അതിന്റെ പ്രതിഫലനവും ആളുകൾ മനസ്സിലാക്കി അതിനോടു ചേർന്നു നില്ക്കുക എന്നതാണ് ഓർത്തഡോക്സ് വിശ്വാസത്തിന്റെ മർമ്മം.

*(1988 ഡിസംബർ 20 ചൊവ്വാഴ്ച ഡോക്ടർ പൗലോസ് മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്തായുമായി ഡോ. സാമുവേൽ ചന്ദനപ്പള്ളി, ഫാ. രാജു വർഗീസ്, ഫാ. ഷേബാലി എന്നിവർ നടത്തിയ അഭിമുഖ സംഭാഷണത്തിൽ നിന്ന്. തയ്യാറാക്കിയത് - ഷേബാലി. പരിശുദ്ധ ഗീവറുഗീസ് ദ്വിതീയൻ ബാവാ ചരമ രജത ജൂബിലി സ്മരണിക, കോട്ടയം, 1989, പേജ് 77-81)*

# 5

# സഭയും സ്ത്രീകളും

വേദപുസ്തകപരമായി ഉല്പത്തി 1:27-ൽ ദൈവം ആദാമിനെ (മനുഷ്യനെ) സൃഷ്ടിച്ചു. സ്വന്തരൂപത്തിൽ മനുഷ്യനെ സൃഷ്ടിച്ചു. ആണും പെണ്ണുമായി അവൻ അവരെ സൃഷ്ടിച്ചു; അവൻ അവരെ അനുഗ്രഹിച്ചു. രണ്ടു മൂന്നു കാര്യങ്ങൾ ഇവിടെ പ്രത്യേകം എടുത്തു പറയേണ്ടതുണ്ട്. ദൈവസ്വരൂപം എന്നു പറയുന്നത് സ്ത്രീയും പുരുഷനും ഉൾപ്പെടുന്ന മനുഷ്യനിലാണ്: സ്ത്രീയും പുരുഷനും ഒരുപോലെ ദൈവത്തിന്റെ സ്വന്തരൂപത്തിലാണ് സൃഷ്ടിക്കപ്പെട്ടത്. അവരുടെ പരസ്പരബന്ധത്തിലാണ് ദൈവിക സ്വരൂപം ദൃഷ്ടമായത്. പുരുഷനിൽ മാത്രമായല്ല സ്ത്രീയോടൊപ്പം പുരുഷനിലാണത്. സ്ത്രീപുരുഷന്മാരുടെ പാരസ്പര്യം ദൈവസ്വരൂപത്തിന്റെ നിദർശനമാണ്.

Image എന്ന ഇംഗ്ലീഷ് പദത്തിന്റെ ഗ്രീക്കുപദം Icon എന്നാണ് (എബ്രായഭാഷയിൽ സേലം). അതായത് ദൃഷ്ടമല്ലാത്ത ഒരാളുടെ ദൃഷ്ടരൂപം. ഏതെങ്കിലും വസ്തുവിന്റെ പുനരാവിഷ്ക്കരണം എന്നും ആകാം.

ദൈവം കാണപ്പെട്ടവനല്ല എന്നും ദൈവത്തിന്റെ ദൃഷ്ടമായ രൂപമായാണ് മനുഷ്യൻ സൃഷ്ടിക്കപ്പെട്ടതെന്നുമുള്ള മൗലിക യാഥാർത്ഥ്യം പലപ്പോഴും നാം വിസ്മരിക്കുന്നു. ക്രിസ്തീയ വേദശാസ്ത്രത്തെ സംബന്ധിച്ച് ആദാമിൽ അതിന്റെ മങ്ങിയ ചിത്രം നമുക്കു കാണാമെങ്കിലും അതിന്റെ പൂർത്തീകരണം രണ്ടാമത്തെ ആദാമായ ക്രിസ്തുവിലാണ്. ക്രിസ്തു സഭയെയും സൃഷ്ടിയെയും എല്ലാം തന്നിൽ ഒന്നാക്കി തിന്മയുടെ ലേശം പോലും ഇല്ലാതെ ദൃഷ്ടമാക്കുന്നതാണ് സകലത്തിന്റെയും സമ്പൂർത്തി.

അപ്പോൾ സ്ത്രീപുരുഷബന്ധം ആദിമ സൃഷ്ടിയിലെ ദൈവസ്വരൂപത്തിന്റെ തന്നെ പ്രകാശനമാണ്. ദൈവത്തിന്റെ സ്വഭാവത്തെ വെളിപ്പെടുത്തുന്ന ഒന്നാണ്. പൗലോസ് അപ്പോസ്തോലൻ പറയുന്നുണ്ടല്ലോ ക്രിസ്തുവും തന്റെ സഭയും തമ്മിലുള്ള ബന്ധം വിവാഹബന്ധത്തിലെ സ്ത്രീപുരുഷബന്ധം പോലെ നിഗൂഢമായ ഒരു രഹസ്യവും അഗാധമായ ഒരു ബന്ധവും ആണെന്ന്. ദൈവവും തന്റെ പ്രതിരൂപമായ മനുഷ്യനും തമ്മിലുള്ള ബന്ധത്തിന്റെ ഒരു അവശ്യഘടകമാണ് സ്ത്രീപുരുഷ ബന്ധമെന്നുള്ളത് വേദശാസ്ത്രപരമായ അടിസ്ഥാന ആശയങ്ങളിൽ ഒന്നാമത്തേതാണ്.

രണ്ടാമത്തെ സംശയം വീഴ്ചയുടെ ഉത്തരവാദിത്വം മനുഷ്യകുടുംബത്തിന് പൊതുവെ ഉള്ളതാണ്. ആദാം ഹവ്വയിൽ നിന്നാണ് പഴം വാങ്ങി

തിന്നത്. ഹവ്വയാണ് അത് പാമ്പിൽ നിന്ന് ഏറ്റുവാങ്ങിയത്. ഇതിന്റെ ഉത്തരവാദിത്വം ആർക്കാണ് എന്നു ചോദിക്കുമ്പോൾ ഓരോ ആളും ഒഴിഞ്ഞു മാറുകയായിരുന്നു. എന്നാൽ വീഴ്ചയുടെ ഉത്തരവാദിത്വം സ്ത്രീയുടേതും പുരുഷന്റേതും (ആദം – ഹവ്വാ) പൊതുവായുള്ളതാണ്. മനുഷ്യന് മാത്രമല്ല, ജന്തുലോകത്തിനും അതിൽ പങ്കുണ്ട്. സൃഷ്ടി മുഴുവൻ വീണു പോകാനുള്ള കാരണം മനുഷ്യന്റെ പാപവും ആ പാപ ത്തിന്റെ പുറകിൽ ജന്തുലോകത്തിൽ നിന്നുണ്ടായിട്ടുള്ള ചില കാര്യങ്ങ ളുമാണ്. വീഴ്ചയ്ക്കുശേഷം ദൈവം പാമ്പിനെ ശപിക്കുന്നു, സ്ത്രീയെ ശപിക്കുന്നു, പുരുഷനെ ശപിക്കുന്നു. എന്താണ് ഈ ശാപം. ജന്തുലോക ത്തോട്: 'മനുഷ്യൻ നിന്റെ ശത്രുവായി തീരും. അവൻ നിന്റെ തല ചതക്കും. നീ അവന്റെ കുതികാൽ തകർക്കും." ഈ ശത്രുത ദൈവസ്വരൂ പത്തിൽ നിന്നുള്ള വീഴ്ചയാണ്. ദൈവസ്വരൂപം തിരികെ പ്രാപിക്കു മ്പോൾ ഈ ശത്രുതയും മാറണം. സ്ത്രീയോടുള്ള ശാപം: ഒന്ന് ഗർഭധാ രണത്തിലും പ്രസവത്തിലുമുള്ള നിന്റെ പ്രയാസങ്ങൾ (കഷ്ടത, വേദന) ഞാൻ വർദ്ധിപ്പിക്കും. രണ്ടാമത് നിന്റെ ആഗ്രഹം (desire) നിന്റെ ഭർ ത്താവിനോടാകും. സ്ത്രീക്ക് പുരുഷനോടുള്ള ആസക്തി (ഇതിന്റെ മറു വശവും) ഒരു ശാപം പോലെയാണ്. മൂന്നാമത്തെ ശാപം അവൻ നിന്നെ അടക്കിഭരിക്കും. അതായത് പുരുഷൻ സ്ത്രീയെ അടക്കി ഭരിക്കുന്നത്, അഥവാ പുരുഷമേധാവിത്വം ദൈവസൃഷ്ടിയിലുള്ളതല്ല, വീഴ്ചയാലുണ്ടാ യതാണ്. മനുഷ്യന്റെ പാപത്തിന്റെ പ്രകാശനമാണ് പുരുഷൻ സ്ത്രീയെ അടിച്ചമർത്തുന്നത്, അടക്കിഭരിക്കുന്നത്. ഇതു സൃഷ്ടിയുടെ ആദിഭാവ ത്തിലുള്ളതല്ല, പാപാവസ്ഥയുടെ ഫലമായി പിന്നീടുണ്ടായതാണ്. അല്ലാതെ ഈ അടിച്ചമർത്തൽ 'സൃഷ്ടി'യിൽ തന്നെ ഉള്ളതാണെന്നു പറഞ്ഞ് ആരും അതിനെ absolutize ചെയ്ത് പരമമായി കാണേണ്ടതില്ല. യഥാർത്ഥ ദൈവസ്വരൂപം വരുമ്പോൾ ഈ ശാപവും മാറണം. ദൈവ സ്വരൂപം പൂർണത കിട്ടുമ്പോൾ പ്രസവത്തിന്റെ വേദന, അമിതമായ ലൈംഗികാസക്തി, ഒരാൾ മറ്റേ ആളെ അടക്കി ഭരിക്കുക ഇതെല്ലാം മാറും. ദൈവം പുരുഷനോട് പറയുന്നു: നീ വിയർപ്പോടെ അപ്പത്തിനായി അദ്ധ്വാനിക്കും. അതായത് ക്ലേശം നിറഞ്ഞ അദ്ധ്വാനം കൊണ്ട് മാത്രമേ ജീവിക്കാൻ സാധിക്കൂ.

ഉല്പത്തി പുസ്തകത്തിന്റെ രണ്ടാം അദ്ധ്യായത്തിൽ മറ്റൊരു കഥ യുണ്ട്. അവിടെ പറയുന്നത് ആദ്യം പുരുഷനെ (ആദമിനെ) സൃഷ്ടിച്ചു. അതിനുശേഷം അവന് സഖിത്വം നല്കാൻ (തനിയെ ആയിരിക്കുന്നത് നന്നല്ല എന്ന് കണ്ടിട്ട്) ജന്തുലോകത്തെ മുഴുവൻ അണിനിരത്തി നോക്കി. അവർക്ക് ഒക്കെ അവൻ പേരു നല്കി. എങ്കിലും തനിക്ക് തക്കതായ 'തുണ' യായി അവയിൽ ഒന്നിനെയും അവൻ കണ്ടില്ല. അവസാനം പുരുഷന് വലിയ ഒരുറക്കം കൊടുത്തിട്ട് അവന്റെ വാരിയെല്ലിൽ നിന്നും

സ്ത്രീയെ ഉണ്ടാക്കി. സൃഷ്ടിയെപ്പറ്റിയുള്ള ഈ രണ്ടു കഥകളിലും രണ്ട് വശങ്ങളാണ് പറയുന്നത്. രണ്ടാമത്തെ കഥയിൽ ആദം ഉറക്കത്തിൽ നിന്നുണർന്നു വന്നപ്പോൾ തന്റെ വാരിയെല്ലിൽ നിന്നെടുത്ത സ്ത്രീ മുന്നിൽ നില്ക്കുന്നു. അങ്ങനെ ആദം (പുരുഷൻ) സന്തോഷത്തോടെ പറഞ്ഞു: ഇതാ 'എന്റെ അസ്ഥിയിൽ നിന്ന് അസ്ഥിയും മാംസത്തിൽ നിന്ന് മാംസവും – ഇവളാണ് എന്റെ ശരിയായ തുണ, എന്റെ യഥാർത്ഥ കൂട്ടുകാരി.' അതുകഴിഞ്ഞ് ദൈവം പറയുന്നു, അതിനാൽ ഏതു പുരുഷനും തന്റെ അപ്പനെയും അമ്മയെയും ഉപേക്ഷിച്ച് ഭാര്യയോട് പറ്റിച്ചേരും. അവരിരുവരും ഒരു ശരീരമാകും (മത്താ. 19:5). പുരുഷനാണ് അപ്പനെയും അമ്മയെയും വിട്ട് സ്ത്രീയോട് പറ്റിച്ചേരേണ്ടത്; മറിച്ചല്ല. നമ്മുടെ സാമൂഹിക ആചാരങ്ങളിൽ അപ്പനെയും അമ്മയെയും 'വിട്ടുപിരിഞ്ഞ്' പറ്റിച്ചേരുന്നത് സ്ത്രീയായി തീർന്നിട്ടുണ്ട്. എന്നാൽ ആദിയിൽ ദൈവം കല്പിച്ചത് അങ്ങനെയല്ല. ഉല്പത്തി 2:22 ൽ പറയുന്നത് അതീവ ഗൗരവമായ ഒരു കാര്യമാണെന്ന് വിവാഹമോചനത്തെപ്പറ്റി ചോദിക്കുമ്പോൾ യേശുവും പറയുന്നുണ്ട്. "മോശ വിവാഹമോചനം അനുവദിച്ചത് നിങ്ങളുടെ ഹൃദയകാഠിന്യം കൊണ്ടാണ്" (മത്താ. 19:8). സ്വാഭാവികമായിട്ടുള്ളത് 'പുരുഷൻ മാതാപിതാക്കളെ വിട്ട് സ്ത്രീയോട് ചേർന്ന് ഇരുവരും ഒരു ശരീരമായി' ജീവിക്കുക എന്നുള്ളതാണ് എന്ന് കർത്താവ് പഠിപ്പിച്ചു. പുരുഷൻ സ്ത്രീയോട് ചേർന്ന് ഇരുവരും വേർപെടുത്താൻ പറ്റാത്തവണ്ണം ഒന്നായി തീരണം എന്നത് ഗൗരവമായെടുക്കേണ്ട കാര്യമാണ്. അതുകൊണ്ട് സ്ത്രീപുരുഷബന്ധം നിസാരമായല്ല ക്രിസ്തീയ പഠിപ്പിക്കലിൽ പ്രതിപാദിക്കുന്നത്. മറ്റു ചില മതങ്ങൾ അത്ര തന്നെ ഗൗരവമായല്ല ഈ വിഷയം കൈകാര്യം ചെയ്യുന്നത്. ബുദ്ധമതത്തിൽ സ്ത്രീയെ വളരെ താണതരത്തിലാണ് വിലയിരുത്തിയിട്ടുള്ളത്; പുരുഷന് ആധ്യാത്മികമായി ഒരു പ്രതിബന്ധം എന്ന തരത്തിൽ. എന്നാൽ ക്രിസ്തീയ വിശ്വാസത്തിൽ സ്ത്രീക്കും പുരുഷനും തുല്യപദവി ഉണ്ടെന്നു തന്നെയല്ല സ്ത്രീ പുരുഷബന്ധത്തിനും സമുന്നതമായ പദവിയാണ് കൊടുത്തിട്ടുള്ളത്. സ്ത്രീപുരുഷ ബന്ധത്തിൽക്കൂടിയാണ് ദൈവത്തിന്റെ സ്വരൂപം പ്രകാശിപ്പിക്കപ്പെടുന്നത്.

വേദശാസ്ത്രപരമായി ഒന്നു രണ്ടു കാര്യങ്ങൾ കൂടി പരാമർശിക്കേണ്ടതുണ്ട്. പഴയനിയമത്തിൽ സ്ത്രീകളുടെ സ്ഥാനം എന്തായിരുന്നു? അസാധാരണമെന്നും അപൂർവമെന്നും പറയാവുന്ന സ്ഥാനമാണ് പഴയനിയമകാലത്ത് സ്ത്രീക്ക് നല്കിയിട്ടുള്ളത്. സ്ത്രീകളെ ധാരാളമായി നേതൃത്വസ്ഥാനത്ത് കാണുന്നുണ്ട്. ന്യായാധിപന്മാരിൽ, പ്രവാചകരിൽ നിരവധി ഉദാഹരണങ്ങൾ എടുത്തു പറയാം. എന്നാൽ 'പുരോഹിതൻ' എന്ന എബ്രായപദത്തിന്റെ സ്ത്രീലിംഗപദം മാത്രം പഴയനിയമത്തിൽ കാണുന്നില്ല. ഇതിൽ നിന്ന് ഏതെങ്കിലും നിഗമനത്തിലെത്തുകയല്ല.

പ്രവാചിക എന്നത് സ്ത്രീകൾക്ക് ശരിയായ, സാധാരണയായ സ്ഥാന മായി കാണുന്നു. പുതിയ നിയമത്തിലേക്ക് വരുമ്പോൾ നാം പല സ്ത്രീക ളേയും അസാമാന്യമായ നേതൃത്വ സ്ഥാനത്ത് കാണുന്നുണ്ട്.

കർത്താവിന്റെ മനുഷ്യാവതാരത്തിൽ വിശുദ്ധ കന്യകമറിയവും എലി സബത്തും പ്രമുഖമായ പങ്കുവഹിച്ചതായി കാണുന്നു. സഭാചരിത്രത്തിൽ യേശുവിന്റെ അമ്മ മറിയയ്ക്ക് മറ്റേതൊരാളെയുംകാൾ, അപ്പോസ്തോല ന്മാരെക്കാളൊക്കെ ഉയർന്ന സ്ഥാനമാണ് കല്പിച്ചിരിക്കുന്നത് എന്നത് അസാധാരണമായി തോന്നാം. സഭയ്ക്ക് ദൈവം കൊടുത്ത ഒരു സവി ശേഷ ജ്ഞാനമാണിത്. യേശുക്രിസ്തുവിനെ ഒരു 'പുരുഷ' ഭാവത്തിൽ മാത്രം കാണാതിരിക്കാൻ വേണ്ടി കൂടിയാണോ ഇത്തരം ഒരു സ്ഥാനം കൊടുത്തത് എന്ന് സംശയം തോന്നുന്നു. പാമ്പ് പറഞ്ഞത് അനുസരിച്ച തിലൂടെ ഹവ്വ ഉണ്ടാക്കിവെച്ച പ്രശ്നം, മാറ്റിയിട്ട് അതിന് വിപരീതമായി ദൈവത്തിന്റെ മാലാഖാ വന്നു പറഞ്ഞത് വിശ്വസിച്ചതിലൂടെ വി. കന്യക മറിയമാണ് വീഴ്ചയിലേക്ക് നയിച്ച പ്രക്രിയയെ തിരിച്ചു കൊണ്ടുവരു ന്നത്.

പാശ്ചാത്യ പാരമ്പര്യത്തിൽ ഇതിനെ EVA - AVE doctrine എന്നു പറയും. EVA (ഹവ്വാ) ഉണ്ടാക്കിയ പ്രശ്നം പരിഹരിച്ചത് Ave അഥവാ കൃപ നിറഞ്ഞ മറിയം ആണ്. Eva എന്ന വാക്കു നേരെ തിരിഞ്ഞ് Ave എന്നാ കുന്നതുപോലെ നേരെതിരിച്ചുവരുന്ന പ്രക്രിയയാണിവിടെ നടക്കുന്നത്. രണ്ടാമത്തെ ഹവ്വായായ മറിയമാണ് മനുഷ്യരാശിയെ രക്ഷിക്കുന്നതിൽ പ്രമുഖ പങ്ക് വഹിച്ചത്. അവളുടെ വിശ്വാസമാണ് മനുഷ്യാവതാരം സാധ്യമാക്കിയത് എന്നത് സഭയുടെ ഒരു പ്രധാനപ്പെട്ട ചിന്തയായി കരു തുന്നു. പൗരസ്ത്യസഭയുടെ ചിന്തയിൽ മനുഷ്യാവതാരത്തിന്റെ (Incar- nation) ആരംഭം മാലാഖയുടെ അറിയിപ്പിൽ (annunciation) ആണ്. മാലാഖയുടെ അറിയിപ്പാകട്ടെ വിശ്വസിക്കാൻ ഏറ്റം പ്രയാസമുള്ളതാണ്. ഒന്നാമത് പതിനെട്ട് വയസ്സുള്ള ഒരു പെൺകുട്ടിയോട് പറയുന്നു: 'നീ പുരുഷബന്ധം കൂടാതെ ഗർഭിണി ആകുമെന്ന്.' രണ്ടാമത് 'അങ്ങനെ ജനിക്കുന്ന ശിശു ദൈവപുത്രനായിരിക്കു'മെന്ന് – പാമ്പ് വന്ന് ഹവ്വായോട് പറഞ്ഞതിലും വിശ്വസിക്കാൻ പ്രയാസമുള്ള വചനമാണ് മാലാഖാ മറിയത്തോട് അറിയിക്കുന്നത്. അവൾ അത് വിശ്വസിച്ചില്ലായിരുന്നെങ്കിൽ മനുഷ്യാവതാരം അസാധ്യമാകുമായിരുന്നു. അതായത് മനുഷ്യരാശി യുടെ അനുവാദത്തോടുകൂടി മാത്രമേ ദൈവം മനുഷ്യനായി തീർന്നി ട്ടുള്ളൂ. ദൈവം ഒരു തീർപ്പ് കല്പിക്കയോ തന്റെ ആജ്ഞ മനുഷ്യനിൽ അടിച്ചേല്പിക്കുകയോ അല്ല ചെയ്തത്. മറിച്ച് തന്നോടൊപ്പം സഹകരി ക്കാൻ, തന്നെ സ്വീകരിക്കാൻ ഒരു മനുഷ്യവ്യക്തിയെ കണ്ടെത്തിയതാണ് മനുഷ്യാവതാരത്തിന്റെ വലിയ മർമ്മം. മുഴുവൻ മനുഷ്യരാശിക്കും

വേണ്ടി ദൈവത്തെ സ്വീകരിച്ചത്, ദൈവത്തിനു മനുഷ്യനാകാൻ അനുവാദം കൊടുത്തത് കന്യകമറിയം ആയിരുന്നു. അതാണ് വി. കന്യകമറിയത്തിന് പരമോന്നതമായ സ്ഥാനം കല്പിച്ചിരിക്കുന്നതിന്റെ അടിസ്ഥാനം.

നമ്മുടെ പ്രതിരൂപശാസ്ത്ര ചിന്തയിൽ കർത്താവിന്റെ അമ്മ മറിയം നാലു പ്രകാരത്തിൽ പ്രതിബിംബിക്കപ്പെടുന്നുണ്ട്. ഒന്ന്, രണ്ടാമത്തെ ഹവ്വാ എന്ന നിലയിൽ. രണ്ടാമത്, വിശ്വാസികളുടെ മുഴുവൻ മാതാവ് അതായത്, മനുഷ്യാവതാരം നടക്കുന്നതിനു മുമ്പു തന്നെ 'സുവിശേഷം' അവൾക്കാണ് നൽകപ്പെട്ടത് എന്നതുകൊണ്ട് സഭ മറിയാമിനെ വിശ്വാസികളുടെ മാതാവായി, സഭയുടെ തന്നെ ഒരു പ്രതീകമായി കരുതുന്നു.

മൂന്നാമതായി, മനുഷ്യരാശിയുടെ മുഴുവൻ പ്രതീകമായിട്ടും കന്യകമറിയം കരുതപ്പെടുന്നു. കാരണം കർത്താവായ യേശുമിശിഹാ എടുത്ത 'മനുഷ്യത്വം' യഹൂദ മനുഷ്യത്വമല്ല, ക്രിസ്തീയ മനുഷ്യത്വമല്ല, സാർവത്രിക മനുഷ്യത്വമാണ് - എല്ലാ മനുഷ്യരുടേതുമാണ്. എല്ലാ മനുഷ്യരും ഉൾപ്പെടുന്നതുകൊണ്ട് വി. കന്യകമറിയം 'മനുഷ്യവർഗ്ഗ'ത്തിന്റെ മുഴുവൻ പ്രതീകം കൂടിയാണ്. മുമ്പുണ്ടായിരുന്നവരും ഇന്നുള്ളവരും വരാനിരിക്കുന്നവരുമായ മുഴുവൻ 'മനുഷ്യരാശിയെയും ഉൾക്കൊള്ളുന്ന ഒരു ജഗദ്രൂപം' (Cosmic figure) കൂടിയാണ്.

നാലാമതായി, മുഴുവൻ സൃഷ്ടിയുടെയും പ്രതിരൂപമാണ് കന്യകമറിയം. സൃഷ്ടി എന്നു പറയുന്നത് ദൈവം തന്റെ മുഖാഭിമുഖമായി സൃഷ്ടിച്ചിരിക്കുന്നത് (Ochma) ദൈവവിജ്ഞാനത്തിന്റെ ദൃഷ്ടപ്രദർശനം ആണ്. ഭൂമി, സൂര്യൻ, ചന്ദ്രൻ, നക്ഷത്രജാലം ഇവയെല്ലാം കൂടിയ സൃഷ്ടികർമം ദൈവവിജ്ഞാനമാണ്. Ochma എന്ന എബ്രായപദത്തിന്റെ ഗ്രീക്ക് രൂപമാണ് Sophia - എല്ലാ മനുഷ്യരാശിക്കുമായുള്ള ദൈവവിജ്ഞാനം. സൃഷ്ടിയുടെ മുഴുവൻ പ്രതിരൂപമായാണ് കന്യകമറിയാമിനെ സങ്കല്പിച്ചിരിക്കുന്നത്.

സഭയിൽ സ്ത്രീകളുടെ സേവനം പ്രാരംഭം മുതൽ വളരെ പ്രധാനമായിരുന്നു. യേശുക്രിസ്തുവിന്റെ അനുയായികളിൽ ഭൂരിപക്ഷം പേരും സ്ത്രീകളായിരുന്നു എന്നു മാത്രമല്ല; വളരെ കഴിവുള്ള സ്ത്രീകൾ വരെ തന്റെ കൂടെ ഉണ്ടായിരുന്നു. കർത്താവ് പന്ത്രണ്ട് ശിഷ്യന്മാരെ തെരഞ്ഞെടുത്തപ്പോൾ പുരുഷന്മാരിൽ നിന്നു മാത്രം തെരഞ്ഞെടുത്തതുകൊണ്ടാവാം, 'ചോയ്സ്' അല്പം മോശമായത് എന്നു ചിന്തിക്കുന്നതു സ്വാഭാവികമാണ്. ഇവരെക്കാളധികം കഴിവുള്ളവർ തന്റെ ചുറ്റും ഉണ്ടായിരുന്നു (ഒരുപക്ഷേ വളരെ അധികം കഴിവുള്ളവരെ, താൻ തെരഞ്ഞെടുക്കാതിരുന്നത് തല അധികം വലുതാകാതിരിക്കാനായിരിക്കാം!). ഏതായാലും കഴിവില്ലാത്ത 12 മീൻപിടുത്തക്കാരെ പിടിച്ച് അവരെ 12 ഗോത്രതലവന്മാ

രുടെ സ്ഥാനത്ത് പുതിയ ഇസ്രായേലിന്റെ 12 അധിപതികൾ - പാത്രിയർക്കീസുമാർ - ആക്കുകയാണ് യേശു ചെയ്തത്. എന്നാൽ അവരേക്കാൾ ഉന്നതമായ സ്ഥാനം കന്യകമറിയാമിന് ആദിമുതൽ തന്നെ ഉണ്ടായിരുന്നു.

സ്ത്രീകളുടെ സേവനത്തിന് സഭ കല്പിച്ച സ്ഥാനത്തിന്, ഒരുദാഹരണം കൂടിയുണ്ട്. ആദ്യ അപ്പോസ്തലൻ ആരെന്ന് ചോദിച്ചാൽ 'മഗ്ദലക്കാരി മറിയ' എന്ന് പറയണം. ഉയിർത്തെഴുന്നേറ്റ ക്രിസ്തുവിന്റെ വർത്തമാനം ആദ്യം പോയി അറിയിച്ചത് അവളാണ്. "നീ പോയി അപ്പോസ്തോലന്മാരോടു പറയുക" (മർക്കോ. 16:7). അസാധാരണമായ ഒരു ജോലിയാണ് യേശു അവൾക്കു കൊടുക്കുന്നത്.

സഭയ്ക്കുള്ളിൽ, സ്ത്രീകളുടെ പ്രധാന പ്രവർത്തനം സഭയുടെ തന്നെ ഏറ്റം വലിയ പ്രവർത്തനമായ ആതുരശുശ്രൂഷയായിരുന്നു. രോഗികളെ ശുശ്രൂഷിക്കുക, വൃദ്ധരെ പരിചരിക്കുക, വഴിയാത്രക്കാർക്ക് ഭക്ഷണം കൊടുക്കുക എന്നിങ്ങനെ അശരണർക്ക് ആശ്രയം കൊടുക്കുന്ന സഭയുടെ കർത്തവ്യം ഏതാണ്ട് മുഴുവൻ പങ്കും സ്ത്രീകളുടെ നേതൃത്വത്തിലായിരുന്നു നിറവേറ്റപ്പെട്ടിരുന്നത്. ആശുപത്രി ഒക്കെ അവരുടെ Hospitality യിൽ നിന്നുണ്ടായതാണ്. സഭയുടെ 'ഡയക്കോനിയാ' (ശുശ്രൂഷ) യുടെ പ്രധാന സ്വഭാവം രോഗികളായി നോക്കാനാരുമില്ലാത്തവരെ പള്ളിമുറിയിൽ കൊണ്ടുവന്നു ശുശ്രൂഷിക്കുക എന്നതായിരുന്നു. രണ്ടാം ശതകത്തിന്റെ അവസാനം റോമിലെ സഭയിൽ 2000 വിധവകൾ പേര് ചേർത്തിരുന്നതായി കാണുന്നു. അവരുടെ രണ്ടു പ്രധാന ചുമതലകൾ: ഒന്ന്, നിരന്തരമായി പ്രാർത്ഥനയിൽ ജാഗരിക്കുക. ഇത് സഭയുടെ ഒരു വലിയ ശക്തിസ്രോതസായിരുന്നു. അതുപോലെ ആതുരശ്രുശ്രൂഷ ചെയ്യുക. ഇവ രണ്ടും സഭയുടെ അടിസ്ഥാന പ്രവർത്തനങ്ങളായിരുന്നു.

ഇതു കൂടാതെ മതബോധനത്തിലും സ്ത്രീകൾക്ക് പങ്കുണ്ടായിരുന്നു. ഇവിടെ ഒരു കുഴപ്പം വന്നു ഭവിച്ചു. കൊരിന്ത്യർക്കുള്ള ഒന്നാം ലേഖനത്തിന്റെ 14:34-37 വരെ ഭാഗത്ത് ശ്ലീഹാ "നിങ്ങളുടെ സ്ത്രീകൾ സഭയിൽ മിണ്ടാതിരിക്കട്ടെ; അവർ വല്ലതും പഠിക്കണമെങ്കിൽ വീട്ടിൽവെച്ചു ഭർത്താക്കന്മാരോടു ചോദിച്ച് പഠിക്കട്ടെ" എന്നൊക്കെ പറഞ്ഞ് മറ്റുള്ളിടത്ത് ഒക്കെ ഇങ്ങനെയാണ് എന്ന് കഠിനമായി വാദിച്ചു. ഇത് ചിന്താക്കുഴപ്പം ഉണ്ടാക്കി. എന്നാൽ ഒന്നാമതായി, ഈ വീക്ഷണം സഭ അതിന്റെ പാരമ്പര്യത്തിൽ എടുത്തില്ല. സ്ത്രീകളെ സഭായോഗത്തിൽ സംസാരിക്കാൻ സഭ അനുവദിച്ചിരുന്നു. ആദ്യത്തെ മൂന്നുനാല് ശതകങ്ങളിൽ സഭയുടെ ബോധന ശുശ്രൂഷയിൽ സ്ത്രീകൾ ഉണ്ടായിരുന്നു. പൗലോസ് ശ്ലീഹാ ഒരു പ്രാവശ്യം പറഞ്ഞു എന്നതു ശരി തന്നെ; എന്നാൽ ആ പൗലോസ് ശ്ലീഹാ തന്നെ പുരുഷൻ തല മൂടിക്കൊണ്ട് പ്രാർത്ഥിക്കുന്നത് ലജ്ജാകര

മാണ് എന്നു പറഞ്ഞു. ബിഷപ്പന്മാർ തല മൂടിയല്ലേ പ്രാർത്ഥിക്കുന്നത്? സ്ത്രീകൾ തല മൂടണം എന്ന് കോരിന്തിലെ സഭയോട് പറഞ്ഞതിന്റെ അർത്ഥം വ്യത്യസ്തമായിരിക്കുന്നു. റോമിലെ വിഗ്രഹാരാധനക്കാരായ വിജാതീയ സമൂഹത്തിൽ അവിവാഹിതകളായ സ്ത്രീകൾക്ക് ശിരോവസ്ത്രം അണിയേ ണ്ടതില്ല. തല മൂടുന്നത് വിവാഹിതകളായ സ്ത്രീകൾ മാത്രം.

കോരിന്ത് ഒരു വലിയ വാണിജ്യനഗരമായിരുന്നു. Acro - Corinth (അക്രോ കോരിന്ത്) അവിടെയുള്ള ഒരു കുന്നാണ്. അതിന്റെ ഉച്ചിയിൽ ഒരു വലിയ ദേവീക്ഷേത്രം ഉണ്ടായിരുന്നു. അവിടെ ക്ഷേത്രപരിസരം കൊണ്ടു കഴിയുന്ന ആയിരക്കണക്കിന് ക്ഷേത്രവേശ്യകൾ ഉണ്ടായിരുന്നു. അന്നത്തെ കോരിന്ത്യൻ സംസ്കാരത്തിന്റെ ഒരു പ്രധാന മുഖം തന്നെ അതായിരുന്നു. അങ്ങനെ വേശ്യകൾ ഒരു പ്രധാന പങ്ക് വഹിച്ചിരുന്ന കോരിന്തിലാണ് പൗലോസ് സഭ സ്ഥാപിച്ചത്. അവിടത്തെ 'ക്ഷേത്ര വേശ്യകൾ' എപ്പോഴും ചിലച്ചുകൊണ്ടിരിക്കുന്നവരും 'വെളിച്ചപ്പാട്' പറയുന്നവരും ഒക്കെ ആയിരുന്നു. ഈ ക്ഷേത്രവേശ്യകളിൽ നിന്ന് വ്യത്യസ്തമായിരിക്കട്ടെ എന്നു കരുതിയാണ് കോരിന്തിലെ സ്ത്രീകളോട് തല മൂടണമെന്നും തലമുടി വെട്ടരുതെന്നും പൗലോസ് ശ്ലീഹാ കല്പിക്കുന്നത്.

ആ ആചാരം സഭ ഒരു ചട്ടം ആക്കിയിട്ടില്ല. 'പുരുഷൻ തല മൂടാൻ പാടില്ല. എന്നാൽ സ്ത്രീകൾ, പ്രവചിക്കുമ്പോൾ തല മൂടണം' എന്നു വ്യക്തം. സഭയിൽ മിണ്ടാതിരിക്കണമെന്നതിന് അപ്പോൾ അർത്ഥമില്ലല്ലോ. പ്രവചന ശുശ്രൂഷയിൽ നിന്ന് സ്ത്രീകളെ രണ്ടാം തരക്കാരായി മാറ്റിനിർത്തിയിട്ടില്ല എന്നു സാരം. പഠിപ്പിക്കുന്നതിനുള്ള പദവി, സ്ഥാനം ആദ്യം മുതലേ ഉണ്ടായിരുന്നു. പരിശുദ്ധ ബസ്സേലിയോസ് മെത്രാന്റെ ചരിത്രം ഏറ്റം ശ്രദ്ധേയമാണ്. അദ്ദേഹം വലിയ പരിശുദ്ധനും മഹാനുമായിരുന്നു. അദ്ദേഹം പറയുന്നു: "എന്റെ വിശ്വാസം എനിക്കു ലഭിച്ചത് മൂന്നു സ്ത്രീകളിൽ നിന്നാണ് - മറ്റൊരു മെത്രാനിൽ നിന്നല്ല." തന്റെ വലിയമ്മ മക്രീന, തന്റെ അമ്മ എമിലിയാ, തന്റെ സഹോദരി മക്രീനാ ഇങ്ങനെ മൂന്നു സ്ത്രീകളാണ് വിശ്വാസത്തിന്റെ കാര്യങ്ങൾ തന്നെ പഠിപ്പിച്ചത് എന്ന് അദ്ദേഹം സാക്ഷ്യപ്പെടുത്തുന്നു. സഭയിലെ ഏറ്റം വലിയ പണ്ഡിതനും വിശുദ്ധനും പരിശുദ്ധനുമായ പരിശുദ്ധ ബസേലിയോസിന്റെ സാക്ഷ്യത്തിൽ നിന്ന് സ്ത്രീകൾക്ക് കുടുംബത്തിനുള്ളിലും പുറത്ത് സഭയിലും പഠിപ്പിക്കുന്നതിനുള്ള നേതൃത്വം അംഗീകരിക്കപ്പെട്ടിരുന്നു എന്നു കാണാം. ഇവിടെയും ഒരു നിഗമനത്തിലേക്കു ഞാൻ വരുന്നില്ല. ഇന്ന് തീർച്ചയായും സ്ത്രീകൾക്ക് ബോധന ശുശ്രൂഷയിൽ പ്രാമുഖ്യം നല്കുക തന്നെ വേണം എന്നത് യാതൊരു സംശയ

വുമില്ലാത്ത കാര്യമാണ്. അങ്ങനെ വന്നാൽ തന്നെ കാര്യങ്ങൾക്ക് വലിയ വ്യത്യാസം വരും.

സഭയിൽ സ്ത്രീകളായ രക്തസാക്ഷികൾ വളരെ ഉണ്ടായിട്ടുണ്ട് - പരിശുദ്ധന്മാരോടുള്ള മദ്ധ്യസ്ഥത ഓർത്തഡോക്സ് സഭയിലുണ്ട്. എന്നാൽ പരിശുദ്ധകളോടും മദ്ധ്യസ്ഥത വേണ്ടതാണ്; അത് നാം പലപ്പോഴും മറന്നുപോകുന്നു. അവരെ നാം ഓർക്കേണ്ടതുണ്ട്. ആദ്യകാലത്ത് ജീവൻ ബലി കഴിച്ചാണ് അവർ സഭയെ വളർത്തിയെടുത്തത്.

ശെമ്മാശിനിമാരെ (Deaconesses) പറ്റി ധാരാളം പറയാനുണ്ട്. സഭയുടെ ആരംഭകാലം മുതൽ ശെമ്മാശിനിമാർ ഉണ്ടായിരുന്നു. പിന്നീടാണ് കന്യാസ്ത്രീകൾ വന്നത്. അവർക്ക് കുർബാന കൊടുക്കുവാനുള്ള അധികാരം തീർച്ചയായും ഉണ്ടായിരുന്നു. മാമ്മോദീസാ മുക്കാനും മൂറോൻ അഭിഷേകം ചെയ്യാനും അവർക്ക് അനുവാദമുണ്ടായിരുന്നു. കൗദാശികമായ ചുമതലകളും സ്ത്രീകൾക്ക് ഉണ്ടായിരുന്നു. ശെമ്മാശിനിമാരെക്കുറിച്ച് നാം കൂടുതലായി പഠിക്കേണ്ടിയിരിക്കുന്നു. നാലാം ശതാബ്ദം വരെ അവർക്ക് പ്രാധാന്യമുണ്ടായിരുന്നു. എന്നാൽ അഞ്ചാം ശതകത്തിൽ സന്ന്യാസിമാർ (Monks) മെത്രാന്മാരായി വന്നുതുടങ്ങിയപ്പോളാണ് സ്ത്രീകളുടെ സ്ഥാനത്തിന് പ്രശ്നം വരുന്നത്. കാരണം സന്യാസിമാർക്ക് പൊതുവെ സ്ത്രീകൾ അടുത്തുവരുന്നത് ഭയമാണ്. സ്ത്രീകളെ ഒരു പ്രലോഭനമായും പ്രതിബന്ധമായും അവർ കാണാൻ തുടങ്ങി. അന്നു മുതലാണ് സഭാജീവിതത്തിൽ സ്ത്രീകൾക്കുള്ള ചുമതലകൾ കുറഞ്ഞു വന്നത്.

### വർത്തമാനകാലത്ത്

അഖിലലോക സഭാകൗൺസിലിൽ 1947-ൽ മിസ് സാറാ ചാക്കോ ഒരു പ്രസിഡണ്ടായിരുന്നു. അവർ ഒരു പുരുഷന്റെയും കീഴിലായിരുന്നില്ല. ആരെയും കവച്ചുവെക്കുന്ന കഴിവുകൾ വളർത്തിയ ഒരു വനിതയായിരുന്നു അവർ. ഇന്നത്തെ കാലത്ത് സ്ത്രീകൾക്ക് ഇടവകകളിൽ വേണ്ടത്ര സ്ഥാനം കൊടുക്കുന്നില്ല. സുറിയാനി ക്രിസ്ത്യാനി സഭകൾ നേതൃത്വത്തിൽ അർഹമായ നേതൃത്വസ്ഥാനം സ്ത്രീകൾക്കു കൊടുക്കാതെ വന്നതുകൊണ്ടാണ് അവർ YWCA പോലുള്ള പ്രസ്ഥാനങ്ങളിൽ ചേർന്ന് പ്രവർത്തിക്കാനിടയായത്. നേതൃത്വസ്ഥാനങ്ങളിൽ നമ്മുടെ സഭകളിൽ, സ്ത്രീകളെ ഉൾപ്പെടുത്താത്തതിനു കാരണം വിദ്യാഭ്യാസവും കഴിവുമുള്ള സ്ത്രീകളെ പൊതുവെ ഭയമാണ് എന്നതു കൊണ്ടാണ്. വിദ്യാഭ്യാസമുള്ള സ്ത്രീകൾ വന്നാൽ അച്ചന്മാർ പറയുന്നിടത്ത് അവർ നില്ക്കുകയില്ല എന്ന ഭയം. അതുകൊണ്ട് കഴിവുള്ള സ്ത്രീകളെപ്പോലും സഭയ്ക്ക് ഉപയോഗപ്പെടുത്താൻ കഴിയുന്നില്ല. നമ്മുടെ ഈ നയം തിരുത്തിയില്ലെങ്കിൽ നമുക്കുള്ള നഷ്ടം ഭീമമായിരിക്കും.

അന്തർദേശീയമായി പറയുമ്പോൾ വനിതാപ്രസ്ഥാനം ഈ നൂറ്റാണ്ടിന്റെ ആരംഭകാലം മുതൽ ഇംഗ്ലണ്ടിലും മറ്റും സജീവമായി ഉടലെടുത്തു. സ്ത്രീകളുടെ വോട്ടവകാശത്തിനുവേണ്ടിയുള്ള പ്രസ്ഥാനം വളരെ ശക്തമായിരുന്നു. 1970–ലാണ് പിന്നീട് അത്തരം ശബ്ദങ്ങൾ കാര്യമായി ഉയർന്നു വന്നത്. 1968–70 കാലഘട്ടത്തിൽ തന്നെയാണ് മൂന്നാംലോക രാഷ്ട്രങ്ങളുടെ (ഏഷ്യയിലെയും ആഫ്രിക്കയിലെയും ജനങ്ങൾ) ശബ്ദം ഉറക്കെ കേട്ടു തുടങ്ങിയതും അത് വെള്ളക്കാരുടെ സമ്പന്ന രാഷ്ട്രനേതൃത്വങ്ങൾക്ക് ഭീതി ഉളവാക്കാൻ തുടങ്ങിയതും. ആ ഭീതി ലോകത്തിൽ ഭൂരിപക്ഷമായ ദരിദ്രരാഷ്ട്രങ്ങളിലെ ജനങ്ങൾ തങ്ങളെ ഒതുക്കിക്കളയുമോ എന്നതായിരുന്നു. മൂന്നാംലോക ജനതയെ ഭിന്നിപ്പിച്ചാൽ അവർ ഉയർന്നു വരില്ല എന്ന കണക്കുകൂട്ടലിൽ മനുഷ്യാവകാശ പ്രസ്ഥാനത്തെയും വനിതകളുടെ അവകാശങ്ങൾക്കുവേണ്ടിയുള്ള ഫെമിനിസ്റ്റു പ്രസ്ഥാനത്തെയും പടിഞ്ഞാറൻ രാഷ്ട്രങ്ങൾ ബോധപൂർവം ഉപയോഗപ്പെടുത്താൻ കൂട്ടായ ശ്രമം നടത്തിയിട്ടുണ്ടെന്ന് നേരിട്ട് അറിയാൻ കഴിഞ്ഞിട്ടുണ്ട്. ആദ്യകാലത്ത് പാശ്ചാത്യഫെമിനിസ്റ്റുകൾ പറയുന്നതൊക്കെ ഏഷ്യൻ വനിതകളും ആവർത്തിക്കുമായിരുന്നു. കുറച്ചു കഴിഞ്ഞപ്പോഴാണ് ഏഷ്യൻ വനിതാ പ്രസ്ഥാനങ്ങൾ തങ്ങളുടേതായ തനതായ ശബ്ദം ഉയർത്താൻ തുടങ്ങിയത്. ഏഷ്യൻ സ്ത്രീകളുടെ പോരാട്ടം ഏഷ്യയിലെ എല്ലാ ജനങ്ങളുടെയും മോചനത്തിനുവേണ്ടിയുള്ള പോരാട്ടത്തിന്റെ ഭാഗമാകണമെന്നത് ഒരു പ്രധാന ഉൾക്കാഴ്ചയായി സ്വീകരിക്കണം. അതായത് സ്ത്രീകളുടെ മോചനം എന്നു പറയുന്നത് പുരുഷന്മാരിൽ നിന്നുള്ള മോചനം മാത്രമല്ല. പുരുഷന്മാരും സാമ്പത്തികമായ അനീതിക്ക് വിധേയരായി കിടക്കുകയാണ്. അവരുടെ വിമോചനം സ്ത്രീകളുടെ വിമോചനവും ഒരു പാക്കേജ് ആയി കാണേണ്ടിയിരിക്കുന്നു. ഒന്നു കളഞ്ഞിട്ട് മറ്റത് നേടാൻ കഴിയില്ല.

സ്ത്രീയും പുരുഷനും തമ്മിലുള്ള അസമത്വം രണ്ടു തലത്തിലുണ്ട്. ഒന്ന് പ്രകൃത്യാലുള്ളത് (ജീവശാസ്ത്രപരം). പുരുഷന്മാർ സംഘടിച്ച് ഗർഭധാരണത്തിനും പ്രസവത്തിനും ഉള്ള അവകാശം തങ്ങൾക്കും വേണമെന്നു പറഞ്ഞാൽ വലിയ കാര്യമായിട്ടൊന്നും നടക്കില്ല. പ്രകൃത്യാലുള്ള ചില വൈജാത്യങ്ങളുണ്ട്. ചില ചുമതലകൾ പ്രകൃതി സ്ത്രീകൾക്കും പുരുഷന്മാർക്കും എന്ന് വിഭജിച്ചിട്ടുണ്ട്. സാംസ്കാരികമായി വളർന്നുവന്നിട്ടുള്ള അസമത്വങ്ങളാണ് പ്രധാന പ്രശ്നം. ആചാരപരമായും മറ്റും ഉണ്ടായിട്ടുള്ള അസമത്വങ്ങൾ എങ്ങനെ ഉണ്ടായി എന്നുള്ളതിന്റെ ചരിത്രം പഠിച്ച് അതിനെ പരിഹരിക്കാൻ വേണ്ടതു ചെയ്കയാണ് വനിതാ പ്രസ്ഥാനങ്ങളിലൂടെ നമുക്ക് ചെയ്യാവുന്നത്.

*(1994–ൽ കോട്ടയം സോഫിയാ സെന്ററിൽ നടത്തിയ ഒരു പ്രഭാഷണത്തിൽ നിന്നും)*

# 6

# അസോസ്യേഷൻ: ഒരു തിരനോട്ടം

സഭയിലെ എല്ലാ പള്ളികളിൽ നിന്നുമുള്ള പ്രതിപുരുഷന്മാരുടെ കൂടിവരവിനെയാണ് സുന്നഹദോസ് എന്നു പറയുന്നത്. ഇങ്ങനെയുള്ള ഒരു കൂടിവരവിനെക്കുറിച്ച് അപ്പോസ്തലപ്രവൃത്തികൾ 15-ാം അദ്ധ്യായത്തിൽ വിവരിക്കുന്നുമുണ്ട്.

ഭാരതത്തിൽ പാരമ്പര്യമനുസരിച്ച് ഇതോടനുരൂപമായി മൂന്നു സുന്നഹദോസുകളാണ് പ്രസിദ്ധിയാർജിച്ചിട്ടുള്ളത്. 1599-ലെ ഉദയംപേരൂർ സുന്നഹദോസും 1836-ലെ മാവേലിക്കര സുന്നഹദോസും 1876-ലെ മുളന്തുരുത്തി സുന്നഹദോസും ആണ് അവ.

എന്നാൽ ഭാരതസഭയായ നമ്മുടെ സഭയെ റോമാവല്കരിക്കുന്നതിനുള്ള ഉദ്ദേശ്യത്തോടെ ആർച്ച്ബിഷപ്പ് മെനെസിസ് വിളിച്ചുകൂട്ടിയ 1599-ലെ ഉദയംപേരൂർ സുന്നഹദോസ് നമ്മുടെ സഭ അംഗീകരിക്കുന്നില്ല.

ഭാരതത്തിലെത്തിയ പ്രൊട്ടസ്റ്റന്റ് മിഷനറിമാരുടെ നവീകരണ രീതികൾ സഭാവിശ്വാസികളിൽ ചിന്താക്കുഴപ്പമുണ്ടാക്കി. ഒരു വിഭാഗം ആളുകളുടെ പിന്തുണയും അവർക്കു ലഭിച്ചു. സഭയുടെ പരമ്പരാഗതമായുള്ള രീതികൾക്ക് വ്യതിയാനം വരുത്തിക്കൊണ്ടുള്ള മിഷനറിമാരുടെ പ്രവർത്തനങ്ങൾ ഏറെ കുഴപ്പങ്ങളുണ്ടാക്കി. ഈ അവസരത്തിൽ പ്രശ്നപരിഹാരം നിർദ്ദേശിച്ചുകൊണ്ട് ആംഗ്ലിക്കൻ ബിഷപ്പ് ഡാനിയേൽ വിത്സൺ, മാർ ദിവന്നാസ്യോസ് നാലാമന് 6 നിർദ്ദേശങ്ങൾ സമർപ്പിച്ചു. ഈ നിർദ്ദേശങ്ങളുടെ പരിചിന്തനത്തിനുവേണ്ടി മാർ ദിവന്നാസ്യോസ് നാലാമൻ 1836-ൽ മാവേലിക്കര സുന്നഹദോസ് വിളിച്ചുകൂട്ടി. എന്നാൽ യോഗം ആ നിർദ്ദേശം നിരാകരിക്കുകയും ആ തീരുമാനം 'മാവേലിക്കര പടിയോല' എന്നറിയപ്പെടുകയും ചെയ്യുന്നു.

പത്രോസ് പാത്രിയർക്കീസ് വിളിച്ചുകൂട്ടിയ 1876-ലെ മുളന്തുരുത്തി സുന്നഹദോസിന് ഒരു പ്രത്യേക ചട്ടക്കൂടു തന്നെ ഉണ്ടാക്കിയിരുന്നുവെന്നു പറയാം. അതിന് ഇപ്പോഴുള്ള നമ്മുടെ അസോസ്യേഷൻ ക്രമീകരണങ്ങളുമായി സാധർമ്മ്യമുണ്ട്. മുളന്തുരുത്തി സുന്നഹദോസിൽ തിരഞ്ഞെടുക്കപ്പെട്ട പള്ളിപ്രതിപുരുഷന്മാർ അധികാരപത്രം ഏല്പിച്ചാണ് യോഗത്തിൽ പങ്കെടുത്തത്.

അന്ന് അധികാരപത്രം വായിച്ചുകേൾപ്പിച്ച് സുന്നഹദോസിൽ ക്രമീകരിച്ചിരുന്ന പെട്ടിയിൽ നിക്ഷേപിക്കുന്നതിന് ചാത്തുരുത്തി റമ്പാനായി

രുന്നു (പ. പരുമല കൊച്ചുതിരുമേനി) നിയോഗിക്കപ്പെട്ടിരുന്നത്. അധികാരപത്രങ്ങളിൽ 10 എണ്ണം പനയോലയിലായിരുന്നു എഴുതപ്പെട്ടത്. ആയോഗത്തിൽ പത്രോസ് പാത്രിയർക്കീസ് മദ്ബഹായിലും മലങ്കര മെത്രാപ്പോലീത്താ ഹൈക്കലായിലുമാണ് ഇരുന്നു സംബന്ധിച്ചത്.

മാത്യൂസ് അത്താനാസ്യോസിന്റെ നേതൃത്വത്തിലുള്ള നവീകരണ മുന്നേറ്റത്തെ തടയുകയും പള്ളികളിൽ ഇതിന്റെ പേരിൽ നടക്കുന്ന വ്യവഹാരങ്ങൾക്ക് ഒരു പൊതുഫണ്ട് രൂപീകരിക്കുകയും മാത്യൂസ് അത്താനാസ്യോസിന്റെ നേതൃത്വത്തിലുള്ള പണപ്പിരിവുകൾ നിരോധിക്കുന്നതിനും, സഭാജനങ്ങളുടെ വിദ്യാഭ്യാസപരമായ പുരോഗതിക്കുവേണ്ടി പ്രവർത്തിക്കുന്നതിനും യോഗം തീരുമാനിച്ചു (ഇതോടൊപ്പം വന്ന ഒരു കൈക്കുറ്റപ്പാടാണ് പാത്രിയർക്കീസിന് മലങ്കരയുടെ മേലുള്ള അധീശത്വം അംഗീകരിച്ചുകൊണ്ടുള്ള തീരുമാനം). മുളന്തുരുത്തി സുന്നഹദോസിലെ നാലാം കാനോനാപ്രകാരമാണ് മലങ്കരസഭയിൽ ഒരു സ്റ്റാൻഡിംഗ് അസോസ്യേഷൻ നിലവിൽ വന്നത്. അതനുസരിച്ച് അസോസ്യേഷൻ അംഗങ്ങളായി 24 വൈദികരും 79 അത്മായക്കാരും ചേർന്ന ഒരു സ്റ്റാൻഡിംഗ് അസോസ്യേഷൻ രൂപീകൃതമായി.

ഇങ്ങനെ രൂപീകൃതമായ അസോസ്യേഷന്റെ പേര് സുറിയാനി ക്രിസ്ത്യാനി അസോസ്യേഷൻ എന്നായിരുന്നു. അതിന്റെ രക്ഷാധികാരി പാത്രിയർക്കീസും പ്രസിഡന്റ് മലങ്കര മെത്രാപ്പോലീത്തായും എന്ന് അനുശാസിക്കപ്പെട്ടു. അംഗങ്ങളെ നാലു ക്ലാസുകളായി തിരിച്ചിരിക്കുന്നു.

ഒന്നാം ക്ലാസ് അംഗം 100 രൂപയും രണ്ടാം ക്ലാസ് അംഗം 50 രൂപയും മൂന്നാം ക്ലാസ് അംഗം 25 രൂപയും നാലാം ക്ലാസ് അംഗം 10 രൂപയും നല്കിയിരിക്കണം എന്നായിരുന്നു നിബന്ധന. അംഗത്വമുള്ള ഇടവകകൾ 500 രൂപാ അംഗത്വഫീസായി നല്കിയിരിക്കുകയും വേണം. പണം മുഴുവൻ മുടക്കുവാൻ നിർവ്വാഹമില്ലാത്ത ഇടവകകൾ ഒരു ശതമാനം മാസപ്പലിശയോടെ ഒടുക്കിക്കൊള്ളാമെന്ന് സമ്മതപത്രം എഴുതിക്കൊടുക്കയും ചെയ്യേണ്ടിയിരിക്കുന്നു.

ഇതിന്റെ നടത്തിപ്പിലേക്ക് 8 വൈദികരും 16 അത്മായക്കാരും ചേർന്നുള്ള ഒരു പ്രധാന കമ്മറ്റി രൂപീകരിക്കപ്പെട്ടു (ഇത് നമ്മുടെ ഇപ്പോഴത്തെ മാനേജിംഗ് കമ്മറ്റി എന്നു പറയാം). ഈ പ്രധാന കമ്മറ്റിക്ക് ഒരു സെക്രട്ടറിയും നിയമിതനായി.

ഈ പ്രധാന കമ്മറ്റി വർഷത്തിൽ ഒരു പ്രാവശ്യമെങ്കിലും സമ്മേളിക്കണമെന്നതായിരുന്നു തീരുമാനം. പള്ളികളുടെ കണക്കുകൾ കേൾക്കുക, പള്ളികളുടെ പുനർനിർമ്മാണത്തിനും നിർമ്മാണത്തിനും സഹായിക്കുക എന്നതായിരുന്നു പ്രധാന ചുമതലകൾ.

അതനുസരിച്ച് നിലവിൽ വന്ന സ്റ്റാൻഡിംഗ് അസോസ്യേഷന്റെ (സുറിയാനി ക്രിസ്ത്യാനി അസോസ്യേഷന്റെ) പ്രധാന കമ്മറ്റി (8 വൈദികർ, 16 അത്മായക്കാർ, മലങ്കര മെത്രാപ്പോലീത്താ എന്നിവരടക്കം 25 പേർ) പരുമലയിൽ കൂടി. എന്നാൽ ഈ യോഗത്തിൽ അനൗദ്യോഗികമായെങ്കിലും 150 പള്ളികളിൽ നിന്നുള്ള ആയിരത്തിലധികം പേർ വന്നു ചേർന്നു. പ്രധാന കമ്മറ്റിയിൽ മുളന്തുരുത്തി സൂന്നഹദോസിനുശേഷം വാഴിക്കപ്പെട്ട ആറ് മെത്രാപ്പോലീത്തന്മാർക്ക് അംഗത്വം ഇല്ലാതിരുന്നതിനാൽ കോപ്റ്റ് ചെയ്യാൻ യോഗം തീരുമാനിച്ചു. പ്രധാന കമ്മറ്റി 25 പേരിൽ നിന്ന് വൈദികരും അത്മായരും അടക്കം 40 പേരും 6 മെത്രാപ്പോലീത്തന്മാരും മലങ്കര മെത്രാപ്പോലീത്തായുമടക്കം 47 പേർ ആയി ഉയർത്തി.

പ്രധാന കമ്മറ്റി അങ്ങനെ സഭാ മാനേജിംഗ് കമ്മറ്റി എന്ന പേരിൽ 1878–ൽ സമ്മേളിച്ചു.

നവീകരണ സഭയായ മാർത്തോമ്മാ സഭയ്ക്കെതിരെ വ്യവഹാരം നടത്തുക, വിദ്യാഭ്യാസ പുരോഗതിയ്ക്കായി സ്കൂളുകൾ പണിയുക, പള്ളികളുടെ കണക്കുകൾ കേട്ട് അംഗീകരിക്കുക എന്നിവയായിരുന്നു പ്രസ്തുത കമ്മറ്റിയിൽ നടന്ന പ്രധാന കാര്യങ്ങൾ.

1934–ൽ കോട്ടയം എം. ഡി. സെമിനാരിയിൽ വിളിച്ചുകൂട്ടിയ സുറിയാനി ക്രിസ്ത്യാനി അസോസ്യേഷനാണ് സഭയുടെ ഭരണഘടന പാസാക്കിയത്. മുളന്തുരുത്തി സുന്നഹദോസിൽ ഉരുത്തിരിഞ്ഞ കാര്യങ്ങൾക്ക് ഊന്നൽ നല്കിക്കൊണ്ടുള്ളതായിരുന്നു ഭരണഘടന.

പള്ളി, പള്ളി വസ്തുക്കൾ, ഭരണം എന്നിവയ്ക്ക് വ്യക്തമായ സംഹിതകൾ, പള്ളിയുടെ കണക്കുകൾ കേൾക്കുക, വിദ്യാഭ്യാസപരമാ പ്രവർത്തനങ്ങൾ നടത്തുക, സമുദായത്തിന്റെ ആവശ്യത്തിലേക്കുള്ള പുസ്തകങ്ങൾ നിർമ്മിക്കുക, പള്ളികൾ പുനരുദ്ധരിക്കുക, പുതിയ പള്ളികൾ പണിയുക, റിശീശാ പിരിച്ചെടുക്കുക, മെത്രാന്മാരുടെ വിഹിതമായ കൈമുത്ത് ഏർപ്പെടുത്തുക, സന്യാസിമാരുടെ ജീവസന്ധാരണത്തിനുള്ള ക്രമീകരണങ്ങൾ ഏർപ്പെടുത്തുക, ഇടവകയിലെ വൈദീകർക്കുള്ള ശമ്പളം ഏർപ്പെടുത്തുക തുടങ്ങി പലതും അസോസ്യേഷൻ തീരുമാനങ്ങളായിരുന്നു.

ആദ്യ സുന്നഹദോസുകളിലെങ്ങും മെത്രാൻ സ്ഥാനാർത്ഥികളെ തിരഞ്ഞെടുക്കുന്ന പതിവുണ്ടായിരുന്നില്ല. 1934–ലെ എം. ഡി. അസോസ്യേഷനിലെ ഭരണഘടനപ്രകാരമാണ് മെത്രാൻ തിരഞ്ഞെടുപ്പിനുള്ള അധികാരം അസോസ്യേഷനിൽ നിക്ഷിപ്തമായത്.

ഏറ്റവും വിപുലമായ ജനായത്ത സമ്പ്രദായം തിരഞ്ഞെടുപ്പുകളിൽ

വർത്തിക്കുന്ന ഏക സഭയാണ് മലങ്കരസഭ. അസോസ്യേഷനിൽ പങ്കെടുക്കുന്ന വൈദികരുടെയും അത്മായക്കാരുടെയും വോട്ടുകൾ പ്രത്യേകം എണ്ണി തിട്ടപ്പെടുത്തി 50% ത്തിനു മുകളിൽ പ്രത്യേകം പ്രത്യേകം വോട്ടുകൾ നേടി മാത്രമേ മെത്രാൻ സ്ഥാനാർത്ഥികൾ തിരഞ്ഞെടുക്കപ്പെടുന്നുള്ളൂ. മെത്രാൻ തിരഞ്ഞെടുപ്പിനുള്ള അധികാരം അസോസ്യേഷനാണെങ്കിലും അതിന് അംഗീകാരം നല്കി വാഴിക്കുന്നതിനുള്ള അധികാരം പ. എപ്പിസ്കോപ്പൽ സുന്നഹദോസിലും അതിന്റെ അദ്ധ്യക്ഷനായ കാതോലിക്കായിലും നിക്ഷിപ്തമാണ്.

നാലാം നൂറ്റാണ്ടിൽ റോമിൽ ഓരോ പ്രവിശ്യകൾക്ക് ഓരോ മെത്രാന്മാരുണ്ടായിരുന്നു. ഓരോ പ്രവിശ്യക്കും ഓരോ തലസ്ഥാനമുണ്ടായിരുന്നു. ഈ തലസ്ഥാനം 'മെട്രോപ്പോലീസ്' എന്നു പറയപ്പെടുന്നു. മെട്രോപ്പോലീസിലെ ഭരണാധികാരിയാണ് മെട്രോപ്പോലീറ്റൻ എന്നറിയപ്പെടുന്നത്. അതതു പ്രവിശ്യകൾക്ക് പ്രവിശ്യകളുടെ സുന്നഹദോസും നിലവിലുണ്ടായിരുന്നു. ഏതെങ്കിലും ഒരു പ്രവിശ്യയുടെ മെത്രാപ്പോലീത്താ കാലം ചെയ്താൽ ആ പ്രവിശ്യയിലെ ജനങ്ങൾ കൂടിയാണ് പുതിയ ആളെ തിരഞ്ഞെടുത്തു വന്നത്. 'രാഷ്ട്രീയ' രീതികൾ ഈ തിരഞ്ഞെടുപ്പിൽ കടന്നതോടെ ഇതിന് വ്യതിയാനം ആവശ്യമായി വന്നു. 31-ലെ അന്ത്യോഖ്യൻ സുന്നഹദോസ് തീരുമാനപ്രകാരം മെത്രാനെ വാഴിക്കുവാനുള്ള അധികാരം സുന്നഹദോസിൽ നിക്ഷിപ്തമായി. മെത്രാപ്പോലീത്തായെ വാഴിക്കുമ്പോൾ അവിടുത്തെ മെത്രാപ്പോലീത്താ സന്നിഹിതനായിരിക്കണമെന്നും മറ്റുള്ള മെത്രാപ്പോലീത്താമാരെ ക്ഷണിച്ചിരിക്കണമെന്നും വരാൻ സാധിക്കാത്തപക്ഷം സമ്മതപത്രം നല്കണമെന്നും തീരുമാനമുണ്ടായി. ഭൂരിപക്ഷ അഭിപ്രായ രൂപീകരണത്തിനു വേണ്ടിയാണ് ഈ രീതി അവലംബിച്ചത്.

ഇതുപോലെ മറ്റെല്ലായിടങ്ങളിലും ഏതെങ്കിലും ഒരു മെത്രാസനത്തിനു വേണ്ടി തിരഞ്ഞെടുപ്പു നടത്തിയിരുന്നത് അതതു മെത്രാസനത്തിലുള്ളവരായിരിക്കും. എന്നാൽ നമ്മുടെ സഭയിൽ മാത്രമാണ് സഭ മുഴുവനും ഈ തിരഞ്ഞെടുപ്പിൽ പങ്കെടുക്കുന്നത്. മറ്റെങ്ങും ഈ പതിവു കാണുന്നില്ല.

ജനങ്ങൾ തിരഞ്ഞെടുക്കുകയും പ. എപ്പിസ്കോപ്പൽ സുന്നഹദോസ് അംഗീകരിക്കുകയും പ്രധാന തലവൻ പ. എപ്പിസ്ക്കോപ്പൽ സുന്നഹദോസിന്റെ സഹകരണത്തോടെ വാഴിക്കുകയും ചെയ്യുന്ന രീതിയാണ് മലങ്കരസഭയിലുള്ളത്.

നാലാം നൂറ്റാണ്ടു മുതൽ മെത്രാൻ സ്ഥാനാർത്ഥിയുടെ ഗുണങ്ങളെക്കുറിച്ചു വിവരിക്കുന്ന ധാരാളം കാനോനാകൾ നിലവിൽ വന്നു. അദ്ദേഹം

30 വയസിൽ കുറയാത്തവനും ഏവർക്കും സ്വീകാര്യം ഉള്ളവനും ആയിരിക്കണമെന്നും കാനോനാകൾ അനുശാസിക്കുന്നു.

ഇപ്പോഴത്തെ ട്രസ്റ്റി, ട്രഷറാർ എന്ന പേരിലാണ് ആദ്യം അറിയപ്പെട്ടിരുന്നത്.

മലങ്കര മെത്രാപ്പോലീത്താ വ്യവഹാരങ്ങൾക്ക് കോടതിയിൽ പോകുന്നത് ഒഴിവാക്കുവാനും വട്ടിപ്പണം വാങ്ങുവാനുമായിരുന്നു ഈ കൂട്ടുസ്ഥാനം നിലവിൽ വന്നത്.

പിന്നീട് ഭരണഘടന നിലവിൽ വന്നതോടെ, മലങ്കര മെത്രാപ്പോലീത്തായോടു കൂടി വട്ടിപ്പണം വാങ്ങുക, കോട്ടയം സുറിയാനി സെമിനാരി ആദായത്തിന്റെ ട്രസ്റ്റികളായി രണ്ടുപേർ ഉണ്ടായിരിക്കണമെന്നും അതിൽ ഒരാൾ വൈദികനും ഒരാൾ അത്മായക്കാരനും ആയിരിക്കണമെന്നും വ്യവസ്ഥയുണ്ടായി.

നിയമ നിർമ്മാണത്തിനുള്ള അവകാശം അസോസിയേഷ്യനിൽ നിക്ഷിപ്തമാണ്.

പലരും മലങ്കരസഭയുടെ പരമാധികാരസമിതിയായ മലങ്കര സുറിയാനി ക്രിസ്ത്യാനി അസോസ്യേഷനെ മലങ്കരസഭയുടെ പാർലമെന്റ് എന്നു വിശേഷിപ്പിക്കാറുണ്ട്. ആ പദം അസോസ്യേഷന് ഉപയോഗിച്ചു കൂടാ.

പള്ളികളിൽ നിന്ന് തിരഞ്ഞെടുത്തു വന്നിട്ടുള്ളവർ പ്രാർത്ഥനാപൂർവ്വം സമ്മേളിച്ച് സഭയുടെ ഉൽക്കർഷത്തിനുവേണ്ടി തീരുമാനങ്ങൾ എടുക്കുന്ന പതിവാണ് നമുക്കുള്ളത്. ആ രീതിയിൽ വ്യതിയാനം വരുത്താതിരിക്കുവാൻ അസോസ്യേഷൻ അംഗങ്ങൾ ബദ്ധശ്രദ്ധരായിരിക്കണം.

# 7

# ശാന്തിയുടെ നീർച്ചാലുകൾ

നമ്മുടെ കർത്താവിന്റെ ജനനപ്പെരുനാൾ ആഘോഷിക്കുന്ന ഈ അവസരത്തിൽ സെമിനാരി കുടുംബം ഒരുമിച്ച് നിങ്ങളെ അഭിവാദനം ചെയ്യുന്നു.

ലോകരക്ഷകനായി പിറക്കാനിരിക്കുന്ന യേശുവിനെ ഉദരത്തിൽ വഹിച്ചു വിശുദ്ധ കന്യകമറിയാം തന്റെ ചാർച്ചക്കാരിയായ എലിസബേത്തിനെ വന്ദനം ചെയ്തു. ഒരിക്കൽ വന്ധ്യയായിരുന്ന, വൃദ്ധയായ എലിസബേത്തിന്റെ ഉള്ളിൽ ശിശുവായ യോഹന്നാൻ ആ ശബ്ദം കേട്ട് സന്തോഷപൂർണ്ണനായി ചാഞ്ചാടി എന്നു സുവിശേഷം രേഖപ്പെടുത്തുന്നു. യേശുവിനെ ഉള്ളിൽ വഹിച്ചുകൊണ്ടാവണം നാം ലോകത്തെ അഭിവാദനം ചെയ്യേണ്ടത്. എങ്കിൽ തിന്മയ്ക്കും മരണത്തിനും അധീനമായി വന്ധ്യമായിപ്പോകുന്ന ഈ ലോകം അതു കേട്ട് തുള്ളിച്ചാടും. പ്രത്യാശയുടേയും സ്നേഹത്തിന്റേയും പുതിയ നാമ്പുകൾ അവിടെ മൊട്ടിടും. രോഗവും ദുഃഖവും അനീതിയും അക്രമവും നിലനിൽക്കുന്ന നമ്മുടെ ലോകം സത്യവും സമാധാനവും സമത്വവും തേടുന്നു. ദൈവം തന്റെ ആർദ്രമായ കരുണ യേശുക്രിസ്തുവിലൂടെ ലോകത്തിനു മുഴുവൻ നൽകിയിരിക്കുന്നു. നമ്മുടെ ജീവിതവും പ്രവർത്തനവും ആ മഹാകാരുണ്യത്തിന്റേയും ശാന്തിയുടേയും നീർച്ചാലുകളായിത്തീർന്ന് ലോകത്തെ രൂപാന്തരപ്പെടുത്തട്ടെ.

ദൈവകൃപയാൽ സെമിനാരിക്കാര്യങ്ങൾ സാമാന്യം ഭംഗിയായി പോകുന്നു. നിങ്ങൾ നിരന്തരം നൽകുന്ന സ്നേഹത്തിനും കൈത്താങ്ങലിനും ഞങ്ങൾ അതീവ കൃതജ്ഞതയുള്ളവരാണ്. പ. കാതോലിക്കാബാവാ തിരുമേനിയും അഭിവന്ദ്യ തിരുമേനിമാരും ഞങ്ങൾക്ക് എപ്പോഴും പ്രോത്സാഹനവും മാർഗ്ഗനിർദ്ദേശവും നൽകുന്നു. സെമിനാരിയുടെ പൂർവ്വ വിദ്യാർത്ഥികളായ വൈദികർ അവരുടെ സന്ദർശനം കൊണ്ടും സ്നേഹം കൊണ്ടും ഞങ്ങളെ പിന്തുണയ്ക്കുന്നു. നമ്മുടെ ഇടവക ജനങ്ങൾ സെമിനാരിക്കാര്യത്തിൽ പൂർവ്വാധികം താല്പര്യം കാണിക്കുന്നു. എല്ലാറ്റിനെയും പുറമേ 'സെമിനാരി സ്നേഹിതരുടെ' സവിശേഷമായ വാത്സല്യവും കരുതലും ഞങ്ങൾ അനുഭവിക്കുന്നു. ഇതെല്ലാം ഞങ്ങളെ ധൈര്യപ്പെടുത്തുന്നു. ആശ്വസിപ്പിക്കുന്നു. സഭയുടേയും മനുഷ്യസമൂഹത്തിന്റേയും സേവനത്തിനായി ഞങ്ങൾ വിനയപൂർവ്വം ഞങ്ങളെത്തന്നെ സമർപ്പിക്കുന്നു. ഏവർക്കും ഐശ്വര്യത്തിന്റെയും സമാധാനത്തിന്റെയും ക്രിസ്തുമസ്സും നവവത്സരവും ആശംസിക്കുന്നു. ദൈവം നമ്മേയും സൃഷ്ടി മുഴുവനേയും അനുഗ്രഹിക്കട്ടെ.

*(ഓർത്തഡോക്സ് സെമിനാരി ബുള്ളറ്റിൻ, ഡിസംബർ 1995)*

# 8

# നന്മയുടെ രൂപങ്ങൾ സ്ത്രീകളിൽ നിന്ന്

നമ്മുടെ കുടുംബങ്ങളിൽ കാരണമില്ലാതെ തന്നെ ക്രൂരത വർധിച്ചിട്ടുണ്ട്. ജീവിതം എന്തിനു വേണ്ടിയാണ്? പണം ഉണ്ടാക്കാൻ മാത്രം. മറ്റു മൂല്യങ്ങളെല്ലാം അതിനു താഴേക്കു പോവുന്നു. പണ്ട് തെറ്റായ മാർഗങ്ങളിലൂടെ പണം ഉണ്ടാക്കുന്നവരെ സമൂഹത്തിനു പുച്ഛമായിരുന്നു. ഇപ്പോൾ മാർഗം ഏതായാലും പണം ഉണ്ടാക്കുന്നവരെ ജനം അഭിനന്ദിക്കുന്നു.

ഇത്തരം ചരിത്രഘട്ടത്തിൽ രാഷ്ട്രീയവും മതവുമാണ് മനുഷ്യന്റെ രക്ഷയ്ക്ക് എത്തേണ്ടത്. ഇന്ന് അവയുടെ അവസ്ഥയോ? രാഷ്ട്രീയത്തിലും പണവും അധികാരവും പ്രാമുഖ്യം നേടുകയാണ്. മൂല്യങ്ങളെക്കുറിച്ചും മൂല്യനഷ്ടങ്ങളെക്കുറിച്ചുമുള്ള പ്രസംഗങ്ങൾക്ക് ഇപ്പോഴും കുറവില്ല. പക്ഷേ, പ്രസംഗത്തേക്കാൾ മൂല്യങ്ങളുടെ ജീവിക്കുന്ന മാതൃകകളാണ് സമൂഹത്തിന് വേണ്ടത്. ചെറുപ്പക്കാർക്ക് നല്ല വഴികൾ ആരും കാണിച്ചു കൊടുക്കുന്നില്ല.

മതങ്ങളുടെ ഉള്ളിലും പരാജയം സംഭവിച്ചതായി കാണുന്നു. മതനേതാക്കളും ഇതിൽ നിന്ന് വ്യത്യസ്തമല്ല. ഈശ്വരനെ ആരാധിക്കാനും മനുഷ്യനെ സ്നേഹിക്കാനുമാണ് മതങ്ങൾ. പക്ഷേ, പണത്തിനും അധികാരത്തിനും സ്ഥാനമാനങ്ങൾക്കും വേണ്ടിയുള്ള പാച്ചിൽ മതനേതാക്കളിലും പ്രകടമാണ്. മതങ്ങൾക്ക് അവരുടെ അനുയായികളുടെ എണ്ണം വർധിപ്പിക്കുന്നതിലും സ്ഥാപനങ്ങൾ വർധിപ്പിക്കുന്നതിലുമാണ് താൽപര്യമെന്നു തോന്നുന്നു. ആത്മീയമായ വളർച്ചയേക്കാൾ ലൗകികമായ സമൃദ്ധിയിലാണ് കണ്ണ്.

യഥാർത്ഥത്തിൽ കുടുംബമാണ് മൂല്യങ്ങളുടെ ഗർഭപാത്രം. ഈശ്വരൻ ഉണ്ടാക്കിയ സ്ഥാപനമാണ് കുടുംബം. പരസ്പരമുള്ള പങ്കിടലുകളിലൂടെയും കരുതലുകളിലൂടെയുമാണ് കുടുംബബന്ധങ്ങൾ വളരേണ്ടത്. പക്ഷേ അത് ഇല്ലാതെ വരുമ്പോൾ മൂല്യങ്ങളുടെ അടിസ്ഥാനം അടുത്ത തലമുറയ്ക്കും കിട്ടാതെ പോവുന്നു. സമൂഹത്തിൽ പൊതുവെ അവനോട് തന്നെ കടുത്ത അസംതൃപ്തി ഉള്ളിൽ അനുഭവപ്പെടുന്നുമുണ്ട്. സ്വയം മെച്ചപ്പെടാൻ മാർഗം കാണുന്നുമില്ല.

പലതരം പ്രലോഭനങ്ങളുടെ കാലവുമാണിത്. ലൈംഗികതയ്ക്ക് ആത്മനിയന്ത്രണം നഷ്ടപ്പെടുന്നു. സ്ത്രീപുരുഷന്മാർക്കിടയിൽ വിവാഹത്തിനു പുറത്തുള്ള ബന്ധങ്ങളും ഏറുകയാണ്. പഴയ കുറ്റബോധമോ, മനസാ

ക്ഷിയുടെ മുഴക്കങ്ങളോ ആരെയും അലട്ടുന്നില്ലെന്നു തോന്നുന്നു. സുഖം തരുന്നത് എന്തും സ്വീകാര്യമെന്നാണ് പുതിയ കാഴ്ചപ്പാട്.

ഇതിനൊക്കെ പൊടുന്നനെ ഒരു പരിഹാരം നിർദ്ദേശിക്കാനില്ല. രാഷ്ട്രീയ വ്യവസ്ഥിതിയും അഴിമതിയുമൊക്കെ മാറേണ്ടതുണ്ട്. ഈ ജീർണത അങ്ങേയറ്റമായതിനു ശേഷം ഒരു പൊട്ടിത്തെറിയിൽ നിന്നും നന്മ തിരിച്ചുവരുമെന്നാണ് എന്റെ പ്രതീക്ഷ.

ലോകത്തിന്റെ വഴികളെ ആശ്രയിക്കാതെ സത്യത്തിന്റെ വഴികളെ നമ്മൾ ആശ്രയിക്കണം. പക്ഷേ, പ്രലോഭനങ്ങളെ ചെറുക്കാൻ നല്ല മനക്കരുത്തു വേണം.

ഈ അവസ്ഥയെ നമ്മൾ ഗൗരവപൂർവം കാണേണ്ടതുണ്ട്. എന്തു ചെയ്യാൻ കഴിയും എന്ന് മതങ്ങൾ കൂട്ടായി ചർച്ചകൾ നടത്തി തീരുമാനിക്കണം.

സ്ത്രീകൾ സമൂഹത്തിന്റെ ഈ പുതിയ ഗതിയിൽ അത്ര കണ്ട് വീണുപോയിട്ടില്ലെന്നു ഞാൻ വിചാരിക്കുന്നു. അതുകൊണ്ട് എനിക്ക് സ്ത്രീശക്തിയിലാണു പ്രതീക്ഷ. തിന്മയുടെ ശക്തികളെ നമ്മൾ പുറത്തു കൊണ്ടുവരണം. നന്മയുടെ പുതിയ രൂപങ്ങൾ ആവിഷ്ക്കരിക്കണം... സ്ത്രീകൾ ഒരുമിച്ച് ചേർന്ന് പ്രവർത്തിക്കണം. വീട്ടിലും പുറത്തും വിഷമങ്ങൾ നേരിടുന്ന സ്ത്രീകൾക്ക് ആശ്വാസമാവുന്ന മട്ടിൽ പദ്ധതികൾക്ക് രൂപം കൊടുക്കണം.

*(വനിത മാസിക, സെപ്റ്റംബർ 15-31, 1995)*

# 9

# ലോകസഭാ കൗൺസിലിന്റെ ഉപ്സ്സാലാ സമ്മേളനം

പുരാതനമായൊരു സർവ്വകലാശാലകൊണ്ട് സുപ്രസിദ്ധി നേടിയിട്ടുള്ള സ്വീഡനിലെ ഉപ്പ്സാലാ പട്ടണത്തിൽവച്ചാണ് 1968 ജൂലൈ 4–ാം തീയതി മുതൽ 19–ാം തീയതി വരെ ലോകസഭാ കൗൺസിലിന്റെ നാലാം സമ്മേളനം നടന്നത്.

ഈ സമ്മേളനത്തിന്റെ ആകെക്കൂടിയുള്ള ചെലവ് 10 കോടി രൂപയോളമായിട്ടുണ്ട്. ഇരുപതു ടൺ കടലാസ് ഈ സമ്മേളനത്തിന്റെ വിവിധ ആവശ്യങ്ങൾക്കായി വിനിയോഗിച്ചിട്ടുണ്ട്. എൺപത്തിയഞ്ചു രാജ്യങ്ങളിൽ നിന്നായി 3000 പേർ ഇതിൽ പങ്കെടുത്തു. 250 സഭകളിൽ നിന്നുള്ള ഔദ്യോഗിക പ്രതിനിധികൾ ഇവിടെ വന്നെത്തുകയുണ്ടായി. സമ്മേളനത്തിൽ ഉച്ചരിക്കപ്പെട്ട വാക്കുകളും എഴുതപ്പെട്ട വാചകങ്ങളും അപ്പോഴപ്പോൾ വിവിധ രാജ്യങ്ങളിലേക്ക് ഒഴുകിക്കൊണ്ടിരുന്നു. എക്യുമെനിക്കൽ പ്രസ്ഥാനത്തിന്റെ നാലാമത്തെ നാഴികക്കല്ലാണ് ഉപ്പ്സാലാ. മറ്റു പൊതു സമ്മേളനങ്ങൾ നടന്നിട്ടുള്ളത് ആംസ്റ്റർഡാം (1948), ഇവാൻസ്റ്റൺ (1954), ന്യൂഡൽഹി (1961) എന്നീ നഗരങ്ങളിൽ വച്ചാണ്. ഉപ്പ്സാലാ സമ്മേളനത്തിന്റെ പ്രത്യേക പ്രധാന്യമെന്താണ്?

### റോമൻ കത്തോലിക്കാ സഹകരണം

ന്യൂഡൽഹിക്കും ഉപ്പ്സാലായ്ക്കുമിടയ്ക്കുണ്ടായ ഏറ്റവും പ്രധാനപ്പെട്ട ഒരു എക്യുമെനിക്കൽ സംഭവമായിരുന്നു രണ്ടാം വത്തിക്കാൻ സമ്മേളനം. അതിന്റെ ഫലമായി റോമൻ കത്തോലിക്കാസഭയിൽ നിന്നും കൈവിരലുകളിലെണ്ണാൻ മാത്രമുള്ള അംഗങ്ങളേ ഔദ്യോഗിക ഒബ്സർവ്വർന്മാരായി ഉപ്പ്സാലയിൽ വന്നിട്ടുണ്ടായിരുന്നുള്ളുവെങ്കിലും ഉപദേഷ്ടാക്കളായും പത്രപ്രവർത്തകരായും പല കത്തോലിക്കാ അത്മേനികളും വൈദികരും അവിടെ സന്നിഹിതരായിരുന്നു. റോമൻ കത്തോലിക്കാ ഡലിഗേഷന്റെ നേതാവ് ബിഷപ്പ് ജെ. ജി. എം. വല്ലിബ്രാന്റായിരുന്നു. ഇദ്ദേഹമാണ് വത്തിക്കാനിലെ ക്രിസ്തീയ ഐക്യ സെക്രട്ടറിയേറ്റിന്റെ തലവൻ. ഡൊമിനിക്കൻ വൈദികനായ ജെറോം ഹാമർ, 'ചിവിൽറ്റാ കത്തോലിക്കാ' എന്ന വത്തിക്കാൻ പ്രസിദ്ധീകരണത്തിന്റെ പത്രാധിപരായ ഫാദർ റോബർട്ടോടൂച്ചി, യുനെസ്ക്കോ (UNESCO) യുടെ മുൻ ഡയറക്ടർ ജനറലും ബാങ്ക് ഓഫ് റോമിന്റെ ഇപ്പോഴത്തെ പ്രസിഡണ്ടുമായ ഡോക്ടർ വിറ്റോറിയോ വെറോണീസ് എന്നിവരായിരുന്നു റോമൻ കത്തോലിക്കാ സഭയെ പ്രതിനിധീകരിച്ചവരിൽ പ്രധാനികൾ.

റോമൻ കത്തോലിക്കാസഭ ഇതുവരെയും ലോകസഭാ കൗൺസിലിലെ ഒരംഗമായി ചേർന്നിട്ടില്ല. എന്നാൽ ഈ പ്രസ്ഥാനത്തിന്റെ ചില രംഗങ്ങളിൽ അവർ സഹകരിച്ചു പ്രവർത്തിക്കാമെന്നു സമ്മതിച്ചിട്ടുണ്ട്. ലോകസഭാ കൗൺസിലിന്റെ ഒരു പ്രധാന സമിതിയാണ് ഫെയിത്ത് ആൻഡ് ഓർഡർ കമ്മീഷൻ (Faith and order commission). ഉപ്പ്സാലാ സമ്മേളനം തിരഞ്ഞെടുത്ത 135 അംഗങ്ങളുള്ള ഈ കമ്മീഷനിൽ റോമൻ കത്തോലിക്കാസഭയിലെ 9 വേദശാസ്ത്ര പണ്ഡിതന്മാരെ ഉൾപ്പെടുത്തിയിട്ടുണ്ട്. അവരിൽ ഒരാളാണ് ഫാദർ സാമുവൽ രായൻ (എറണാകുളം). നമ്മുടെ റവ. ഡോ. വി. സി. സാമുവലും ഈ ലേഖകനും ആ കമ്മീഷനിലെ അംഗങ്ങളാണ്.

## ജസ്റ്റീസ് ആൻഡ് പീസ് ജോയിന്റ് കമ്മീഷൻ

റോമൻ കത്തോലിക്കാസഭയും ലോകസഭാ കൗൺസിലും ചേർന്നുള്ള Justice and peace commission ന്റെ നിയമനം ഈ അസംബ്ലി കൈക്കൊണ്ട പുരോഗമനപരമായ ഒരു നടപടിയാണ്. സാമ്പത്തികവികസനത്തെക്കുറിച്ചും അന്തർദേശീയ നീതിയെക്കുറിച്ചുമുള്ള പ്രശ്നങ്ങൾ ഈ സമിതി കൈകാര്യം ചെയ്യുന്നതാണ്. ഈ കമ്മീഷന്റെ പ്രധാനമായൊരുത്തരവാദിത്വം ഈ പ്രശ്നങ്ങളെക്കുറിച്ച് മനുഷ്യരെ പൊതുവെ ബോധവാന്മാരാക്കുകയെന്നതാണ്. ഈ സമിതിയുടെ ഓഫീസ് ജനീവായിലും റോമിലും ഭാഗികമായിട്ടായിരിക്കും. ജനീവാ ഓഫീസിന്റെ ചാർജു വഹിക്കുന്നത് ഒരു ജസ്യൂറ്റ് വൈദികനാണ്. അദ്ദേഹത്തിന് ഈ കാര്യത്തിൽ രണ്ടു സഹകാരികൾ കൂടി ഉണ്ടായിരിക്കും. ഒന്ന് ഒരു പ്രോട്ടസ്റ്റന്റുകാരനും മറ്റേത് മിക്കവാറും ഒരു ഓർത്തഡോക്സ്കാരനും.

ഡബ്ലിയു. സി. സി. യും റോമൻ കത്തോലിക്കാ സഭയും തമ്മിലുള്ള കൂട്ടുപ്രവർത്തനം വീക്ഷിച്ചുകൊണ്ടിരിക്കുന്നതിന് പതിനാലു പേർ ഉൾക്കൊള്ളുന്ന ഒരു കമ്മിറ്റിയുണ്ട്. ഈ കമ്മറ്റിയിൽ 6 റോമൻ കത്തോലിക്കരും 4 പ്രോട്ടസ്റ്റന്റുകാരും, 3 ഓർത്തഡോക്സുകാരും, ഒരു ആംഗ്ലിക്കനുമുണ്ട്. ഈ ലേഖകൻ ഈ സമിതിയിലെയും ഒരംഗമാണ്.

## മനുഷ്യരാശിയുടെ മൂന്നിൽരണ്ടു ഭാഗത്തിന്റെ ശബ്ദം

ലോകജനസംഖ്യയുടെ മൂന്നിൽരണ്ടു ഭാഗം ഏഷ്യ, ആഫ്രിക്കാ, ലാറ്റിൻ അമേരിക്കാ എന്നിവിടങ്ങളിലായി ജീവിക്കുന്നു. ന്യൂഡൽഹിക്കും ഉപ്പ് സാലായ്ക്കുമിടയ്ക്കുള്ള കാലഘട്ടത്തിൽ ഈ വിഭാഗത്തിന്റെ ശബ്ദം കൂടുതലായി ലോകസമിതികളിലും സമ്മേളനങ്ങളിലും കേൾക്കപ്പെടുകയുണ്ടായി. എന്നാൽ 1966-ൽ ജനീവായിൽ വച്ചു നടത്തപ്പെട്ട Church and Society World Conference-ൽ കേൾക്കപ്പെട്ടതുപോലുള്ള ദൃഢവും സ്ഫുടവുമായ ശബ്ദമായിരുന്നില്ല ഉപ്പ്സാലായിൽ ഈ കൂട്ടരിൽ നിന്നും

കേൾക്കുവാൻ സാധിച്ചത്. എന്നിരുന്നാലും തങ്ങളുടെ സാന്നിദ്ധ്യവും ശക്തിയും അവർ ഉപ്പ്സാലയെ അറിയിക്കാതിരുന്നില്ല.

പാശ്ചാത്യേതരലോകത്തിനുള്ള കഴിവും സ്വാധീനവും വിളിച്ചറിയിക്കുന്ന ഒന്നായിരുന്നു മാർത്തോമ്മാസഭയിലെ ശ്രീ. എം. എം. തോമസിനെ സെൻട്രൽക്കമ്മറ്റിയുടെ ചെയർമാനായി തെരഞ്ഞെടുത്തത്. നേതാക്കന്മാരിൽ താരതമ്യേന പ്രായം കുറവുള്ള ഈ ഏഷ്യക്കാരനെ എക്യുമെനിക്കൽ പ്രസ്ഥാനത്തിന്റെ കനത്ത ഉത്തരവാദിത്വമുള്ള പദവിയിലേക്കുയർത്തിയത് ചിലർ ചോദ്യം ചെയ്തേക്കാമെങ്കിലും ആ സ്ഥാനത്തിനർഹമായി പ്രാപ്തനും പരിചയസമ്പന്നനുമായ മറ്റൊരാളെ പാശ്ചാത്യേതരലോകത്തു നിന്നു ലഭിക്കാനിടയില്ലെന്നുള്ളതാണ് പരമാർത്ഥം.

ധനശാസ്ത്ര വിദഗ്ദ്ധനായ ലേഡി ജാക്ക്സനും (Burbara Ward) പൗരസ്ത്യ പ്രതിനിധികളും തമ്മിൽ നടന്ന ധനശാസ്ത്രപരമായ ഡിബൈറ്റ്, സമ്മേളനത്തിന്റെ പ്രസംഗപരമ്പരയിലെ ഒരു പ്രധാനയിനമായിരുന്നു. ധനികനും ദരിദ്രനും തമ്മിൽ വർദ്ധിച്ചുവരുന്ന അന്തരം ഭാവിയിലേക്കു ഗുരുതരമായ പ്രശ്നങ്ങളാണ് സംഭരിക്കുന്നതെന്നുള്ളതിൽ ഇരു കൂട്ടരും ഏകാഭിപ്രായക്കാരായിരുന്നു. ആയതിനാൽ വൈകാതൊരു വ്യതിയാനം ഇതിനു വരുത്തണമെന്ന് പൗരസ്ത്യ പ്രതിനിധികൾ അറിയിച്ചു. അല്പം സന്മനോഭാവവും സ്വല്പം ത്യാഗസന്നദ്ധതയും പടിഞ്ഞാറൻ രാഷ്ട്രങ്ങളിൽ നിന്ന് വരുമെങ്കിൽ ഈ പ്രശ്നത്തിന് വേഗത്തിൽ പരിഹാരം കാണാൻ സാധിക്കുമെന്ന് ലേഡി ജാക്സൻ അഭിപ്രായപ്പെട്ടു. പല അവസരങ്ങളിലും പാശ്ചാത്യ രാജ്യങ്ങൾ സന്മനോഭാവം കൊണ്ടും ജനാധിപത്യനടപടികൾ കൊണ്ടും ഇതിനു പരിഹാരമാർഗ്ഗം കാണുവാൻ ശ്രമിക്കുകയുണ്ടായിട്ടുണ്ടെന്നും അവർ സൂചിപ്പിച്ചു. ദേശീയ ലവലിൽ പാശ്ചാത്യരാഷ്ട്രങ്ങൾ സാമ്പത്തികാനീതിയെ ഉന്മൂലനം ചെയ്തുകഴിഞ്ഞെന്നും അന്തർദേശീയ വ്യവസ്ഥിതിയിലും സാമ്പത്തികനീതി പാലിക്കുവാൻ സാദ്ധ്യമാണെന്നും അവർ വാദിച്ചു. അലഹബാദ് സർവ്വകലാശാലയിലെ ധനശാസ്ത്ര വിദഗ്ദ്ധനായ പ്രൊഫസ്സർ സാമുവേൽ പാർമറും, സാമ്പിയായിലെ പ്രസിഡണ്ട് കൗണ്ടയെപ്പോലുള്ള രാഷ്ട്രീയനേതാക്കളും കഴിഞ്ഞ ഒരു ദശവർഷകാലത്തെയനുഭവം പാശ്ചാത്യരുടെ സന്മനോഭാവത്തിൽ വിശ്വസിക്കുന്നതിന് അനുകൂലമല്ലെന്നു വാദിച്ചു. പാശ്ചാത്യരിൽ നിന്നുള്ള സാമ്പത്തിക സഹായം കുറഞ്ഞുകൊണ്ടാണിരിക്കുന്നത്. വല്ലതും ലഭിക്കുന്നുണ്ടെങ്കിൽ തന്നെയും അതു നൽകുന്നതായ രാഷ്ട്രങ്ങളുടെ മയമില്ലാത്ത വ്യവസ്ഥകൾ മൂലം കാലാന്തരത്തിൽ ലഭിക്കുന്നതിനേക്കാൾ കൂടുതൽ അവർ എടുത്തുകൊണ്ടാണിരിക്കുന്നത്. പ്രസിഡണ്ട് കൗണ്ടയുടെ അഭിപ്രായത്തിൽ മത്സ്യത്തെ പിടിക്കുവാൻ ഇര ഇട്ടുകൊടുക്കുന്നതു പോലെയാണ് വിദേശസഹായം. പാശ്ചാത്യേ

തരരാഷ്ട്രങ്ങളിൽ നിന്ന് കയറ്റി അയക്കുന്ന സാധനങ്ങൾക്ക് തുച്ഛമായ വിലയും അവിടേക്ക് കയറ്റുമതി ചെയ്യുന്ന സാധനങ്ങൾക്ക് താരതമ്യേന വർദ്ധിച്ച തോതിലുള്ള നിരക്കുമാണുള്ളത്. ഇതാണ് തന്ത്രപരമായൊരു ചൂഷണമാർഗ്ഗം. പാവപ്പെട്ടവരുടെ വക്താക്കൾ വെട്ടിത്തുറന്ന് ഈവിധം സംസാരിച്ചത് അസംബ്ലിയിൽ ആദർശപരമായൊരു സംഘർഷാവസ്ഥ സൃഷ്ടിക്കാതിരുന്നില്ല. എണ്ണിയെണ്ണി നിരത്തിവെയ്ക്കപ്പെട്ടതായ കാര്യങ്ങൾ ഇന്നത്തെ അന്യായമായ സാമ്പത്തിക വ്യവസ്ഥിതിയുടെ ഉള്ളറകൾ തുറന്നുകാണിക്കുന്നവയായിരുന്നു. തന്മൂലം അസംബ്ലിയുടെ സംവാദങ്ങളിൽ 'നീതി', 'വിപ്ലവം' എന്ന പദങ്ങൾ വളരെയേറെ ആവേശഭരിതമായാണ് കൈകാര്യം ചെയ്തിരുന്നത്. പാശ്ചാത്യേതരലോകം അതിന്റെ ശബ്ദം ശക്തിയോടെ അവിടെ കേൾപ്പിച്ചു. ആ ശബ്ദം അവഗണിക്കുകയും അപമാനിക്കപ്പെടുകയും ചെയ്യുന്നത് ലോകസമാധാനത്തിന്റെ ശവക്കുഴി തോണ്ടുന്നതിനു തുല്യമായിരിക്കും.

## യുവശബ്ദം

ഉപ്പ്സാലായിൽ വന്നെത്തിയവരിൽ യുവജനങ്ങൾ കുറവായിരുന്നു. സാധാരണയായി ഓരോ സഭയിൽ നിന്നും നേതാക്കന്മാരായിട്ടുള്ളവരാണല്ലോ ഇതുപോലെയുള്ള സമ്മേളനത്തിലേക്ക് അയക്കപ്പെടുന്നത്. പ്രായത്തിൽ ഒരു പരിധി കഴിഞ്ഞവരായിരിക്കും നേതൃവലയത്തിലുള്ളത്. അതായിരിക്കുമിതിനു കാരണം. എന്നാൽ ചുരുക്കം ചില ഡലിഗേഷൻ അങ്ങനെയല്ലായിരുന്നു. അമേരിക്കയിലെ അംഗ്ലിക്കൻ സഭയിൽ നിന്നു വന്ന സംഘത്തിൽ 30 വയസ്സിന് താഴെയുള്ള ചിലർ സഭയുടെ ഔദ്യോഗിക അംഗങ്ങളായിട്ടുണ്ടായിരുന്നു. ഒരു പ്രത്യേക പരിതസ്ഥിതിയിൽ നമ്മുടെ സഭയിൽ നിന്നുള്ള ഡലിഗേഷനിൽ യുവാക്കന്മാരായ ഫാദർ ജോസഫ് വെണ്ടറപ്പിള്ളി, കെ. കെ. വറുഗീസ് ശെമ്മാശ്ശൻ, ശ്രീ. ഫീലിപ്പോസ് തോമ്മസ് എന്നിവർ ഉൾപ്പെട്ടിരുന്നു. അഭിവന്ദ്യ പൗലൂസ് മാർ പീലക്സീനോസ് തിരുമേനിയും മാത്യൂസ് മാർ കൂറിലോസ് തിരുമേനിയും, ഡോ. ജെ. അലക്സാണ്ടറും അവിചാരിതമായ ചില കാരണങ്ങളാൽ സ്ഥലത്തെത്താതെയിരുന്നതിനാലാണ് ഇവർ നമ്മുടെ സഭയെ പ്രതിനിധീകരിച്ചത്. മുപ്പത് അംഗങ്ങളടങ്ങിയ റഷ്യൻ ഡലിഗേഷനിലും ചില ചെറുപ്പക്കാർ ഉണ്ടായിരുന്നു.

ഡലിഗേറ്റുകൾക്കു പുറമേ, വിവിധ ഭാഗങ്ങളിൽ നിന്ന് 135 പേർ യുവജനപ്രതിനിധികളായി ഈ സമ്മേളനത്തിൽ പങ്കെടുത്തു. നമ്മുടെ സഭയിൽ നിന്നും യുവജനപ്രതിനിധിയായി സംബന്ധിച്ചത് കോട്ടയം ബസ്സേലിയോസ് കോളജിലെ ലക്ചറർ കെ. വി. പൗലൂസ് ശെമ്മാശ്ശനാണ്. ഇവർക്ക് അസംബ്ലിയിൽ വോട്ടവകാശമുണ്ടായിരുന്നില്ലെങ്കിലും അസംബ്ലിക്കകത്തും പുറത്തും തങ്ങളുടെ ശബ്ദം വ്യക്തമായി അവർ

കേൾപ്പിക്കുക തന്നെ ചെയ്തു. ഒരു യാഥാസ്ഥിതികമട്ടിലും മാതൃകയിലുമാണ് അസംബ്ലി സംഘടിപ്പിച്ചിരിക്കുന്നതും പ്രവർത്തനം നടത്തുന്നതുമെന്ന് അവർ പരാതിപ്പെട്ടു. ദാരിദ്ര്യമനുഭവിക്കുന്ന അനേകരോടു വിശിഷ്യ, ബിയാഫ്രയിലുള്ളവരോടു സഹതാപം കാണിക്കുവാനായി അവർ ഒരു ദിവസം ഉപവാസവ്രതമനുഷ്ഠിക്കുകയുണ്ടായി. സ്വീഡനിലെ യുവാക്കളിൽ ഒട്ടേറെപ്പേരും മറ്റു രാജ്യങ്ങളിൽ നിന്നു വന്ന ചിലരും അസംബ്ലിഹാളിനു സമീപം വന്നുകൂടുമായിരുന്നു. അസംബ്ലിയുടെ ഔദ്യോഗിക പരിപാടികൾ രാത്രി 9.45 –ന് അവസാനിച്ചുകഴിഞ്ഞാൽ 'ക്ലബ്ബ് 68' എന്ന യുവജനസ്ഥാപനം പ്രവർത്തനമാരംഭിക്കുകയായി. സമ്മേളനത്തിനെത്തിയിട്ടുള്ള നേതാക്കന്മാരെ അവിടേക്കു ക്ഷണിച്ചുവരുത്തി പ്രസംഗിപ്പിക്കുകയും വിവിധ പ്രശ്നങ്ങളെക്കുറിച്ച് അവരുമായി ചർച്ച ചെയ്യുകയുമായിരുന്നു ഈ യുവജനങ്ങളുടെ പതിവ്. ചിലപ്പോഴൊക്കെ ഈ ചർച്ചാസമ്മേളനത്തിൽ രാത്രി 2 മണിവരെ ഈ ലേഖകനും പങ്കെടുക്കേണ്ടി വന്നിട്ടുണ്ട്. അസംബ്ലിയിൽ നടന്നതിനേക്കാൾ ആത്മാർത്ഥവും സ്വതന്ത്രവുമായ ചർച്ചകൾ 'ക്ലബ് 68' –ൽ നടക്കുകയുണ്ടായി എന്നുള്ളത് സന്തോഷകരമായ ഒരു സംഗതിയാണ്.

## എക്യുമെനിക്കൽ പ്രസ്ഥാനത്തിന്റെ ഭാവി

എക്യുമെനിക്കൽ പ്രസ്ഥാനത്തിന്റെ നിർണ്ണായകമായ ഒരു കാലയളവാണ് 1968; വിശേഷിച്ചും ലോകസഭാ കൗൺസിലിന്. രണ്ടാം വത്തിക്കാൻ കൗൺസിലിലെ ചർച്ചകളും അതെടുത്ത തീരുമാനങ്ങളും പ്രോട്ടസ്റ്റന്റ് ചിന്താഗതികളുമായി അടുത്തു പെരുമാറുവാൻ കത്തോലിക്കർക്ക് അവസരം നൽകുന്നുണ്ട്. റോമൻ കത്തോലിക്കാ സഭയിലെ പല വേദശാസ്ത്രപണ്ഡിതന്മാരും ഈ അവസരം ശരിക്കുപയോഗിക്കുവാനും തുടങ്ങിയിട്ടുണ്ട്. എന്നാലൊരു പ്രത്യേക പരിതസ്ഥിതി റോമൻ കത്തോലിക്കാ സഭയിൽ സംജാതമായിരിക്കയാണ്. ജനനനിയന്ത്രണത്തിന് നിയമപ്രാബല്യം നൽകുവാൻ വളരെയേറെ കത്തോലിക്കർ പരിശ്രമിക്കുന്നു. നിർബന്ധിതമായ അവിവാഹിത ജീവിതം വൈദികരുടെ മേൽ അടിച്ചേല്പിക്കുന്നതിൽ അമേരിക്കയിലെയും ഹോളണ്ടിലെയും ജർമ്മനിയിലെയും ആയിരക്കണക്കിന് കത്തോലിക്കാ വൈദികർ പ്രതിഷേധിച്ചിരിക്കുന്നു. മേല്പറഞ്ഞ രാജ്യങ്ങളിലും മറ്റു ചില രാജ്യങ്ങളിലും കത്തോലിക്കരും പ്രോട്ടസ്റ്റന്റുകാരും തമ്മിൽ വി. കുർബ്ബാനാനുഭവം നടത്തുവാൻ അനേകർ ആഗ്രഹിക്കുന്നു. ഈ സ്ഥിതിവിശേഷങ്ങളൊക്കെയും യാഥാസ്ഥിതികമായ ഒരു നിലപാടിൽ മുറുകെപ്പിടിക്കുവാൻ പോപ്പിനെയും റോമിൽ അധികാരവൃത്തത്തിലുള്ളവരെയും പ്രേരിപ്പിക്കുന്നതുപോല തോന്നുന്നു.

റോമൻ കത്തോലിക്കാ ചിന്താഗതിയിലുള്ള ഈ സംഘർഷാവസ്ഥയും എക്യുമെനിക്കൽ പ്രസ്ഥാനത്തിനോടുള്ള അടുപ്പത്തിന്റെ പോരായ്മയും നിമിത്തം ആസന്നഭാവിയിൽ റോമൻ കത്തോലിക്കാസഭ WCC യിൽ ചേരുമോയെന്ന് സംശയിക്കേണ്ടിയിരിക്കുന്നു.

ഓർത്തഡോക്സ് സഭകൾ അംഗങ്ങളായിട്ടുണ്ടെങ്കിലും WCC യിൽ പ്രൊട്ടസ്റ്റന്റു മേധാവിത്വമാണ് നിലവിലുള്ളത്. റോമൻ കത്തോലിക്കാ സഭയ്ക്കുവേണ്ടി WCC യുടെ കവാടം തുറന്നിട്ടുണ്ട്. ആ സഭ ഇതിലെ അംഗമാകുവാൻ എപ്പോൾ ആഗ്രഹിക്കുന്നുവോ അപ്പോൾ സ്വീകരിക്കുവാൻ തയ്യാറാണെന്ന് WCC ഔദ്യോഗികമായി പ്രഖ്യാപിച്ചിരിക്കുകയാണ്. എന്നാൽ റോമൻ കത്തോലിക്കാസഭ അംഗത്വമെടുത്തുവന്നാൽ ഈ സമിതിയിൽ തങ്ങളുടെ ആധിപത്യമവസാനിക്കുകയില്ലേയെന്ന് അവർ ന്യായമായും ഭയപ്പെടുന്നുണ്ട്.

ഫെയിത്ത് ആൻഡ് ഓർഡർ കമ്മീഷൻ, അതിന് പ്രോട്ടസ്റ്റന്റ് മേധാവിത്വമാഗ്രഹമില്ലെങ്കിൽ ഈ കമ്മീഷന്റെ മൂന്നിലൊന്ന് അംഗത്വം റോമൻ കത്തോലിക്കാസഭയ്ക്കു നൽകേണ്ടതാണ്. ലോകക്രിസ്തീയ ജനസംഖ്യയിൽ പകുതിയോളം വരും കത്തോലിക്കർ (135 അംഗങ്ങളുള്ള ഫെയിത്ത് ആൻഡ് ഓർഡർ സമിതിയിൽ 9 പേർ മാത്രമേ റോമൻ കത്തോലിക്കാ സഭയിൽ നിന്നുള്ളു). ക്രിസ്തീയ ജനസംഖ്യയിൽ മൂന്നിലൊന്നേ പ്രൊട്ടസ്റ്റന്റുകാരുള്ളുവെങ്കിലും ഈ സമിതിയിൽ നൂറോളം അംഗങ്ങൾ അവരുടേതാണ്.

### ഓർത്തഡോക്സ് സംഭാവന

എക്യുമെനിക്കൽ പ്രസ്ഥാനത്തിന് ഓർത്തഡോക്സ് സംഭാവനയെന്താണ്? നമ്മുടെ സാമ്പത്തികമായ സംഭാവന പരിതാപകരമാംവണ്ണം തുച്ഛമാണ്. ആ പ്രസ്ഥാനത്തിന്റെ ചർച്ചകളിൽ സജീവമായി പങ്കെടുക്കുവാൻ കഴിവുള്ളവർ വിരളമാണ്. പാശ്ചാത്യചിന്താഗതിയാണ് ഇതിന്റെ പ്രവർത്തനങ്ങളിൽ കൂടുതലായി നിഴലിക്കുന്നത്. തന്മൂലം ഓർത്തഡോക്സുകാരും പ്രോട്ടസ്റ്റന്റുകാരും അതൃപ്തരാകുന്ന അവസരങ്ങൾ ഉണ്ടാകാറുണ്ട്. എന്നിരുന്നാലും ഓർത്തഡോക്സ് സഭ അതിന്റെ പ്രേരണ ലോകസഭാ കൗൺസിലിൽ ചെലുത്തിക്കൊണ്ടാണിരിക്കുന്നത്. നമ്മുടെ പാശ്ചാത്യ സഹോദരങ്ങൾക്ക് അത്ര രുചിച്ചില്ലെങ്കിലും നാം ഈ സ്വാധീനത ആഴത്തിലും വ്യാപ്തിയിലും വർദ്ധിപ്പിക്കേണ്ടതായിട്ടാണിരിക്കുന്നത്. എന്തുകൊണ്ടെന്നാൽ, റോമൻ കത്തോലിക്കർക്കും പ്രോട്ടസ്റ്റന്റുകാർക്കുമെന്നപോലെ നമുക്കും സഭയുടെ യോജിപ്പ് സുപ്രധാനമായിട്ടുള്ളതാണ്. സത്യവിശ്വാസ പാരമ്പര്യത്തിൽ അധിഷ്ഠിതമായിട്ടുള്ള ഓർത്തഡോക്സ് സഭയുടെ പൂർണ്ണമായ സഹകരണം കൂടാതെ സഭകളുടെ ഐക്യം

സാദ്ധ്യമല്ല; പൂർണ്ണമായ സഹകരണം കൂടാതെ സഭകളുടെ ഐക്യം സാദ്ധ്യമല്ല; സഭൈക്യപ്രസ്ഥാനത്തിന് കാതലായ പുരോഗതിയും സാദ്ധ്യമല്ല. പക്ഷേ ആ സഹകരണം വേണ്ടുംവിധം നൽകണമെങ്കിൽ നമുക്ക് ഇപ്പോഴുള്ളതിൽ കൂടുതൽ ആത്മീയവും ബുദ്ധിപരവുമായ ശക്തിയുണ്ടാകണം.

ഉപ്പ്സാലാ സമ്മേളനത്തിലെ സുപ്രധാന കമ്മറ്റികളിൽ ഒന്നായ ഇന്റർ ചർച്ച് എയ്ഡ് കമ്മറ്റിയിൽ നമ്മുടെ ഫിലിപ്പോസ് മാർ തെയോഫിലോസ് തിരുമേനി ആദ്ധ്യക്ഷം വഹിച്ചു. പൊതു അസംബ്ലിയുടെ ആരാധനയിൽ നമ്മുടെ പൗരസ്ത്യ സഭകളുടെ പ്രഭാതപ്രാർത്ഥന നടന്ന അവസരത്തിൽ തിരുമേനി ചെയ്ത പ്രസംഗം അത്യന്തം ശ്രദ്ധേയമായിരുന്നു.

ബ. വി. സി. ശമുവേൽ അച്ചൻ ഫെയിത്ത് ആൻഡ് ഓർഡർ കമ്മിറ്റിയുടെ സെക്രട്ടറിയായി അസംബ്ലിയിൽ സേവനമനുഷ്ഠിച്ചു. അർമ്മീനിയൻ സഭയിലെ ബിഷപ്പ് സർക്കീസിയാൻ അഖില ലോക സഭാ കൗൺസിലിന്റെ എക്സിക്യൂട്ടീവ് കമ്മറ്റിയിലേക്കു തെരഞ്ഞെടുക്കപ്പെട്ടു. ഗ്രീക്ക്, റഷ്യൻ സഭകളിലെ പ്രതിനിധികൾ അസംബ്ലിയിൽ ഇപ്രാവശ്യം വളരെ സുപ്രധാനമായ ഒരു പങ്കു വഹിച്ചു എന്നു പറയുന്നതിൽ അതിശയോക്തിയില്ല. നമുക്കു പരസ്പരം യോജിപ്പും കുറേക്കൂടി സംഘടനാശക്തിയുണ്ടാകുമെങ്കിൽ വളരെയധികം നിർണ്ണായകമായ പങ്ക് മേലിൽ വഹിക്കാൻ സാധിക്കുമെന്ന് നിസ്സംശയം പറയാം.

*(1968-ൽ എഴുതിയ ലേഖനം)*

# 10

## പാപ്പായുടെ സന്ദർശനം

പടിഞ്ഞാറിന്റെ പാത്രിയർക്കീസ് റോമ്മിലെ ബിഷപ്പ്, നമ്മുടെ നാടും സഭയും സന്ദർശിച്ചിരിയ്ക്കുന്നു; ചരിത്രത്തിലാദ്യമായിട്ടാണ്. അദ്ദേഹത്തിന്റെ ആടുകളായ കത്തോലിക്കാ ക്രിസ്ത്യാനികളെ സന്ദർശിയ്ക്കുന്നതിനാണ് വന്നത്. ഐക്യത്തിന് വേണ്ടി കൂടെയാണെന്ന് പറയുന്നുണ്ട്. ക്രൈസ്തവരുടെ ഐക്യം മാത്രമല്ല, മനുഷ്യരാശിയുടെ മുഴുവൻ ഐക്യം മനസ്സിൽ വെച്ചുകൊണ്ടാണ് ഐക്യം എന്ന് പറയുന്നതെന്ന് സാഹചര്യങ്ങൾ കൊണ്ട് വ്യക്തം.

സഭയുടെ ഐക്യവും മനുഷ്യരാശിയുടെ ഐക്യവും പരസ്പര ബന്ധമുള്ളവയാണ്. സഭകളിലെ പിളർപ്പുകളിൽ അധികവും വിശ്വാസ വ്യത്യാസത്തിൽ നിന്നല്ല, പ്രത്യുത രാഷ്ട്രീയ, സാമുദായിക വൈരുദ്ധ്യങ്ങളിൽ നിന്നാണ് ഉടലെടുത്തിട്ടുള്ളതെന്ന് ചരിത്രം പരിശോധിച്ചാലറിയാം.

റോമ്മാ പാപ്പയുമായി പൗരസ്ത്യ ക്രിസ്ത്യാനികൾ അകന്നത് പ്രധാനമായും അഞ്ചും ആറും ശതാബ്ദങ്ങളിലായിരുന്നു. അതുവരെ നാമെല്ലാവരും ഒരു സഭയായിരുന്നു. ഈ സഭയ്ക്ക് കർത്താവായ യേശുമിശിഹായല്ലാതെ മറ്റൊരു തലവനുമില്ലായിരുന്നു.

നിഖ്യാ സുന്നഹദോസ് 325-ൽ കൂടിയപ്പോൾ, ഇരിപ്പിടങ്ങളുടെ മുറക്രമീകരിയ്ക്കുന്ന (Protocol) ചുമതല കുസ്തന്തിനോസ് ചക്രവർത്തിയുടെ ഉദ്യോഗസ്ഥന്മാരാണ് ഏറ്റെടുത്തത്. റോമ്മാസാമ്രാജ്യത്തിലെ പ്രോട്ടോക്കോൾ അനുസരിച്ച് ചക്രവർത്തിയ്ക്ക് ഒന്നാം സ്ഥാനവും, ആഫ്രിക്കയിലെ വൈസ്റോയി അലക്സാൻഡ്റിയയിലെ പ്രീഫെക്റ്റിന്ന് രണ്ടാം സ്ഥാനവും, ആസ്യയിലെ പ്രീഫെക്റ്റ്, അന്ത്യോഖ്യായിൽ നിവസിയ്ക്കുന്ന “കിഴക്കിന്റെ പ്രഭു''വിന്ന് മൂന്നാം സ്ഥാനവുമായിരുന്നു. ഉൽഘാടനപ്രസംഗം കുസ്തന്തീനോസ് ചക്രവർത്തി തന്നെ ചെയ്തു. റോമിലെ ബിഷപ്പ് വന്നില്ലായിരുന്നു. അദ്ദേഹത്തിന്റെ പ്രതിനിധിയായി കൊർഡോവയിലെ ഹോസിയസും പാപ്പായുടെ രണ്ടു പുരോഹിതന്മാരും ചക്രവർത്തിയുടെ തൊട്ടടുത്തും, അലക്സന്തറിയാ പാത്രിയർക്കീസായ അലക്സാണ്ടർ അതിനടുത്തും ഇരുന്നിരുന്നു അന്ത്യോഖ്യായ്ക്ക് അതിനടുത്ത സ്ഥാനം. അവിടെ പരിശുദ്ധനായ മാർ എവുസ്താത്തിയോസ് (ഒസ്താത്യോസ് ലോപരൂപമാണ്) ആസനസ്ഥനായിരുന്നു. ഈ പ്രോട്ടോക്കോൾ നിഖ്യാസുനഹദോസ് സഭയുടെ പ്രോട്ടോക്കോളായി സ്വീകരിച്ചതിൽ നിന്നാണ് റോമ്മാ പാപ്പായ്ക്ക് “തുല്യരിൽ ആദ്യൻ” എന്ന സ്ഥാനം സഭ കൊടുക്കാനിടയായത്.

അന്ന് സഭയ്ക്ക് ‘ആകമാന സഭാതലവൻ’ ഇല്ല. റോമ്മാ സാമ്രാജ്യത്തിലെ സഭകളെ ഒരുമിച്ചു കൊണ്ടുപോയിരുന്നത് ചക്രവർത്തി തന്നെയായിരുന്നു. റോമ്മാ സാമ്രാജ്യത്തിന് പുറത്ത് അനേക സഭകളന്നുണ്ടായിരുന്നു. ഓരോന്നിനും അതതിന്റെ എപ്പിസ്കോപ്പന്മാരും, അവരുടെ സുന്നഹദോസിന്റെ അദ്ധ്യക്ഷനായി, രാജ്യത്തെ തലസ്ഥാന നഗരിയിലെ ബിഷപ്പും ഉണ്ടായിരുന്നു. ന്യൂബിയാ, അറേബിയ, അർമ്മീനിയ, ജോർജ്ജിയാ, പേർഷ്യ, ഇന്ത്യ എന്നീ രാജ്യങ്ങളിലെ സഭകൾ സ്വയംപര്യാപ്തങ്ങളായിരുന്നു. എത്യോപ്യയിലെ സ്വതന്ത്രസഭയും ഇക്കാലത്ത് ഉടലെടുത്തു. റോമ്മാ ചക്രവർത്തിയ്ക്കോ റോമ്മാസാമ്രാജ്യത്തിലെ ഏതെങ്കിലും മെത്രാപ്പോലീത്തായ്ക്കോ സാമ്രാജ്യത്തിന്ന് പുറത്തുള്ള സഭകളുടെമേൽ യാതൊരു അധികാരവുമുണ്ടായിരുന്നില്ല. അതുകൊണ്ടാണ് ആ സഭകൾ അവയുടെ പാരമ്പര്യമനുസരിച്ചു നടന്നുകൊള്ളട്ടെ എന്ന് നിഖ്യാ പറയുന്നത്.

അന്ന് റോമ്മായിലെ ബിഷപ്പിന്റെ അധികാരപരിധി റോമ്മാ നഗരത്തിന് ചുറ്റും മാത്രമേയുണ്ടായിരുന്നുള്ളു. പാശ്ചാത്യസഭയെ പ്രതിനിധീകരിയ്ക്കുന്ന ബിഷപ്പന്മാർ നിഖ്യായിൽ ആറ് പേരേയുണ്ടായിരുന്നുള്ളു. സാമ്രാജ്യത്തിൽ ആകെയുള്ള 300 ൽപ്പരം മെത്രാന്മാരിൽ ആറു പേർ മാത്രം: യൂറോപ്യന്മാരായിരുന്നു എന്നുള്ളതിൽ നിന്ന് റോമാസാമ്രാജ്യത്തിനകത്തെ സഭ തന്നെ ഏഷ്യയ്ക്കും ആഫ്രിയ്ക്കയ്ക്കും ബഹുഭൂരിപക്ഷമുള്ള ഒരു പൗരസ്ത്യ സഭയായിരുന്നു എന്ന് കാണാം. എന്നാൽ ആകമാന സഭയുടെ മേൽ അധികാരം വഹിയ്ക്കുന്ന ഒരു മെത്രാപ്പോലീത്തായും ഒരിടത്തുമുണ്ടായിരുന്നില്ല.

എങ്ങിനെ റോമ്മാ ബിഷപ്പിന് പിന്നെ ഇത്ര വലിയ പ്രതാപവും ശക്തിയും ലഭിച്ചു എന്നുള്ള ചരിത്രത്തിലേയ്ക്കിവിടെ പ്രവേശിയ്ക്കുന്നില്ല. അദ്ധ്യാത്മിക ശക്തിയേക്കാൾ ലൗകിക ശക്തിയാണ് ഈ വികാസത്തിന്റെ പിറകിലുണ്ടായിരുന്നത്. അദ്ധ്യാത്മികശക്തി ഇല്ലായിരുന്നു എന്നല്ല ഇപ്പറഞ്ഞതിനർത്ഥം. മറ്റേതൊരു സഭയേയും പിറകിലാക്കുന്ന അദ്ധ്യാത്മിക ചൈതന്യം പാശ്ചാത്യസഭയിൽ ചില കാലങ്ങളിലുണ്ടായിരുന്നു. പക്ഷേ അതിനേക്കാൾ ശക്തമായ ലൗകിക സാമ്രാജ്യത്വശക്തി കൂടെ ഉണ്ടായിരുന്നതുകൊണ്ടാണ് ഈ കൊച്ചുസഭ ലോകമെങ്ങും പടർന്നു പന്തലിച്ചത്.

നിഖ്യാ സുന്നഹദോസിന്റെ കാലത്ത് ആറു മെത്രാന്മാർ സുന്നഹദോസിൽ സംബന്ധിച്ച ആ പാശ്ചാത്യസഭയ്ക്ക്, ഇന്നൊരു ലോകസുന്നഹദോസുണ്ടാകുകയാണെങ്കിൽ 4000 എപ്പിസ്കോപ്പന്മാരെ അയയ്ക്കാൻ കഴിയുമെന്നുള്ളത് അത്ഭുതാവഹമായ ഒരു യാഥാർത്ഥ്യമാണ്.

ഈ അത്ഭുതാവഹമായ സഭയുടെ പ്രധാന തലവനെന്ന നിലയിലാണ് റോമാ പാപ്പായെ നാം സ്വാഗതം ചെയ്തതും.

ഏലിയാ കത്തീഡ്രലിൽ വെച്ചുള്ള നമ്മുടെ പരിശുദ്ധ ബാവായുടെ സ്വാഗതപ്രസംഗത്തിൽ രണ്ടു കാര്യങ്ങൾ എടുത്തുപറഞ്ഞു. ഒന്നാമത്, അജമോഷണം എന്ന പ്രസ്ഥാനം നിലയ്ക്കണം. രണ്ടാമത്, കത്തോലിക്കാ സഭാ പണ്ഡിതന്മാരും പൗരസ്ത്യ ഓർത്തഡോക്സ് സഭാ പണ്ഡിതന്മാരും തമ്മിൽ 1972–78 വർഷങ്ങളിൽ വിയന്നായിൽ വെച്ചു നടന്ന സംഭാഷണങ്ങളുടെ അടിസ്ഥാനത്തിൽ ഇന്ത്യയിൽ കത്തോലിക്കാ – ഓർത്തഡോക്സ് സഭകൾ തമ്മിൽ ഒരു സംഭാഷണം നടക്കണം. ഇത് രണ്ടും ഉണ്ടാകുകയാണെങ്കിൽ അനേക കാര്യങ്ങളിൽ പരസ്പരം സഹകരിയ്ക്കാനൊക്കും.

മാർപ്പാപ്പായുടെ മറുപടിയിൽ സഭയൊന്നാകണമെന്നല്ലാതെ കൂടുതൽ വ്യക്തമായി ഒന്നും പറഞ്ഞില്ല. ഒന്നാകുന്നതിന്റെ അടിസ്ഥാനമായി പിരിയുന്ന സമയത്ത്, കാറിൽ കയറുന്നതിന് മുൻപായി മാർപാപ്പാ നമ്മുടെ ബാവായോട് പറഞ്ഞു. 'ഞാൻ റോമ്മയിലെ പാപ്പാ അവിടുന്ന് കോട്ടയത്തെ പാപ്പാ' എന്ന്. അതിന്റെ പിറകിൽ കിടക്കുന്നത് റോമ്മാ പാപ്പായുടെ പരമാധികാരം സമ്മതിച്ചുകൊടുക്കാമെങ്കിൽ നമ്മുടെ കാതോലിക്കായുടെ പാത്രിയർക്കാ സ്ഥാനം അംഗീകരിയ്ക്കാമെന്നോ മറ്റോ ആയിരിയ്ക്കണം. കാരണം അങ്ങിനെയൊരു വിചിത്രമായ നിർദ്ദേശം ഇവിടെയുള്ള ചില കത്തോലിക്കാ മെത്രാന്മാർ നമ്മുടെ ബാവായുടെ മുൻപിൽ കുറെ ആഴ്ചകൾക്ക് മുൻപിൽ സമർപ്പിച്ചു എന്നുള്ളത് പരമാർത്ഥമാണ്. വത്തിക്കാനിൽ നിന്നുള്ള നീക്കമായിരുന്നു ഇതെന്നും, പാപ്പാ ഇവിടെയുള്ളപ്പോൾ 'പുനരൈക്യം' സാധിയ്ക്കാമെന്നുമൊക്കെയായിരുന്നിരിയ്ക്കണം ചിലരുടെ മോഹമെന്നും അറിവുള്ളവർ പറയുന്നു. അതുകൊണ്ടു തന്നെയായിരിയ്ക്കണം പരിശുദ്ധ ബാവായുടെ പ്രസംഗത്തിൽ അല്പം കൂടുതൽ കർക്കശത്വം കണ്ടതും. കുന്നശ്ശേരി മെത്രാച്ചന്റെ വീട്ടിൽ പാപ്പായുടെ കൂടെ ഊണുകഴിയ്ക്കാൻ നമ്മുടെ ബാവാ ചെന്നാൽ മതിയെന്നും പാപ്പാ നമ്മെ വന്ന് കാണേണ്ടുന്നയാവശ്യമില്ലെന്നും ഇവിടത്തെ കത്തോലിക്കാ മെത്രാന്മാർ നിർദ്ദേശിച്ചതും ഈ കർക്കശത്വത്തിന്റെ പിറകിൽ കാണും.

പാപ്പായുടെ സന്ദർശനത്തിന് ഏതാനും വാരങ്ങൾക്കുമുമ്പ് നമ്മുടെ ബാവായെക്കാണാൻ മൂന്നു കത്തോലിക്കാ മെത്രാന്മാർ വരുന്നുവെന്നും അവരെ സ്വീകരിയ്ക്കണമെന്നും ഒരു കത്തോലിക്കാ പുരോഹിതൻ വന്ന് നമ്മുടെ ബാവായോടഭ്യർത്ഥിച്ച് ബാവാ സമ്മതിച്ചശേഷം, ബാവാ ഈ മെത്രാന്മാരെ ദേവലോകത്തേയ്ക്ക് ക്ഷണിയ്ക്കുന്നതായി ബാവായുടെ ഒപ്പിട്ട എഴുത്ത് വേണമെന്ന് പറഞ്ഞ് സൂത്രത്തിൽ എഴുത്തുവാങ്ങി

ക്കൊണ്ടുപോയത് "പുനരൈക്യ"ത്തിനുള്ള പ്രഥമനീക്കം നമ്മുടെ ബാവായിൽ നിന്നാണുണ്ടായതെന്ന് കാണിയ്ക്കാനുള്ള രേഖയുണ്ടാക്കുകയായിരുന്നുവെന്നും സംശയമുണ്ട്. നമ്മുടെ സഭയും കത്തോലിക്കാ സഭയും തമ്മിലുള്ള സൗഹൃദബന്ധത്തെ കണക്കിലധികം ഉലയ്ക്കുന്ന ഒരു പ്രവൃത്തിയായിരുന്നു അന്ത്യോഖ്യാ റീത്തുകാരിൽ നിന്നു മാത്രമല്ലാതെ സുറിയാനിക്കത്തോലിക്കാ (മലബാർ റീത്തു) ബിഷപ്പന്മാരിൽനിന്ന് കൂടെവന്ന ഈ "പുനരൈക്യ" നീക്കം.

കത്തോലിക്കാ സഭയും പൗരസ്ത്യസഭകളും തമ്മിൽ അടിസ്ഥാനപരമായ വിശ്വാസൈക്യം ഉണ്ടെന്നു പറയാം. പക്ഷേ പല കാര്യങ്ങളിലും കത്തോലിക്കാ സഭ പഠിപ്പിക്കുന്നത് അബദ്ധമാണെന്ന് നാം വിശ്വസിയ്ക്കുന്നു. ഉദാഹരണമായി, റോമ്മാ പാപ്പായ്ക്ക് മറ്റ് ബിഷപ്പന്മാരുടെ മേൽ ഏതെങ്കിലും അധികാരമുണ്ടെന്ന് നാം സമ്മതിയ്ക്കില്ല. ലോകത്തിലെ സഭ മുഴുവന്റെയും തലവൻ റോമ്മാ ബിഷപ്പാണെന്നും അദ്ദേഹത്തെ കൂടാതെ സഭയില്ലെന്നും നമുക്ക് വിശ്വസിക്കാനാവില്ല. റോമ്മാ ബിഷപ്പിന്റെ സ്ഥാനം മറ്റു ബിഷപ്പന്മാർക്കില്ലാത്തതാണെന്നും അത് പത്രോസിന്റെ "പരമാധികാര"ത്തിൽ അധിഷ്ടിതമാണെന്നും നമുക്ക് വിശ്വസിയ്ക്കാനാവില്ല. മാർപ്പാപ്പായുടെ അപ്രമാദിത്വം, കന്യകമറിയാമിന്റെ അമലോൽഭവം മുതലായതും തെറ്റായ ഉപദേശങ്ങൾ തന്നെ.

തെറ്റായ ഉപദേശങ്ങളെ കത്തോലിക്കാസഭ തിരുത്താൻ തയ്യാറാണെങ്കിൽ പരിശുദ്ധ കുർബാനയിൽ കൂടെയുള്ള ഐക്യത്തിന് പൗരസ്ത്യ സഭകൾ എപ്പോഴും തയ്യാറാണ്. പക്ഷേ പരമാധികാരം ഒന്നും സമ്മതിച്ചു കൊടുക്കുകയില്ല. ക്രൈസ്തവ സഭയ്ക്കങ്ങിനെ ഒരു പാരമ്പര്യവുമില്ല. പടിഞ്ഞാറിന്റെ പാത്രിയർക്കീസായി റോമ്മാപാപ്പായെ അംഗീകരിയ്ക്കുന്നതിന്ന് ഇപ്പോൾ പ്രധാന തടസ്സമായി നിൽക്കുന്നത് പരമാധികാരത്തെക്കുറിച്ചുള്ള കത്തോലിക്കാ സഭയുടെ തെറ്റായ ഉപദേശം തന്നെയാണ്.

കത്തോലിക്കാ സഭയെക്കുറിച്ച് പൗരസ്ത്യ സഭകൾക്കെല്ലാമുള്ള അനുഭവത്തിൽ വഞ്ചനയുടെ ആത്മാവ് വളരെയധികം കാണുന്നു. നമ്മുടെ സഭയെ അട്ടിമറിക്കാനല്ലാതെ സഹായിയ്ക്കാനുള്ള ഉദ്യമങ്ങൾ അധികം കാണുന്നുമില്ല. അടുത്തകാലത്തെ അനുഭവം ഇതിൽ നിന്ന് വ്യത്യസ്തമല്ല.

സ്നേഹവും ആത്മാർത്ഥതയുമില്ലാതെ സഭൈക്യം സാദ്ധ്യമല്ല. ആ സ്നേഹത്തിലേയ്ക്കും ആത്മാർത്ഥതയിലേയ്ക്കും ക്രിസ്തുവിലുള്ള ഐക്യത്തിലേയ്ക്കും നമ്മെയെല്ലാവരേയും നയിയ്ക്കാൻ നമുക്ക് ക്രിസ്തുവിനോടപേക്ഷിക്കാം.

സ്നേഹവും ആത്മാർത്ഥതയും എന്നുള്ളത് സഭകൾ തമ്മിലുള്ള

പെരുമാറ്റത്തിൽ മാത്രം പോരാ. ഇതര മതവിശ്വാസികളുമായുള്ള ബന്ധത്തിലും, ഒരു മതവുമില്ലാത്തവരോടുള്ള പെരുമാറ്റത്തിലും കാണണം. അവർക്കും ക്രിസ്ത്യാനികളെ വിശ്വാസമില്ല എന്ന നിലയിൽനിന്ന് ഭേദപ്പെടുത്താൻ പാപ്പായുടെ ഇപ്പോഴത്തെ സന്ദർശനം സഹായിച്ചോ എന്നുള്ളതിനേക്കുറിച്ചും വളരെയേറെ സംശയമുണ്ട്.

പാപ്പായ്ക്ക് മലങ്കര ഓർത്തഡോക്സ് സഭ കൊടുത്തതുപോലുള്ള സ്വീകരണം ലോകത്തിലെ മറ്റൊരു ഓർത്തഡോക്സ് സഭയും നൽകുകയില്ല. ഗ്രീസിലാണെങ്കിൽ അദ്ദേഹത്തെ ഒരു ഓർത്തഡോക്സ് പള്ളിയിൽ സ്വീകരിയ്ക്കുമായിരുന്നോ എന്ന് സംശയമുണ്ട്. ഇവിടത്തെ സഭ നൽകിയ സ്വാഗതം മറ്റുള്ള ഓർത്തഡോക്സ് സഭകൾ നൽകാത്തത് അവർക്കും തിക്തകങ്ങളായ അനുഭവങ്ങൾ അവരുടെ റോമാബന്ധ ചരിത്രത്തിലും ധാരാളം ഉള്ളതുകൊണ്ടാണ്.

മാർപാപ്പയുടെ പെരുമാറ്റം ഏറ്റവും വിനീതവും ഹൃദ്യവുമായിരുന്നുവെങ്കിലും, 'ഞാൻ റോമ്മായുടെ പാപ്പാ, അങ്ങ് കോട്ടയത്തിന്റെ പാപ്പാ' എന്നുള്ള വാക്കുകളിൽ നിന്ന് ധ്വനിയ്ക്കുന്നത്, ഓർത്തഡോക്സ് സഭകളെ പാപ്പായുടെ അധികാരത്തിൻകീഴിൽ കൊണ്ടുവരാനുള്ള ഉദ്യമത്തിൽ നിന്ന് രണ്ടാം വത്തിക്കാൻ കൗൺസിലിന്ന് ശേഷവും ജോൺ പോൾ രണ്ടാമൻ അധികം പിന്മാറിയിട്ടില്ലെന്നല്ലേ? അല്ലെങ്കിൽ അദ്ദേഹം അത് വ്യക്തമാക്കുന്നത് നല്ലതായിരിയ്ക്കും. അത് തന്നെയാണദ്ദേഹത്തിന്റെ ഉദ്ദേശ്യമെങ്കിൽ, രണ്ടാം വത്തിക്കാന്റെ നിർദ്ദേശമനുസരിച്ച് അജമോഷണത്തിൽ നിന്ന് പിന്മാറാൻ തന്റെ ഇടയന്മാരെ നിർദ്ദേശിയ്ക്കാനെങ്കിലും അദ്ദേഹത്തിന് സാധിയ്ക്കുമോ? ഇതാണ് നമ്മുടെ ബാവാ പറഞ്ഞതിന്റെ പിറകിൽ കിടക്കുന്ന ചോദ്യങ്ങൾ എന്ന് തോന്നുന്നു.

*(പുരോഹിതൻ, ഏപ്രിൽ 1986)*

# 11

# മഹാപുരോഹിതന്റെ ചുമതലകൾ

പിതാക്കന്മാരേ, കർത്താവിൽ വാത്സല്യമുള്ളവരെ,

ഇന്ന് ദൈവത്തിന്റെ വലിയ കരുണയാൽ ഒരു വലിയ മഹാപുരോഹിതനെ നമുക്ക് നല്കപ്പെടുവാൻ പോവുകയാണ്. ആ സന്ദർഭത്തിൽ ഈ മഹാപൗരോഹിത്യത്തിന്റെ അർത്ഥത്തെക്കുറിച്ച്, അഹറോന്യ പൗരോഹിത്യത്തിന്റെ തലവനായ അഹറോനെക്കുറിച്ച് ലേവ്യ പുസ്തകം പറയുന്നത് നമുക്കു ശ്രദ്ധിച്ചു കേൾക്കാം (ലേവ്യ പുസ്തകം 8:4). "സഭ സമാഗമന കൂടാരത്തിന്റെ വാതില്ക്കൽ വന്നു കൂടി. മോശ സഭയോടു: യഹോവ കല്പിച്ച കാര്യം ഇതാകുന്നു എന്നു പറഞ്ഞു. മോശ അഹറോനെയും പുത്രന്മാരെയും അടുക്കൽ വരുത്തി അവരെ വെള്ളം കൊണ്ടു കഴുകി. അവനെ ഉള്ളങ്കി ഇടുവിച്ചു. നടുക്കെട്ടു കെട്ടിച്ചു. അങ്കി ധരിപ്പിച്ചു. ഏഫോദ് ഇടുവിച്ചു. ഏഫോദിന്റെ ചിത്രപ്പണിയായ നടുക്കെട്ടു കെട്ടിച്ചു. അതിനാൽ അതു മുറുക്കി. അവനെ പതക്കം ധരിപ്പിച്ചു; പതക്കത്തിൽ ഊറീമും തുമ്മീമും വെച്ചു. അവന്റെ തലയിൽ മുടിവെച്ചു; മുടിയുടെ മേൽ മുൻവശത്തു വിശുദ്ധ കിരീടമായ പൊൻപട്ടം വെച്ചു, യഹോവ കല്പിച്ചതു പോലെ തന്നെ."

കർത്താവിൽ വാത്സല്യമുള്ളവരേ,

പൊതുവിന്റേതായ ഒരു മഹാപുരോഹിതൻ ഇന്ന് സഭ മുഴുവൻ കൂടി വാഴിക്കപ്പെടുകയാണ്. ഈ മഹാപൗരോഹിത്യത്തിന്റെ അർത്ഥമെന്താണ് എന്ന് ഉള്ളതിനെക്കുറിച്ച് ഒരു വാക്കു മാത്രം നിങ്ങളോട് വളരെ ചുരുക്കമായി പറയുവാനാണ് ഞാൻ ആഗ്രഹിക്കുന്നത്. ക്രൈസ്തവ വിശ്വാസത്തിൽ, പഴയനിയമത്തിന്റെ പ്രധാന മർമ്മങ്ങളിലൊന്നാണ് സഭ എന്നും പൗരോഹിത്യം എന്നും പറയുന്നത്. ഇന്നത്തെ രീതിയിൽ ചിന്തിക്കുന്ന പുതിയ തലമുറയുടെ ചിന്തയ്ക്ക് സഭ എന്നു പറയുന്നതും പൗരോഹിത്യം എന്നു പറയുന്ന രഹസ്യവും അത്ര തന്നെ സുഗ്രാഹ്യമല്ലാതെയാണ് കണ്ടു വരുന്നത്. സഭയും പൗരോഹിത്യവും ഒറ്റക്കെട്ടാണ്. സഭയില്ലാതെ പൗരോഹിത്യമില്ല. എന്നാൽ എന്താണിതു രണ്ടിന്റെയും അർത്ഥം എന്നു ചോദിച്ചാൽ വളരെ ചുരുക്കമായിട്ട് ഞാൻ പറയാം, സഭ എന്നു പറയുന്നത് ദൈവത്തിന്റെ അധിവാസ സ്ഥാനമാണ്. ദൈവം വസിക്കുന്നത് കല്ലും മരവും കൊണ്ട് കെട്ടിയിട്ടുള്ള കെട്ടിടങ്ങളിലല്ല. മനുഷ്യരാകുന്ന സമൂഹം ഒന്നായി തീർന്നിട്ട് ആ സമൂഹത്തിനകത്ത് ദൈവം വസിക്കുവാൻ ആഗ്രഹിക്കുന്നു എന്നുള്ളതാണ് ക്രൈസ്തവ വിശ്വാസത്തിന്റെ വലിയ മർമ്മം.

നാമെല്ലാവരും ഏകശരീരമായി തീർന്നിട്ട് നമ്മിൽ കർത്താവ് വസിക്കുന്നു എന്നുള്ളതാണ് സഭ എന്നു പറയുന്നതിന്റെ പ്രധാനമായ ആശയം. ആ സഭയിൽ പൗരോഹിത്യത്തിന് ഒരു പ്രമുഖ സ്ഥാനം ഉണ്ട്. അധികാര ത്തിന്റെ കാര്യമല്ല ഞാൻ പറയുന്നത്. ബഹുമാനത്തിന്റെ കാര്യം പോ ലുമല്ല ഞാൻ പറയുന്നത്, പൗരോഹിത്യം എന്നതിനെപ്പറ്റിയാണ്.

"അഹറോനെ ഉള്ളങ്കി ഇടുവിച്ചു. നടുക്കെട്ടു കെട്ടിച്ചു. അങ്കി ധരിപ്പിച്ചു. ഏഫോദ് ഇടുവിച്ചു. ഏഫോദിന്റെ ചിത്രപ്പണിയായ നടുക്കെട്ടു കെട്ടിച്ചു. അതിനാൽ അതു മുറുക്കി. അവനെ പതക്കം ധരിപ്പിച്ചു; പതക്കത്തിൽ ഊറീമും തുമ്മീമും വെച്ചു. അവന്റെ തലയിൽ മുടിവെച്ചു; മുടിയുടെ മേൽ മുൻവശത്തു വിശുദ്ധ കിരീടമായ പൊൻപട്ടം വെച്ചു; യഹോവ മോശയോടു കല്പിച്ചതുപോലെ തന്നെ." എന്തിനിതെല്ലാം? കുറച്ചധികം ആർഭാടമല്ലേ ഇതെല്ലാം എന്ന് ചോദിച്ചാൽ അതിന് വളരെ ചെറിയ ഒരു സമാധാനമേ പറയുവാനുള്ളു. അതായത് മഹാപുരോഹിതൻ സഭയാ കുന്ന സമൂഹത്തിൽ എന്നാളും അധിപതിയാണ്. സഭ ദൈവത്തിന്റെ പ്രതീകമാകുന്നു. ദൈവത്തിന്റെ വ്യക്തമായ പ്രതിബിംബിത രൂപമാണ് മഹാപുരോഹിതൻ. ദൈവീകമായ സാന്നിദ്ധ്യം ശാരീരികമായി വഹിച്ചു കൊണ്ട് കർത്താവായ യേശുവിന്റെ സ്ഥാനം സഭയിൽ ദൈവത്തിന്റെ ദൃഷ്ട പ്രതിബിംബമായി നിലകൊള്ളുവാനാണ് ഒരു മഹാപുരോഹിതൻ വിളിക്കപ്പെടുന്നത്.

വാത്സല്യമുള്ളവരേ,

നാം ചിന്തിക്കുന്നതിനേക്കാൾ വളരെയധികം അത്യുന്നതമായ ഒരു സ്ഥാനമാണിത് എന്നുള്ളതു നാം മറന്നു പോകരുത്. പഴയ മഹാപുരോ ഹിതന്റെ മുടിയിടത്തിൽ സ്വർണ്ണം കൊണ്ട് ഒരു പ്ലേറ്റ് വെച്ചിരിക്കും. ആ പ്ലേറ്റിൽ എഴുതിയിരിക്കുന്നത് "Holliness to the Lord" എന്നാണ്. 'യഹോവ നല്കുന്ന വിശുദ്ധി.' അതാണതിന്റെ അർത്ഥം. കർത്താവായ യേശുമശിഹായുടെ തന്നെ, പരിശുദ്ധനായ ദൈവത്തിന്റെ തന്നെ പ്രതീ കമായിട്ടാണ് ആ മഹദ്വചനം രേഖപ്പെടുത്തിയിരിക്കുന്നത്.

മഹാപുരോഹിതന്റെ മാർപതക്കം എന്നു പറയുന്നത് ഇന്ന് ഏകദേശം രണ്ടായിട്ടാണ്. ഈ മാർപതക്കത്തിന്റെ അകത്ത് പന്ത്രണ്ട് കല്ല് വച്ചിട്ടുണ്ട്. വിലയേറിയ പന്ത്രണ്ട് കല്ല്. സൈസ് ഉള്ള പന്ത്രണ്ട് കല്ല്. ഓരോ കല്ലിന്മേ ലും യിസ്രായേലിലെ 12 ഗോത്രങ്ങളുടെ പേരാണ് എഴുതിയിരിക്കുന്നത്. ഒരു മഹാപുരോഹിതൻ ദൈവത്തിന്റെ മുമ്പിൽ നില്ക്കുമ്പോൾ തന്റെ ജനങ്ങളെ മുഴുവൻ ഹൃദയത്തിൽ വഹിച്ചുകൊണ്ട് നില്ക്കുന്നു. ഈ 12 കല്ലിന്റെ പേര് മാർപതക്കത്തിൽ കൊത്തിയിരിക്കുന്നതിന്റെ അർത്ഥം എല്ലാ സമയത്തും മഹാപുരോഹിതന്റെ ചിന്തയിൽ തന്റെ ജനങ്ങളെ

വഹിച്ചുകൊണ്ടാണ് ദൈവത്തിന്റെ മുമ്പിൽ നില്ക്കുന്നത് എന്നതാണ്. തന്റെ സ്വന്തകാര്യത്തിനു വേണ്ടിയല്ല, ജനങ്ങൾക്കുവേണ്ടി. അതോടു കൂടെ ഈ മാർപതക്കത്തിന്റെ അകത്ത് രണ്ട് വേറെ കല്ലുകൾ കൂടി വച്ചിട്ടുണ്ട്, അകത്താണ് (മാർപതക്കത്തിനു രണ്ട് പാളികളുണ്ട്). ആ പാളികൾക്കകത്ത് വേറെ രണ്ടു കല്ലു വച്ചിട്ടുണ്ട്. ഊറീമും തുമ്മീമും എന്ന രണ്ട് കല്ല്. (അമേരിക്കയിലെ യേൽ യൂണിവേഴ്സിറ്റിയുടെ പ്രതീകം ഊറീമും തുമ്മീമുമാണ്). എന്താണീ ഊറീമും തുമ്മീമും? മലയാളത്തിൽ പറയുമ്പോൾ നമുക്കല്പം കുറവായി തോന്നിയേക്കാം. ഏറ്റവും പ്രസക്തമായ അർത്ഥമാണിതിനുള്ളത്.

ഊർ = പ്രകാശം, തുമ്മിം = Radius Light and Radius. ഇത് വഹിച്ചു കൊണ്ടാണ് മഹാപുരോഹിതൻ നില്ക്കുന്നത്. ഈ light വും ആ lightness വും എല്ലായ്പോഴും മഹാപുരോഹിതനിൽ ഉണ്ടായിരിക്കണം. എങ്കിൽ മാത്രമേ ഈ മാർപതക്കത്തിനു വിലയുള്ളു. ജനങ്ങളെ എല്ലാ സമയത്തും ഹൃദയത്തിൽ വഹിച്ചുകൊണ്ട് വിശുദ്ധിയോടു കൂടെ സത്യസന്ധതയോടു കൂടെ പ്രകാശത്തോടു കൂടെ ഭീതിയോടു കൂടെ ദൈവതിരുമുമ്പാകെ നില്ക്കുന്നവനാണ് മഹാപുരോഹിതൻ എന്നുള്ള കാര്യം ഇന്നു നാം ഓർക്കുകയും നമ്മുടെ പുതിയ മഹാപുരോഹിതന് നാം വഴിക്കുള്ള സകല കൃപകളും ലഭിക്കുവാൻ വേണ്ടി നാം പ്രാർത്ഥിക്കുകയും ചെയ്യണം.

ഒരു മഹാപുരോഹിതന്റെ മൂന്നു ചുമതലകളെപ്പറ്റി അല്പമായി സംസാരിച്ചുകൊണ്ട് അവസാനിപ്പിക്കാം. ഒന്നാമത്, നമ്മുടെ പൗരസ്ത്യ സഭയിൽ ഒരു മഹാപുരോഹിതനുള്ള പ്രധാനപ്പെട്ട പേര് ഹസിയോ റൂഹോ എന്നാണ്. ഹസിയോ എന്ന പദത്തിന്റെ അർത്ഥം സുറിയാനിയിൽ നിങ്ങൾക്കറിയാവുന്നതിനോട് സാമ്യമുള്ള പേര് 'ഹൂസോയോ' എന്ന് പറയുന്നതാണ്. കുർബ്ബാനയ്ക്ക് മുമ്പ് ഹൂസോയോ പ്രാപിക്കുമല്ലോ – പാപമോചനം. അതാണ് ഹസിയോ എന്ന പദത്തിന്റെ അർത്ഥം. ദൈവത്തിനെയും മനുഷ്യനെയും പരസ്പരം അനുരഞ്ജനം ചെയ്യിക്കുക എന്നതാണ് മഹാപുരോഹിതന്റെ ഏറ്റവും വലിയ ചുമതല. തന്റെ പ്രാർത്ഥനകളിൽ എല്ലാ സമയത്തും ജനത്തിൽ വലിയവനും ചെറിയവനും വേണ്ടി ദൈവതിരുമുമ്പാകെ ബലിയർപ്പിച്ചുകൊണ്ട് എല്ലാ സമയത്തും ജനത്തെ സ്നേഹിച്ചു കൊണ്ടിരിക്കുന്ന ആളാണ് അനുരഞ്ജകനായ മഹാപുരോഹിതൻ.

രണ്ടാമത്, കുമറോൻ = ബലിയർപ്പിക്കുന്നവൻ അഥവാ പുരോഹിതന്മാരുടെ തലവൻ. സഭയുടെ പ്രാർത്ഥന എല്ലായ്പ്പോഴും ദൈവതിരുമുമ്പാകെ സമർപ്പിച്ചുകൊണ്ടിരിക്കുന്നവനാണ് മഹാപുരോഹിതൻ. കുർബാന അർപ്പിയ്ക്കുമ്പോൾ മാത്രമല്ല, തന്റെ ഓരോ ശ്വാസത്തിലും

ദൈവതിരുമുമ്പാകെ തന്റെ ജനത്തിനുവേണ്ടി ബലികൾ, പ്രാർത്ഥനകൾ, അനസ്യൂതമായി അർപ്പിച്ചുകൊണ്ടിരിക്കുക എന്നുള്ളതാണ് മഹാപുരോഹിതന്റെ വലിയ ദൗത്യം. എല്ലായ്പോഴും രാവിലും പകലിലും ഉറക്കത്തിലും ഉണർവ്വിലും തന്റെ ജനങ്ങളെ ദൈവത്തിങ്കലേക്കുയർത്തി അവർക്കുവേണ്ടി, പ്രാർത്ഥിക്കുന്നവർക്കായി കൃപകളെ സമ്പാദിക്കുന്ന വലിയവനാണ് മഹാപുരോഹിതൻ.

മൂന്നാമത് ഇടയൻ. നല്ല ഇടയനാണ് മഹാപുരോഹിതൻ. ഒരു നല്ല ഇടയനുണ്ടായിരിക്കേണ്ട മൂന്ന് പ്രധാന ഗുണങ്ങൾ വേദപുസ്തകത്തിൽ യോഹന്നാന്റെ 10-ാം അദ്ധ്യായത്തിൽ പറയുന്നുണ്ട്. ക്രിസ്ത്യാനികളല്ലാത്ത രാഷ്ട്രീയക്കാർക്കു പോലും പ്രയോജനമുള്ളതാണിത്. ഒരു ഇടയനാകുവാൻ എങ്ങനെയുള്ള ക്വാളിറ്റികളാണ് ഉണ്ടായിരിക്കേണ്ടത്? യോഹന്നാന്റെ സുവിശേഷം 10-ാം അദ്ധ്യായത്തിൽ പറയുന്നു. ഒന്നാമത്തേത്, ഇടയൻ തന്റെ ആടുകളെ പേർ ചൊല്ലി വിളിക്കുന്നു. വിളിക്കുമ്പോൾ ആടുകൾ ഇടയന്റെ ശബ്ദം കേട്ട് അവനെ അനുഗമിക്കുന്നു. ഇടയൻ അല്ലാത്തവൻ വിളിച്ചാൽ ആടുകൾ ഇളകുകയില്ല. ഇതാണ് ആദ്യത്തെ ക്വാളിറ്റി. ഒരു നല്ല ഇടയനാകണമെങ്കിൽ ഓരോ ആടിന്റെയും പേര് അറിയണം. പേര് അറിയുക മാത്രമല്ല, പേര് ചൊല്ലി വിളിക്കുമ്പോൾ ഞങ്ങളെ വിളിക്കുന്നത് ഞങ്ങളുടെ ഇടയനാണ്, ഞങ്ങളെ കൊല്ലാൻ കൊണ്ടു പോകുകയല്ല, ഞങ്ങളെ നല്ല കാര്യത്തിന് കൊണ്ടുപോകുവാൻ വേണ്ടി ഇടയൻ വിളിക്കുകയാണ്. വേറെ വല്ലവരും വിളിക്കുമ്പോഴാണ് കശാപ്പിനു കൊണ്ടു പോകുകയും ഒക്കെ ചെയ്യുന്നത്. അതുകൊണ്ട് കശാപ്പിനു കൊണ്ടു പോകുവാൻ വിളിക്കുകയല്ല. ഞങ്ങളെ ആഹ്വാനം ചെയ്യുന്നത് ഞങ്ങളെ കൊല്ലാൻ വേണ്ടിയല്ല. തന്റെ കാര്യം കാണാൻ വേണ്ടിയുമല്ല. ഞങ്ങളുടെ നന്മയ്ക്കു വേണ്ടിയാണ് എന്ന് ജനങ്ങൾക്കു തന്നെ ബോധ്യം വരണം. അതാണ് നല്ല ഇടയൻ. അത് മഹാപുരോഹിതനെ സംബന്ധിച്ചിടത്തോളം ഒരു പ്രധാനപ്പെട്ട കാര്യമാണ്. എല്ലാ മനുഷ്യരെയും സ്നേഹിക്കുകയും എല്ലാ മനുഷ്യരും ആ പിതാവ് പറയുന്ന ഓരോ കാര്യവും നമ്മുടെ നന്മയ്ക്കാണെന്ന് നമുക്ക് ബോധ്യമുള്ളതുകൊണ്ട് ആ പിതാവിനെ നാം അനുഗമിക്കുകയും ചെയ്യുന്നു. ഇതാണ് നല്ല ഇടയന്റെ ഒന്നാമത്തെ ലക്ഷണം.

രണ്ടാമത്തെ നല്ല ഇടയന്റെ ലക്ഷണം, അവൻ വിളിക്കുമ്പോൾ ആട്ടിൻപറ്റത്തിന്റെ വാതിൽ കാക്കുന്നവൻ വാതിൽ തുറക്കുന്നു. ആടുകൾ പുറത്തേയ്ക്ക് വരുന്നു. ആടുകളെ പച്ചയായ പുല്പുറങ്ങളിലേയ്ക്ക് ഇടയൻ നയിക്കുന്നു. ഇത് ഒരു ഇടയന്റെ വലിയ ചുമതലയാണ്. അത് മതത്തിലും രാഷ്ട്രീയത്തിലും ഒരുപോലെ തന്നെ. മതത്തെ സംബന്ധിച്ചിടത്തോളം പറയുമ്പോൾ തന്റെ ജനങ്ങളെ എങ്ങോട്ടു കൊണ്ടുപോയാ

ലാണ് നല്ല പുല്ലു കിട്ടുന്നതെന്ന് ഇടയനറിയാം. ഇടയൻ പുല്ലു കണ്ടാൽ കാണിച്ചു കൊടുക്കണം. അതാണ് ഇടയന്റെ വലിയൊരു ചുമതല. രാഷ്ട്രീയമായിട്ടായാലും തങ്ങൾക്ക് ഉത്കർഷം ഉണ്ടാകുന്നത് ഏതു വഴിയിൽ കൂടി പോയാലാണ് എന്ന് കാണിച്ചുകൊടുക്കുവാൻ രാഷ്ട്രീയ ഇടയന്മാർക്ക് ചുമതലയുള്ളതു പോലെ ഓരോ കാര്യത്തിലും സഭയിലുള്ള ജനങ്ങളെ ഏതു വഴിയിൽ പോയാലാണ് അവർക്ക് നല്ല വഴിയിൽ അവർക്ക് ആവശ്യമുള്ള ആത്മീയ ഭക്ഷണവും ലൗകീക ഭക്ഷണവും കിട്ടുന്നത് എന്ന് ഇടയൻ അറിഞ്ഞിട്ട് ആ വഴിയിൽ നയിക്കുവാൻ സാധിക്കുന്നവനായിരിക്കണം.

മൂന്നാമത്, ഇടയന്റെ ഒരു ലക്ഷണവും കൂടിയേ പറയുവാനുള്ളു. ഞാൻ ഒരു ഇടയനാണ്. എനിക്ക് സാദ്ധ്യമല്ലാത്ത ഒരു ലക്ഷണമായതുകൊണ്ട് അത് വളരെ വ്യക്തമായിത്തന്നെ പറയാം. ആടുകളെ പുല്പുറങ്ങളിലേയ്ക്ക് നയിക്കുന്ന സമയത്ത് കടുവാ വരും. ചെന്നായ് വരും. ആടുകളെ പിടിക്കുവാനായിട്ട് ചെന്നായ് വരും. എല്ലായിടത്തും ഉണ്ടാകുന്ന സംഭവം. സഭയിലും അതെ, രാഷ്ട്രീയത്തിലും അതെ. നല്ല വഴിയിലൂടെ ജനങ്ങളെ കൊണ്ടുപോകുവാൻ എല്ലാവർക്കും ഇഷ്ടമാവില്ല. കടുവാ വരും. ആ കടുവാകൾ വന്ന് ഈ ആടുകളെ വിഴുങ്ങുവാൻ ശ്രമിക്കുന്ന സമയത്ത് ഈ കടുവായുമായുള്ള സമരത്തിൽ സ്വന്ത ജീവനെ ബലിയായി അർപ്പിക്കുന്നവനാണ് നല്ല ഇടയൻ. നല്ല ഇടയൻ ആടുകൾക്കുവേണ്ടി തന്റെ ജീവനെ ബലിയായി അർപ്പിക്കുന്നു. അല്ലാതെ പേടിച്ച് ചെന്നായ് വരുമ്പോൾ ആടുകളെ ഇട്ടിട്ട് ഓടിപ്പോവുകയില്ല. ധൈര്യമായി നിന്നു കൊണ്ട് എല്ലാത്തിനോടും പോരാടി വേണ്ടിവന്നാൽ മരിക്കുവാൻ പോലും തയാറായി നില്ക്കും. നമ്മുടെ ഇടയനായ കർത്താവായ യേശുമശിഹാ നമുക്കു വേണ്ടി സ്വന്ത ജീവനെപ്പോലും ബലിയർപ്പിച്ചതുപോലെ, ഒരു നല്ല ഇടയൻ ആടുകൾക്കു വേണ്ടി തന്റെ ജീവനെ ബലിയർപ്പിക്കുന്നവനാണ്.

എന്റെ വാക്കുകളെ ഞാൻ ചുരുക്കുകയാണ്. അത്യുന്നതമായ ഈ സ്ഥാനത്തേയ്ക്ക് ഇന്ന് വിളിക്കപ്പെടുന്ന അഭി. മാത്യൂസ് മാർ കൂറിലോസ് തിരുമേനിക്ക് ഒരു വലിയ ഹസിയോ ആയി, ഒരു വലിയ മഹാപുരോഹിതനായി, ഒരു വലിയ ഇടയനായി നമ്മുടെ ഇടയിൽ പ്രവർത്തിക്കുവാൻ, തന്റെ പ്രവർത്തനങ്ങൾ സഭയ്ക്ക് വെളിയിലുള്ളവർക്കും ലഭിക്കത്തക്ക വിധം ദൈവംതമ്പുരാൻ സകല കരുണകളും നമ്മുടെ പിതാവിന് നല്കട്ടെ.

*(1991 ഏപ്രിൽ 29-ന് പരുമലയിൽ നടന്ന പ. മാത്യൂസ് ദ്വിതീയൻ ബാവായുടെ കാതോലിക്കാവാഴ്ച ശുശ്രൂഷാമദ്ധ്യേ ചെയ്ത പ്രസംഗം. സമ്പാദകൻ: ജോയ്സ് തോട്ടയ്ക്കാട്)*

# 12

# ഓർത്തഡോക്സ് സഭ

പൗരസ്ത്യ ഓർത്തഡോക്സ് സഭ രണ്ടു പ്രധാന കുടുംബങ്ങളായി ഇപ്പോൾ വിഭജിക്കപ്പെട്ടിരിക്കുന്നു. ഈ വിഭജനം, ക്രിസ്തുവിന്റെ സ്വഭാവം ഏകമോ, അതോ രണ്ടായി വിഭജിക്കപ്പെട്ടതോ എന്ന തർക്കമുത്ഭവിച്ച എ. ഡി. 451-ലെ കൽക്കദൂൻ സുന്നഹദോസിനോളം പഴക്കമുള്ളതാണ്.

**ഓർത്തഡോക്സ് സഭയുടെ വിവിധ വിഭാഗങ്ങൾ**

പൂർവ്വ കൽക്കദൂനിയൻ ഓർത്തഡോക്സ് കുടുംബത്തിൽ 5 വിഭാഗങ്ങളാണുള്ളത്.

**1) അലക്സന്ത്രിയായിലെ കോപ്റ്റിക് (ഈഗുപ്തായ) ഓർത്തഡോക്സ് സഭ** (ജനസംഖ്യ 35 ലക്ഷം). പാത്രിയർക്കീസ് പോൾ. വി. മർക്കോസിന്റെ സിംഹാസനത്തിലെ 117-ാമതു പിൻഗാമിയാണ് ഇദ്ദേഹം. ആസ്ഥാനം: അലക്സന്ത്രിയാ (ഈജിപ്ത്).

**2) എത്തിയോപ്യൻ ഓർത്തഡോക്സ് സഭ** (ജനസഖ്യ: 140 ലക്ഷം). പാത്രിയർക്കീസ്: തിയോഫിലോസ്; ആസ്ഥാനം ആഡിസ് അബാബ). ഇതു രണ്ടുമാണ് ഈ കൂട്ടത്തിലെ ഏറ്റവും വലിയ വിഭാഗങ്ങൾ.

**3) അർമ്മീനിയൻ ഓർത്തഡോക്സ് സഭ** (ജനസംഖ്യ 30 ലക്ഷം). കാതോലിക്കോസ്: വസ്കൻ. ആസ്ഥാനം: എച്ച്മിയാറ്റ്സിൻ, U.S.S.R.).

**4) സിറിയൻ ഓർത്തഡോക്സ് സഭ.** ഇത് യരുശലേം - അന്ത്യോക്യാ പ്രദേശങ്ങളിലെ സിറിയൻ പാലസ്തീനിയൻ പാരമ്പര്യങ്ങൾ തുടർന്നു പോകുന്നു. ജനസംഖ്യ: 25 ലക്ഷം; പാത്രിയർക്കീസ്: ഇഗ്നാത്തിയോസ് യാക്കോബ് തൃതീയൻ; ആസ്ഥാനം ദമസ്ക്കോസ്.

**5) ഇൻഡ്യയിലെ ഓർത്തഡോക്സ് സുറിയാനിസഭ** (ജനസംഖ്യ 15 ലക്ഷം; കാതോലിക്കോസ്: ബസ്സേലിയോസ് ഔഗേൻ; ആസ്ഥാനം: കോട്ടയം, ഇൻഡ്യ).

ഈ അഞ്ചു വിഭാഗങ്ങളും കൂടി ചേർന്ന ചെറുകുടുംബത്തിൽ മൊത്തം 220 ലക്ഷം ജനങ്ങളാണുള്ളത്.

കൽക്കദൂന്യ സുന്നഹദോസിനെ അംഗീകരിക്കുന്ന ഓർത്തഡോക്സ് കുടുംബത്തിൽ ഏകദേശം 1000 (ആയിരം) ലക്ഷം ജനങ്ങളുണ്ട്.

a) അതിൽ പ്രധാന വിഭാഗം ഏകദേശം 500 ലക്ഷം ഉൾക്കൊള്ളുന്ന റഷ്യൻ സഭയാണ് (പാത്രിയർക്കീസ്: പീമെൻ; ആസ്ഥാനം: മോസ്ക്കോ).

b) അടുത്തവിഭാഗം, ഏകദേശം 180 ലക്ഷം ജനങ്ങളുള്ള റുമേനിയൻ സഭയാണ് (പാത്രിയർക്കീസ്: ജസ്റ്റീനിയൻ; ആസ്ഥാനം: ബുക്കാറസ്റ്റ്).

c) മൂന്നാമത്തെ സഭ ഗ്രീസിലാണ് (80 ലക്ഷം; ആർച്ചുബിഷപ്പ്: ഹിറാനിമോസ്. ആസ്ഥാനം: ഏതൻസ്).

d) നാലാമത്തേത് ബൾഗേറിയാ (70 ലക്ഷം; പാത്രി.: മാക്സിമസ്; ആസ്ഥാനം: സോഫിയാ).

e) ഇനിയുമൊന്ന് സെർബിയ സഭ (70 ലക്ഷം; പാത്രി.: ജർമ്മാനോസ്; ആസ്ഥാനം: ബൽഗ്രേഡ്).

f) മറ്റൊരു വിഭാഗം അമേരിക്കൻ ഐക്യനാടുകളിലെ പല പ്രദേശങ്ങളിലായി, ഓരോ ആത്മീയ തലവന്മാരുടെ കീഴിൽ ഭരിക്കപ്പെടുന്നു (ഏകദേശം 30 ലക്ഷം).

g) ഇനിയുമുള്ളവ പ്രായേണ ചെറിയ വിഭാഗങ്ങളാണ്. കുസ്തന്തീനോപോലീസിലെ പാത്രിയർക്കീസ് അതനഗോറസിന്റെ (ആസ്ഥാനം: ഇസ്താംബൂൾ) നേരിട്ടുള്ള ഭരണത്തിൽ, ഇസ്താംബൂളിൽ കുറെ ഗ്രീക്കുകാരും, വേറെ ഗ്രീക്കുകാർ ചിതറിപാർക്കുന്ന ഒരു വലിയ മെത്രാസനവുമുണ്ട്. അതിനും പുറമെ, അലക്സന്ത്രിയാ, അന്ത്യോക്യ, യരുശലേം എന്നീ പുരാതന പാത്രിയർക്കാ സിംഹാസനങ്ങളും അദ്ദേഹത്തിന്റെ കീഴിൽ സംരക്ഷിക്കപ്പെട്ടുപോരുന്നു. ഇവയിൽ അന്ത്യോഖ്യാ പാത്രിയർക്കേറ്റിലുള്ള 2.5 (രണ്ടര) ലക്ഷം ജനങ്ങൾ ഒഴിച്ചാൽ മറ്റു പാത്രിയർക്കേറ്റുകളിൽ വളരെ കുറച്ചു ജനങ്ങളേയുള്ളു.

h) ആർച്ചുബിഷപ്പ് മക്കാറിയോസിന്റെ കീഴിലുള്ള പുരാതനസഭയായ കുപ്രോസ്, പിൽക്കാല സഭകളായ പോളണ്ട്, ചെക്കോസ്ളവോക്കിയാ, അൽബേനിയാ, ഫിൻലണ്ട് തുടങ്ങിയ സഭകളിൽ 4 ലക്ഷം മുതൽ 70000 വരെ വ്യത്യസ്തമായ അംഗസംഖ്യകൾ ഉണ്ടെന്നു കണക്കാക്കപ്പെടുന്നു.

മുകളിൽ പറഞ്ഞ രണ്ട് ഓർത്തഡോക്സ് കുടുംബവിഭാഗങ്ങൾക്ക് ഒന്നിനും പൊതുവിൽ ഒരു ഏക ഭരണാധികാരിയില്ല. ഇതിൽ പൂർവ്വ കൽക്കദോനിയൻ വിഭാഗത്തിൽ (ഓറിയന്റൽ ഓർത്തഡോക്സ്) പെട്ട സഭകളിൽ വെച്ച് അലക്സാന്ത്രിയൻ പാത്രിയർക്കീസിന് അല്പം മുൻഗണനയും, അതിനടുത്ത ഗണന അന്ത്യോക്യയ്ക്കും ഉണ്ടെങ്കിലും കുടുബത്തെ മുഴുവൻ സംഘടിപ്പിക്കാനുള്ള അവകാശങ്ങളൊന്നും അവർ പ്രയോഗിക്കുന്നില്ല.

കൽക്കദോനിയൻ ഓർത്തഡോക്സ് സഭയായ ബൈസന്റയിൻ ഓർത്തഡോക്സു കുടുംബത്തിലെ വിവിധ വിഭാഗങ്ങളെ (Byzuntine or

Eastern Orthodox) കൂട്ടി യോജിപ്പിക്കുവാൻ എക്യുമെനിക്കൽ പാത്രിയർക്കീസ് ഒട്ടധികം പരിശ്രമം നടത്തുന്നുണ്ടെങ്കിലും, അദ്ദേഹത്തിന്റെ നേതൃത്വം പ്രയോഗിക്കുവാൻ തുർക്കി ഗവൺമെന്റിന്റെ നിയന്ത്രണം മൂലവും സഭാവിഭാഗങ്ങളുടെ എതിർപ്പു മൂലവും സാദ്ധ്യമല്ലാത്ത അവസ്ഥയാണ് ഇപ്പോഴുള്ളത്.

ഓറിയന്റൽ ഓർത്തഡോക്സ് സഭാദ്ധ്യക്ഷന്മാർ എല്ലാം ചേർന്ന് 1965 ജനുവരിയിൽ, ഹെയിലി സെലാസി ചക്രവർത്തിയുടെ ക്ഷണപ്രകാരം ആഡിസ് അബാബയിൽ സമ്മേളിച്ചു. പരസ്പരം സഹകരിച്ചു പ്രവർത്തിക്കുന്നതിന്, ആഡിസ് അബാബ ആസ്ഥാനമായുള്ള സ്ഥിരം കാര്യാലയം സ്ഥാപിച്ചിട്ടുണ്ട്.

കുസ്തന്തീനോപോലീസുമായി കുർബ്ബാനസംബന്ധമുള്ള ബൈസന്റയിൻ ഓർത്തഡോക്സ് സഭകൾ പരസ്പര സംയോജിപ്പിന് റോഡോസ് ആസ്ഥാനമായി ഒരു പ്രാരംഭ കമ്മീഷനെ ആക്കിയിട്ടുണ്ടെങ്കിലും, അതിനു വേണ്ടത്ര ആഫീസുകളോ, ജോലിക്കാരോ ഇല്ലാത്തതിനാൽ, അത്ര ഫലപ്രദമായി പ്രവർത്തിക്കുന്നില്ല എന്നു പറയാം.

ആധുനിക മതനിരപേക്ഷത തല പൊക്കുന്നതിനു മുമ്പുവരെ പാശ്ചാത്യസഭകൾക്ക് ഒരു പ്രബല ശത്രുവിനെയോ, വിശ്വാസത്തിനു വേണ്ടിയുള്ള ഒരു "കുരിശുയുദ്ധത്തെ"യോ നേരിടേണ്ടി വന്നിരുന്നില്ല. ഓർത്തഡോക്സു സഭകൾക്കും, ബൈസന്റയിൽ സാമ്രാജ്യപ്രഭാവത്തിന്റെ (എ.ഡി. 330–1453) പൂർവ്വാർദ്ധം ഒരു സുവർണ്ണകാലം തന്നെയായിരുന്നു. അക്കാലത്താണ് അവരുടെ ആരാധനക്രമം, മതപരമായ ചിത്രകല, സംഗീതം, ദയറാ പ്രസ്ഥാനം എന്നിവയ്ക്ക് അവർ അടിസ്ഥാനമിട്ടത്. പൂർവ്വയൂറോപ്യൻ ഓർത്തഡോക്സ് സഭയുടെ അക്കാലത്തെ സ്വാധീന ശക്തിയാണ് സ്ലാവ് വംശജരുടെ മതപരിവർത്തനത്തിനു കാരണമായത്. പാശ്ചാത്യസഭയ്ക്ക് പടിഞ്ഞാറുണ്ടായിരുന്നതുപോലെതന്നെ, റഷ്യൻ ഓർത്തഡോക്സ് സഭയ്ക്കും പതിനൊന്നു മുതൽ ഇരുപതാം നൂറ്റാണ്ട് ആരംഭം വരെ റഷ്യയിൽ നിരംകുശവും എന്നാൽ ശീശ്മ വലുതായി ഉത്ഭവിക്കാത്തതുമായ പ്രബലസ്വാധീനം ഉണ്ടായിരുന്നു. പക്ഷേ, പൊതുവേ പറഞ്ഞാൽ ഓർത്തഡോക്സുകാർക്ക് മഹമ്മദീയരുടെയോ, കമ്മ്യൂണിസ്റ്റ് ശക്തിയുടെയോ മർദ്ദന നുകത്തിൻകീഴിൽ കഴിയേണ്ടതായിട്ടാണ് വന്നിട്ടുള്ളത്.

റഷ്യൻ ഓർത്തഡോക്സ് സഭയൊഴിച്ചാൽ അപൂർവ്വം ചില പൗരസ്ത്യ സഭകൾക്കു മാത്രമേ നവീന യുക്തിവാദത്തിന്റെ ഭീഷണിയും കെടുതികളും അനുഭവിക്കേണ്ടി വന്നുള്ളു. അതുകൊണ്ടാണ് ആധുനിക പഠിതാക്കൾക്ക് സുഗ്രാഹ്യമായവിധം ഓർത്തഡോക്സ് വേദശാസ്ത്രം വള

രാതെ പോയത്. വാസ്തവത്തിൽ പൗരസ്ത്യ - പാശ്ചാത്യസഭകൾ തമ്മിൽ വിശ്വാസത്തിലുള്ള വ്യത്യാസം എന്താണെന്നുള്ള ചോദ്യം തന്നെയാണ് പാശ്ചാത്യസഭയുടെ പ്രത്യേകത. ഈ ചോദ്യം വിവക്ഷിക്കുന്നത്, സഭകൾ തമ്മിലുള്ള വ്യത്യാസം അതാതിന്റെ വിശ്വാസ സിദ്ധാന്തങ്ങളുടെ രൂപീകരണത്തിൽ കേന്ദ്രീകരിച്ചിരിക്കുന്നു എന്നുള്ളതാണ്. ആദ്യഘട്ടത്തിൽ വിശിഷ്യാ നാലും അഞ്ചും നൂറ്റാണ്ടുകളിൽ വേദശാസ്ത്രത്തിന്റെ സൃഷ്ടിപരമായ ആവിഷ്ക്കരണം പൗരസ്ത്യ പിതാക്കന്മാരിൽ നിന്നാണ് ഉത്ഭവിച്ചതെങ്കിലും, വേദശാസ്ത്ര വികസനം കാലാന്തരത്തിൽ പാശ്ചാത്യസഭയുടെ പ്രത്യേകതയായി ഭവിച്ചു.

## ഓർത്തഡോക്സ് സഭയുടെ വ്യതിരിക്ത സ്വഭാവം (Distinctive quality)

ഓർത്തഡോക്സ് സഭയുടെ അനുപമത്വം വിവിധങ്ങളായ വേദശാസ്ത്ര തത്വരൂപീകരണത്തിലല്ല ദർശിക്കുവാൻ കഴിയുന്നത്. സത്യത്തിന്റെ മൂല്യത്തെ ഒട്ടും വെട്ടിച്ചുരുക്കുന്നില്ല ഓർത്തഡോക്സ് ആദ്ധ്യാത്മികത. അതേസമയം തന്നെ സത്യവാഹിനികളെന്ന നിലയിൽ ബുദ്ധിപരമായ വേദശാസ്ത്ര തത്വങ്ങളുടെ രൂപീകരണം വിപുലപ്പെടുത്തുവാൻ മടി കാണിക്കുന്നു. പാശ്ചാത്യ ആത്മീകതയുടെ കേന്ദ്രം, ജന്മപാപവും ഏതൽ പരിഹാരമാർഗ്ഗവുമാണെങ്കിൽ, പൗരസ്ത്യ ആത്മീകതയുടെ കാമ്പ് ശരീരത്തെയും ഭൗതികസൃഷ്ടിയെയും ദൈവനാമമഹത്വത്തിനായി രൂപാന്തരപ്പെടുത്തുന്നതിനും അവയിലൂടെ ദൈവമഹത്വത്തെ പ്രകടിപ്പിക്കുന്നതിനുമുള്ള സ്വർഗ്ഗീയ വിളിയാണ്. ദൈവവും മനുഷ്യനും തമ്മിൽ നികത്താനാവാത്ത അകൽച്ചയുണ്ടെന്നും അത് മശിഹായുടെ അവതാരശേഷവും തുടർന്നുപോകുന്നു എന്നുമുള്ള ചിന്താഗതിക്ക് പാശ്ചാത്യ സഭയിൽ പ്രാബല്യം ഉണ്ട്. പൗരസ്ത്യരാകട്ടെ, ദൈവം മനുഷ്യനായി ജീവിച്ചതുകൊണ്ട് നമുക്ക് 'ദൈവ - മനുഷ്യനു'മായി ഏകത്വത്തിൽ ജീവിപ്പാൻ കഴിയും എന്നു ചിന്തിക്കുന്നു. കുറെകൂടി ലഘുവായി പറഞ്ഞാൽ മനുഷ്യനായ ക്രിസ്തുവുമായുള്ള "ഐക്യം" എന്നു പൗരസ്ത്യർ പഠിപ്പിക്കുമ്പോൾ "അഭിമുഖീകരണം" ആണ് പാശ്ചാത്യർ ഉപയോഗിക്കുന്ന വാക്ക്.

ക്രിസ്തുവുമായുള്ള ഈ പുരുഷാത്മികൈക്യം പാശ്ചാത്യ പാരമ്പര്യത്തിൽ തീരെ ഇല്ലാത്തതല്ല. റോമൻ കത്തോലിക്കാസഭയുടെ യോഗാത്മക പാരമ്പര്യത്തിൽ ഉടനീളവും, ഫ്റീ ചർച്ചിന്റെയും മറ്റു വിഭാഗീയ പ്രോട്ടസ്റ്റന്റു സഭകളുടെയും "രക്ഷയുടെ അനുഭവം" എന്ന ഉപദേശ പാരമ്പര്യത്തിലും ഈ ''ഐക്യം'' കാണാൻ കഴിയും. പക്ഷേ, അത് പ്രായേണ വ്യക്ത്യധിഷ്ഠിതമായ ഐക്യമല്ലാതെ സൃഷ്ടി മുഴുവന്റേയും

നന്മയെ ഊന്നിപ്പറയുവാൻ പര്യാപ്തമല്ല. എന്നാൽ ഓർത്തഡോക്സ് ആത്മീയതയിൽ സഭ മുഴുവനായി പരിശുദ്ധാത്മാവിൽ ക്രിസ്തുവുമായി ഏകീഭവിച്ച് പിതാവിനെ ദർശിക്കുന്നു.

തിരുബലിയിൽകൂടിയുള്ള ഈ അഭിമുഖീകരണവേളയിൽ സഭ തന്നോടൊപ്പം ചരിത്രത്തെ മുഴുവൻ ഒന്നായി പിതൃസന്നിധിയിൽ വഹിക്കുന്നു. യഥാർത്ഥമായ ഒരു തിരുബലിയിൽ ക്രൈസ്തവസമൂഹം കർത്താവിന്റെ അന്ത്യവരവിനെ അനുഭവവേദ്യമാക്കുന്നു. ഈ അന്ത്യദിനാനുഭൂതി ദൈവം മനുഷ്യർക്കു ദാനം ചെയ്ത എല്ലാവിധ കഴിവുകളുടേയും സന്തോഷപൂർണ്ണവും വിവേകപൂർവ്വവുമായ വിനിയോഗത്തിലൂടെ നമ്മുടെ ജീവിതത്തെ രൂപാന്തരപ്പെടുത്തേണ്ടതുണ്ട്.

## ഓർത്തഡോക്സ് സഭയുടെ സത്ത

യഥാർത്ഥ ഓർത്തഡോക്സ് ആദ്ധ്യാത്മീയത എങ്ങനെയുള്ളതായിരിക്കണമെന്നതിനെക്കുറിച്ചുള്ള ഒരു വിവരണമാണ് മുകളിൽ കൊടുത്തത്. എന്നാൽ വിവിധ ഭാഗങ്ങളിലെ ഓർത്തഡോക്സ് ജനതയുടെ ജീവിതയാഥാർത്ഥ്യം ലക്ഷ്യത്തിൽ നിന്ന് ഒട്ടധികം അകന്നതാണ്. ഓർത്തഡോക്സ് ജനവിഭാഗത്തിലെ ആത്മസത്തയെ ഇതര ഭൗതിക ശക്തികൾ അക്രമിച്ചു കീഴടക്കിയതുപോലെ തോന്നുന്നു. അതിൽ പ്രധാനമായത് സങ്കുചിതമായ വർഗ്ഗീയ ചിന്തയാണ്. പൊതുവിൽ പറഞ്ഞാൽ ഓർത്തഡോക്സ് ജനതകൾ ദേശീയമോ വർഗ്ഗീയമോ ആയ സങ്കുചിത സമൂഹങ്ങളായിട്ടാണ് നിലകൊള്ളുന്നത്.

കിഴക്കൻ യൂറോപ്പിൽ നിന്ന് പാശ്ചാത്യരാജ്യങ്ങളിൽ കുടിയേറിയവർക്കുപോലും ഈ വർഗ്ഗചിന്ത വെടിയുവാൻ കഴിഞ്ഞില്ല. ജാതിയുടെയും സംസ്ക്കാരത്തിന്റെയും ഉരുക്കുമൂശയായ അമേരിക്കയിലും, മദ്ധ്യയൂറോപ്പിൽ പോലും ഒരേ വിശ്വാസവും മിക്കവാറും ഒരേ ആരാധനാക്രമവും ഉള്ള ഓർത്തഡോക്സുകാർ തന്നെ റഷ്യൻ, ബൾഗേറിയൻ, സെർബിയക്കാർ എന്നൊക്കെ വർഗ്ഗചിന്ത പുലർത്തി വേറെ വേറെ നിലകൊള്ളുകയാണ്. അമേരിക്കയിൽതന്നെ ഇവരെ ഒന്നിച്ചുചേർത്തു ഒരു ഓർത്തഡോക്സ് സഭയാക്കി കാണുവാനുള്ള ശ്രമം മിക്കവാറും പരാജയപ്പെടുകയാണുണ്ടായത്.

നമ്മുടെ മറ്റൊരു ശത്രു അന്ധമായ യാഥാസ്ഥിതികത്വമാണ്. നാം വമ്പിച്ച ഒരു പൈതൃക സമ്പത്തിന്റെ അവകാശികളെന്നു ബോധ്യമായിരിക്കെ അടിസ്ഥാനപരമായത് ഏത്, ഉപരിപ്ലവമായത് ഏത് എന്നു വിവേചിക്കുവാനുള്ള വ്യക്തമായ ജ്ഞാനം ഇല്ലാതെപോകുന്നു. കണ്ണുമടച്ചുള്ള ഈ യാഥാസ്ഥിതികത്വം സഭയുടെ പുനരുദ്ധാരണത്തിനു ഒരു വിലങ്ങുതടിയായി പാശ്ചാത്യപ്രദേശത്തു പോലും നിലകൊള്ളുന്നു. എത്യോപ്യ,

ഗ്രീസ് തുടങ്ങിയ രാജ്യങ്ങളിലാകട്ടെ, ഈ യാഥാസ്ഥിതികത്വത്തിന്റെ ഫലം, ഒന്നുകിൽ അവിടുത്തെ സാമൂഹ്യ ജീവിതത്തോടുള്ള സംഘട്ടനം അല്ലെങ്കിൽ പരിപൂർണ്ണ സംയോജനം എന്ന അനാശാസ്യ നിലപാടാണ്.

ആധുനിക ലോകത്തോടും പുതിയ എക്യുമെനിക്കൽ സാഹചര്യങ്ങളോടും വേദശാസ്ത്രപരമായി ഒത്തിണങ്ങിപോകുന്നതിനുള്ള പ്രവണത കഴിഞ്ഞ ശതാബ്ദത്തിൽ റഷ്യൻ വേദശാസ്ത്രപണ്ഡിതനായ അലക്സി ഖോവിയാക്കോവിന്റെ കാലത്താണ് കണ്ടുതുടങ്ങിയത്. റോമാസഭയും നവീകരണക്കാരും തമ്മിലുള്ള ഇടച്ചിലിനെ അഭിമുഖീകരിക്കേണ്ടിവന്ന ഓർത്തഡോക്സുസഭ ലുതർസഭയോടും റോമാക്കാരോടും മാറിമാറി വശംപിടിച്ചു വാദിച്ചു. ഈ വിവാദബന്ധത്തിൽ നിന്നും സ്വയം മോചിതനായി വിവാദങ്ങൾക്കാധാരമായ പ്രശ്നങ്ങളെത്തന്നെ ആദ്യം ചോദ്യം ചെയ്തത് ഖോവിയാക്കോവായിരുന്നു. സാർവലൗകിക സഭൈക്യത്തിനുവേണ്ടി ഓർത്തഡോക്സു സഭയ്ക്ക് ചെയ്യാൻ കഴിഞ്ഞതും ഇനിയും കഴിയുന്നതുമായ മെച്ചപ്പെട്ട സംഭാവന ഇങ്ങനെയുള്ള വിഭജനനിർണ്ണായകമായ വിവാദവേളയിൽ യാഥാർത്ഥ പ്രശ്നം എന്തെന്നു കണ്ടറിഞ്ഞു പരസ്പരം സ്വീകാര്യമായ ഒരു പൊതുനിലപാട് ആവിഷ്ക്കരിക്കുക എന്നുള്ളതാണ്.

അൽബേനിയൻ സഭ ഒഴികെ മിക്കവാറും എല്ലാ ഓർത്തഡോക്സ് സഭകളും അഖില ലോക സഭാ കൗൺസിലിൽ അംഗത്വം സ്വീകരിച്ചിട്ടുണ്ട്. ഓർത്തഡോക്സ് സഭാ കുടുംബത്തിൽപ്പെട്ട രണ്ടു ശാഖകളിലെയും വേദശാസ്ത്രജ്ഞന്മാർ ഡെൻമാർക്ക് (1964), ബ്രിസ്റ്റൽ (1967), ജനീവ (1970), ആഡിസ് അബാബ (1971) എന്നീ സ്ഥലങ്ങളിൽ വച്ചു നാലു തവണ അനൗപചാരിക ചർച്ചകൾ നടത്തുകയും തൽഫലമായി തങ്ങൾ ഇതുവരെ പരസ്പരം അകന്നു നിന്നതിന്റെ കാരണം ദൈവശാസ്ത്രപരമെന്നതിലുപരി കേവലം സംസ്ക്കാരപരമായിരുന്നു എന്നും, ഇനിയും യോജിക്കുവാനുള്ള പ്രതിബന്ധം, സുന്നഹദോസുകൾ ആദ്യത്തെ മൂന്നു മതിയോ അതോ ഏഴും വേണമോ എന്നുള്ളതിനെ ചൊല്ലിയാണെന്നും, ബോധ്യപ്പെട്ടു.

അഖില ലോക കൗൺസിൽ അംഗത്വമുള്ള പാശ്ചാത്യ - പൗരസ്ത്യ വിഭാഗങ്ങൾ തമ്മിൽ സമ്മേളിക്കുവാൻ തുടങ്ങിയിട്ട് ഏതാനും ദശവർഷങ്ങളായി. ഇവർ തമ്മിൽ ഒരു പരസ്പര ധാരണയിൽ എത്തുവാനുള്ള വൈഷമ്യം പൗരസ്ത്യരുടെ ഇടയിൽ പാശ്ചാത്യ ശൈലികളിൽ ചിന്തിക്കുവാൻ കഴിയുന്ന വേദശാസ്ത്രജ്ഞന്മാരുടെ എണ്ണം കുറവായതുകൊണ്ടു മാത്രമല്ല അതിലുപരിയായി, പൗരസ്ത്യ സഭാജീവിതത്തിൽ പങ്കാളികളാകാനും അതേപ്പറ്റി ഒരു ആയുഷ്ക്കാലപഠനം നടത്തുവാനും കഴിഞ്ഞ പാശ്ചാത്യപണ്ഡിതന്മാരുടെ വിരളതയും അതിന് നിദാനമാണ്.

പൗരസ്ത്യ ഓർത്തഡോക്സി ഒരു പാശ്ചാത്യ മതനിരപേക്ഷ സംസ്ക്കാരത്തെ അഭിമുഖീകരിക്കേണ്ടിവരുന്ന ഇത്തരുണത്തിൽ, നമുക്കുള്ള ആദ്ധ്യാത്മികവും, വേദശാസ്ത്രപരവുമായ മഹത്തായ പാരമ്പര്യത്തെപ്പറ്റി തികച്ചും ബോധവാന്മാരായിരിക്കേണ്ടത് അത്യന്താപേക്ഷിതമത്രേ. ഈ അതിമഹത്തായ ക്രൈസ്തവ പാരമ്പര്യത്തെ മനസ്സിലാക്കിക്കൊടുക്കുവാൻ വൈദികരുടെയും അത്മായക്കാരുടെയും ഇടയിൽ നിന്നും, കുറഞ്ഞപക്ഷം അഭ്യസ്ഥവിദ്യരായ കുറെ പേരെയെങ്കിലും തെരഞ്ഞെടുത്ത് ചർച്ചകൾ സംഘടിപ്പിക്കുവാൻ ഒരു പദ്ധതി കോട്ടയം ഓർത്തഡോക്സ് വൈദികസെമിനാരിയിൽ തയ്യാറാക്കുന്നുണ്ട്. സാമ്പത്തികനില അനുവദിക്കുന്നപക്ഷം തുടർച്ചയായി നടത്താനുദ്ദേശിക്കുന്ന ഈ പഠനകേന്ദ്രത്തിനുവേണ്ടി കെട്ടിടം അടുത്ത വർഷം പണിയാമെന്നാണ് പ്രതീക്ഷ.

*(1971–ൽ എഴുതിയ ലേഖനം)*

# 13

# അസോസ്യേഷനും സുന്നഹദോസും: ഒരു ചരിത്രാവലോകനം

അസോസ്യേഷനും സുന്നഹദോസും തമ്മിൽ വ്യത്യാസമെന്ത്? ബന്ധമെന്ത്?

അസോസ്യേഷൻ ഇംഗ്ലീഷ് വാക്കാണ്. പൗരസ്ത്യ സഭകളുടെ പാരമ്പര്യത്തിലുള്ളതല്ല. ആദ്യകാലത്ത് നമ്മുടെ നാട്ടിൽ അസോസ്യേഷനും സുന്നഹദോസെന്നാണ് പേര് പറഞ്ഞു വന്നിരുന്നത്. 1876-ൽ കൂടിയ മുളന്തുരുത്തി സുന്നഹദോസും അതിന് മുൻപ് 1836-ൽ ചേപ്പാട്ട് മാർ ദീവന്നാസ്യോസ് വിളിച്ചുകൂട്ടിയ മാവേലിക്കര സുന്നഹദോസും ഇന്നത്തെ ഭാഷയിൽ അസോസ്യേഷൻ യോഗങ്ങളായിരുന്നു. അന്ന് ഇവിടെ ഒരു മെത്രാപ്പോലീത്തായേയുള്ളു. എപ്പിസ്കോപ്പൽ സുന്നഹദോസ് എന്നൊന്നില്ല. പത്തൊമ്പതാം ശതാബ്ദത്തിൽ മലയാളത്ത് സഭയുടെ സുന്നഹദോസ് എന്ന് പറയുന്നത് മലങ്കര മെത്രാപ്പോലീത്തായും കശീശന്മാരും അത്മായക്കാരും കൂടി ഒരുമിച്ചുകൂടുന്ന പ്രതിനിധി സംഘത്തിനാണ്. മുളന്തുരുത്തി സുന്നഹദോസിൽ ഒരു പാത്രിയർക്കീസും ഒരു മെത്രാപ്പോലീത്തായും ഇരുന്നൂറോളം വൈദികരും എണ്ണൂറോളം അത്മായക്കാരുമാണ് സംബന്ധിച്ചിരുന്നത്.

മേയ് ഒന്നിന് നടക്കുന്ന അസോസ്യേഷനിലും വരേണ്ടവരെല്ലാം വരികയാണെങ്കിൽ 16 മെത്രാപ്പോലീത്തന്മാരും ആയിരം വൈദികരും രണ്ടായിരം അത്മായക്കാരുമാണ് കാണേണ്ടത്. എന്നാൽ ഇന്ത്യയിലും ഇന്ത്യക്ക് വെളിയിലും ഉള്ള സ്ഥലങ്ങളിൽ നിന്ന് വന്നെത്തുവാനുള്ള പ്രയാസം കൊണ്ടും, ഇവിടെത്തന്നെയുള്ള കുറേപ്പേർ സഹകരിക്കാത്തതുകൊണ്ടും ആ സംഖ്യയിൽ 250 വൈദികരും 500 അത്മായക്കാരും കുറവു വരാം. എങ്കിലും മുളന്തുരുത്തി സുന്നഹദോസ് പോലെ തന്നെയുള്ള ഒരു സുന്നഹദോസാണ് ഇപ്പോൾ നടക്കുന്ന അസോസ്യേഷൻ.

സഭയിൽ ആദ്യം കൂടിയ സുന്നഹദോസും ഇതുപോലെ തന്നെയുള്ളതായിരുന്നു. വി. വേദപുസ്തകത്തിൽ അപ്പോസ്തോല പ്രവൃത്തികൾ 15-ാം അദ്ധ്യായത്തിൽ വിവരിക്കുന്ന അപ്പസ്തോലിക സുന്നഹദോസിൽ ഊർശ്ലേമിലെ എപ്പിസ്കോപ്പായായ വി. യാക്കോബും, അപ്പോസ്തലന്മാരും, സഭാ മുഖ്യന്മാരും, വിശ്വാസികളായ ജനങ്ങളും സംബന്ധിച്ചിരുന്നതായി കാണുന്നു (15:13, 22).

സുപ്രസിദ്ധമായ നിഖ്യാ സുന്നഹദോസിലും മെത്രാന്മാരായി മുന്നൂറോളം പേരേയുണ്ടായിരുന്നുള്ളുവെങ്കിലും, ആകെ സംബന്ധിച്ചവരുടെ തുക രണ്ടായിരത്തിനും മൂവായിരത്തിനും ഇടയിലായിരുന്നുവെന്ന് പണ്ഡിതന്മാർ കരുതുന്നു. നിഖ്യാ സുന്നഹദോസിന്റെ ചർച്ചകൾക്ക് നിർണ്ണായകമായ രൂപം നല്കിയത് മുപ്പതു വയസ്സുപോലും തികയാത്ത അത്താനാസ്യോസ് എന്ന ശെമ്മാശൻ (അലക്സന്ത്ര്യാ മെത്രാപ്പോലീത്തായുടെ സെക്രട്ടറി) ആയിരുന്നു എന്നുള്ളത് പ്രത്യേകം ശ്രദ്ധേയമായിരുന്നു.

സുന്നഹദോസിൽ കശീശന്മാരും ശെമ്മാശന്മാരും അത്മായക്കാരും സംബന്ധിക്കുക, എന്നാൽ തീരുമാനങ്ങളിൽ മെത്രാപ്പോലീത്തന്മാർ മാത്രം ഓരോ മെത്രാസനങ്ങളിലുമുള്ള വിശ്വാസികളുടെ പ്രതിനിധിയായി ഒപ്പു വെയ്ക്കുക, ഇതായിരുന്നു പഴയ പതിവ്.

എന്നാൽ പില്ക്കാലത്തുണ്ടായിവന്ന ഒരു പ്രത്യേകതയാണ് എപ്പിസ്കോപ്പൽ സുന്നഹദോസിന്റെ യോഗങ്ങളിൽ മറ്റുള്ളവരെ ക്ഷണിക്കാതിരിക്കുകയെന്നത്. ഗ്രീസിലും റഷ്യയിലും ഒക്കെയുള്ള ഓർത്തഡോക്സ് സഭകളിൽ മെത്രാന്മാരിൽ തെരഞ്ഞെടുക്കപ്പെടുന്ന കുറെപ്പേർ മാത്രമേ എപ്പിസ്കോപ്പൽ സുന്നഹദോസിൽ അംഗങ്ങളായിട്ടുള്ളൂ. കശീശന്മാരേയും അത്മായക്കാരേയും സഭാ സുന്നഹദോസിൽ സംബന്ധിപ്പിയ്ക്കാറേയില്ല. ഈഗുപ്തായ സഭയിലും എത്യോപ്യൻ സഭയിലും ഏറെക്കുറെ ഇങ്ങനെ തന്നെയാണ് പതിവ്.

എന്നാൽ ഈഗുപ്തായ സഭയിൽ അത്മായക്കാരുടെ സാന്നിദ്ധ്യമുള്ള “മജ്ലിസ് മില്ലി” എന്ന ഒരു സംഘടനയുണ്ട്. ഏറെക്കുറെ നമ്മുടെ അസോസ്യേഷൻ പോലെയാണ്. ‘മജ്ലിസ്’ എന്നു പറഞ്ഞാൽ കൗൺസിൽ എന്നും ‘മില്ലി’ എന്ന് പറഞ്ഞാൽ സമുദായത്തിന്റെ എന്നുമാണർത്ഥം.

നമ്മുടെ അസോസ്യേഷൻ 1876 -ൽ സ്ഥാപിതമായി. അതിന് രണ്ടു വർഷം മുൻപ് 1874 -ലാണ് ഈജിപ്തിലെ മജ്ലിസ് മില്ലി സ്ഥാപിച്ചുകൊണ്ടുള്ള പ്രഖ്യാപനം ഈജിപ്ഷ്യൻ ഗവൺമെന്റ് ചെയ്തത്. 1883-ൽ അവർ ഒരു സഭാഭരണഘടനയുണ്ടാക്കി. അതിൻപ്രകാരം സന്യാസാശ്രമങ്ങളുടേയും മറ്റു സ്ഥാപനങ്ങളുടേയും നടത്തിപ്പ് ഗവൺമെന്റ് നല്കുന്ന ഗ്രാന്റ് (വക്ഫ്), സഭവക സ്കൂളുകൾ, ധർമ്മ സ്ഥാപനങ്ങൾ മുതലായവയുടെ ഭരണസംബന്ധമായ കാര്യങ്ങളാണ് മജ്ലിസ് മില്ലിയ്ക്കുള്ളത്.

ഇന്ത്യയിലെ ഓർത്തഡോക്സ് സഭയിലെ അസോസ്യേഷനുള്ള അധികാരങ്ങൾ കാതോലിക്കാ, മലങ്കര മെത്രാപ്പോലീത്താ, മറ്റു മെത്രാപ്പോലീത്താമാർ, ഒരു വൈദികട്രസ്റ്റി, ഒരു അത്മായട്രസ്റ്റി എന്നിവരെ തെരഞ്ഞെടുക്കുക, ഭരണഘടന വ്യത്യാസപ്പെടുത്തുക എന്നിവയാണ്. സഭയുടെ വസ്തുവകകളും സ്ഥാപനങ്ങളും സംബന്ധിച്ചുള്ള കാര്യങ്ങളൊക്കെ മാനേജിംഗ് കമ്മറ്റിയെ ഏല്പിച്ചിരിക്കുകയാണ്.

# 14

# റോമാസഭയും അനുസരണത്തിന്റെ നൽവരവും സുറിയാനിസഭയും

കലങ്ങിയ വെള്ളത്തിൽ മീൻപിടിക്കാൻ പണ്ടേ സമർത്ഥരായ നമ്മുടെ റോമൻ കത്തോലിക്കാ സഹോദരങ്ങൾ മലങ്കരസഭയിലെ സമാധാനത്തിൽ അല്പം വിഷണ്ണരായിരിക്കയാണെന്നു തോന്നിപ്പോകുന്നു. എന്നാൽ സമാധാനം കൊണ്ടു തന്നെ ഒരു കലക്കമുണ്ടാക്കാനാണിപ്പോഴവരുടെ യത്നം.

രണ്ടു വാദങ്ങളാണ് ഇന്നവർ നമ്മുടെ നേരെ ഉന്നയിക്കുന്നത്. പാത്രിയർക്കീസുവിഭാഗത്തു നിന്നിരുന്ന ആളുകളോടവർ പറയുന്നു: “കാതോലിക്കാബാവാ തിരുമനസ്സിലേക്കു പട്ടത്വമില്ലെന്ന് ഇന്നലെ വരെ പറഞ്ഞുകൊണ്ടിരുന്നവരാണ് അന്ത്യോഖ്യാക്കാർ. ഒന്നുകിൽ അതു സത്യം. അല്ലെങ്കിൽ വ്യാജം. സത്യമാണെങ്കിൽ ഇപ്പോൾ ഒരെഴുത്തയച്ചതുകൊണ്ടു മാത്രം പട്ടത്വമുണ്ടാകയില്ലല്ലോ. വാജമാണെങ്കിൽ ആ സഭ സത്യമില്ലാത്ത സഭയാണെന്നു വ്യക്തമല്ലേ? അതുകൊണ്ടു രണ്ടു വിധത്തിലേ സംഗതികളാകുവാൻ തരമുള്ളു. ഒന്നുകിൽ കാതോലിക്കാബാവായ്ക്കു പട്ടമില്ല. പിന്നെ നിങ്ങളെന്തിനവരുടെ കൂടെ കൂടുന്നു? അല്ലെങ്കിൽ സുറിയാനിസഭ വ്യാജം നിറഞ്ഞ സഭയാണ്. എന്നാൽ പിന്നെ നിങ്ങളവിടെ നിൽക്കുന്നതെന്തിന്? മൂന്നാമതു നിങ്ങൾക്കുള്ള സാദ്ധ്യത റോമ്മാസഭയിൽ ചേരുകയാണ്.”

ഇതാണവരുടെ ഒന്നാമത്തെ വാദഗതി. ഇതിൽ തർക്കശാസ്ത്രപരമായ അബദ്ധങ്ങളെ ചൂണ്ടിക്കാണിക്കുവാൻ ഞാൻ ഉദ്ദേശിക്കുന്നില്ല. പക്ഷേ, കാതോലിക്കാബാവാ തിരുമനസ്സിലേക്കു യഥാർത്ഥ അപ്പോസ്തോലിക പിന്തുടർച്ചയും കൈവെപ്പുമുണ്ടെന്നുള്ളതു റോമ്മാക്കാർ പണ്ടേ സമ്മതിക്കുന്ന വസ്തുതയാണ്. പിന്നെ ഇപ്പോഴെന്തിനിങ്ങനെ ഒരു ദുർവ്യാഖ്യാനവും കൊണ്ടു വരുന്നു? സഭാതലവന്മാർ കള്ളം പറയുക എന്നുള്ളത് അന്ത്യോഖ്യാസഭയുടെ കുത്തകയൊന്നുമല്ല. അതിനു പണ്ടേ പേരെടുത്തിട്ടുള്ളതു റോമ്മാപാപ്പാമാരാണ്. ഈ അടുത്ത കാലത്താണു റോമ്മാ പാത്രിയർക്കീസന്മാർ സത്യസന്ധതയും ആത്മീയ ജീവിതവുമുള്ളവരായിത്തീർന്നതെന്നു ചരിത്രം അറിയുന്നവർക്കറിയാം. അതുകൊണ്ടുമാത്രം റോമ്മാസഭയിൽ സത്യമില്ലെന്നു വാദിക്കുവാൻ ഞങ്ങളാരും തയ്യാറില്ല. ഇപ്പോഴത്തെ റോമ്മാസഭ പഠിപ്പിക്കുന്ന അബദ്ധങ്ങളെ ഞങ്ങൾ ചൂണ്ടിക്കാണിക്കും. പക്ഷേ, പണ്ടത്തെ അവരുടെ വ്യാജങ്ങ

ളെയും ദുർവൃത്തതയെയും അധികാരദുർമ്മോഹത്തെയും ആത്മീയ നൽവരങ്ങളെ പണത്തിനു വേണ്ടി വിൽക്കുക മൂലം പരിശുദ്ധാത്മാവി നെതിരായി ചെയ്തിട്ടുള്ള മഹാപാപങ്ങളെയും ചൂണ്ടിക്കാണിച്ചുകൊണ്ടു മാത്രം റോമ്മാസഭ സത്യസഭയല്ലെന്നു ഞങ്ങൾ വാദിക്കാറില്ല. നമ്മുടെ യാരുടെയും പശ്ചാത്തലം അത്ര വളരെ പരിശുദ്ധമൊന്നുമല്ല. അതു കൊണ്ടു പണ്ടൊരിക്കൽ അസത്യം പറഞ്ഞെന്നുള്ളതു വെച്ചുകൊണ്ടു ഒരു സഭയെ ന്യായം വിസ്തരിക്കുവാൻ മലങ്കരയുള്ള റോമ്മാസഭ പുറ പ്പെടരുതെന്നു അവരോടു വിനീതമായഭ്യർത്ഥിക്കുന്നു.

രണ്ടാമത്തെ അവരുടെ വാദം എന്റെ വന്ദ്യ സുഹൃത്ത് ബ. സി. എ. ഏബ്രഹാം അച്ചൻ ഇയ്യിടെ സത്യദീപത്തിലെഴുതിയിരുന്ന ഒരു ലേഖന ത്തിലാണു കണ്ടത്. “A protest can only beget a protest” എന്നുള്ളതാണ ദ്ദേഹത്തിന്റെ വാദഗതിക്കടിസ്ഥാനം. “കലഹിച്ചു പിരിഞ്ഞവരിൽ നിന്നും കലഹിച്ചു പിരിയാതിരിക്കയില്ല” എന്നാണദ്ദേഹം അഭിപ്രായപ്പെടുന്നത്. അതു പണ്ടു പ്രോട്ടസ്റ്റന്റുകാരെപ്പറ്റി ഒരു റോമ്മാ പണ്ഡിതൻ എഴുതിയ തിനെ ബ. അച്ചൻ നമ്മുടെ നേരെ ഉപയോഗിക്കാനായി സ്വല്പം വ്യത്യാ സപ്പെടുത്തിയെന്നേയുള്ളു.

അദ്ദേഹത്തിന്റെ വാദഗതിയുടെ ഒരു ഭാഗം ഞാനോർക്കുന്നിടത്തോളം ഏതാണ്ടിങ്ങനെയാണ്. “മലങ്കരസഭ, അന്ത്യോഖ്യാസഭയിൽ നിന്നും കല ഹിച്ചു പിരിഞ്ഞു. ഇനിയിപ്പോൾ കോട്ടയം സഭയിൽ നിന്നും ആലുവാ സഭയ്ക്കെന്തുകൊണ്ടു കലഹിച്ചു പിരിഞ്ഞുകൂടാ?” ബ. അച്ചന്റെ സാമർ ത്ഥ്യത്തെ ഞാൻ വകവച്ചു കൊടുക്കുന്നു. പക്ഷേ, അത് അല്പം ദുസ്സാ മർത്ഥ്യമായിപ്പോകുന്നില്ലേയെന്ന് എനിക്കൊരു സംശയം. തെക്കരെയും വടക്കരെയും തമ്മിൽ തെറ്റിക്കുവാൻ ഇത്രയ്ക്കു മോശമായ ഒരു സാമർ ത്ഥ്യവും കൊണ്ട് അച്ചൻ മുമ്പോട്ടുവരുന്നത് എന്റെ മനസ്സിനെ വളരെ വിഷമിപ്പിക്കുന്നു. ഇന്ത്യ ബ്രിട്ടീഷുകാരിൽ നിന്നും സ്വാതന്ത്ര്യം നേടി യെന്നുള്ളതുകൊണ്ടു തിരുവനന്തപുരവും എറണാകുളവും തമ്മിൽ വഴ ക്കടിക്കണമെന്നു നിർബന്ധമാണോ?

അദ്ദേഹത്തിന്റെ വാദഗതിയുടെ വേദശാസ്ത്രപരമായ ഭാഗവും കൂടെ ഉദ്ധരിച്ചശേഷം മറുപടി പറയുന്നതായിരിക്കും നല്ലത്. “അനുസരണമാ കുന്ന നൽവരം” റോമ്മാസഭയിൽ മാത്രമേയുള്ളു. മറ്റുള്ളവർ അനുസര ണത്തെ ഒരു ദൈവീകനൽവരമായി കരുതുന്നില്ല. അതുകൊണ്ട് അനു സരണക്കേടിന്റെ ശീശ്മയാണു റോമ്മാസഭയിൽ നിന്നും വേർപെട്ടുനിൽ ക്കുന്ന സഭകൾക്കെല്ലാമുള്ളത്. അവരിൽ നിന്നും കൂടെക്കൂടെ അനുസ രണക്കേടിന്റെ ശീശ്മകളുണ്ടായിരിക്കൊണ്ടിരിക്കും. അതുകൊണ്ട് യഥാർത്ഥ സമാധാനം കരഗതമാകണമെങ്കിൽ അനുസരണത്തെ ദൈവീ കനൽവരമായി കരുതുന്ന സഭയിൽ വന്നല്ലാതെ സാദ്ധ്യമല്ല. ഇതാണ് ബ. അച്ചന്റെ വാദഗതിയെന്ന് തോന്നുന്നു.

ഒന്നാമത്, റോമൻ കത്തോലിക്കാസഭയിൽ അനുസരണം ഇത്ര വളരെ ശക്തിയുക്തം നടപ്പിൽ വരുത്തിയത് 16–ാം ശതാബ്ദത്തോടു കൂടിയാണെന്നത് ഞങ്ങൾക്കു മറക്കുവാൻ പ്രയാസമാണ്. പ്രോട്ടസ്റ്റന്റുകാർ കലഹിച്ചു പിരിഞ്ഞത് സഭയിൽ ശക്തിയുക്തമായ നിയമസംവിധാനമില്ലാത്തതുകൊണ്ടാണെന്നുള്ള ബോദ്ധ്യം മൂലം ത്രെന്തു സുന്നഹദോസും ഇഗ്നാത്യോസ് ലോയോലായും ആരംഭിച്ചതാണ് ഈ അനുസരണത്തെപ്പറ്റിയുള്ള പ്രബുദ്ധത. അതിനു മുൻപ് അനുസരണത്തെപ്പറ്റി ആരും സംസാരിച്ചിട്ടില്ലെന്നല്ല ഞാൻ പറയുന്നത്.

ഈ അനുസരണത്തിന്റെ മൂന്ന് വശങ്ങളെപ്പറ്റി പറയുന്നത് കത്തോലിക്കർക്ക് തന്നെയും പ്രയോജനപ്രദമായിരിക്കുമെന്ന് ഞാൻ കരുതുന്നു.

### 1. ജെസ്യൂട്ടുകളുടെ അനുസരണം

സ്വന്തം അഭിപ്രായമൊന്നും പറയാതെ ജെസ്യൂട്ടു സംഘത്തിന്റെ ജനയിതാവായ ഇഗ്നാത്യോസ് ലോയോലായുടെ ലിഖിതങ്ങളിൽ നിന്നും രണ്ടു ഉദ്ധരണികൾ മാത്രം തർജ്ജമ ചെയ്തു ചേർക്കുന്നതുകൊണ്ട് ഈ അനുസരണം എന്തു മാതിരിയുള്ളതാണെന്ന് വായനക്കാർക്ക് മനസ്സിലായിക്കൊള്ളും.

"നാം സഭയോട് എല്ലാ വിധത്തിലും ഏകമനസ്സിലും അഭിപ്രായൈക്യത്തിലും യോജിച്ചവരായിരിക്കണം. അതായതു നമ്മുടെ ദൃഷ്ടിയിൽ വെളുത്തതായി കാണപ്പെടുന്ന ഏതെങ്കിലുമൊന്നിനെ സഭ കറുത്തതാണെന്നു പറയുന്നപക്ഷം നാമും അതു കറുത്തതാണെന്നു പ്രഖ്യാപിച്ചുകൊള്ളണം" (Spiritual Exercises part ii 13).

"അനുസരണത്തിൽ ജീവിക്കുന്നവരെല്ലാവരും തങ്ങളുടെ മേലാക്കന്മാർ മൂലം പ്രവർത്തിക്കുന്ന ദൈവശക്തിക്കു തങ്ങളെത്തന്നെ കീഴ്പെടുത്തിക്കൊടുക്കേണ്ടത് ഒരു ശവശരീരം അതിനെ മറ്റുള്ളവർ തങ്ങളുടെ ഇഷ്ടമനുസരിച്ച് ഉപയോഗിക്കുവാനും തിരിക്കുവാനും മറിക്കുവാനും അനുവദിക്കുന്നതുപോലെ തന്നെ. അല്ലെങ്കിൽ ഒരു വൃദ്ധന്റെ കയ്യിലിരിക്കുന്ന വടി അയാളുദ്ദേശിക്കുന്നയിടത്തും ഉദ്ദേശിക്കുന്നപ്രകാരത്തിലും അയാൾക്കു കീഴ്പ്പെട്ടിരിക്കുന്നതു പോലെയായിരിക്കണം" (Constitution vi I).

ഇതാണു റോമ്മാസഭയിലെ അനുസരണമാകുന്ന ദൈവീകനൽവരത്തിന്റെ ഒരു വശം.

### 2. ഇൻക്വിസിഷൻ (Inquisition)

ഇതും അനുസരണമുണ്ടാക്കുന്നതിനു വേണ്ടി ത്രെന്തു സുന്നഹദോസ്

1521–ൽ സൃഷ്ടിച്ച ഒരു സ്ഥാപനമാണ്. സത്യവിശ്വാസത്തിൽ നിന്നും വേർപ്പെട്ടതായി സംശയിക്കപ്പെടുന്നവരെ വിസ്തരിച്ചു വിശ്വാസവിപരീതമുള്ളതായി കാണപ്പെട്ടാൽ, അവരെ ലൗകികാധികാരികൾക്കേല്പിച്ചു ശിക്ഷ മൂലം സത്യ അനുസരണത്തിലേക്ക് അവരെ കൊണ്ടുവരികയെന്നുള്ളതാണുദ്ദേശ്യം. സാധാരണയായുള്ള ശിക്ഷകൾ, വസ്തുവകകൾ മുഴുവൻ കണ്ടുകെട്ടുക, ജയിലലടയ്ക്കുക, നാടുകടത്തുക എന്നിവയായിരുന്നു. തീരെ അനുസരണമില്ലാത്തവരെ ജീവനോടെ തീയിൽ ദഹിപ്പിക്കുക എന്നുള്ളതും സാധാരണയായിരുന്നു. പോർത്തുഗലിലും സ്പെയിനിലും ഇറ്റലിയിലും കത്തോലിക്കാവിശ്വാസത്തെ പ്രോട്ടസ്റ്റന്റുകാരിൽ നിന്നും രക്ഷിച്ചത് ഈ സ്ഥാപനമായിരുന്നു. ഇങ്ങനെയുള്ള സ്ഥാപനങ്ങൾ കൊണ്ടു സംരക്ഷിക്കുന്ന അനുസരണമാകുന്ന ദൈവീകനൽവരത്തിന്റെ പൈശാചികഫലങ്ങൾ ഈ രാജ്യങ്ങളിലെ ഇന്നത്തെ ആത്മീയ നിലവാരത്തെ നേരിട്ടു മനസ്സിലാക്കിയിട്ടുള്ളവർക്കറിയാം.

## നിരോധിത ലിഖിതങ്ങൾ (Index)

അനുസരണമാകുന്ന ദൈവീക നൽവരം സംരക്ഷിക്കുന്നതിന്റെ മൂന്നാമത്തെ ഉപകരണം കത്തോലിക്കർക്ക് വായിക്കുവാനനുവദിക്കപ്പെട്ടിട്ടില്ലാത്ത ഗ്രന്ഥങ്ങളുടെ ലിസ്റ്റാണ്. ഇതും തെന്ത്രു സുന്നഹദോസിന്റെ സൃഷ്ടിയാണ്. ഇന്നും ലോകത്തിലെ പല വലിയ തത്വശാസ്ത്രജ്ഞന്മാരുടെയും സാഹിത്യകാരന്മാരുടെയും പുസ്തകങ്ങൾ വായിക്കുന്നതിനു കത്തോലിക്കർക്കനുവാദമില്ല. ഒരു കന്യാസ്ത്രി കള്ളം പറയുന്ന ഒരു ഭാഗം അതിലുള്ളതു കൊണ്ടു വിക്ടർ ഹ്യൂഗോയുടെ “പാവങ്ങൾ” (Les Miserables) എന്ന പുസ്തകം വായിക്കുന്നതിനു കത്തോലിക്കർക്കനുവാദമില്ല. പ്രോട്ടസ്റ്റന്റുകാരുടെ പുസ്തകങ്ങൾ മിക്കവാറും എല്ലാം തന്നെ നിരോധിതങ്ങളാണ്.

അനുസരണത്തെ ഒരു ദൈവിക നൽവരമായി കരുതുന്ന റോമാസഭ അതിനെ സംരക്ഷിക്കുന്നത് ദൈവേഷ്ടത്തിന് വിപരീതമായിട്ടാണെന്നുള്ളത് ചിന്തിക്കുന്നവരായ കത്തോലിക്കർ പലരും ഹൃദയത്തിൽ സമ്മതിക്കും. പുറത്തു പറയുവാൻ അനുസരണമാകുന്ന ദൈവീക നൽവരം അവരെ അനുവദിക്കുകയില്ല. സഭ കറുത്തതാണെന്ന് പറയുന്നത് വെളുത്തതാണെന്നു ബോദ്ധ്യമായാലും കറുത്തതാണെന്ന് പറഞ്ഞുകൊള്ളണമെന്നുള്ളതാണല്ലോ തത്വം.

ഇങ്ങനെ നിർബന്ധിച്ചുള്ള അനുസരണമാണ് ദൈവത്തിന്നാവശ്യമെങ്കിൽ കർത്താവിന്റെ മനുഷ്യാവതാരത്തിന്റെയും ക്രൂശുമരണത്തിന്റെയും പുനരുത്ഥാനത്തിന്റെയും സുവിശേഷ പ്രഘോഷണത്തിന്റെയും ആവശ്യമൊന്നുമില്ലായിരുന്നു. മോശയുടെ നിയമങ്ങളെ കുറേക്കൂടി വിപുല

മാക്കി, അനുസരിപ്പിക്കാനുള്ള ഒരു പോലീസിനെയും ഉണ്ടാക്കിയാൽ മതി യായിരുന്നു.

ദൈവം ആഗ്രഹിക്കുന്നത് സ്നേഹത്തിലും സ്വാതന്ത്ര്യത്തിലും നിന്നു ത്ഭൂതമാകുന്ന അനുസരണമാണ്. അതിന് ഈ പോലീസു ഭരണം കൊണ്ടു സാദ്ധ്യമല്ല. കത്തോലിക്കർ വായിക്കുവാൻ നിരോധിച്ചിട്ടുള്ള ഡോസ്റ്റോയെവ്സ്കിയുടെ “The Grand Inquisitor” എന്ന ഭാഗം വായി ച്ചാലേ കത്തോലിക്കാസഭയുടെ അനുസരണത്തിന്റെ പൊള്ളത്തരം മന സ്സിലാകയുള്ളു. ബ. അച്ചൻ നിരോധിത ലിഖിതങ്ങളുടെ Index ന് വിധേ യമാകുന്നതിനു മുൻപ് ഈ ഭാഗം വായിച്ചിട്ടും പഠിച്ചിട്ടും അതേപ്പറ്റി പ്രസം ഗിച്ചിട്ടുമുള്ളതാണല്ലോ.

അനുസരണത്തെപ്പറ്റിയുള്ള ബ. അച്ചന്റെ വാദത്തിൽ മറ്റൊരു ധ്വനി കൂടെയുണ്ട്. സുറിയാനിസഭ പ്രോട്ടസ്റ്റന്റുകാരെപ്പോലെ, പാപ്പായെ അനു സരിയ്ക്കാതെ അവരുടെയിടയിൽ നിന്നും ഇറങ്ങിപ്പോന്നിട്ടുള്ള “അനു സരണക്കേടിന്റെ സഭ”യാണെന്നുള്ളതാണത്.

451-ൽ സഭകൾ തമ്മിലുള്ള ആദ്യത്തെ വേർപാടുണ്ടായപ്പോൾ സുറി യായിലും അലക്സന്ത്രര്യായിലും ഊർശ്ലേമിലുമുള്ള സഭകൾ റോമാസ ഭയിൽ നിന്നും അനുസരണമില്ലാതെ ഇറങ്ങിപ്പോയതാണെന്ന് ചരിത്ര പശ്ചാത്തലമറിയുന്നവർക്ക് പറയാൻ പ്രയാസമാണ്. റോമ്മാ ചക്രവർത്തി യുടെ പിൻബലത്തോടുകൂടി തലസ്ഥാനനഗരിയായ കുസ്തന്തീനോപോ ലീസിലേയും റോമാസാമ്രാജ്യത്തിലെ പ്രഥമനഗരമെന്ന് പേർ വിളിക്ക പ്പെട്ട റോമ്മായിലേയും പാത്രിയർക്കീസന്മാർ, തങ്ങളുടെ ലൗകീക സ്വാധീന ബലമുപയോഗിച്ച് “അനുസരണത്തിന്റെ ദൈവിക നൽവരം” നടപ്പിലാക്കുവാൻ ശ്രമിച്ചതിൽ നിന്നാണ് ഈ വേർപാടുണ്ടായത്.1054-ൽ റോമാസഭയിൽ യഥാർത്ഥത്തിലുണ്ടായിരുന്ന കുറ്റങ്ങളെ എടുത്തു പറഞ്ഞ ഗ്രീക്ക് ഓർത്തഡോക്സ് പാത്രിയർക്കീസിനെ “അനുസരണ ത്തിന്റെ ദൈവികനൽവര”മുപയോഗിച്ച് മുടക്കിയതുകൊണ്ടാണ് സഭ യിലെ രണ്ടാമത്തെ വലിയ പിളർപ്പുണ്ടായത്. പതിനാറാം ശതാബ്ദത്തിൽ മാർട്ടിൻ ലൂഥറും കൂട്ടരും റോമ്മാസഭയുടെ ചില മഹാപാപങ്ങളെ ചൂണ്ടി ക്കാണിച്ചപ്പോൾ, “അനുസരണത്തിന്റെ ദൈവിക നൽവരത്തിനു”പകരം നമ്മുടെ കർത്താവിന്റെ മനുഷ്യാവതാരത്തിന്റെ മർമ്മമായ വൈനിത്യവും താഴ്മയും പ്രദർശിപ്പിച്ചിരുന്നെങ്കിൽ അനുസരണക്കേടും തന്നിഷ്ടവുമാ കുന്ന ഈ സുഖക്കേട് ക്രിസ്തീയസഭയിൽ ഇത്രയധികം പടർന്നു പിടി ക്കുകയില്ലായിരുന്നു. ഇന്ന് ക്രിസ്തീയസഭയിലുള്ള വളരെയധികം വിഭാ ഗങ്ങളുടെ ആസ്തിക്യത്തിന്റെ മൂലകാരണം “അനുസരണത്തിന്റെ ദൈവിക നൽവരം” ഏറ്റവും പൈശാചികമായ നിലയിൽ റോമ്മാ സഭ യുപയോഗിയ്ക്കുക മൂലം അനുസരണം ദൈവികമല്ലെന്നുള്ള ഒരു

ബോധം പടിഞ്ഞാറൻ സഭകളിലും രാഷ്ട്രീയ ചിന്താഗതിയിലും കടന്നുകൂടിയിരിക്കുന്നുവെന്നുള്ളതാണ്.

ഈ ദൈവിക നൽവരത്തിന്റെ ദുരുപയോഗമാണ് സഭയിലെ പിളർപ്പുകൾക്കെല്ലാം മൂലകാരണം. സഭയിലെ അസമാധാനത്തിനും പിളർപ്പുകൾക്കുമുള്ള പ്രഥമ ഉത്തരവാദിത്വം റോമ്മാസഭയുടേതാണ്. അനുസരണം ധാരാളം റോമ്മാസഭയ്ക്കുണ്ട് - മാനുഷിക രീതിയിലുള്ളത്. പക്ഷേ, കുറെ താഴ്മ കൂടി അവർക്കുണ്ടാകുമെങ്കിൽ സഭാ ഐക്യം അത്ര വളരെ അസാദ്ധ്യമായ കാര്യമൊന്നുമല്ല. ഈ താഴ്മയുടെ നൽവരം ദൈവം റോമ്മാസഭയ്ക്കും നമ്മുക്കെല്ലാവർക്കും നൽകുവാൻ വേണ്ടി ദൈവത്തോട് നമുക്ക് പ്രാർത്ഥിക്കാം.

*(1959-ൽ ചർച്ച് വീക്കിലിയിൽ എഴുതിയ ലേഖനം)*

# 15

# മാർട്ടിൻ ലൂതർ എന്ന മനുഷ്യസ്നേഹി

മദ്ധ്യയുഗത്തിൽ യൂറോപ്പിലെ നവോത്ഥാനപ്രസ്ഥാനത്തിന്റെ മുഖ്യ ശില്പി, പ്രൊട്ടസ്റ്റന്റ് മതവിഭാഗത്തിന്റെ സ്ഥാപകൻ, ജർമ്മൻ ഭാഷയിൽ ബൈബിൾ വിവർത്തനം ചെയ്ത സാഹിത്യകാരൻ, സർവ്വോപരി ഒരു മനുഷ്യസ്നേഹി - ഇങ്ങനെ പല നിലകളിൽ വ്യക്തിമുദ്ര പതിപ്പിച്ച മാർട്ടിൻ ലൂതറിന്റെ അഞ്ഞൂറാം ജന്മവാർഷികം നവംബർ പത്തിന് ലോകമെങ്ങും ആഘോഷിക്കുകയാണ്.

ഇന്ന് ജി. ഡി. ആറിൽ (ജർമ്മൻ ജനാധിപത്യ റിപ്പബ്ലിക്ക്) സ്ഥിതിചെയ്യുന്ന ഐസൽബൻ എന്ന പട്ടണത്തിൽ 1483 നവംബർ പത്താം തീയ്യതിയാണ് മാർട്ടിൻ ലൂതർ ജനിച്ചത്. ജി. ഡി. ആറിൽ ഇന്നുള്ള പ്രദേശങ്ങളിൽത്തന്നെയാണ് ജീവിതം നയിച്ചതും. ഐസൽബെനിലെ സെന്റ് പീറ്റർ, സെന്റ് പോൾ റോമൻ കത്തോലിക്കാപള്ളിയിൽ വെച്ചായിരുന്നു അദ്ദേഹത്തിന്റെ ജ്ഞാനസ്നാനം. അവിടെത്തന്നെയുള്ള സെന്റ് ആൻഡ്രൂസ് പള്ളിയിൽ വെച്ചായിരുന്നു അവസാനത്തെ പ്രാർത്ഥനയും മതപ്രഭാഷണവും. കിഴക്കൻ ജർമ്മനിയുടെയും പശ്ചിമ ജർമ്മനിയുടെയും അതിർത്തിക്കടുത്തുള്ള ഒരു നഗരത്തിൽ വച്ചു തന്നെ മാർട്ടിൻ ലൂതറിന്റെ അന്ത്യവും സംഭവിച്ചു.

മാഗ്ഡെബഗ്ഗിലെ സ്കൂളിലാണ് വിദ്യാഭ്യാസം ആരംഭിച്ചത്. 1498 മുതൽ 1501 വരെ ഐസൽബെനിൽ താമസിച്ചുകൊണ്ട് വിദ്യാഭ്യാസം തുടർന്നു. 1501 മുതൽ 1505 വരെ എർഫുർട്ടിലെ സർവ്വകലാശാലയിൽ ചേർന്ന് പഠനം നടത്തി. 1505 മുതൽ 1507 വരെയും പിന്നീട് 1509 മുതൽ 1510 വരെയും അദ്ദേഹം അഗസ്റ്റിനിയിൽ ഒരു സന്യാസിമഠത്തിൽ പാതിരിയായി സേവനമനുഷ്ഠിച്ചു. 1508 മുതൽ 1511 വരെ വിറ്റൻബർഗ് സർവ്വകലാശാലയിൽ തത്ത്വശാസ്ത്ര പ്രൊഫസറായിരുന്നു. തിയോളജിയിൽ ഡോക്ടർ ബിരുദം നേടി 1524-ൽ അഗസ്റ്റിനിയിലെ പള്ളിയിലേക്ക് തിരിച്ചുവരികയും 1546 ഫെബ്രുവരി 18-ാം തീയ്യതി, അന്ത്യംവരെ അവിടെത്തന്നെ കഴിച്ചുകൂട്ടുകയും ചെയ്തു.

## സാമൂഹ്യ പരിഷ്കർത്താവ്

എർഫർട്ട്, ഹാലേ, ജേന, ന്യൂസ്ടാദ്, ലീപ്പ്സിഗ്, സാൽഫെഡ്, ഷാമൽ കാൽദൻ, ടോർഗൗ, വിറ്റൻബർഗ് എന്നീ നഗരങ്ങളിലായിരുന്നു മാർട്ടിൻ

ലൂതർ പ്രധാനമായും തന്റെ മതപ്രഭാഷണങ്ങളും പ്രാർത്ഥനകളും നടത്തിയത്. കത്തോലിക്കാസഭയുടെ സാന്മാർഗിക നിലവാരത്തിന്റെ അധഃപതനം അദ്ദേഹത്തെ ഞെട്ടിപ്പിക്കുകയും അതിനെതിരായി കലാപക്കൊടിയുയർത്തുകയും ചെയ്തു. 'ജർമ്മൻ പ്രഭുവർഗ്ഗത്തോടാഹ്വാനം', 'സഭയുടെ ബാബിലോണിയൻ അടിമത്തം' തുടങ്ങിയ ലഘുലേഖകളിലൂടെ അദ്ദേഹം റോമൻ കത്തോലിക്കാ സഭയുമായി വളരെ അകന്നു. 1521 ആദ്യത്തിൽ ലൂതറെ സഭയിൽ നിന്നു ബഹിഷ്കരിച്ചു. കല്പന നടപ്പാക്കാൻ നിയുക്തനായ ചാറൽസ് അഞ്ചാമൻ ലൂതറോട് സ്വന്തം പ്രവർത്തനങ്ങളിൽ പശ്ചാത്താപം പ്രകടിപ്പിച്ച് അവ പിൻവലിക്കുവാൻ ആവശ്യപ്പെട്ടു. വിസമ്മതിച്ച ലൂതറെ നിയമഭ്രഷ്ടനാക്കുകയും ചെയ്തു. തന്റെ സുഹൃത്തായ സാക്സണിയിലെ രാജകുമാരന്റെ സഹായത്തോടെ വാർട്ട്ബർഗ് കൊട്ടാരത്തിൽ ലൂതർ ഒളിവിൽ കഴിച്ചുകൂട്ടി. 1544-ൽ അദ്ദേഹം തൊർഗോവിൽ (ജി. ഡി. ആർ.) ആദ്യത്തെ പ്രൊട്ടസ്റ്റന്റ് പള്ളി ആരംഭിച്ചു.

മാർട്ടിൻ ലൂതർ ഒരു ക്രൈസ്തവ മത സാമൂഹ്യ പരിഷ്കർത്താവ് മാത്രമായിരുന്നില്ല. ക്ലാസ്സിക്കൽ ജർമ്മൻ ഭാഷയുടെ ജനയിതാവു കൂടിയായിരുന്നു. വാർട്ട്ബർഗ് കൊട്ടാരത്തിൽ ഒളിവിൽ കഴിയവെ അദ്ദേഹം കുർബാനയും ബൈബിളും ജർമ്മൻ ഭാഷയിലേക്ക് വിവർത്തനം ചെയ്തു. ഈ പരിഭാഷയാണ് ആധുനിക ജർമ്മൻഭാഷയുടെ അസ്തിവാരമായത്. ജർമ്മൻ ദേശീയത്വത്തിന്റെയും തനതായ വ്യക്തിത്വത്തിന്റെയും സംസ്കാരത്തിന്റെയും ഉപജ്ഞാതാവ് കൂടിയായിരുന്നു ലൂതർ. ആരാധനയ്ക്കായി അനേകം ഗീതങ്ങളും കീർത്തനങ്ങളും അദ്ദേഹം രചിച്ചു. ഉത്തമ സാഹിത്യകാരൻ, ബോധനവിദ്യയിൽ പുതിയ സരണികൾ വെട്ടിത്തുറന്ന ഒന്നാന്തരം അദ്ധ്യാപകൻ, സാമൂഹ്യമൂല്യങ്ങളിൽ വിപ്ലവാത്മകമായ മാറ്റത്തിന് നേതൃത്വം നൽകിയ സാമൂഹ്യ പരിഷ്കർത്താവ് തുടങ്ങിയ നിലകളിലെല്ലാം അദ്ദേഹം വ്യക്തിമുദ്ര പതിപ്പിച്ചു.

### പള്ളിമേധാവിത്വത്തിന് എതിരെ

പള്ളിയിൽ അന്ന് നിലനിന്നിരുന്ന ഫ്യൂഡൽ മേധാവിത്വ മൂല്യങ്ങൾക്കെതിരായി പതിനാറാം നൂറ്റാണ്ടിൽ ആരംഭിച്ച കലാപം നയിച്ചത് ലൂതറായിരുന്നു. യൂറോപ്പിലെ സാമൂഹ്യവ്യവസ്ഥിതിയിൽ സുപ്രധാനമായ പരിവർത്തനങ്ങൾക്ക് തുടക്കം കുറിക്കുകയും നേതൃത്വം നൽകുകയും അങ്ങനെ മാനവചരിത്രത്തിന്റെ ഗതിയെ തന്നെ സാരമായി സ്വാധീനിക്കുകയും ചെയ്ത വിപ്ലവകാരിയായിരുന്നു അദ്ദേഹം.

പള്ളിയിൽ നടമാടിയിരുന്ന നഗ്നമായ അഴിമതിക്കെതിരായി ധീരവും ശക്തവുമായി പൊരുതിയ വികാരിയെന്ന നിലയിലാണ് ലൂതർ പരക്കെ അറിയപ്പെടുന്നത്. മനുഷ്യമനസ്സിനെയും സാമൂഹ്യ മൂല്യങ്ങളെയും വ്യവ

സ്ഥാപിത മതസംവിധാനത്തിന്റെ സങ്കുചിതവും നിർബന്ധപൂർവവുമായ നിയന്ത്രണത്തിൻ കീഴിൽ കൊണ്ടുവരുന്നതിനെതിരായി അദ്ദേഹം വിട്ടു വീഴ്ചയില്ലാതെ സമരം ചെയ്തു. ആ മേഖലയിൽ അതുല്യ സംഭാവന കൾ നല്കിയ ക്രൈസ്തവ തിയോളജിയുടെ ശില്പിയായിരുന്നു മാർട്ടിൻ ലൂതർ. മനുഷ്യന്റെ മനസ്സാക്ഷിയുടെ നിസ്സീമമായ സ്വാതന്ത്ര്യത്തെ ഉയർ ത്തിപ്പിടിച്ചുകൊണ്ട് 'ഞാൻ ഈ പ്രശ്നത്തിൽ ഈ നിലപാടാണ് എടു ക്കുന്നത്, മറ്റൊന്നും എന്നാൽ സാദ്ധ്യമല്ല' എന്ന് ഉറച്ചു പറയാൻ അദ്ദേഹം തയ്യാറായി.

മധ്യകാലഘട്ടത്തിൽ പള്ളിയെപ്പോലെയും ഫ്യൂഡൽ ആധിപത്യത്തെ പ്പോലെയും സർവ്വശക്തമായ ഒരു ശത്രുവിനെ നേരിടുന്നതിന് ലൂതർ കൂട്ടു പിടിച്ചത് പാവപ്പെട്ടവരെയല്ല, കൃഷിക്കാരെയുമായിരുന്നില്ല; രാജാ ക്കന്മാരെയും പ്രഭുക്കളെയുമായിരുന്നു. പള്ളിമേധാവിത്വത്തെ ചെറുത്തു നില്ക്കുവാൻ തുല്യ ശക്തിയുള്ളത് പരിശുദ്ധ ജർമ്മൻ പാർലമെന്റാണ് എന്ന് അദ്ദേഹം കരുതി. ആ നിയമസഭയിലാകട്ടെ കൃഷിക്കാരുടെയും ദരിദ്രരുടെയും പ്രതിനിധികളല്ല ഉണ്ടായിരുന്നത്; രാജാക്കന്മാർ, ഭൂപ്രഭു ക്കൾ, സ്വതന്ത്രനഗരങ്ങളുടെ അധിപന്മാരായ മാടമ്പികൾ, കച്ചവടക്കാർ, വ്യവസായികൾ, പട്ടണങ്ങളിൽ പുതുതായി വളർന്നു തുടങ്ങിയ ബൂർഷ്വാ വർഗ്ഗത്തിന്റെ പ്രതിനിധികൾ എന്നിവരായിരുന്നു. ലൂതർ അവരുടെ ശക്ത നായ വക്താവായി. അലസതയെയും നിഷ്ക്രിയത്വത്തെയും അദ്ദേഹം അപലപിക്കുകയും അലസനായിരിക്കുന്നവൻ പാപം ചെയ്യുന്നവനാ ണെന്ന് പ്രഖ്യാപിക്കുകയും ചെയ്തു.

### അദ്ധ്വാനത്തിന്റെ പുതിയ തത്വസംഹിത

ജോൺ കാൽവിൻ പില്ക്കാലത്ത് രൂപംനൽകിയ അദ്ധ്വാനത്തിന്റെ പുതിയ തത്വസംഹിതയുടെ (Work Ethics) ജനയിതാവായിരുന്നു ലൂതർ. ആധുനികതയുടെ ഉറവിടം തന്നെ ഈ തത്വസംഹിതയായിരുന്നു. കര കൗശലവിദഗ്ധർ, ശില്പികൾ, അദ്ധ്യാപകന്മാർ, വിദ്യാർത്ഥികൾ, കൈവേ ലക്കാർ ഇവരൊക്കെത്തന്നെ അദ്ധ്വാനത്തിന്റെ മേന്മ കണ്ടറിയുകയും മാർ ട്ടിൻ ലൂതറിന്റെ പിന്നിൽ അണിനിരക്കുകയും ചെയ്തു.

ഫ്യൂഡൽ ദുഷ്പ്രഭുത്വത്തിനെതിരായി സമരങ്ങൾ നടത്തിയ കൃഷി ക്കാരും ആദ്യമാദ്യം ലൂതറിന് പിന്തുണ നൽകുകയുണ്ടായി. എന്നാൽ, ലൂതറാകട്ടെ, മാനസികമായും വൈകാരികമായും മദ്ധ്യവർഗ്ഗത്തിൽ പെട്ട ആളായിരുന്നു. പാവപ്പെട്ടവരിൽ നിന്ന് ഉയർന്നു വന്നവനായിരുന്നില്ല. 1492 മുതൽ 1517 വരെ നടന്ന കാർഷികലഹളകൾക്കെല്ലാം കാരണക്കാർ ഭൂപ്ര ഭുക്കളായിരുന്നുവെന്ന് അദ്ദേഹം വാദിക്കുകയും കൃഷിക്കാരുടെ കൂടെ നില്ക്കുകയും ചെയ്തു. എന്നാൽ അവരുടെ ലഹളകളെ നിയന്ത്രിക്കു

വാൻ അദ്ദേഹത്തിന് കഴിഞ്ഞില്ല. ബൂർഷ്വാവർഗ്ഗത്തിന്റെ വക്താക്കളായ നേതാക്കന്മാർ ഇന്നും ചെയ്യാറുള്ളതുപോലെ അദ്ദേഹം കൃഷിക്കാരോട് സമാധാനത്തിന്റെ മാർഗ്ഗം അവലംബിക്കുവാനും അവരുടെ അവകാശങ്ങൾ ഭൂപ്രഭുക്കൾ സമക്ഷം ബോധിപ്പിക്കുവാനും സമരമാർഗം കൈവിടുവാനും ഉപദേശിച്ചു. ലൂതറെ സംബന്ധിച്ചിടത്തോളം 'കലാപം' എന്നു വെച്ചാൽ അത് ചെകുത്താന്റെ സൃഷ്ടിയായിരുന്നു (റോമൻ കത്തോലിക്കാപ്പള്ളി മേധാവിത്വത്തിനെതിരായി അദ്ദേഹം നയിച്ച തുറന്ന കലാപമൊഴിച്ച്!). അദ്ദേഹത്തിന് പിന്തുണ നൽകിവന്ന നഗരകൗൺസിലുകളിലെ പ്രതിനിധികളെല്ലാം തന്നെ കൃഷിക്കാരെ ചൂഷണം ചെയ്തിരുന്ന ദുഷ്പ്രഭുക്കളായിരുന്നുവെന്ന് കാണാൻ അദ്ദേഹത്തിനു കഴിഞ്ഞില്ല. മാർപ്പാപ്പയ്ക്കെതിരായി അദ്ദേഹം നടത്തിയ വിമർശനങ്ങളേക്കാൾ കടുത്ത ഭാഷയിൽ അദ്ദേഹം കൃഷിക്കാരുടെ കലാപങ്ങളെ അപലപിച്ചു. 'കൊള്ളക്കാരായ കൃഷിക്കാരുടെ കൊള്ളസംഘങ്ങൾക്കെതിരായി' എന്ന തലക്കെട്ടിൽ അദ്ദേഹം എഴുതിയ ലഘുലേഖയും കൃഷിക്കാരുടെയും ആനാബാപ്പ് റ്റിസ്റ്റുകളുടെയും നേതാവായിരുന്ന തോമസ് മനസറെ അദ്ദേഹം വിട്ടുവീഴ്ചയില്ലാതെ എതിർത്തതും ചരിത്രസത്യങ്ങളാണ്. ലൂതറിന്റെ വ്യക്തിത്വത്തിൽ, അദ്ദേഹം ലോകത്തിന് നൽകിയ സംഭാവനകളിൽ, അദ്ദേഹത്തിന്റെ ജീവിതത്തിലെ ഈ ഒരു വശം ഒരു പോറലോ ദൗർബല്യമോ ആയി തോന്നിയേക്കാം. എന്നാൽ മാർട്ടിൻ ലൂതർ സങ്കീർണ്ണമായ, വൈരുദ്ധ്യങ്ങൾ തീക്ഷ്ണത പ്രാപിച്ചുവന്ന ഒരു കാലഘട്ടത്തിന്റെ സന്തതിയായിരുന്നു എന്നു നാം ഓർക്കണം. ധീരത, കറയില്ലാത്ത തത്വദീക്ഷ, താൻ ശരിയാണെന്നു കരുതുന്നതിൽ ഉറച്ച നിലപാട്, നീതിബോധം, വിട്ടുവീഴ്ചയില്ലായ്മ എന്നീ ഗുണങ്ങൾ അദ്ദേഹത്തിൽ സമ്മേളിച്ചിരുന്നു.

## പാവപ്പെട്ടവർക്കു വേണ്ടി

ഇതൊക്കെയാണെങ്കിലും ഏറ്റവും ദരിദ്രരായവരിൽ ലൂതർ അതീവ താത്പര്യം പ്രകടിപ്പിച്ചിരുന്നു. പാവപ്പെട്ടവരുടെ ഒരു മതതത്വസംഹിതയ്ക്കു തന്നെ അദ്ദേഹം രൂപം നൽകി. പള്ളിയുടെയും മത സ്ഥാപനങ്ങളുടെയും സ്വത്തുക്കളായുള്ള നിലം കണ്ടെടുത്തു പാവപ്പെട്ടവരെ കുടിയിരുത്തണമെന്നദ്ദേഹം വാദിച്ചു. സ്വത്തൊക്കെ കണ്ടുകെട്ടി. എന്നാൽ അവ നേടിയെടുത്തത് പാവപ്പെട്ടവരായിരുന്നില്ല. പട്ടണങ്ങളിലെ പുത്തൻ മുതലാളികളായിരുന്നു. ഫ്യൂഡൽ പ്രഭുക്കൾ പാവപ്പെട്ടവരുടെ സംരക്ഷണ ചുമതല ഏറ്റെടുത്തു നടത്തേണ്ട ട്രസ്റ്റികളാണെന്ന 'ട്രസ്റ്റിഷിപ്പ്' സിദ്ധാന്തത്തിൽ അദ്ദേഹം വിശ്വസിച്ചു. സ്വാഭാവികമായി, പാവപ്പെട്ടവരുടെ പ്രശ്നങ്ങളുടെ പരിഹാരം മദ്ധ്യവർഗ്ഗത്തിന്റെ ഹൃദയപരിവർത്തനം കൊണ്ടുണ്ടാവുന്ന ഔദാര്യത്തിലൂടെ നേടാമെന്ന വ്യാമോഹം വെച്ചുപുലർത്തിയ ലൂതർ ഈ ശ്രമങ്ങളിൽ വിജയിച്ചില്ല.

## നവോത്ഥാനപ്രസ്ഥാനം

എന്നാൽ ഫ്യൂഡലിസത്തിൽ നിന്നു മുതലാളിത്തത്തിലേക്കുള്ള മധ്യകാലഘട്ടത്തിലെ പരിവർത്തനം വിജയിപ്പിക്കുന്നതിൽ ലൂതർ നിസ്തുലമായ സംഭാവനകൾ നല്കി. അദ്ദേഹത്തിന്റെ നേതൃത്വത്തിൽ ആരംഭിച്ച നവോത്ഥാനപ്രസ്ഥാനം പുതിയ മുതലാളിത്ത സംസ്ക്കാരത്തിന്നു വഴിതെളിച്ചു. വടക്കൻ യൂറോപ്പിലെ പുതിയ രാഷ്ട്രങ്ങൾക്ക് ലോകം മുഴുവനും പിടിച്ചടക്കുവാനും കച്ചവടം വഴി ലാഭവും കോളനികൾ തന്നെയും നേടിയെടുക്കുവാനും ഉള്ള പ്രചോദനം ഈ പുതിയ സംസ്കാരത്തിൽ നിന്നുണ്ടായി. ലൂതറിന്റെ ആശയങ്ങൾ, ഇതര സാമൂഹ്യ പരിഷ്കർത്താക്കളായ ജോൺ കാൽവിൻ, ഉൽറിക്ക് സ്വിങ്ഗ്ളി, മാർട്ടിൻ ബട്സർ, ജോൺ നോക്സ്, മൈക്കൽ അഗ്രിക്കോളാ, ഒലാവസ് പെട്രി എന്നിവരുടെ ആശയങ്ങളുമായി ഒത്തുചേരുകയും വടക്കൻ യൂറോപ്പിലാകെത്തന്നെ - ഫ്രാൻസ്, സ്വീഡൻ,ഡെൻമാർക്ക്, ഫിൻലണ്ട്, ഹോളണ്ട്, ഇംഗ്ലണ്ട്, സ്കോട്ട്ലന്റ് എന്നീ രാജ്യങ്ങളിലാകെ - നവോത്ഥാനത്തിന്റെ കൊടുങ്കാറ്റ് വീശിത്തുടങ്ങുകയും ചെയ്തു. രണ്ടു നൂറ്റാണ്ടുകൾക്കു ശേഷം ഈ രാഷ്ട്രങ്ങളൊക്കെതന്നെയാണ് വ്യാപാരത്തിനായും കോളനി സ്ഥാപനത്തിനായും ലോകത്തെമ്പാടും ഒരുങ്ങി പുറപ്പെട്ടതും ആധുനിക പാശ്ചാത്യ സംസ്ക്കാരം പ്രചരിപ്പിച്ചുതുടങ്ങിയതും. ഇംഗ്ലണ്ടിൽ 17 -ാം നൂറ്റാണ്ടിൽ നടന്ന റിഫർമേഷൻ, 1789-ലെ ഫ്രഞ്ച് വിപ്ലവം, 18 -ാം നൂറ്റാണ്ടിലെ അമേരിക്കൻ സ്വാതന്ത്ര്യ സമരം ഇവയ്ക്കൊക്കെ പ്രചോദനം നല്കിയതും കളമൊരുക്കിയതും ഈ പ്രൊട്ടസ്റ്റന്റ് സാമൂഹ്യപരിഷ്കരണ പ്രസ്ഥാനം തന്നെയായിരുന്നു.

നമ്മുടെ ഇന്നത്തെ വിദ്യാഭ്യാസ സമ്പ്രദായം തന്നെ - മനുഷ്യന്റെ മനസ്സിന്റെയും ബുദ്ധിയുടെയും വികസനത്തിനുള്ള ശക്തമായ ഉപാധി - ലൂതറുടെ ആശയങ്ങളിലധിഷ്ഠിതമായി ഫിലിപ്പ് മലാഞ്ച്തോൺ ആരംഭിച്ച വിദ്യാലയങ്ങളെ മാതൃകയാക്കിയവയാണ്. യൂറോപ്പിലെ പ്രശസ്ത സർവകലാശാലകൾ - അവയുടെ ദുർബലമായ അനുകരണമായിട്ടാണ് ഇവിടെയും നാം സർവകലാശാലകൾ ആരംഭിച്ചത് - മാർട്ടിൻ ലൂതറിന്റെ ആശയങ്ങൾക്കനുസൃതമായി രൂപംകൊണ്ടവയാണ്. മാർക്സും എംഗൽസും ലൂതറിന്റെ ആശയങ്ങളുടെ പുരോഗമനാത്മകമായ സ്വാധീനത്തെ അംഗീകരിക്കുകയും അദ്ദേഹത്തിന്റെ ചില സാമ്പത്തിക തത്ത്വങ്ങൾക്ക് വില കല്പിക്കുകയും ചെയ്തിട്ടുണ്ട്. മനുഷ്യ സമൂഹത്തിന്റെ പരിവർത്തനത്തിൽ ഒരു കാലഘട്ടത്തിൽ സാരമായ പങ്ക് വഹിക്കുകയും ആഗോള വ്യാപകമായി പുരോഗമന പ്രസ്ഥാനങ്ങൾക്കു തുടക്കം കുറിക്കുകയും ചെയ്തത് ലൂതറാണ് എന്ന് മാർക്സ് പലയിടത്തും എടുത്തുപറയുന്നു.

മഹാനായ ജർമ്മൻ ചിന്തകൻ, പുരോഗമനചിന്തകളുടെയും പ്രസ്ഥാ

നത്തിന്റെയും ജനയിതാവ്, മാനവചരിത്രത്തിൽ സുപ്രധാനമായ പരിവർത്തനത്തിനു വഴിതെളിച്ച വിപ്ലവകാരി എന്നീ നിലകളിലെല്ലാം ആരാധ്യനായ മാർട്ടിൻ ലൂതറിന്റെ 500–ാം ജന്മവാർഷികം ലോകത്തിലെ പ്രബുദ്ധ ജനവിഭാഗങ്ങളോടൊപ്പം ഇന്ത്യയുടെ വിവിധ ഭാഗങ്ങളിലും കേരളത്തിലും കൊണ്ടാടുന്നതിനുള്ള ഒരുക്കങ്ങൾ പൂർത്തിയായിട്ടുണ്ട്.

(*മാതൃഭൂമി ആഴ്ചപ്പതിപ്പ്*, 1983 നവംബർ 6)

# 16

# നമ്മുടെ സഭയുടെ ആരാധനാപാരമ്പര്യം

നമ്മുടെ സഭ ഇന്നും പിൻതുടരുന്നത് സുറിയാനി ആരാധനാ പാരമ്പര്യമാണ്. സുറിയാനി പാരമ്പര്യം തന്നെ 'പാശ്ചാത്യ'മെന്നും 'പൗരസ്ത്യ' മെന്നുമുള്ള രണ്ടു വിഭാഗങ്ങളിലുണ്ട്. ഇതിൽ പാശ്ചാത്യ സുറിയാനി പാരമ്പര്യമാണ് 'യാക്കോബായ' സുറിയാനിക്കാരായ നാം ഉപയോഗിക്കുന്നത് ('യാക്കോബായ' എന്ന പദം നമ്മെ പരിഹസിക്കുവാൻ ശത്രുക്കൾ കരുതിക്കൂട്ടി ഉപയോഗിച്ചതാണ്. നമ്മുടെ സഭയുടെ ഉത്ഭവം വെറും ആറാം നൂറ്റാണ്ടിൽ മാത്രമാണെന്നു വരുത്തുവാനാണ് ഈ ശ്രമം നടത്തിയത്).

വളരെ പുരാതനമായ കാലത്തുതന്നെ ഇൻഡ്യയിൽ ഈ ആരാധനാ പാരമ്പര്യം വേരുപിടിച്ചിരുന്നു. എന്നാൽ പോർത്തുഗീസുകാർ ഇവിടെ വന്നപ്പോൾ നെസ്തോറിയ വിശ്വാസപക്ഷമായിരുന്ന പൗരസ്ത്യ സുറിയാനി പാരമ്പര്യമാണ് വിശ്വാസത്തിലും ആരാധനയിലും അവർക്കിവിടെ കാണുവാൻ കഴിഞ്ഞത്. തൻനിമിത്തം റോമൻ കത്തോലിക്കാ പണ്ഡിതന്മാർ സ്ഥാപിക്കുവാൻ ശ്രമിക്കുന്നത് കൂനൻകുരിശു സത്യത്തിനു ശേഷം (അതായത് എ. ഡി. 1653 നു ശേഷം) മാത്രമാണ് ഇവിടെ പാശ്ചാത്യസുറിയാനി ആരാധനാപാരമ്പര്യം ആരംഭിച്ചതെന്നാണ്. എന്നാൽ പല ഓർത്തഡോക്സ് പണ്ഡിതന്മാരും ചരിത്രകാരന്മാരും സാക്ഷിയ്ക്കുന്നത് ഇൻഡ്യയിലെ സഭയ്ക്ക് പേർഷ്യയിൽ അധിവസിച്ചിരുന്ന പാശ്ചാത്യസുറിയാനി പാരമ്പര്യത്തിലുള്ള മഫ്രിയാനായിൽ നിന്ന് തുടർച്ചയായി മെത്രാപ്പോലീത്തന്മാരെ ലഭിച്ചിരുന്നു എന്നാണ്. ഈ മഫ്രിയാന സ്ഥാനത്തുനിന്നുയർന്നുവന്നിട്ടുള്ള സുപ്രശസ്ത പണ്ഡിന്മാരാണ് മൂശെ ബർകീപ്പാ (9–ാം നൂറ്റാണ്ട്), ദീവന്നാസ്യോസ് ബർസ്ലീബി, മീഖായേൽ റാബോ (12–ാം നൂറ്റാണ്ട്), ഗ്രിഗോറിയോസ് ബാർ എബ്രായ എന്നിവർ. അവരുടെ ലിഖിതവും അലിഖിതവുമായ സാക്ഷ്യങ്ങൾ, പേർഷ്യൻ സാമ്രാജ്യാതിർത്തിക്കുള്ളിൽ പാശ്ചാത്യ സുറിയാനി പാരമ്പര്യത്തിലുള്ള സഭയുണ്ടായിരുന്നു എന്നതിനെ സ്ഥിരീകരിക്കുന്നവയാണ്. ആയതിനാൽ ഇൻഡ്യൻ സഭ പാശ്ചാത്യസുറിയാനി പാരമ്പര്യം വളരെ മുമ്പേ പരിചയപ്പെട്ടിരുന്നു എന്നും, എന്നാൽ അതിന്റെ ക്രമീകൃതമായ ഉപയോഗം ഇവിടെ ഉണ്ടായത് 1665 ൽ സുറിയാനി മെത്രാപ്പോലീത്തായായിരുന്ന മാർ ഗ്രിഗോറിയോസ് വന്നതോടുകൂടിയാണെന്നും അനുമാനിക്കാം.

അഞ്ചാം നൂറ്റാണ്ടു മുതൽ 16-ാം നൂറ്റാണ്ടു വരെ ഇൻഡ്യൻ സഭ നെസ്തോർ വിശ്വാസമായിരുന്നു വച്ചുപുലർത്തിയിരുന്നതെന്നുള്ള അഭ്യൂഹം യഥാർത്ഥത്തിൽ തെറ്റിദ്ധാരണ മാത്രമാണ്. ഇൻഡ്യയിലെ സഭയ്ക്ക് ബന്ധമുണ്ടായിരുന്ന പേർഷ്യൻസഭ അക്കാലത്ത് നെസ്തോർ പാഷാണ്ഡോപദേശം സ്വീകരിച്ചിരുന്നു എന്ന ധാരണയാണ് ഇതിനു പിമ്പിലുള്ളത്. എന്നാൽ യാഥാർത്ഥ്യം നേരേമറിച്ചാണ്. 14-ാം നൂറ്റാണ്ടു വരെയും മെസെപ്പൊത്തോമ്മ്യയിലെ ഈ മഫ്രിയാനാ സ്ഥാനം പാശ്ചാത്യസുറിയാനിപാരമ്പര്യത്തിലുള്ളതും അംഗസംഖ്യയിൽ അനവധിയുമായിരുന്നു. 14-ഉം 15-ഉം നൂറ്റാണ്ടുകളിലെ പോർത്തുഗീസ് ലിഖിതങ്ങളിൽ നിന്ന് വ്യക്തമായി മനസിലാക്കുന്നത് ഇൻഡ്യയിൽ പാശ്ചാത്യ സുറിയാനി പാരമ്പര്യത്തിലുള്ള സഭ, ബാബിലോണിലെ പാത്രിയർക്കീസിനോ, റോമിലെ മെത്രാപ്പോലീത്തായ്ക്കോ അധീനമല്ലായിരുന്നുവെന്നാണ്. തന്നിമിത്തം 'യാക്കോബായ'ക്കാരെന്നോ നെസ്തോറിയരെന്നോ, അല്ല അവർ നമ്മെ സംബോധന ചെയ്തിരുന്നത്.

1166 മുതൽ 1171 വരെ പൗരസ്ത്യ ദേശങ്ങളിൽ പര്യടനം നടത്തിയ യഹൂദ എഴുത്തുകാരനായ റ്റ്യൂഡലായിലെ ബെഞ്ചമിൻ കൊല്ലത്തു നിവസിച്ചിരുന്ന ക്രിസ്ത്യാനികളെപ്പറ്റി പറയുന്നുവെങ്കിലും, അവരെ നെസ്തോറിയരുടെയോ യാക്കോബായരുടെയോ കൂട്ടത്തിൽ ഉൾപ്പെടുത്തിയിട്ടില്ല. യറുശലേമിലെ ലത്തീൻ പാത്രിയർക്കീസായിരുന്ന കർദിനാൾ ജാക്വസ് അദ്ദേഹത്തിന്റെ 'യറുശലേം ചരിത്ര'ത്തിൽ നമ്മെപ്പറ്റി പറയുന്നത്, യാക്കോബായരെന്ന അർത്ഥത്തിലാണ്. 13-ാം നൂറ്റാണ്ടിൽ ഇവിടെ വന്ന മാർക്കോപോളോ ഇൻഡ്യയിലെ ക്രിസ്ത്യാനികളെ നെസ്തോറിയരെന്നോ യാക്കോബായക്കാരെന്നോ തിരിച്ചു പറഞ്ഞിട്ടില്ല. പക്ഷേ അദ്ദേഹം ബാഗ്ദാദിലെ ക്രിസ്ത്യാനികളെ ഇങ്ങനെ വേർതിരിച്ചു പറയുകയും ചെയ്യുന്നു. തന്നിമിത്തം ഇവിടെ നെസ്തോർ വിശ്വാസത്തിലാണ് സഭ നീങ്ങിയതെന്നതിന് തെളിവില്ല. വെനീസുകാരനായ നിക്കേളൊ ഡികൊണ്ടി, 15-ാം നൂറ്റാണ്ടിൽ മൈലാപ്പൂരും കൊല്ലവും സന്ദർശിച്ചു. അദ്ദേഹവും ഇവിടുത്തെ ക്രിസ്ത്യാനികൾ നെസ്തോറിയരായിരുന്നുവെന്നു പറയുന്നില്ല.

'പേർഷ്യൻ സഭ' എന്നു കേട്ടാൽ പലരും ധരിക്കുന്നത് നെസ്തോർ വിശ്വാസത്തിലേക്കുപോയ പാത്രിയർക്കീസും ആളുകളും മാത്രമാണെന്നാണ്. അതുകൊണ്ടുതന്നെയാണ് ഇൻഡ്യൻ സഭയ്ക്ക് പേർഷ്യൻ സഭയുമായി ബന്ധമുണ്ടായിരുന്നു എന്നു കേൾക്കുമ്പോൾ നാമും നെസ്തോറിയരായിരുന്നുവെന്നു അനുമാനിക്കുന്നത്. എന്നാൽ 'പേർഷ്യ'യിൽ തന്നെയായിരുന്നു യാക്കോബായ വിശ്വാസത്തിലുള്ള തിഗ്രീസിലെ മഫ്രിയാനായുടെ സഭയും ഇക്കാലത്തുണ്ടായിരുന്നത്. മാത്രവുമല്ല, ഏഴാം നൂറ്റാ

ണ്ടിലും എട്ടാം നൂറ്റാണ്ടിലും അന്നും നെസ്തോറിയൻ ആരാധനക്രമങ്ങളും, യാക്കോബായ ക്രമങ്ങളും തമ്മിൽ പറയത്തക്ക വ്യത്യാസങ്ങൾ ഇല്ലായിരുന്നു. അതുണ്ടായത് എട്ടാം നൂറ്റാണ്ടിനു ശേഷം മാത്രമാണ്.

*(എഴുതി പൂർത്തീകരിക്കാത്ത ഒരു ലേഖനം. 1975-നു മുമ്പ് എഴുതിയത്.)*

# 17

# വി. തോമാശ്ലീഹായുടെ സിഹാസനം നവീന സൃഷ്ടിയോ?

## വത്തിക്കാൻ ലൈബ്രറിയിൽ നിന്നും ഒരു പുതിയ രേഖ

വിശുദ്ധ തോമാശ്ലീഹായുടെ സിംഹാസനം ഒരു പുതിയ സൃഷ്ടിയാണെന്നു വാദിക്കുന്നവർക്ക് മറുപടി പറയുവാൻ സാധിക്കാത്തവിധത്തിൽ ഒരു പുതിയ രേഖ കൂടെ വത്തിക്കാൻ ലൈബ്രറിയിൽ നിന്നു ലഭിച്ചിരിക്കുന്നു. വത്തിക്കാൻ ലൈബ്രറിയിലെ സുറിയാനി കൈയെഴുത്തുരേഖകളുടെ കാറ്റ്ലോഗിന്റെ 186 മുതൽ 189 വരെയുള്ള വശങ്ങളിൽ ഇതേക്കുറിച്ചുള്ള വിവരണം നല്കപ്പെട്ടിരിക്കുന്നു. പ്രസ്തുത പുസ്തകം പെരുനാൾ ദിവസം വായിക്കുവാനുള്ള വായനക്കാരുടെ പുസ്തകമാണ്. കേരളത്തിൽ 'ശെങ്ങള' എന്ന സ്ഥലത്തുവച്ച് എഴുതപ്പെട്ടതാണ്. 1301-ാം ആണ്ടിലാണു പകർത്തി എഴുതപ്പെട്ടത്. അതായത് ഇന്നേക്ക് 675 വർഷം മുൻപ്. ഈ പുസ്തകത്തിന്റെ 93-ാം വശത്ത് സുറിയാനിയിൽ ഇപ്രകാരം എഴുതിയിരിക്കുന്നു. "ദൈവത്തിന്റെ സഹായത്താലും കൃപയാലും കരുണയാലും പരിശുദ്ധനായ പൗലൂസ് ശ്ലീഹായുടെ ലേഖനങ്ങളുടെ വായനകൾ അടങ്ങിയ ഈ പുസ്തകം എഴുതിത്തീർന്നു.... സലൂക്യയുടെയും ക്ടെസീഫോന്റെയും അതായതു തലസ്ഥാന നഗരമായ അർദശീറിലുള്ള ഊനമില്ലാത്ത കിഴക്കിന്റെ കാതോലിക്കാ സിംഹാസനത്തിങ്കലെ കൂക്കോയരുടെയും മഹൂസ്യരുടെയും സഭാക്രമപ്രകാരം എഴുതപ്പെട്ടു."

93-ാം വശത്തുതന്നെ വീണ്ടും തുടരുന്നു: "ഈ പരിശുദ്ധ പുസ്തകം എഴുതപ്പെട്ടത് ഇൻഡ്യാപ്രദേശത്തു മലബാറിലുള്ള സുപ്രസിദ്ധവും മഹനീയവുമായ തലസ്ഥാനനഗരമായ ശെങ്ങളായിൽ ശ്രേഷ്ഠനായ മാർ കുറിയാക്കോസ് സഹദായുടെ നാമത്തിലുള്ള പള്ളിയിൽ വച്ചാണ്. അദ്ദേഹത്തിന്റെ പ്രാർത്ഥന വിശ്വാസികൾക്ക് കോട്ടയായിരിക്കട്ടെ. ആമ്മീൻ. കിഴക്കിന്റെ പരിശുദ്ധ കാതോലിക സഭയുടെ നായകനും അതിന്റെ അതിർത്തികളോളം തന്റെ പ്രകാശത്തെ പ്രസരിപ്പിക്കുന്നവനുമായ വലിയ ഭരണാധിപതി അതായത് ഇടയന്മാരിൽ പ്രധാനിയും മഹാപുരോഹിതന്മാരുടെ മഹാപുരോഹിതനും അധിപതിമാരുടെ അധിപതിയും പിതാക്കന്മാരുടെ പിതാവും പ്രധാനാചാര്യനുമായ പരിശുദ്ധനും വാഴ്ത്തപ്പെട്ടവനുമായ തുർക്കി രാജ്യക്കാരൻ കിഴക്കിന്റെ കാതോലിക്കോസ് പാത്രിയർക്കീസ് ആബൂൻ മാർ യാഹബല്ലാഹ 5-ാമന്റെ കാലത്ത് എഴുതപ്പെട്ടു. പ്രകാശത്തിന്റെ ഉറവിടവും പ്രദേശത്തിന്റെ തലസ്ഥാനവുമായി കാതോ

ലികസഭയുടെ ഉയർന്ന ദീപസ്തംഭമായി നിലകൊണ്ട് അതിന്റെ എല്ലാ നിരകളെയും പ്രകാശിപ്പിക്കുകയും അതിന്റെ കേടുപാടുകളെ തീർക്കുകയും ചെയ്യുന്നവനും അവൻ തന്നെ... ആമ്മീൻ. മാർതോമ്മാ ശ്ലീഹായുടെ പൗരസ്ത്യ സിംഹാസനത്തിന്മേൽ അധിപതിയായി വാഴുന്ന മെത്രാപ്പോലീത്താ യാക്കോബ് എപ്പിസ്കോപ്പായുടെ കാലത്തു തന്നെ. അതായത് നമ്മുടെയും ഇൻഡ്യാ രാജ്യത്തുള്ള എല്ലാ ക്രിസ്ത്യാനികളുടെയും അധിപതി ആയവൻ തന്നെ (വ് മാർ യായിക്കോവ് എപ്പിസ്കോപ്പാ മിത്രാപ്പോലീത്തോസ് കോയുമോ വമ്ദബറോനോ ദ് കുർസിയോ കാദീശോ ദ് മാർ തോമാശ്ലീഹോ, അവുക്കിത്ത് മ്ദബറോനോ ദീലാൻ വദ്കുല്ലേ ഈദ് ത്തോ കാദീശ്ത്തൊ ദ് ഹിന്തു ദ് ക്രിസ്തിയോനൂസോ)."

മലയാളത്തിൽ കൊടുത്തിരിക്കുന്നത് ഒരു ഏകദേശ തർജ്ജിമയാണ്. ഇതിന്റെ സുറിയാനി മൂലത്തിന്റെ ഫോട്ടോകോപ്പിയും കുറെക്കൂടെ ശരിയായ പരിഭാഷയും ഉടനെ പ്രസിദ്ധപ്പെടുത്താമെന്നു പ്രതീക്ഷിക്കുന്നു.

ഈ രേഖയിൽ നിന്നും മനസ്സിലാകുന്ന കാര്യങ്ങൾ പലതാണ്. 1301-ൽ ഇവിടെ കാതോലിക്കാ സിംഹാസനമില്ല. ഇവിടെയുള്ള മെത്രാപ്പോലീത്താ മാർ യാക്കോബ് എപ്പിസ്കോപ്പായാണ്. ഇദ്ദേഹം ഇൻഡ്യയിലുള്ള എല്ലാ ക്രിസ്ത്യാനികളുടെയും അധിപതിയാണ്. ഇവിടെ അന്നു കത്തോലിക്കരുമില്ല; മറ്റു വകുപ്പുകാരായ ക്രിസ്ത്യാനികളുമില്ല. ഏക സഭയേ ഉള്ളൂ. ആ സഭയുടെ അധിപനാണ് മാർ യാക്കോബ്. അദ്ദേഹം മെത്രാപ്പോലീത്തായായി ആരൂഢനായിരിക്കുന്നതു പരിശുദ്ധ തോമ്മാശ്ലീഹായുടെ സിംഹാസനത്തിലാണ്. മലങ്കര മെത്രാപ്പോലീത്തായുടെ സിംഹാസനം 1301-ൽ വിശുദ്ധ തോമ്മാശ്ലീഹായുടെ സിംഹാസനമാണ്. കിഴക്കിന്റെ കാതോലിക്കാ സിംഹാസനം ഇൻഡ്യയിൽ പുനഃസ്ഥാപിക്കപ്പെട്ട 1912-ന് 600 വർഷങ്ങൾക്കു മുമ്പുതന്നെ ഇവിടെ തോമ്മാശ്ലീഹായുടെ സിംഹാസനമുണ്ടെന്നു ഇവിടെയുള്ള ക്രിസ്ത്യാനികൾ വിശ്വസിച്ചിരുന്നു എന്നതിനു വ്യക്തമായ തെളിവാണ് ഈ രേഖ കൊണ്ടു ലഭിക്കുന്നത്.

ഈ രേഖയെപ്പറ്റി ഇതിനുമുമ്പ് നമുക്കുള്ള അറിവ് ബഹുമാനപ്പെട്ട പ്ലാസിഡച്ചന്റെ പുസ്തകങ്ങളിൽ നിന്നായിരുന്നു. അദ്ദേഹത്തിന്റെ അഭിപ്രായപ്രകാരം അന്നത്തെ കിഴക്കിന്റെ കാതോലിക്കോസ് പാത്രിയർക്കീസ് യാഹബല്ലാഹ തൃതീയനാണ്, യാഹബല്ലാഹ പഞ്ചമൻ എന്ന് തെറ്റിയെഴുതിയതാണ്. 'ശെങ്ങള' എന്നു പറയുന്നത് കൊടുങ്ങല്ലൂർ തന്നെ. 1301-ൽ ഇവിടുത്തെ മെത്രാപ്പോലീത്താ ആയി വാഴുന്ന മാർ യാക്കോബ് പേർഷ്യക്കാരനാകാനാണ് വഴി. പ്ലാസിഡച്ചൻ പറയുന്നതനുസരിച്ച് തോമാശ്ലീഹായുടെ സിംഹാസനം കൊടുങ്ങല്ലൂരായിരുന്നു. അത് മൈലാപ്പൂരിൽ നിന്നും അങ്ങോട്ടു മാറ്റി സ്ഥാപിച്ചതാണെന്നും പിന്നീട് അതു കൊടുങ്ങല്ലൂരിൽ നിന്നാണ് അങ്കമാലിയിലേക്ക് സ്ഥലം മാറ്റം ചെയ്തതെന്നും

കത്തോലിക്കരുടെ ആദ്യത്തെ അങ്കമാലി ബിഷപ്പും സുപ്രസിദ്ധ ചരിത്ര കാരനുമായ ഫ്രാൻസിസ് റോസ് എഴുതിയിരിക്കുന്നു. കൊടുങ്ങല്ലൂരിൽ നിന്ന് അങ്കമാലിയിലേക്ക് കുടിയേറിപ്പാർപ്പ് ഉണ്ടായത് 9–ാം ശതാബ്ദ ത്തിലാണെന്നും കത്തോലിക്കാ ചരിത്രകാരന്മാർ പറയുന്നു. എന്നാൽ നമ്മുടെ രേഖയനുസരിച്ച് 1301–ൽ തോമാശ്ലീഹായുടെ സിംഹാസനം കൊടുങ്ങല്ലൂരാണ്. ഈ രേഖയെപ്പറ്റി കൂടുതൽ അറിയുവാനാഗ്രഹമു ള്ളവർ പ്ലാസിഡച്ചന്റെ ‘The Hierarchy of Syro-Malabar Church’ (പ്രകാശം പബ്ലിക്കേഷൻസ്, 1976) നോക്കുക.

*(ചർച്ച് വീക്കിലിയിൽ പ്രസിദ്ധീകരിച്ചത്)*

# 18

# പൗരസ്ത്യ കാതോലിക്കേറ്റ്

കാതോലിക്കോസിന്റെ സ്ഥാനനാമവും പദവിയും രൂപമെടുത്തത് റോമാസാമ്രാജ്യത്തിന് പുറത്തായിരുന്നു. ക്രിസ്തീയ സഭയിലെ പാത്രിയർക്കാ സ്ഥാനത്തേക്കാൾ പൗരാണികത, കാതോലിക്കാ സ്ഥാനത്തിനുണ്ട്. പാത്രിയർക്കീസിന്റെ സ്ഥാനമാനവും പദവിയും ഉദ്ഭൂതമായത് നാലും അഞ്ചും നൂറ്റാണ്ടുകളിൽ റോമൻ സാമ്രാജ്യത്തിലായിരുന്നു. പിന്നീട് ഇതരദേശങ്ങൾ ഈ മാതൃക പിൻതുടർന്നു. ആദിശതകങ്ങളിൽ മൂന്നു കാതോലിക്കേറ്റുകൾ ഉണ്ടായിരുന്നു. ഇവ ഉളവായത് അഞ്ചാം നൂറ്റാണ്ടിൽ പാത്രിയർക്കാസ്ഥാനം സ്ഥിരപ്രതിഷ്ട നേടുന്നതിന് വളരെ മുൻപുമായിരുന്നു. പൗരസ്ത്യകാതോലിക്കോസ്, അർമ്മീനിയൻ കാതോലിക്കോസ് എന്നിവരായിരുന്നു ഈ സ്ഥാനികൾ.

പൗരസ്ത്യകാതോലിക്കോസ് ആദ്യം അറിയപ്പെട്ടിരുന്നത് കിഴക്കിന്റെ വലിയ മെത്രാപ്പോലീത്താ എന്ന അപരനാമത്തിലായിരുന്നു. അദ്ദേഹത്തിന്റെ ആസ്ഥാനം സെല്യൂക്യാ-ടെസിഫോണിൽ (Seleucia-etesiphon) ആയിരുന്നു. നിഖ്യാ സുന്നഹദോസിന് മുൻപ് കാതോലിക്കാസ്ഥാനം വഹിച്ചിരുന്നവരുടെ പട്ടിക വൃത്താന്തമെഴുത്തുകാർ തയ്യാറാക്കിയിരിക്കുന്നത് ഇപ്രകാരമാണ്.

1. അപ്പോസ്തലനായ വി. തോമസ്, 2. അപ്പോസ്തലനായ ആദായി (എഴുപത് അറിയിപ്പുകാരിൽപെട്ട തദിയൂസ്), 3. വി. ഹാഗായി, 4. അബ്രേശു, 5. അബ്രാഹാം പ്രഥമൻ, 6. ജെയിംസ് ഒന്നാമൻ, 7. അഹദാബുഹി, 8. ശഹലൂപ്പാ, 9. ബാബാ.

റോമാ സാമ്രാജ്യത്തിൽ ഉൾപ്പെടാതിരുന്ന സഭകളിൽ താരതമ്യേന ഏറ്റവും വലുത് ഈ പൗരസ്ത്യ സഭയായിരുന്നു. ഗണനീയമായ വലിയ സഭകൾ വേറെയും ഉണ്ടായിരുന്നു. ഭാരതസഭ, നുബീയൽസഭ, അർമീനിയൻസഭ, ഐബീരിയൻ (ജോർജിയൻ) സഭ എന്നിവയെല്ലാം പ്രാധാന്യം കൈവരിച്ചിരുന്നു. പിൽക്കാലത്ത് എത്യോപ്യൻ സഭയും മുൻപന്തിയിലെത്തി.

അപ്പസ്തോലികപാരമ്പര്യം ഉള്ള സഭയായിരുന്നു സെലൂക്യാ-ടെസിഫോൺ (Seleucia-etesiphon) സഭ. മാർത്തോമ്മാ ശ്ലീഹായോ, എഴുപതിൽ ഒരുവനായ ആദായിയോ, ആരുതന്നെയോ ആകട്ടെ ഇതിന്റെ സ്ഥാപകൻ, പൗരസ്ത്യകാതോലിക്കേറ്റ് മഹായിടവകയുടെ അപ്പസ്തോലിക ഉത്ഭവവും ശ്രേഷ്ടതയും ഒരിക്കലും ചോദ്യം ചെയ്യപ്പെട്ടിട്ടില്ല. നിഖ്യാ സുന്നഹദോസ് അവയ്ക്ക് അംഗീകാരം നൽകുകയാണുണ്ടായത്.

വി. തോമസ്, വി. ആദായി, വി. മാറി, വി. ഹഗ്ഗായി എന്നീ ആദികാലത്തെ സുവിശേഷക്കാർ പേർഷ്യ, മെസപ്പൊട്ടേമിയ, മീദിയ, അസ്സീറിയ, പാർത്ഥിയ, കുർദിസ്ഥാൻ, ബാബിലോൺ എന്നീ നാടുകളിലും, ഏഷ്യയുടെ മറ്റു മദ്ധ്യദേശങ്ങളിലും പശ്ചിമദേശങ്ങളിലും സുവിശേഷമറിയിച്ചു. ഈ സഭകളുടെ രൂപവൽക്കരണവും ഏകീകരണവും ഏറെക്കാലം കൊണ്ടു മാത്രമേ സാധിതപ്രായമായുള്ളു. ഈ സഭകളെ ഐക്യത്തിന്റെ ശൃംഖലകൊണ്ട് ബന്ധിപ്പിക്കുക എന്ന മഹത്തായ നേട്ടം കൈവരിച്ച ബാബാ എന്നത് കാതോലിക്കോസ് ആയിരുന്നു. അദ്ദേഹം വിവിധ ദേശീയസഭകളെ സാർവ്വത്രിക പിതാവായ കാതോലിക്കോസിന്റെ കൊടിക്കീഴിൽ അണിനിരത്തി (കാതോലിക്കോസ് എന്ന പദത്തിന്റെ അർത്ഥം പൊതുവായ മേൽപ്പട്ടക്കാരൻ എന്നത്രെ). മൂന്നാം നൂറ്റാണ്ടിന്റെ അന്ത്യത്തിൽ ഏകീകരണ പ്രക്രിയ ആരംഭിച്ചു (C2. 28 AD). നാലാം നൂറ്റാണ്ടിന്റെ ആദിഘട്ടംവരെ അത് തുടർന്നു.

പേർഷ്യൻ ഗവൺമെന്റ് ക്രൈസ്തവ സഭയോടു അനുവർത്തിച്ചു വന്നിരുന്ന പീഡനനയത്തിന് മാറ്റം വരുവാൻ ഒരു കാരണമുണ്ടായി. 399-ൽ പേർഷ്യൻ ചക്രവർത്തിയായ യെസ്ദിഗെർഡിന്റെ (Yazdegerd) സിംഹാസനാരോഹണം നടന്നു. റോമാ ചക്രവർത്തിയുടെ പ്രത്യേക പ്രതിനിധിയായി ഈ ആഘോഷത്തിൽ പങ്കുകൊള്ളാൻ എത്തിച്ചേർന്നത് മെസപ്പെട്ടേമിയനായ മൈഫെർക്കത്തിലെ മരൂത (Maruta of Maipheaquat) ആയിരുന്നു. അദ്ദേഹം ഒരു വൈദ്യനും മേല്പട്ടക്കാരനുമായിരുന്നു. റോമൻ ചക്രവർത്തിയായിരുന്ന അർക്കോഡിയസ് ആയിരുന്നു അദ്ദേഹത്തെ പേർഷ്യയിലേക്കയച്ചത്. ഈ മേൽപ്പട്ടക്കാരന്റെ വരവിനു ശേഷം പേർഷ്യൻ ഗവൺമെന്റ് ക്രൈസ്തവസഭയോട് ആദരവ് പ്രകടിപ്പിച്ചുടങ്ങി. 409-410-ൽ ബിഷപ്പ് മരൂത പേർഷ്യയിൽ വീണ്ടും വന്ന് സഭയുടെ പുനഃസംവിധാനത്തിന് വേണ്ട ഒത്താശകൾ നൽകി. നാൽപതു മേൽപ്പട്ടക്കാർ ഉൾപ്പെട്ട വലിയ സുന്നഹദോസ് 410 ഫെബ്രുവരി 1-ാം തീയതി സമ്മേളിച്ചു. പേർഷ്യൻ സഭയുടെ സുന്നഹദോസ് നിഖ്യാവിശ്വാസം സ്വീകരിച്ചു. വിവിധ മെത്രാപ്പോലീത്താമാർ തമ്മിലുള്ള തർക്കങ്ങൾ പരിഹൃതമായി. സെല്യൂക്യ ടെസിഫോണിലെ മെത്രാപ്പോലീത്താ “വലിയ മെത്രാപ്പോലീത്തായും സകല മെത്രാന്മാരുടെയും (മേധാവിയും) മൂപ്പനും” ആയി അംഗീകരിക്കപ്പെട്ടു.

സെല്യൂക്യാ ടെസിഫോൺ സുന്നഹദോസ് പൗരസ്ത്യ കാതോലിക്കോസിന്റെ അധികാരസീമയും നിർണ്ണയിച്ചു. “സിയർ വൃത്താന്തപത്രിക” (chronicle of seert) യിൽ ഈ സുന്നഹദോസിന്റെ തീരുമാനങ്ങൾ ഉൾക്കൊള്ളിച്ചിട്ടുണ്ട്. അതിൽനിന്നും കാതോലിക്കോസിന്റെ അധികാര വ്യാപ്തി എത്രമാത്രമായിരുന്നു എന്നു മനസ്സിലാക്കാം. കാതോലിക്കോ

സിന്റെ കീഴിൽ ആറു മെത്രാപ്പോലീത്താമാരുണ്ടായിരുന്നു. നാലു ഭദ്രാസന മെത്രാന്മാരുടെ മേലധികാരിയായിരുന്ന ബെയിത്ത് ലപത്ത് (Beir-Lapat), അഞ്ചു ഭദ്രാസന മെത്രാന്മാരുടെ അധിപനായിരുന്നു. നിസിബിസ്, ആറുപേരുടെ തലവനായിരുന്ന അർബെലസ്, അഞ്ചുപേരുടെ മേലദ്ധ്യക്ഷനായിരുന്ന ബെത്സ്ലോക്കിലെ കർക്കാ ഫാർ (പെഴ്സൈഡിലെ) ക്വതർ (ബഹറിനിലെയും തീരപ്രദേശത്തെയും) എന്നിവിടങ്ങളിലെ മെത്രാപ്പോലീത്താമാരും മിദിയായിലും മറ്റു പ്രാന്തപ്രദേശങ്ങളിലുമുള്ള അനവധി എപ്പിസ്കോപ്പന്മാരും കാതോലിക്കോസിന്റെ ഛത്രാധിപത്യത്തിൻകീഴിൽ ആയിരുന്നു. അക്കാലത്ത് കാതോലിക്കോസിന് ഭാരതസഭയുടെ മേൽനോട്ടം ഉണ്ടായിരുന്നതായി അറിവില്ല.

കൽക്കിദോൻ സുന്നഹദോസിനു വഴിയൊരുക്കിയ വിരുദ്ധതകൾ പേർഷ്യൻ സഭയേയും പങ്കിലമാക്കി. വിഭജനത്തിന്റെ ആദ്യഘട്ടം 484-ലെ ബെത്ത് ലബത്ത് സുന്നഹദോസിൽ അരങ്ങേറി. നിസ്ബിസത്തിലെ മെത്രാപ്പോലീത്തായായിരുന്ന ബർസൗമ്മാ ഏതാനും എപ്പിസ്കോപ്പാമാരെ വിളിച്ചുകൂട്ടി. പേർഷ്യൻസഭ നെസ്തോറിയൻ വിശ്വാസത്തിൽപെട്ടതാണെന്ന് ഈ സുന്നഹദോസ് പ്രഖ്യാപിച്ചു. ഈ സംഭവത്തിനു മുൻപു തന്നെ കാതോലിക്കോസ് ബാവാ കൊല്ലപ്പെട്ടിരുന്നു. അദ്ദേഹം ബൈസാന്റെ സാമ്രാജ്യവുമായി കത്തിടപാടുകൾ നടത്തിയിരുന്നു എന്ന കുറ്റം ആരോപിച്ച് ഗവണ്മെന്റ് അദ്ദേഹത്തെ വധിക്കുകയാണുണ്ടായത്. എ.ഡി. 485-ൽ അക്കേഷ്യസ് കാതോലിക്കാ സ്ഥാനത്ത് അവരോധിക്കപ്പെട്ടു. അദ്ദേഹം ബർസൌമ്മായെക്കാൾ മിതവാദിയായിരുന്നു. എങ്കിലും കാതലായ നെസ്തോറിയൻ വിശ്വാസത്തെ അദ്ദേഹവും പിൻതുടർന്നു. 498-ൽ അന്നത്തെ കാതോലിക്കോസ് ബാബോവി 'പൗരസ്ത്യ പാത്രിയർക്കീസ്' എന്ന സ്ഥാനനാമം സ്വീകരിച്ചു (ബാബിലോണിലെ പാത്രിയർക്കീസ് എന്ന നാമവും ചിലപ്പോൾ ഉപയോഗിക്കുമായിരുന്നു).

ഈ പുതിയ പാത്രിയർക്കാ സ്ഥാനത്തിന്റെ നെസ്തോർ വിശ്വാസം മിതമായ തോതിലുള്ളതായിരുന്നു. പാത്രിയർക്കീസായിരുന്ന മാർ ബാബായി (മഹാനായ) ഇപ്രകാരം എഴുതി:

"കാലങ്ങളുടെ ആരംഭത്തിനു മുൻപ് അനാദിയായ പിതാവിൽനിന്നും തന്റെ ദൈവത്വത്തിൽ ജന്മമെടുക്കുകയും രണ്ടു സ്വഭാവങ്ങൾ ഉള്ളവനായി സർവ്വരാലും ആരാധിക്കപ്പെടുകയും ചെയ്യുന്ന ദൈവപുത്രനായ ക്രിസ്തു ഏകനാകുന്നു. കാലത്തികവിൽ മറിയാമിൽ നിന്ന് ഏകജഢത്തോടെ മനുഷ്യജന്മമെടുത്തു. അവന്റെ ദൈവത്വം മാതാവിന്റെ സ്വഭാവത്തിൽ നിന്നുള്ളതായിരുന്നില്ല. അവന്റെ മനുഷ്യത്വം പിതാവിന്റെ സ്വഭാവത്തിൽ നിന്നുള്ളതുമായിരുന്നില്ല. ഇരു സ്വഭാവങ്ങളും ഭംഗംവരാതെ ഏകക്നൂമ്മായിൽ ഏക ആളത്വത്തിൽ ഏക പുത്രത്വത്തിന്റേതായി സ്ഥിതി ചെയ്യുന്നു."

നെസ്തോറിയൂസിന്റേതെന്ന് വിശേഷിപ്പിക്കപ്പെടുന്ന ഉപദേശം - രണ്ടാളത്വങ്ങളും രണ്ടു പുത്രത്വങ്ങളും - ഇതിൽ കാണുന്നില്ല. ബാബായിയുടെ 'നെസ്തോറിയൻ വിശ്വാസം' ഓർത്തഡോക്സ് രീതിയിൽ മാത്രമുള്ളതായിരുന്നു.

ബാബായിയുടെ വാഴ്ചയ്ക്കു ശേഷമുള്ള കാലഘട്ടത്തിൽ നിസിബിസിലെ വേദശാസ്ത്ര പഠനരീതി പ്രബലപ്പെട്ടു. ഇക്കാലത്തായിരുന്നു 'നെസ്തോറിയൻ' മിഷനറിമാർ നമ്മുടെ നാട്ടിലെത്തി വിശ്വാസം പ്രചരിപ്പിക്കുവാൻ തുടങ്ങിയത്.

ഈ കാലയളവിൽതന്നെ കൽക്കിദോനെ എതിർത്തവരും കർമ്മോന്മുഖരായി രംഗത്തുണ്ടായിരുന്നു. അന്ത്യോഖ്യായിലെ മാർ സേവേറിയോസിന്റെ (Ca 465-538) ഉപദേശങ്ങളും പേർഷ്യൻ സഭയിൽ സ്വാധീനം ചെലുത്തി. ആ സഭയിലെ അനേകരും തങ്ങളുടെ ഇടയിൽ നുഴഞ്ഞുകയറിയ നെസ്തോറിയൻ വിശ്വാസത്തിൽ അസ്വസ്ഥരായിരുന്നു. മിതമായതോതിലുള്ളതായിരുന്നുവെങ്കിലും ഈ വ്യതിചലനം അവർക്ക് അരോചകമായിരുന്നു. യാക്കോബ് ബറദ്യൂസിന്റെ (ca. 500-578) കാലത്ത് കൽക്കദോനിയായ്ക്കു മുൻപുണ്ടായിരുന്ന സഭാവിശ്വാസം വീണ്ടും സജീവമായിത്തീർന്നു. ക്രിസ്തുവിൽ ഏക ആളത്വവും ഏക സ്വഭാവവും എന്ന പാശ്ചാത്യ സിറിയൻ വിശ്വാസത്തിന് പേർഷ്യൻ സാമ്രാജ്യത്തെമ്പാടും പ്രപുരപ്രചാരം സിദ്ധിച്ചു. നെസ്തോറിയൻ വിശ്വാസത്തെ ചെറുത്തുനിന്ന ശക്തി ദുർഗ്ഗങ്ങൾ ആയിരുന്നു അന്നത്തെ സന്യാസാശ്രമങ്ങൾ. ബാർസൗമ്മാ (അഞ്ചാം നൂറ്റാണ്ടിൽ) സ്ഥാപിച്ച സന്യാസിനീ മഠങ്ങളും, മാർമത്താ (നാലാം നൂറ്റാണ്ടിന്റെ ഉത്തരാർദ്ധത്തിൽ) മാർ ബഹനാൻ (നാലാം നൂറ്റാണ്ടിന്റെ അവസാനത്തിൽ) എന്നീ പിതാക്കന്മാരുടെ ആശ്രമങ്ങളും കൽക്കദോനിയൻ വിശ്വാസത്തിനെതിരായ പോരാട്ടമായിരുന്നു. എ.ഡി. 640-ാം ആണ്ടിനോടടുത്ത് അറബികൾ സിറിയയും മദ്ധ്യപൂർവ്വദേശവും ആക്രമിച്ചു കീഴടക്കി. അറബികളുടെ സമാധാനപാലന വ്യവസ്ഥിതിയിൽ (The Pax Arabica) പാശ്ചാത്യ സിറിയൻ അഥവാ കൽക്കദോന്യ വിരുദ്ധസഭയുടെ അസ്തിത്വത്തിന് നിയമപരമായ അംഗീകാരം ലഭിച്ചു. കാരണം, അറബികൾ ക്രിസ്ത്യാനികളെ വീക്ഷിച്ചത് 'വിശുദ്ധ ഗ്രന്ഥത്തിലെ ജനത' (People of the book) എന്ന നിലയിൽ ആയിരുന്നു. അവരിൽ ആരെയും വേദവിപരീതികളായി മുദ്രകുത്തി പീഡനത്തിന് വിധേയരാക്കുന്നതിൽ അറബികൾക്ക് താല്പര്യമില്ലായിരുന്നു. ക്രിസ്ത്യാനികൾ കരംകൊടുത്തിരുന്നിടത്തോളം കാലം (ഖരജ് അഥവാ ഭൂനികുതിയും ജിസ്സാ അഥവാ തലവരിയും) അറബികൾ അവരെയെല്ലാം ഒരേ നിലയിൽ വീക്ഷിച്ചു.

അങ്ങിനെ ഏഴാം നൂറ്റാണ്ടിൽ പേർഷ്യൻ സാമ്രാജ്യത്തിൽ മൂന്നു

വ്യത്യസ്ത കാതോലിക്കാസ്ഥാനങ്ങൾ ഉണ്ടായി. ഒന്നാമത്തേതു മൂല പേർഷ്യൻ സഭയിലേതും, രണ്ടാമത്തേത് ബൈസാന്റെൻ സാമ്രാജ്യത്തിന്റെ പിന്തുണയോടെ അന്ത്യോഖ്യായിലെ ബൈസാന്റെൻ അഥവാ കൽക്കിദോനിയൻ പാത്രിയർക്കീസ് സ്ഥാപിച്ചതും, മൂന്നാമത്തേത് കൽക്കിദോന്യവിരുദ്ധരുടെ മപ്രിയാന സ്ഥാനവുമായിരുന്നു. അക്കാലത്ത് സിറിയയും, മെസപ്പൊട്ടേമിയയും പേർഷ്യയും ഒരേ കാലിഫിന്റെ ഭരണസീമയിൽ ആയിരുന്നു. തന്മൂലം പാശ്ചാത്യ സിറിയക്കാർക്ക് പേർഷ്യയിൽ വന്ന് അവിടുത്തെ സഭയ്ക്ക് ഉത്തേജനം നൽകാൻ കഴിഞ്ഞു. അങ്ങിനെ പേർഷ്യക്കാരനായിരുന്ന മാർ മരൂത സിറിയൻ ദയറായിൽ അഭ്യസനം പൂർത്തിയാക്കിയതിനുശേഷം മൂസലിലെ മാർ മാതായുടെ മഠത്തിൽ എത്തിച്ചേർന്നു. 629 –ൽ മാർ മരൂത ഒന്നാമത്തെ 'കിഴക്കിന്റെ മപ്രിയാനാ' ആയിത്തീർന്നു. അദ്ദേഹം ഇരുപതുവർഷം ഭരണം നടത്തി. നെസ്തോറിയ വിശ്വാസം കൊടികുത്തി വാണിരുന്ന പ്രദേശങ്ങളിൽ പാശ്ചാത്യ സിറിയൻ സഭ വ്യാപിക്കുവാൻ മപ്രിയാനായുടെ പ്രഗത്ഭ ഭരണം മൂലം ഇടയായി (ബൈസാന്റയിൻ കാതോലിക്കേറ്റാകട്ടെ, സ്വന്തമായ പ്രത്യേകാവകാശങ്ങളിൽ പുളകംകൊണ്ട് അലസതയുടെ ആലസ്യത്തിലമർന്നു നിന്നു പുരോഗതി കൈവരിക്കാൻ മറന്നുപോയി. ഈ സഭ പിൽക്കാലത്ത് യാക്കോബ് ബറദ്യൂസിന്റെ (Jacob Baradeus) സ്മരണയ്ക്കായി ഗ്രീക്കുകാർ ഈ സഭയ്ക്ക് 'യാക്കോബായ' എന്ന പേരു നൽകി). ഗ്രീക്കുകാരുടെ ജ്ഞാനം ഉൾക്കൊണ്ട് തത്വശാസ്ത്രം, കണക്ക്, വാനനിരീക്ഷണശാസ്ത്രം, വേദശാസ്ത്രം തുടങ്ങിയ വിഷയങ്ങളിൽ പ്രാവീണ്യം നേടി. തൽഫലമായി പല പണ്ഡിതന്മാരും ഈ സഭയിൽ ഉണ്ടായി. എഡേസ്സായിലെ യാക്കോബ് (633–708) ഒരു ഭാഷാശാസ്ത്ര പണ്ഡിതനും, തത്വചിന്തകനും, വേദപുസ്തക വ്യാഖ്യാതാവും ആയിരുന്നു. സുറിയാനി ഭാഷയിലെ യാക്കോബിന്റെ തക്സാ ഇദ്ദേഹം അപഗ്രഥിച്ച് ക്രോഡീകരിച്ചു. മറ്റു ഗണനീയരായ പണ്ഡിതരായിരുന്നു ഗ്രിഗറി ബാർ ഹെബ്രായാ (1226–86), സിറിയാക്കാരൻ മീഖായേൽ (1126–1199) (ഇവർ ചരിത്രകാരന്മാർ ആയിരുന്നു), ദീവന്നാസ്സ്യോസ് ബർശ്ലീബാ, മൂശാബർകീഫാ (833–903) എന്നിവർ.

ഈ പാശ്ചാത്യ സിറിയൻ സഭയുടെ പൗരസ്ത്യ കാതോലിക്കാ (മപ്രിയാനാ) യ്ക്ക് ഭാരതസഭയുടെ മേൽ കർതൃത്വം ഇല്ലായിരുന്നു എന്നത് ശ്രദ്ധേയമാണ്. പേർഷ്യൻ, അഥവാ പൗരസ്ത്യ സിറിയൻ (നെസ്തോറിയൻ) കാതോലിക്കാ ആയിരുന്നു ഏഴും എട്ടും നൂറ്റാണ്ടുകളിൽ തന്റെ മേൽക്കോയ്മ ഭാരതത്തിലേക്ക് വ്യാപിപ്പിച്ചത്. ഈ കാലഘട്ടത്തിൽ വിശ്വാസപ്രചരണത്തിന് ഭാരതത്തിൽ വേദിയൊരുക്കാൻ പാശ്ചാത്യ സിറിയൻ (യാക്കോബായ) മപ്രിയാനാ തുനിഞ്ഞില്ല. ഈ നിസ്സംഗതയ്ക്കുള്ള കാരണം ചരിത്രത്തിൽ നിന്ന് ഇനിയും ചികഞ്ഞെടുക്കേണ്ടിയിരിക്കുന്നു.

പതിമൂന്നാം നൂറ്റാണ്ടായപ്പോഴേക്കും അറബിഭരണത്തിൻകീഴിൽ പടർന്നു പന്തലിച്ച യാക്കോബായ സഭയ്ക്ക് പന്ത്രണ്ടു മെത്രാപ്പോലീത്താമാരും നൂറിലധികം മെത്രാന്മാരും ഉണ്ടായി. സിറിയ, തുർക്കി, ഇറാക്ക്, ഇറാൻ, അറേബ്യാ എന്നിവിടങ്ങളിലെല്ലാം ദേവാലയങ്ങളും ജനങ്ങളും ഉണ്ടായി. എന്നാൽ ഭാരതം ഈ സ്വാധീനവലയത്തിൽ ഉൾപ്പെട്ടിരുന്നില്ല.

തൈഗ്രീസിലെ മപ്രിയാനാ (കാതോലിക്കോസ്) മെസപ്പൊട്ടേമിയൻ സമതലത്തിലും, വിദൂരപൂർവ്വദേശത്തുള്ള പതിനെട്ടു മെത്രാസന ഇടവകകളുടെ അധിപതിയായിരുന്നു. ഭാരതവുമായി ഇദ്ദേഹവും ബന്ധം പുലർത്തിയിരുന്നില്ലെന്നതിന് വ്യക്തമായ രേഖകൾ ഉണ്ട്. പതിമൂന്നാം നൂറ്റാണ്ടായപ്പോഴേക്കും യാക്കോബായ കാതോലിക്കാ സ്ഥാനം ദുർബ്ബലമായിത്തുടങ്ങി. അക്കാലത്ത് മംഗോളിയൻ ആക്രമണം ഉണ്ടായി. ആക്രമണത്തിന്റെ ആദ്യഘട്ടത്തിൽ, ശക്തമായിരുന്ന യാക്കോബായാ സഭ, ആക്രമണം നയിച്ച (മംഗോൾ രാജാവായ ഹുലാഗു തുടങ്ങിയ) രാജാക്കന്മാരെ ഈ വിശ്വാസത്തിലേക്കാകർഷിച്ചു. അവരെ സഭയിൽ ചേർത്തു. എന്നാൽ 1394-ൽ തിമൂറിന്റെ ആഗമനത്തോടെ യാക്കോബായ വിഭാഗത്തിന്റെ നാശം ആരംഭിച്ചു. മപ്രിയാനാ (കാതോലിക്കാ) സ്ഥാനം അനാഥമായി. 1404-ൽ വീണ്ടും കാതോലിക്കാസ്ഥാനം നിലവിൽ വന്നു. എങ്കിലും അധഃപതനം അനവരതം തുടർന്നു. കൂട്ടക്കൊല, പരദേശപ്രയാണം, ഇസ്ലാം മതത്തിലേക്കുള്ള കൂട്ടമായ പരിവർത്തനം എന്നിവ മൂലം യാക്കോബായക്കാരുടെ സംഖ്യ 19-ാം നൂറ്റാണ്ടായപ്പോഴേക്ക് രണ്ടു ലക്ഷത്തിൽ കുറവായിത്തീർന്നു. തുടർന്നും അംഗസംഖ്യയിൽ കുറവ് സംഭവിച്ചുകൊണ്ടിരുന്നു. പ്രസിദ്ധ സന്യാസാശ്രമങ്ങൾ കൊള്ളയിട്ടു നശിപ്പിക്കപ്പെട്ടു. അമൂല്യഗ്രന്ഥങ്ങൾ അഗ്നിക്കിരയാക്കപ്പെട്ടു. കൊള്ളിവെപ്പിൽ നശിക്കുകയും ചെയ്തു.

എൺപത്തിഒന്നാമത്തെ മപ്രിയാനാ (കാതോലിക്കോസ്) ബെഹനാൻ നാലാമൻ 1895-ൽ കാലം ചെയ്തു. അതോടെ പേർഷ്യയിലെ പാശ്ചാത്യ സിറിയൻ കാതോലിക്കാ സ്ഥാനം നാമാവശേഷമായി. പതിനേഴു വർഷങ്ങൾക്കുശേഷം ഭാരതത്തിൽ കാതോലിക്കാസ്ഥാനം പുനഃസ്ഥാപിതമായി.

*(ഓർത്തഡോക്സ് ഹെറാൾഡ്, 1985, ഓഗസ്റ്റ് 21)*

# 19

# സാർവ്വത്രികസഭയുടെ പുനരൈക്യം

## അതിൽ നമ്മുടെ ചുമതലയും നമുക്കുള്ള പ്രതിബന്ധങ്ങളും

അഖിലലോക ക്രൈസ്തവസഭ ഇന്ന് പിളർന്ന് കിടക്കുകയാണ്. ഈ പിളർന്ന വിഭാഗങ്ങളെ നാലായി സംഗ്രഹിക്കാം.

1. കിഴക്കൻ ഓർത്തഡോക്സ് സഭകൾ.
2. ഗ്രീക്ക് ഓർത്തഡോക്സ് സഭകൾ.
3. റോമൻ കത്തോലിക്കാസഭ.
4. പ്രോട്ടസ്റ്റന്റ് വിഭാഗങ്ങൾ.

ഇവയിൽ സംഖ്യാബലം കൂടുതലുള്ളത് റോമൻ കത്തോലിക്കാസഭയ്ക്കാണ്. ജനസംഖ്യ കൃത്യമായി പറയുവാൻ പ്രയാസമാണെങ്കിലും 42 കോടിയോളം വരും. സ്പെയിൻ, പോർത്തുഗൽ, ചില ദക്ഷിണ അമേരിക്കൻ രാജ്യങ്ങൾ എന്നിവയിലെ ജനസംഖ്യയെ മുഴുവൻ കത്തോലിക്കരായി കണക്കാക്കുന്നതുകൊണ്ടാണ് സംഖ്യ ഇത്ര വലുതായിരിക്കുന്നത്.

രണ്ടാമത്, പ്രോട്ടസ്റ്റന്റുകാരാണ്. അവരുടെ സംഖ്യ ആകെ 20 കോടിയോളം വരും. ഗ്രീക്ക് ഓർത്തഡോക്സ് സഭകളെല്ലാം കൂടി 14 കോടിയോളം വരും.

നമ്മുടെ കിഴക്കൻ സഭകളഞ്ചും കൂടിയാൽ (എത്യോപ്യാ, ഈജിപ്ത്, സിറിയ, അർമ്മേനിയ, ഇന്ത്യ) ഏകദേശം രണ്ടുകോടിയോളം മാത്രമേ വരികയുള്ളു.

ലോകത്തിലെ ആകെ ജനസംഖ്യ 240 കോടിയോളമാണ്. അതിൽ 78 കോടി മാത്രമാണ് ക്രിസ്ത്യാനികളെന്ന് വിഭജിക്കപ്പെടുന്നവർ. ഈ 78 കോടി തന്നെ ഇത്ര വളരെ പിളർപ്പുകളായി കിടക്കുന്നതിന്റെ ചരിത്രപശ്ചാത്തലമാരായുന്നത് സഭാ സംയോജനത്തിനായുള്ള നമ്മുടെ പ്രാർത്ഥനകൾക്കും സംരംഭങ്ങൾക്കും സഹായകമാകാതിരിക്കയില്ല.

നമ്മുടെ ഭാരതത്തിലെ ഓർത്തഡോക്സ് സഭയിലെ പിളർപ്പു തീർന്നതുകൊണ്ടുമാത്രം സഭൈക്യമുണ്ടായെന്നോ, സഭയിൽ സമാധാനം ഉണ്ടായെന്നോ ചിന്തിക്കുന്നത് അബദ്ധമാണെന്ന് പറഞ്ഞറിയിക്കേണ്ടതില്ലല്ലോ. 78 കോടിയുടെ ഇടയിൽ ഏഴരലക്ഷം എന്നുപറയുന്നത് ആകെയുള്ളതിന്റെ 1220-ൽ ഒരംശം മാത്രമാണെന്നുള്ളത് നാം ഒരിക്കലും മറക്കരുത്.

സാർവ്വത്രിക സഭയുടെ ഐക്യത്തിനായി പ്രവർത്തിക്കേണ്ടുന്ന ചുമതല നമുക്കുണ്ട്. അതിന് ചില പ്രത്യേക പരിപാടികളും ക്രമങ്ങളും പരിപാലിക്കാതെ കഴിയുകയില്ല. പെട്ടെന്ന് എല്ലാവരും തമ്മിൽ വിശ്വാസൈക്യമുണ്ടാവുകയെന്നത് തികച്ചും അസാദ്ധ്യമാണ്.

**കിഴക്കൻസഭകൾ:** നമുക്കാദ്യമായി ഇപ്പോൾ വിശ്വാസൈക്യത്തിൽ നമ്മോടൊരുമിച്ചു നിൽക്കുന്ന സഭകളുമായി അടുത്ത ബന്ധം പുലർത്തേണ്ടുന്നയാവശ്യമുണ്ട്.

**ഗ്രീക്കുസഭകൾ:** നമ്മുടെ കിഴക്കൻ സഭകൾ തമ്മിൽ തമ്മിലുള്ള ബന്ധം കുറെക്കൂടി സുദൃഢമായതിന്റെ ശേഷം നമുക്ക് ഗ്രീക്ക് ഓർത്തഡോക്സ് സഭകളുമായി സംഭാഷണത്തിലേർപ്പെടാവുന്നതാണ്. നമ്മുടെ വിശ്വാസം സത്യവിശ്വാസമാണെന്ന് റഷ്യൻസഭ സമ്മതിച്ചു കഴിഞ്ഞു, ഗ്രീക്കുകാരുടെ സംശയം മുഴുവൻ തീർന്നിട്ടില്ല. പ്രധാനമായി രണ്ടു കാര്യങ്ങളിലാണ് അഭിപ്രായവ്യത്യാസമുള്ളത്.

ഒന്നാമത്, ക്രിസ്തുവിന്റെ ഏകസ്വഭാവ വിശ്വാസമാണ് നമുക്കുള്ളത്. കൽക്കിദൂൻ സുന്നഹദോസിൽ അംഗീകരിക്കപ്പെട്ടിട്ടുള്ള ദ്വിസ്വഭാവ വിശ്വാസമാണ് അവരുടേത്. നാം കല്ക്കിദൂൻ അംഗീകരിക്കുന്നില്ല. ഇത് വെറും വാശികൊണ്ടൊന്നുമല്ല. ഗ്രീക്കുകാർ നമ്മുടെ ഏകസ്വഭാവ വിശ്വാസം വേദവിപരീതമല്ല എന്ന് സമ്മതിക്കുവാൻ ഏറെക്കുറെ തയ്യാറുണ്ട്. എന്നാൽ അവരുടെ ദ്വിസ്വഭാവവിശ്വാസം ശരിയാണെന്ന് സമ്മതിച്ചുകൊടുക്കുവാൻ നമുക്ക് കാര്യമായ പ്രയാസമുണ്ട്. നമ്മുടെ വിശ്വാസത്തിന്റെ അടിസ്ഥാനത്തെ വ്യക്തമായി പറഞ്ഞുകൊടുത്താൽ ഗ്രീക്കുകാർ നമ്മുടെ വിശ്വാസം ശരിയാണെന്നും അവരുടേത് വ്യത്യാസപ്പെടുത്തേണ്ടതാണെന്നും ബോദ്ധ്യപ്പെട്ടുകൊള്ളുമെന്നുള്ള അഭിപ്രായക്കാരനാണ് ഞാൻ.

സാർവ്വത്രിക സുന്നഹദോസുകളുടെ സംഖ്യയെ സംബന്ധിച്ചുള്ള അഭിപ്രായവ്യത്യാസമാണ് നാമും ഗ്രീക്കുകാരും തമ്മിൽ അടുക്കുന്നതിനുള്ള മറ്റൊരു പ്രതിബന്ധം. നാം മൂന്ന് ആകമാന സുന്നഹദോസുകളിലേ വിശ്വസിക്കുന്നുള്ളു. അതായത് നിഖ്യാ (325), എഫേസൂസ് (381), കുസ്തന്തീനോപോലീസ് (431) എന്നീ മൂന്നു സുന്നഹദോസുകൾ. എന്നാൽ ഗ്രീക്കുകാർ ഏഴു സുന്നഹദോസുകളാണ് നാം അംഗീകരിക്കേണ്ടതെന്ന് പറയുന്നു. കൽക്കിദൂൻ (451), കുസ്തന്തീനോപോലീസ് (553), ആറാം സുന്നഹദോസ് (680), നിഖ്യാ (787) എന്നീ നാലു സുന്നഹദോസുകളിലെ തീരുമാനങ്ങളിൽ ചിലത് നമുക്ക് എളുപ്പത്തിൽ സ്വീകരിക്കാവുന്നവയല്ല. ദ്വിസ്വഭാവവാദവും ഐക്കോണുകളുടെ ആരാധന (Iconolatry) യും ഈ സുന്നഹദോസുകളിലാണ് അംഗീകരിക്കപ്പെട്ടത്.

എന്നാൽ ഇരുകൂട്ടരും ശാന്തമനോഭാവത്തോടും വിനീത ഹൃദയത്തോടും പ്രാർത്ഥനയോടും കൂടെ ഇരുന്നു ചിന്തിക്കുകയാണെങ്കിൽ പരസ്പരം കുർബ്ബാനയിൽ ബന്ധപ്പെടുവാൻ മാത്രമുള്ള ഒരു വിശ്വാസൈക്യം ഉണ്ടായിത്തീരുക സുസാദ്ധ്യമാണെന്നാണ് എന്റെ വിശ്വാസം.

*(ചർച്ച് വീക്കിലി, 1959 മെയ് 17)*

# 20

# ഏകസിംഹാസനവാദം ഒരു ചരിത്ര നിരീക്ഷണം

പന്ത്രണ്ടു ശ്ലീഹന്മാരിൽ ഒരാളായ പ. പത്രോസ് ശ്ലീഹായ്ക്കു മാത്രമേ ശ്ലൈഹീക സിംഹാസനം ഉള്ളുവെന്നും മറ്റു ശ്ലീഹന്മാർക്ക് പത്രോസിന്റെ സിംഹാസനത്തിൽകൂടി മാത്രമെ കൃപ ലഭിക്കുവാൻ സാധിക്കുകയുള്ളു എന്നുമുള്ള വാദം ആ രൂപത്തിൽ ക്രൈസ്തവസഭയിൽ കേൾക്കുവാൻ തുടങ്ങിയത് അടുത്ത കാലത്തു മാത്രമാണെങ്കിലും ഈ വാദത്തിന് പുരാതനമായ ഒരു പാരമ്പര്യം ഉണ്ട്. പത്രോസിന്റെ സിംഹാസനം സഭയിലെ ഏറ്റവും ഉയർന്ന സ്ഥാനമാണെന്ന് റോമൻ കത്തോലിക്കാ സഭ ഇപ്പോഴും വാദിക്കുന്നുണ്ട്. എന്നാൽ സഭയിലെ ഏതെങ്കിലും ഒരു മെത്രാപ്പോലീത്താ പത്രോസിന്റെ മാത്രം പിൻഗാമിയാണെന്ന് റോമൻ കത്തോലിക്കാ സഭ പോലും പഠിപ്പിക്കുന്നില്ല. രണ്ടാം വത്തിക്കാൻ സുന്നഹദോസിന്റെ ഏറ്റവും ഔദ്യോഗിക തീരുമാനമായ സഭയെക്കുറിച്ചുള്ള ഡോഗ്മാറ്റിക്ക് കോൺസ്റ്റിസ്റ്റ്യൂഷൻ 18-ാം ഖണ്ഡികയിൽ വ്യക്തമായി പ്രഖ്യാപിക്കുന്നത് ഇങ്ങനെയാണ്:

"ഒന്നാം വത്തിക്കാൻ കൗൺസിലിന്റെ ചുവട്ടടികളെ സൂക്ഷ്മമായി പിൻതുടർന്നുകൊണ്ട് ആ കൗൺസിലിനോടൊപ്പം ഈ പരിശുദ്ധ കൗൺസിലും പഠിപ്പിക്കുന്നതും പ്രഖ്യാപിക്കുന്നതുമെന്തെന്നാൽ: നിത്യ ഇടയനായ യേശുക്രിസ്തു താൻ തന്നെ തന്റെ പിതാവിനാൽ അയക്കപ്പെട്ടതുപോലെ അപ്പോസ്തോലന്മാരെയും നിയോഗിച്ച് അയച്ചുകൊണ്ട് തന്റെ പരിശുദ്ധ സഭയെ സ്ഥാപിച്ചു. ലോകാവസാനത്തോളം അപ്പോസ്തോലന്മാരുടെ പിൻഗാമികൾ അതായത് എപ്പിസ്കോപ്പന്മാർ തന്റെ സഭയിൽ ഇടയന്മാരായിരിക്കണമെന്ന് താൻ ഇച്ഛിച്ചു. എന്നാൽ എപ്പിസ്കോപ്പേറ്റ് ഏകവും അവിഭജിതവും ആയിരിക്കുവാൻ വേണ്ടി അനുഗൃഹീതനായ പത്രോസിന് മറ്റു ശ്ലീഹന്മാർക്ക് ഉപരിയായി കർത്താവ് സ്ഥാനം കൊടുക്കുകയും വിശ്വാസത്തിലും കൗദാശിക സംസർഗ്ഗത്തിലുമുള്ള ഐക്യത്തിന്റെ സ്ഥിരവും ദൃഷ്ടവുമായ ഉറവയും അടിസ്ഥാനവുമായി അവനെ നിയോഗിക്കുകയും ചെയ്തു. എല്ലാ വിശ്വാസികളും ഉറപ്പോടെ വിശ്വസിക്കുവാൻ തക്കവണ്ണം റോമാ പാപ്പായുടെ പവിത്രമായ പ്രാഥമികത്വത്തെയും, അപ്രമാദിത്വത്തിന്റെയും ഉപദേശകത്വത്തിന്റെയും സ്ഥാപനം, സ്ഥിരത, അർത്ഥം, കാരണം എന്നിവയെക്കുറിച്ചുള്ള ഈ പഠനങ്ങളേയും ഈ സുന്നഹദോസ് വീണ്ടും ഉറച്ചു പ്രഖ്യാപിക്കുന്നു."

പത്രോസിനു മാത്രമേ സിംഹാസനമുള്ളൂ എന്ന വാദം ഇവിടെ കാണുന്നില്ല. എന്നാൽ പ. പത്രോസ് ശ്ലീഹാ മറ്റു ശ്ലീഹന്മാരേക്കാൾ ഉപരിയായ ഒരു സ്ഥാനത്ത് യേശുക്രിസ്തുവിനാൽ നിയോഗിക്കപ്പെട്ടു എന്ന വാദം റോമാസഭ ഇന്നും പഠിപ്പിക്കുന്ന വാദമാണ്. എന്നാൽ ഈ പ്രഖ്യാപനത്തിന്റെ തന്നെ 22-ാം ഖണ്ഡികയിൽ പത്രോസും മറ്റു ശ്ലീഹന്മാരും ഏക അപ്പോസ്തോലിക സമൂഹമായി അവിഭജനീയമായി നിലകൊള്ളുന്നു എന്ന് പ്രഖ്യാപിക്കുന്നുണ്ട്. പത്രോസിന്റെ പിൻഗാമിയായ റോമാപാപ്പായുടെ അധികാരത്തോടു കൂടെയല്ലാതെ ഒരു ബിഷപ്പിനും ബിഷപ്പുമാരുടെ സമൂഹത്തിനും അധികാരമൊന്നുമില്ലെന്ന് ഈ ഖണ്ഡിക നിർവ്വിശങ്കം പ്രഖ്യാപിക്കുന്നുണ്ട്. ഒരു സുന്നഹദോസു പോലും സ്വീകാര്യമാകണമെങ്കിൽ റോമാപാപ്പായുടെ അംഗീകാരം വേണമെന്നും ആകമാന സുന്നഹദോസ് വിളിച്ചുകൂട്ടുവാനും അതിൽ ആദ്ധ്യക്ഷം വഹിക്കാനും അതിന്റെ തീരുമാനങ്ങളെ സ്ഥിരപ്പെടുത്തുവാനുമുള്ള അധികാരം പത്രോസിന്റെ പിൻഗാമിയായ റോമാപാപ്പായ്ക്കു മാത്രമേ ഉള്ളുവെന്നും 2-ാം വത്തിക്കാൻ സുന്നഹദോസ് പഠിപ്പിച്ചു.

പത്രോസിന്റെ പരമാധികാരത്തെക്കുറിച്ചുള്ള ഈ വാദങ്ങൾ അടുത്ത കാലംവരെ പൗരസ്ത്യ സഭകളിലെങ്ങും കേട്ടിരുന്നില്ല. മാത്രമല്ല റോമാ ബിഷപ്പിന് എന്തെങ്കിലും പ്രാഥമികത്വം ഉണ്ടെങ്കിൽ അതു പത്രോസിന്റെ പിൻഗാമിത്വത്തിൽ നിന്നു ലഭിക്കുന്നതല്ല. പ്രത്യുത റോമാനഗരം ലോകത്തിലെ പ്രധാന നഗരമായി കരുതപ്പെട്ടിരുന്നതുകൊണ്ടാണ് എന്ന അടിയുറച്ച വിശ്വാസമാണ് പൗരസ്ത്യ സഭകൾക്ക് ഉണ്ടായിരുന്നത്.

ഏകസിംഹാസന വാദത്തിന് അടിത്തറയിട്ടത് മൂന്നാം ശതകത്തിൽ ഉത്തര ആഫ്രിക്കയിൽ കാർത്തേജിലെ ബിഷപ്പായിരുന്ന കുപ്രിയാനോസ് ആണ്. കുപ്രിയാനോസിന്റെ ലേഖനങ്ങളിൽ നാൽപ്പത്തിമൂന്നാമത്തേതിലാണ് ഈ വാദം വ്യക്തമായി കാണുന്നത്. അദ്ദേഹത്തിന്റെ വാക്കുകൾ ഇപ്രകാരമാണ്:

“ദൈവം ഒരുവൻ, ക്രിസ്തു ഒരുവൻ, സഭ ഒന്ന്, കർത്താവിന്റെ വചനത്താൽ പാറമേൽ സ്ഥാപിക്കപ്പെട്ട സിംഹാസനവും ഒന്ന്.” അതുപോലെതന്ന ‘കാതോലികസഭയുടെ ഏകത്വം’ എന്ന ലഘു ഗ്രന്ഥത്തിൽ കുപ്രിയാനോസ് പറയുന്നത് ഇങ്ങനെയാണ്, “പത്രോസിന്മേൽ കർത്താവ് സഭ പണിയുന്നു. ആടുകളേയും മേയിപ്പാൻ തക്കവണ്ണം അവൻ അവനെ ഏല്പ്പിക്കുന്നു. എല്ലാ അപ്പോസ്തോലന്മാർക്കും അവൻ തുല്യ സ്ഥാനം നൽകിയെങ്കിലും സിംഹാസനം ഒന്നു മാത്രമേ സ്ഥാപിച്ചുള്ളു. കർത്താവ് തന്റെ അധികാരത്താൽ ഐക്യത്തിന്റെ ഉറവയും വ്യവസ്ഥയും നിയമിച്ചു. തീർച്ചയായും മറ്റുള്ളവർ പത്രോസിനെപ്പോലെ തന്നെയായിരുന്നു. എന്നാൽ പത്രോസിന് പ്രാഥമികത്വം നൽകപ്പെട്ടു. ഒരു സഭയും ഒരു

സിംഹാസനവും മാത്രം നൽകപ്പെടുന്നു. അവരെല്ലാവരും ഇടയന്മാരാണെങ്കിലും എല്ലാ അപ്പോസ്തോലന്മാരും ഏകമനസ്സോടെ മേയിക്കുന്ന ആട്ടിൻകൂട്ടം ഒന്നേയുള്ളു. സഭയുടെ ഈ ഐക്യം കാത്തുസൂക്ഷിക്കാത്തവൻ വിശ്വാസം കാത്തുസൂക്ഷിക്കുന്നു എന്നു വിചാരിക്കുന്നുവോ? സഭ അവന്റെമേൽ സ്ഥാപിക്കപ്പെട്ടിരിക്കുന്നു എന്ന പത്രോസിന്റെ സിംഹാസനത്തെ ഉപേക്ഷിക്കുന്നവൻ പിന്നെയും സഭയിലാണെന്ന് വിശ്വസിക്കുന്നുവോ?"

കുപ്രിയാനോസിന്റെ ഈ വാദത്തിന് ഒരു പ്രത്യേക പശ്ചാത്തലമുണ്ട്. അദ്ദേഹത്തിന്റെ അധികാരത്തെ എതിർക്കുന്ന കുറെ ആളുകൾ ഉത്തരാഫ്രിക്കയിൽ ഉണ്ടായിരുന്നു. റോമാപാപ്പാ കാർത്തേജിലെ മെത്രാപ്പോലീത്തായെ അനുകൂലിക്കുന്ന സമയത്ത് എതിർകക്ഷികളിൽപ്പെട്ട അഞ്ചു പട്ടക്കാർ ചേർന്ന് ഫോർച്യുനാറ്റൂസ് എന്ന പട്ടക്കാരനെ മെത്രാപ്പോലീത്തായാക്കി. ഫോർച്യുനാറ്റൂസ് വ്യവസ്ഥാപിത മെത്രാപ്പോലീത്താ അല്ലെന്നു സ്ഥാപിക്കുവാൻ വേണ്ടി റോമാപാപ്പാ അംഗീകരിക്കുന്ന ആൾക്കു മാത്രമേ സഭയിൽ മെത്രാപ്പോലീത്താ ആയിരിക്കുവാൻ സാധിക്കുകയുള്ളു എന്നുള്ള വാദം കൊണ്ടുവന്നത് ആത്മരക്ഷയ്ക്കുള്ള ഉപാധിയായിരുന്നു. എന്നാൽ കുപ്രിയാനോസിന്റെ ഈ വാദത്തെ അന്നുള്ള മറ്റു മെത്രാപ്പോലീത്താമാർ അംഗീകരിച്ചില്ല. ഒരുദാഹരണം: ഫെർമിലിയൻ കപ്പദോക്യൻ കൈസറിയയിലെ ബിഷപ്പായിരുന്നു. 256-ൽ അദ്ദേഹം കുപ്രിയാനോസിന് ഇപ്രകാരം എഴുതി, " റോമിലുള്ളവർ ആദിമുതലേ ഭരമേൽപ്പിക്കപ്പെട്ടിട്ടുള്ള എല്ലാ പാരമ്പര്യങ്ങളെയും അനുഷ്ഠിക്കുന്നില്ല. അപ്പോസ്തോലിക അധികാരം ഉണ്ടെന്നുള്ള അവരുടെ അവകാശവാദം മിഥ്യയാണെന്ന് ആർക്കും കാണുവാൻ കഴിയും. ഉയിർപ്പു പെരുനാളിന്റെ ആഘോഷകാര്യത്തിലും മറ്റു പല കൂദാശകളിലും അനുഷ്ഠാനങ്ങളിലും ഊർശ്ലേമിലെ അനുഷ്ഠാനങ്ങളനുസരിച്ചല്ല അവർ അനുഷ്ഠിക്കുന്നത്. .... ഇത്ര വ്യക്തവും സ്പഷ്ടവുമായ സ്റ്റീഫൻ പാപ്പായുടെ അബദ്ധോപദേശത്തെപ്പറ്റി എനിക്കു കോപം വരുന്നതു ന്യായമല്ലേ. തന്റെ എപ്പിസ്കോപ്പത്വത്തെപ്പറ്റി വീമ്പു പറയുകയും സഭയുടെ അടിസ്ഥാനം അവന്റെമേൽ ഇട്ടിരിക്കുന്നു എന്നു പറയുന്ന പത്രോസിന്റെ പിൻഗാമിയാണെന്ന് ശഠിക്കുകയും ചെയ്യുന്ന ഈ മനുഷ്യൻ പല പുതിയ പാറകളും കൊണ്ടുവന്ന് പുതിയ സഭകൾ സ്ഥാപിക്കുകയാണ്. ... ഓ സ്റ്റീഫൻ! നീ എല്ലാ വേദവിപരീതികളേക്കാൾ ഭയങ്കരനാണ്. ജനങ്ങൾ തങ്ങളുടെ തെറ്റു മനസ്സിലാക്കി സഭയിലേക്ക് തിരികെ വരുമ്പോൾ നീ അവരുടെ തെറ്റുകളെ വീണ്ടും സ്ഥിരീകരിക്കുന്നു. ... ഓ സ്റ്റീഫൻ പാപ്പാ നിന്നെക്കുറിച്ചാണ് വി. വേദപുസ്തകം പറയുന്നത് 'ക്രോധമുള്ളവൻ കലഹമുണ്ടാക്കുന്നു" (സദൃ. 15:18). ലോകം മുഴുവനുമുള്ള സഭകളിൽ എന്തെല്ലാം കലഹങ്ങളും

കലാപങ്ങളുമാണ് നീ ഇളക്കിവിട്ടിരിക്കുന്നത്. ഇത്ര വളരെ ആട്ടിൻകൂട്ട ങ്ങളിൽനിന്ന് നിന്നെത്തന്നെ വേർപെടുത്തുന്നതു മൂലം എത്ര വലിയ പാപമാണ് നീ സംഭരിച്ചിരിക്കുന്നത്. അതെ! നിന്നെത്തന്നെ നീ വേർ പെടുത്തുകയാകുന്നു ചെയ്തത്. വഞ്ചിതനാകരുത്. ഏകമായ സഭയിലെ സംസർഗ്ഗത്തിൽ നിന്ന് തന്നത്താൻ വേർപെട്ടുപോകുന്നവനാണ് യഥാർത്ഥ ശീശ്മക്കാരൻ. എല്ലാവരെയും മുടക്കുവാൻ അധികാരമു ണ്ടെന്ന് കരുതുന്ന നീ എല്ലാവരിൽ നിന്നും നിന്നെത്തന്നെ മുടക്കിയിരി ക്കുന്നു."

സാർവ്വത്രികസഭയിൽ പരമാധികാരിയാണ് താനെന്ന് റോമാപാപ്പാ അവകാശപ്പെട്ടുവെന്നും ആ അവകാശവാദത്തെ പിൻതാങ്ങുന്ന മെത്രാ പ്പോലീത്താ ഉത്തരാഫ്രിക്കയിൽ ഉണ്ടായിരുന്നെങ്കിലും കിഴക്കുള്ള ഒരു മെത്രാപ്പോലീത്താ (പ. മാർ ബസ്സേലിയോസിന്റെ മുൻഗാമി) ഇതിനെ അതർഹിക്കുന്ന അവഗണനയോടെ നിരാകരിച്ചുവെന്നുമാണ് ഈ എഴു ത്തിൽ നിന്നും വ്യക്തമാകുന്നത്.

റോമൻപാപ്പായുടെ പ്രാഥമികത്വത്തിന്റെ അടിസ്ഥാനം അന്നത്തെ അറിയപ്പെട്ട ലോകത്തിലെ പ്രഥമ നഗരമായിരുന്നു റോം എന്നുള്ള വസ്തു തയിലാണ്. 381-ലെ കുസ്തന്തീനോപോലീസ് സുന്നഹദോസ് കുസ്ത ന്തീനോപോലീസ് നഗരത്തിന്റെ ഉന്നതസ്ഥാനം പ്രഖ്യാപിച്ചത് എന്തടി സ്ഥാനത്തിലായിരുന്നു? ഒരു അപ്പോസ്തോലിക നഗരമെന്ന് അഭിമാനി ക്കാൻ കുസ്തന്തീനോസ്പോലീസ് നഗരത്തിനു വകയില്ലായിരുന്നു. എന്നാൽ റോമാനഗരം സാമ്രാജ്യത്തിന്റെ തലസ്ഥാനമായിരുന്നതുപോലെ കിഴക്ക് ഒരു പുതിയ തലസ്ഥാനം ഉണ്ടായപ്പോൾ ആ നഗരത്തിലെ ബിഷ പ്പിന് റോമാ ബിഷപ്പിന് തുല്യമായ സ്ഥാനം നൽകപ്പെട്ടു എങ്കിൽ റോമാ ബിഷപ്പിന്റെ പ്രാഥമികതയുടെ അടിസ്ഥാനം പത്രോസിന്റെ പിൻഗാമി ത്വമല്ല തലസ്ഥാന നഗരമാണെന്നുള്ള ബഹുമതി മാത്രമാണെന്ന് സുവ്യ ക്തമല്ലേ.

## ലെയോൻ മാർപാപ്പാ

അന്ത്യോക്യായിലെ ഇപ്പോഴത്തെ പാത്രിയർക്കീസ് ബാവായുടെ അഭിപ്രായങ്ങളോട് പലവിധത്തിലും യോജിക്കുന്ന ആളാണ്, സുറിയാനി സഭ വേദവിപരീതിയായി പ്രഖ്യാപിച്ചിരിക്കുന്ന ലെയോൻ പാപ്പാ (440-461). ഇരുസ്വഭാവ വിശ്വാസത്തെ അനുകൂലിക്കുന്നതുകൊണ്ടാണ് അദ്ദേഹത്തെ വേദവിപരീതിയായി നാം കണക്കാക്കുന്നത്. പത്രോസിന്റെ പരമാധികാ രത്തെ മറ്റുള്ളവരുടെമേൽ അടിച്ചേൽപ്പിക്കുവാൻ ഏറ്റവും കൂടുതൽ ശ്രമിച്ച ഈ പാപ്പായുടെ എല്ലാ പ്രസംഗങ്ങളിലും എല്ലാ ലേഖനങ്ങളിലും പത്രോസിന്റെ പരമാധികാരത്തെ ഊന്നിപ്പറയുന്നു. അതുകൊണ്ട്

ആകമാനസഭയുടെ മേൽ തനിക്ക് പരമാധികാരമുണ്ടെന്ന് അദ്ദേഹം വാദിച്ചു. കുസ്തന്തീനോപോലീസിലെ പാത്രിയർക്കീസായ ഫ്ളാവിയാനോസിന് എഴുതിയ തന്റെ 23-ാം ലേഖനത്തിൽ ലെയോൻ വ്യക്തമായി അവകാശപ്പെടുന്നത് വിശ്വാസ സംബന്ധമായി ലോകത്തിൽ എവിടെയെങ്കിലും എന്തെങ്കിലും തർക്കമുണ്ടായാൽ അതിന്റെ അപ്പീൽ കേൾക്കുവാനുള്ള അധികാരം തനിക്കാണെന്നാണ്. കുസ്തന്തീനോപോലീസിലെ മെത്രാപ്പോലീത്തായുടെ സ്ഥാനം കിട്ടിയിരിക്കുന്നതുപോലും തന്റെ അനുമതിമൂലമാണെന്ന് ലെയോൻ, മാർക്കിയാനോസ് ചക്രവർത്തിക്കെഴുതിയ 104-ാം ലേഖനത്തിലും പൾക്കേറിയ ചക്രവർത്തിനിക്കെഴുതിയ 105-ാം ലേഖനത്തിലും വാദിക്കുന്നു. കുസ്തന്തീനോപോലീസിലെ എപ്പിസ്കോപ്പാ, റോമിലെ എപ്പിസ്കോപ്പായ്ക്ക് തുല്യനാണെന്ന് വാദിക്കുന്നത് അമിതമായ സ്ഥാനമോഹം കൊണ്ടാണെന്നാണ് ചക്രവർത്തിനിക്കെഴുതിയത്. 381-ൽ കൂടിയ സുന്നഹദോസിലെ തീരുമാനങ്ങൾ തന്റെ സമ്മതം കൂടാതെ നടപ്പിൽ വരുത്തുവാൻ സാദ്ധ്യമല്ലെന്ന് ലെയോൻ വാദിച്ചു. ഈ വിഷയത്തെക്കുറിച്ച് ലെയോൻ മാർപാപ്പാ കുസ്തന്തീനോപോലീസിലെ മെത്രാപ്പോലീത്താക്കെഴുതിയ 106-ാം ലേഖനത്തിൽ കുസ്തന്തീനോപോലീസിനു രണ്ടാം സ്ഥാനം നൽകിയാൽ അലക്സന്ത്രിയായുടെ രണ്ടാം സ്ഥാനവും അന്ത്യോഖ്യായുടെ മൂന്നാം സ്ഥാനവും നഷ്ടപ്പെട്ടു പോകുമെന്നും വാദിക്കുന്നുണ്ട്.

ലെയോൻ പാപ്പായുടെ കാലത്ത് തന്റെ അധികാരികളുമായി വഴക്കു കൂടുന്ന ഏതൊരു മെത്രാപ്പോലീത്തായ്ക്കും കശ്ശീശായ്ക്കും റോമാ പാപ്പായുടെ സഹായം ലഭിക്കണമെങ്കിൽ റോമാ സഭയുടെ പരമാധികാരവാദവും ഏകസിംഹാസനവാദവും സമ്മതിച്ചുകൊടുത്താൽ മാത്രം മതിയായിരുന്നുവെന്ന് സുപ്രസിദ്ധ വേദശാസ്ത്രജ്ഞനും ചരിത്രകാരനുമായ ബിഷപ്പ് ഗോർ എഴുതിയ 'മഹാനായ ലെയോ' എന്ന ഗ്രന്ഥത്തിൽ പ്രസ്താവിച്ചിരിക്കുന്നു.

എന്നാൽ കത്തോലിക്കാസഭയിൽ ഉണ്ടായ ഈ അവകാശവാദം കിഴക്കൻ സഭകളൊന്നും സമ്മതിച്ചു കൊടുത്തില്ല.

## സുറിയാനിസഭാ പാരമ്പര്യം

സുറിയാനിസഭാ പാരമ്പര്യത്തെ സംബന്ധിച്ചിടത്തോളം നമ്മുടെ പ്രധാന രേഖകൾ ബാറെബ്രായയും മീഖായേൽ റാബോയും ആണ്. ഈ രണ്ടു പിതാക്കന്മാർ തങ്ങളുടെ നിദാനമായി സ്വീകരിച്ചത് 845-ാമാണ്ടിൽ കാലം ചെയ്ത ദീവന്നാസ്യോസിന്റെ ചില എഴുത്തുകളാണ്. എന്നാൽ ദീവന്നാസ്യോസിന്റെയോ മീഖായേൽ റാബോയുടെയോ ബാറെബ്രായയുടെയോ ലേഖനങ്ങളിൽ ഒരിടത്തും അന്ത്യോഖ്യോ പാത്രിയർക്കീ

സിന് ആകമാന സഭയുടെമേൽ അധികാരം ഉണ്ടായിരുന്നു എന്ന വാദം കാണുകയില്ല. ലോകത്തെ നാലായി ഭാഗിച്ചുവെന്നും നാലു ഭാഗങ്ങൾക്കും നാലു പാത്രിയർക്കീസന്മാരെ നൽകിയെന്നും ഉള്ള വാദം ദീവന്നാസ്യോസിൽ കാണുന്നുണ്ട്. എന്നാൽ അദ്ദേഹത്തിന്റെ വാദത്തിൽ റോം, അലക്സന്ത്രിയ, കുസ്തന്തീനോപോലീസ്, അന്ത്യോഖ്യാ എന്നീ നാലു നഗരങ്ങളിലെ എപ്പിസ്കോപ്പന്മാർക്ക് പാത്രിയർക്കാ സ്ഥാനം കൊടുത്തുവെന്നു കാണുന്നത് അപ്പോസ്തോലിക കാലത്തിനു ശേഷം രണ്ടോ മൂന്നോ ശതകങ്ങൾക്കു ശേഷമാണ് കുസ്തന്തീനോപോലീസ് നഗരം സ്ഥാപിക്കപ്പെട്ടതെന്ന വിവരം അദ്ദേഹത്തിന് അറിവില്ലായിരുന്നതിനാലായിരിക്കണം. ഏതായാലും സിറിയാക്കാരനായ ദീവന്നാസ്യോസു പോലും അന്ത്യോഖ്യായ്ക്ക് നാലാം സ്ഥാനമാണ് നൽകുന്നത്. ലോകത്തിന്റെ നാലിലൊന്നേ അദ്ദേഹത്തിന്റെ അധികാരത്തിൻ കീഴിലുള്ളൂ. ഏതായാലും ഏക സിംഹാസനവാദം അവരാരും ഉന്നയിച്ചില്ല.

### ആറാം ശതകത്തിലെ അവസ്ഥ

എഡേസായിൽ നിന്നും കണ്ടുകിട്ടിയിട്ടുള്ള ആറാം ശതകത്തിലെ ഒരു സുറിയാനി രേഖ കത്തോലിക്കരുടെ അന്ത്യോഖ്യാ പാത്രിയർക്കീസ് 1920–ൽ റോമിൽ പ്രസിദ്ധീകരിച്ചു. അതിന്റെ ഒന്നു മുതൽ ഏഴു വരെ പേജുകളിൽ കാണുന്നത് ഇങ്ങനെയാണ്:

“ആദ്യത്തെ സിംഹാസനം യേശുക്രിസ്തുവിന്റേതാണ്. അതു കഴിഞ്ഞാൽ പിന്നെ ആദ്യത്തെ സിംഹാസനം അന്ത്യോഖ്യായിലെയാണ്. അതു പാത്രിയർക്കീസിന്റേതാണ്. അതിന്റെ നേരിട്ടു കീഴിൽ ഏഴു ഭദ്രാസനങ്ങളുണ്ട്: (1) ഹലാഗ് (2) കെന്നശ്രീൻ (3) ഗബ്ല (4) സെലൂക്യ (5) ഹൻസർത്താ (6) ഫ്ളാത്തോൻ (7) ഗാബൂല. ഇതു കൂടാതെ സ്വയശീർഷകങ്ങളായ (autocephalous) നാലു സഭകൾ ഉണ്ട്. (1) ബെയ്റൂട്ട് (2) ഹോംസ് (3) ലവോദോക്യ (4) കൂറോസ്. ഇവയ്ക്കെല്ലാം പുറമെ പന്ത്രണ്ട് മെത്രാപ്പോലീത്തൻ ആസ്ഥാനങ്ങളുമുണ്ട്. (1) ടയർ മെത്രാപ്പോലീത്തൻ പ്രവിശ്യയിൽ 13 ഭദ്രാസനങ്ങൾ (2) തർശീശ് പ്രവിശ്യയിൽ 6 ഭദ്രാസനങ്ങൾ (3) ഉറഹാ പ്രവിശ്യയിൽ 12 ഭദ്രാസനങ്ങൾ (4) അപ്പാമിയ പ്രവിശ്യയിൽ ഏഴു ഭദ്രാസനങ്ങൾ (5) മാബൂഗ് പ്രവിശ്യയിൽ 11 ഭദ്രാസനങ്ങൾ (6) ബസ്രാ പ്രവിശ്യയിൽ 19 ഭദ്രാസനങ്ങൾ (7) ആനസ്ബർബാ പ്രവിശ്യയിൽ 8 ഭദ്രാസനങ്ങൾ (8) ഈസൗറായിലെ സെലൂക്യ പ്രവിശ്യയിൽ 25 മെത്രാന്മാർ (9) ഡമാസ്കസ് പ്രവിശ്യയിൽ 11 മെത്രാന്മാർ (10) അമീഭായ് പ്രവിശ്യയിൽ 8 മെത്രാന്മാർ (11) റൂഷായ പ്രവിശ്യയിൽ 5 മെത്രാന്മാർ (12) ഭാറായ് പ്രവിശ്യയിൽ 3 മെത്രാന്മാർ.”

ഇതിന്റെ ആകെത്തുക ഈ രേഖയിൽതന്നെ കൊടുക്കുന്നുണ്ട്.

അങ്ങനെ അന്ത്യോഖ്യൻ സഭയിൽ ഒരു പാത്രിയർക്കീസും, അദ്ദേഹ ത്തിന്റെ നേരിട്ടു കീഴിൽ ഏഴു മെത്രാന്മാരും രണ്ടു വികാരി മെത്രാന്മാരും 4 സ്വയശീർഷക സഭകളും 12 മെത്രാപ്പോലീത്തന്മാരും അവരുടെ കീഴിൽ 128 എപ്പിസ്ക്കോപ്പന്മാരും. ഇതിൽ നിന്നും ചില കാര്യങ്ങൾ വ്യക്തമാകു ന്നുണ്ട്. പാത്രിയർക്കീസിന് നേരിട്ട് ഭരണാധികാരമുള്ളത് ഏഴു ഭദ്രാസ നങ്ങളേയുള്ളു. മറ്റു നാലു ഭദ്രാസനങ്ങളിലെ മെത്രാപ്പോലീത്തന്മാർ സ്വയംപര്യാപ്തതയുള്ളവരാണ്. അതിനു പുറമേയുള്ള 12 മെത്രാപ്പോ ലീത്തൻ പ്രവിശ്യകളിൽ പാത്രിയർക്കീസ് നേരിട്ടു ഭരണം നടത്തുന്നില്ല. ഈ പറയുന്നതിൽ ഒന്നിലുംതന്നെ പെടാതെ നിൽക്കുന്നതാണ് കിഴ ക്കിന്റെ കാതോലിക്കേറ്റ് (6-ാം ശതകത്തിൽ). അതിൽപോലും പെടാതെ നിൽക്കുന്നതാണ് ഇന്ത്യയിലുള്ള സഭ. ഏതായാലും ആറാം ശതാബ്ദ ത്തിൽ അന്ത്യോഖ്യാ പാത്രിയർക്കീസിന് ഇന്ത്യയിൽ യാതൊരു അവ കാശവും ഇല്ലായിരുന്നു എന്നതിന് സുറിയാനിക്കാരുടെ ഈ രേഖയെ ക്കാളുപരി തെളിവുകൾ ആവശ്യമില്ല.

### അടുത്തകാലത്തെ അവസ്ഥ

1847 മുതൽ 1871 വരെ അന്ത്യോഖ്യാ പാത്രിയർക്കീസായിരുന്ന ഇഗ്നാ ത്തിയോസ് യാക്കോബ് ദ്വിതീയനാണ് കിഴക്കിന്റെ മപ്രിയാനാ സ്ഥാനം നിറുത്തലാക്കിയത്. കിഴക്കുള്ള സഭകൾ കൂടെ അന്ത്യോഖ്യായുടെ നേരി ട്ടുള്ള ഭരണത്തിൽ കൊണ്ടുവരുവാനുള്ള ആഗ്രഹം മൂലമാണ് ഇങ്ങനെ പ്രവർത്തിച്ചതെന്നു തോന്നുന്നു. അതിനുശേഷമുണ്ടായിരുന്ന പാത്രിയർ ക്കീസന്മാരും തങ്ങളുടെ ഭരണനയത്തിന്റെ പ്രധാന അടിസ്ഥാനമായി സ്വീകരിച്ചത് അന്ത്യോഖ്യാ സിംഹാസനത്തിന്റെ അധികാര വികസന മായിരുന്നു. 1894-ൽ കാലം ചെയ്ത പത്രോസ് പാത്രിയർക്കീസും 1914-ൽ കാലം ചെയ്ത അബ്ദൽ മിശിഹാ പാത്രിയർക്കീസും, 1916-ൽ കാലം ചെയ്ത അബ്ദള്ളാ പാത്രിയർക്കീസും 1917-ൽ സ്ഥാനമേറ്റ് നമ്മുടെ നാട്ടിൽ വന്ന് കാലം ചെയ്ത ഏലിയാസ് പാത്രിയർക്കീസും ഒരുപോലെ വികസനവാദികളായിരുന്നു. എന്നാൽ അധികാര വികസനം ഉണ്ടാക്കു ന്നത് ഒരു കാതോലിക്കാ സിംഹാസനത്തിന്റെ മാധ്യമത്തിൽ കൂടി ആയി രിക്കണമെന്ന് ആഗ്രഹിച്ചിരുന്ന ആളാണ് അബ്ദൽ മശിഹാ പാത്രിയർ ക്കീസ്. സമാധാനം സ്ഥാപിക്കുന്നതു മൂലം തന്റെ അധികാരത്തെ അംഗീ കരിക്കാതെ നിൽക്കുന്നവരെ അധികാരത്തിൻകീഴിൽ കൊണ്ടുവരുവാൻ ആഗ്രഹിച്ച ആളാണ് ഇപ്പോഴത്തെ അന്ത്യോഖ്യൻ പാത്രിയർക്കീസ്. സമാ ധാനം കൊണ്ടു ലഭിക്കുന്ന അധികാരം പോരെന്നു തോന്നിയപ്പോൾ അസ മാധാനം പുലർത്തി അധികാരം സ്ഥാപിക്കാമെന്നുള്ള ആശയമാണ് ഇപ്പോഴുള്ളതെന്നു തോന്നുന്നു. വീണ്ടും അധികാരം കിട്ടുന്നതിനു വേണ്ടി വീണ്ടും സമാധാനം ആലോചിക്കുവാൻ വലിയ മടിയൊന്നുമില്ലെന്നാണ്

അടുത്തകാലത്ത് അദ്ദേഹവുമായി സംസാരിച്ചിട്ടുള്ളവരിൽ നിന്നു കിട്ടുന്ന പ്രതീതി.

ഏകമാത്ര സിംഹാസനവാദം അംഗീകരിക്കുക മാത്രമല്ല ശക്തിയായി പഠിപ്പിക്ക കൂടി ചെയ്യുന്ന ഒരു കിഴക്കൻ സഭ ആദ്യമായിട്ട് ഉണ്ടാകുന്നത് ഇരുപതാം ശതാബ്ദത്തിലും ഇഗ്നാത്തിയോസ് യാക്കോബ് തൃതീയന്റെ നേതൃത്വത്തിലുമാണ്. ഈ അഭിപ്രായം കത്തോലിക്കാ സഭയുടെ അഭിപ്രായത്തോട് ചേർന്നതാകുന്നതിനാൽ കത്തോലിക്കാ സഭയ്ക്ക് അന്ത്യോഖ്യാ പാത്രിയർക്കീസിന്റെ അനുയായികളോട് പ്രത്യേക സഹതാപം തോന്നുകയും പത്രങ്ങൾ വഴിയും മറ്റുമൊക്കെ കുറച്ചൊക്കെ അവരെ സഹായിക്കുകയും ചെയ്യുന്നെങ്കിൽ അത്ഭുതത്തിനവകാശമില്ല. പക്ഷേ, കിഴക്കൻ സഭകളെ സംബന്ധിച്ചിടത്തോളം പന്തിരുവരിൽ ഒരാൾക്കു മാത്രമേ സിംഹാസനം ഉള്ളുവെന്നും, ആ സിംഹാസനത്തിൽ കൂടി മാത്രമാണ് കൃപ ഒഴുകുന്നതെന്നും മറ്റുമുള്ള വാദങ്ങൾ കടുത്ത അബദ്ധോപദേശങ്ങളാണ്. കാതോലികവും ശ്ലൈഹികവുമായ ഉപദേശങ്ങളിൽ നിന്നും വേർപെട്ട് പാശ്ചാത്യസഭയിൽ പിൽക്കാലത്തുണ്ടായ ചില അബദ്ധോപദേശങ്ങളെ അനുധാവനം ചെയ്യുന്നവരുടെ അവസാന നിലപാട് ആ പാശ്ചാത്യസഭയിൽ തന്നെയാണെങ്കിൽ അതിൽ അത്ഭുതത്തിന് എന്തവകാശമുള്ളൂ.

*(ഓർത്തഡോക്സ് സെമിനാരി ആനുവൽ റിപ്പോർട്ട്, 1974-75)*

# 21

# കാതോലിക്കാസ്ഥാനം ചില വസ്തുതകൾ

കിഴക്കിന്റെ കാതോലിക്കാ സിംഹാസനം ഇന്ത്യയിൽ പുനഃസ്ഥാപിച്ചതിന്റെ സപ്തതിയാണല്ലോ ആഘോഷിക്കപ്പെടുന്നത്. ഈ കാതോലിക്കാസ്ഥാനം സംബന്ധിച്ച് പല തെറ്റുധാരണകളും ജനമദ്ധ്യത്തിൽ ഉള്ളതുകൊണ്ടാണ് ഈ ലേഖനത്തിനു മുതിരുന്നത്.

ഒന്നാമത്തെ ചോദ്യം, ഈ പാത്രിയർക്കീസ് സ്ഥാനവും കാതോലിക്കാസ്ഥാനവും തമ്മിലുള്ള ഭേദവും ഏറ്റക്കുറച്ചിലും എങ്ങനെയാണെന്നാണ്.

പാത്രിയർക്കീസ് എന്നതും കാതോലിക്കോസ് എന്നതും ഗ്രീക്കുവാക്കുകളാണ്. പാത്രിയർക്കീസ് എന്ന പദത്തിനു ഗോത്രത്തലവൻ, ഗോത്രപിതാവ് എന്നർത്ഥം. പാരമ്പര്യമായി ഇത് അബ്രഹാം, ഇസഹാക്ക്, യാക്കോബ് എന്നിവർക്കാണ് ഉപയോഗിച്ചു വന്നിരുന്നത്. യാക്കോബിന്റെ 12 മക്കൾ ഇസ്രയേലിലെ പന്ത്രണ്ട് ഗോത്രപിതാക്കന്മാരായി എണ്ണപ്പെട്ടിരുന്നു.

പുതിയനിയമത്തിലെ ഹെബ്രായ ലേഖനം 7:4-ൽ അബ്രഹാമിനെ പാത്രിയർക്കീസ് എന്നു വിളിക്കുന്നെങ്കിൽ അപ്പോസ്തല പ്രവൃത്തികൾ 7:8-9 ൽ യാക്കോബിന്റെ പന്ത്രണ്ട് പുത്രന്മാരെയാണ് പാത്രിയർക്കീസന്മാർ എന്നു വിളിക്കുന്നത്.

ഒന്നാം ശതാബ്ദത്തിൽ യഹൂദന്മാർക്ക് പലസ്തീനിലും ബാബിലോണിയയിലും ഓരോ പാത്രിയർക്കീസുണ്ടായിരുന്നു. നാലാം ശതാബ്ദത്തിന്റെ അന്ത്യം വരെ ക്രിസ്ത്യാനികളുടെയിടയിൽ പാത്രിയർക്കീസ് എന്ന സ്ഥാനമേ ഉണ്ടായിരുന്നില്ല. യഹൂദന്മാരുടെ പലസ്തീൻ (തൈബീരിയാസ്) പാത്രിയർക്കീസ് റോമാസാമ്രാജ്യത്തിലെ യഹൂദന്മാരുടെ തലവനും ബാബിലോണിയൻ പാത്രിയർക്കീസ് പേർഷ്യൻ സാമ്രാജ്യത്തിലെ യഹൂദന്മാരുടെ തലവനുമായി നാലാം ശതാബ്ദം വരെ തുടർന്നു.

പാത്രിയർക്കീസ് എന്ന സ്ഥാനം ഔദ്യോഗികമായി ക്രിസ്ത്യാനികൾ അംഗീകരിച്ചത് അഞ്ചാം ശതാബ്ദത്തിലെ ജസ്റ്റിനിയൻ ചക്രവർത്തിയുടെ നിയമസംഹിതയിലായിരുന്നു. കല്കിദോൻ സുന്നഹദോസിന്റെ (എ.ഡി. 451) 28-ാം കാനോൻ (പൗരസ്ത്യ ഓർത്തഡോക്സ് സഭകൾ സ്വീകരിക്കുന്നില്ല) കുസ്തന്തീനോപോലീസിലെ പുതിയ സിംഹാസനത്തിന്

റോം കഴിഞ്ഞാൽ രണ്ടാം സ്ഥാനം കൊടുക്കുന്നുണ്ടെങ്കിലും പാത്രിയർക്കീസ് എന്ന സ്ഥാനം അവിടെയെങ്ങും കാണുന്നില്ല. മെത്രാന്മാരെ വാഴിക്കേണ്ടത് പാത്രിയർക്കീസാണെന്നും ഇല്ല. പ്രവിശ്യയിലെ മെത്രാപ്പോലീത്താ, മറ്റു മെത്രാന്മാരുടെ സഹായത്തോടെ പുതിയ മെത്രാനെ വാഴിക്കണമെന്നേ വ്യവസ്ഥയുള്ളു.

പോണ്ടസ്, ഏഷ്യ, ത്രേസ് എന്നീ പ്രവിശ്യകളിലെ മെത്രാപ്പോലീത്തന്മാരെ വാഴിക്കുന്നതിനുള്ള അധികാരം സാമ്രാജ്യ തലസ്ഥാന നഗരിയായ കുസ്തന്തീനോപോലീസിലെ എപ്പിസ്കോപ്പയ്ക്ക് നൽകുന്നുണ്ടെങ്കിലും അദ്ദേഹത്തെ എപ്പിസ്കോപ്പാ എന്നല്ലാതെ പാത്രിയർക്കീസ് എന്ന് വിളിക്കുന്നില്ല.

റോമിലെയും, അലക്സന്ത്രിയയിലേയും, അന്ത്യോഖ്യായിലേയും മെത്രാന്മാരെ ആർച്ച് ബിഷപ്പ് എന്ന് വിശേഷിപ്പിക്കുന്നുണ്ട്. പക്ഷേ, പാത്രിയർക്കീസ് എന്നില്ല. പാപ്പാ എന്ന സ്ഥാനം അലക്സന്ത്ര്യായും റോമും ഉപയോഗിക്കുന്നുണ്ട്. പക്ഷേ, പാത്രിയർക്കീസ് എന്ന പദം രേഖകളിലെങ്ങും കാണുന്നില്ല.

അഞ്ചാം ശതാബ്ദത്തിൽ റോമാ സാമ്രാജ്യത്തിനകത്ത് പാത്രിയർക്കീസന്മാർ അഞ്ചു പേരാണ്. റോമാ, കുസ്തന്തീനോപോലീസ്, അലക്സന്ത്രിയ, അന്ത്യോഖ്യാ, യരുശലേം - ഇവർക്കാർക്കും റോമാ സാമ്രാജ്യത്തിനു പുറത്ത് (അതായത് എത്യോപ്യയിലോ, പേർഷ്യയിലോ, അർമ്മേനിയയിലോ, ജോർജിയയിലോ ഇന്ത്യയിലോ, ന്യൂബിയയിലോ) യാതൊരധികാരവുമുണ്ടായിരുന്നില്ല.

അങ്ങനെ അധികാരമുണ്ടായിരുന്നതായി തെളിയിക്കുന്ന യാതൊരു രേഖകളും ഇന്നേവരെ പുറത്തുവന്നിട്ടുമില്ല. പുരാതന സുറിയാനി ചരിത്രകാരന്മാരാരും അങ്ങനെ എഴുതിയിട്ടുമില്ല.

ജസ്റ്റിനിയന്റെ നിയമസംഹിതയുടെ ഒന്നാം പുസ്തകം രണ്ടാം ഭാഗം 24-ാം അദ്ധ്യായത്തിൽ കുസ്തന്തീനോപോലീസാണ് "എല്ലാ സഭകളുടെയും തല" എന്നു പറഞ്ഞശേഷം പതിമൂന്നോ പതിനാലോ പാത്രിയർക്കാ സിംഹാസനങ്ങളുടെ പട്ടിക നൽകുന്നു. ഓരോന്നിന്റെയും അധികാരപരിധിയും നൽകുന്നു.

അലക്സന്തര്യ (ഈജിപ്റ്റ്), അന്ത്യോഖ്യാ (റോമാസാമ്രാജ്യത്തിലെ പൗരസ്ത്യ പ്രവിശ്യ), എഫേസൂസ് (ഏഷ്യാമൈനർ), കൈസര്യ (പോണ്ടസ്), തെസ്സലോനിക്കാ (മക്കദോനിയാ), റോമാ (റോമാ ഗവർണരുടെ അധികാര സീമ), മിലാൻ (ഇറ്റലി), സിർദിയം (യൂഗോസ്ലാവിയ), കാർത്തേജ് (ഉത്തരാഫ്രിക്കാ), ലിയോൺ (ഫ്രാൻസ്), ടൊലീഡോ

(സ്പെയിൻ), യോർക്ക് (ബ്രിട്ടൻ) ഇവയാണ് പട്ടികയിലുള്ളത്. ഇവയൊക്കെ സ്വതന്ത്ര സഭകളാണ്. എല്ലാം റോമാ സാമ്രാജ്യത്തിനുള്ളിൽ മാത്രം ഒതുങ്ങിനിൽക്കുന്ന അധികാരമുള്ളവയും.

അർമ്മേനിയയും, ജോർജിയയും രാജാക്കന്മാർ ഭരിക്കുന്ന രാജ്യങ്ങളാണെങ്കിലും ഇടയ്ക്കിടയ്ക്ക് റോമാസാമ്രാജ്യത്തിനകത്താകുമ്പോൾ, ഈ രണ്ടു സഭകളിലേയും സ്വതന്ത്രന്മാരായ കാതോലിക്കാമാർക്കും പാത്രിയർക്കീസന്മാർക്കും തുല്യമായ പദവിയാണ് നിയമം നൽകിയിരുന്നത്.

കാതോലിക്കാസ്ഥാനം ഉടലെടുത്തത് റോമാസാമ്രാജ്യത്തിനു പുറത്താണ് - ഏഷ്യയിൽ. റോമാ സാമ്രാജ്യത്തിനു പുറത്ത് പല പ്രധാന സഭകളും ഉടലെടുത്തു. ആഫ്രിക്കയിൽ ന്യൂസിയൻ സഭ (ഇന്നത്തെ സുഡാൻ) യും എത്യോപൻ സഭയുമായിരുന്നു പ്രധാന സഭകൾ. ഏഷ്യയിൽ ഏറ്റവും വലിയത് പേർഷ്യൻ സഭ, അതായത് കിഴക്കിന്റെ കാതോലിക്കേറ്റ്. പിന്നെ ഇന്ത്യൻ സഭ, ഒരു കാലത്ത് വളരെ വലിയ ഒരു സഭയായിരുന്നു.

വടക്കു പടിഞ്ഞാറൻ പ്രദേശങ്ങളിൽ പാർത്തിയ (ഇന്നത്തെ ഇറാൻ, അഫ്ഗാനിസ്ഥാൻ, ബലുചിസ്ഥാൻ) മുതൽ ബോംബെയ്ക്കടുത്തുള്ള കല്യാൺ വരെയും ദക്ഷിണേന്ത്യയുടെ തീരപ്രദേശം മുഴുവൻ (മദ്രാസ് വരെയെങ്കിലും) വ്യാപിച്ചു കിടന്നിരുന്ന ഈ വലിയ സഭയെ പാശ്ചാത്യ ചരിത്രകാരന്മാർ അത്ര കാര്യമായെടുത്തില്ല. എന്നാൽ ഇന്ത്യൻ സഭയ്ക്കെല്ലാം കൂടി പൊതുവായ ഒരു മെത്രാപ്പോലീത്താ ഉണ്ടായത് ഏഴാം ശതാബ്ദത്തിനു ശേഷമാണ്. അതുവരെ അതതു സ്ഥലത്തുള്ള മെത്രാന്മാരാണ് സഭ ഭരിച്ചിരുന്നത്.

ഏഴാം ശതാബ്ദത്തിൽ ഹിന്ദു മതത്തിന്റെ പുനഃപ്രസരമുണ്ടായി. അതുവരെ ജയിച്ചു നിന്നിരുന്ന ബുദ്ധമതവും ജൈനമതവും പിറകോട്ട് പോകാൻ തുടങ്ങി. കേരളത്തെ സംബന്ധിച്ചിടത്തോളം ഇവിടുത്തെ പ്രധാന മതങ്ങൾ ജൈനമതം, ബുദ്ധമതം, ക്രിസ്തുമതം, യഹൂദമതം എന്നിവയായിരുന്നു.

ഏഴാം ശതാബ്ദത്തിൽ തന്നെ ഇസ്ലാം, അറബിക്കച്ചവടക്കാരിൽ കൂടി കേരളത്തിലും വന്നു. അതോടൊപ്പം തന്നെ ഹിന്ദുമതവും ഉണർന്നെഴുന്നേറ്റു. അക്കാലം മുതലാണ് ക്രിസ്തുമതവും, ബുദ്ധമതവും, ജൈനമതവും ഒരുമിച്ച് അധപ്പതിക്കാൻ തുടങ്ങിയത്. ഈ ചരിത്രത്തിന് രേഖകൾ കുറവാണെങ്കിലും അറിയാവുന്ന വസ്തുതകൾ ഈ നിഗമനത്തിനനുകൂലമാണ്.

ഏഴാം ശതാബ്ദത്തിൽ പേർഷ്യൻ അറേബ്യൻ രാജ്യങ്ങളുമായുള്ള നമ്മുടെ വാണിജ്യം വർദ്ധിച്ചതോടെ പേർഷ്യൻ കാതോലിക്കോസിന്റെ പ്രതിനിധികളും ഇവിടെ വന്നു ഭാരതീയസഭയെ പുനസ്സംഘടിപ്പിക്കാൻ തുടങ്ങി. അതുമുതൽക്കാണ് കിഴക്കിന്റെ കാതോലിക്കേറ്റുമായി ഭാരതീയസഭയ്ക്കു ബന്ധം തുടങ്ങിയത്. പക്ഷേ, ഇവിടെ പ്രതിനിധികളെ അയച്ച പേർഷ്യൻ കാതോലിക്കോസ്, ഏഴാം ശതാബ്ദമായപ്പോഴേയ്ക്ക് ബാബിലോൺ പാത്രിയർക്കീസ് എന്ന സ്ഥാനം സ്വീകരിച്ചു. അദ്ദേഹത്തിന് അന്ത്യോഖ്യാ പാത്രിയർക്കീസുമായി യാതൊരു ബന്ധവുമില്ലായിരുന്നു.

എന്നാൽ അറബികൾ പേർഷ്യയും സിറിയയും പിടിച്ചടക്കി. ഒരു കാലിഫേറ്റിന്റെ കീഴിൽ കൊണ്ടുവന്നു കഴിഞ്ഞപ്പോൾ അന്ത്യോഖ്യാ പാത്രിയർക്കീസിന് നിർബാധം പേർഷ്യയിൽ പ്രവേശിക്കാനും നെസ്തോറിയൻ വിശ്വാസം സ്വീകരിച്ച ബാബിലോൺ പാത്രിയർക്കീസിനു ബദലായി ഒരു കിഴക്കിന്റെ മഫ്രിയാനായെ വാഴിക്കുവാനും സാധിച്ചു.

ആദ്യത്തെ മഫ്രിയാന തക്രീദിലെ മാറൂത്താ വാഴിക്കപ്പെട്ടത് എ. ഡി. 629-ലായിരുന്നു. മഫ്രിയാനാ എന്ന പദത്തിന് "ഫലദായകൻ" എന്നാണർത്ഥം. മഫ്രിയാനായും കാതോലിക്കായും തുല്യസ്ഥാനങ്ങളല്ല. മഫ്രിയാനായ്ക്കു സ്വതന്ത്രമായി മെത്രാന്മാരെ വാഴിക്കാനും മൂറോൻ കൂദാശ ചെയ്യാനും അധികാരമുണ്ട്. പക്ഷേ, പാത്രിയർക്കീസിനേക്കാൾ സ്ഥാനത്തിൽ താഴെയാണ്.

ഒരു മഫ്രിയാനായ്ക്കു വലിയ സ്ഥാനമാണുള്ളത്. ഉറഹായിലെ വിശുദ്ധ യാക്കോബ് (708-ൽ അന്തരിച്ചു), ഗ്രീഗോറിയോസ് ബാർ എബ്രായാ (1286-ൽ അന്തരിച്ചു), മോശെ ബർകീപ്പാ (903-ൽ അന്തരിച്ചു), മീഖായേൽ റാബോ (1199-ൽ അന്തരിച്ചു) എന്നിങ്ങനെ അനേക പ്രശസ്ത പണ്ഡിതർ, മഫ്രിയാനാമാരായിരുന്നിട്ടുണ്ട്.

പക്ഷേ, അവരാരും ഇന്ത്യയിൽ ഭരണാധികാരം പുലർത്തിയില്ല. പേർഷ്യയിലെ ഏകസ്വഭാവ വിശ്വാസികളായ പൗരസ്ത്യ സുറിയാനിക്കാരുടെ മാത്രം ഭരണമാണ് അവർക്കെല്ലാമുണ്ടായിരുന്നത്.

ഏഴാം നൂറ്റാണ്ടിലും എട്ടാം നൂറ്റാണ്ടിലും ഇന്ത്യയിൽ അധികാരം വ്യാപിപ്പിക്കാൻ ശ്രമിച്ചത് ഈ മഫ്രിയാനമാരല്ലായിരുന്നു. പ്രത്യുത നെസ്തോറിയൻ, വിശ്വാസക്കാരെന്ന് വിശേഷിപ്പിക്കപ്പെടുന്ന "കിഴക്കിന്റെ പാത്രിയർക്കീസ്" ആയിരുന്നു.

നിരണത്തു വച്ച് 1912-ൽ സുറിയാ പാത്രിയർക്കീസിന്റെ സഹായത്തോടെ ഭാരതീയസഭ ഭാരതത്തിൽ പുനഃസ്ഥാപിച്ചതും മഫ്രിയാനാ

സ്ഥാനമല്ലായിരുന്നു. പ്രത്യുത കാതോലിക്കാ സ്ഥാനമായിരുന്നു. കാതോലിക്കാസ്ഥാനം പാത്രിയർക്കാസ്ഥാനത്തിന് തുല്യമാണ്.

കാതോലിക്കാ എന്നുള്ളത് ഗ്രീക്ക്, റോമൻ സംസ്ക്കാരത്തിനു വെളിയിലുള്ള പാത്രിയർക്കാ സ്ഥാനമാണ്. എത്യോപ്യൻ പാത്രിയർക്കീസിന്റെയും ഇന്ത്യയിലെ കിഴക്കിന്റെ കാതോലിക്കായുടെയും സ്ഥാനപ്പേരു വ്യത്യാസമുണ്ടെങ്കിലും ഇരുവരും തങ്ങളുടെ ഭരണസീമയിൽ പൂർണ്ണ സ്വാതന്ത്ര്യമുള്ളവരാണ്.

കിഴക്കിന്റെ കാതോലിക്കാ കൂടാതെ മറ്റ് രണ്ടു കാതോലിക്കാമാരാണുണ്ടായിരുന്നത്. ഒന്ന് അർമ്മേനിയയിലും മറ്റൊന്ന് ജോർജിയയിലും. ഇവരിരുവരും പൂർണ്ണ സ്വാതന്ത്ര്യമുള്ളവരാണ്. മറ്റൊരു സഭയുടെയും കീഴിലല്ല.

അർമ്മേനിയൻ കാതോലിക്കോസിന്റെ ഭരണസീമയിൽ അദ്ദേഹത്തിന് വിധേയരായി ഒരു കുസ്തന്തീനോസ് പാത്രിയർക്കീസും ഒരു യെരുശലേം പാത്രിയർക്കീസും ഉണ്ട്. ഇന്നും ഈ രണ്ടു കാതോലിക്കാമാരുടെയും പൂർണ്ണ സ്ഥാനപ്പേര് കാതോലിക്കോസ്-പാത്രിയർക്കീസ് എന്നു തന്നെയാണ്.

പേരു പാത്രിയർക്കീസ് എന്നാണെങ്കിലും പൂർണ്ണ സ്വയശീർഷകത്വമില്ലാത്ത പാത്രിയർക്കീസന്മാരാണ് യെരുശലേമിലേയും കുസ്തന്തീനോപോലീസിലേയും അർമ്മേനിയയിലെയും പാത്രിയർക്കീസന്മാർ. അതുകൊണ്ട് പേരല്ല കാര്യം, ഭരണസീമയ്ക്കകത്തുള്ള സ്വയംശീർഷകത്വമാണ്.

കിഴക്കിന്റെ കാതോലിക്കാ സ്ഥാനത്തിനനുസരിച്ച, പൂർണ സ്വയശീർഷകത്വമുള്ള ഒരു ഭരണഘടന ഭാരതീയ ഓർത്തഡോക്സ് സഭയ്ക്കുണ്ടായിട്ട് അതിനുള്ളിൽ എല്ലാ ഭാരതീയ ഓർത്തഡോക്സ് വിശ്വാസികളും ഐക്യപ്പെട്ട് ജീവിക്കുകയെന്നതാണ് ഭാവിയിൽ അഭിലഷണീയമായിട്ടുള്ളത്.

*(മലയാള മനോരമ, 1982 സെപ്റ്റംബർ 3 വെള്ളി)*

# 22

# ആർഷഭാരതത്തിലെ പുണ്യപുരുഷൻ

ആർഷഭാരതം ഒരു പുണ്യഭൂമിയാണെന്നും പ്രാചീനമായ ഒരാദ്ധ്യാത്മിക സംസ്ക്കാരം ഇന്നും ഇൻഡ്യയിൽ സജീവമായി നിലനിൽക്കുന്നുവെന്നുമൊക്കെ നമ്മുടെ രാജ്യത്തിന്റെ സ്നേഹിതന്മാർ ചിലപ്പോൾ വിദേശരാജ്യങ്ങളിൽ വാദിച്ചുകേൾക്കാറുണ്ട്. ആ അദ്ധ്യാത്മ സംസ്ക്കാരത്തിന്റെ വെളിച്ചത്തിൽ വഴി കണ്ടുപിടിക്കുവാനായി സാന്മാർഗ്ഗിക അന്ധകാരത്തിന്റെ ആക്രമണത്തിനു വിധേയമായ പാശ്ചാത്യ സംസ്ക്കാരമേഖലയിൽ നിന്നും അനേകം യുവതീയുവാക്കന്മാർ നമ്മുടെ രാജ്യത്തു വന്നുകൊണ്ടുമിരിക്കുന്നു. ആദ്യം എനിക്കു തോന്നുക ഭാരതത്തിന്റെ ഈ അവകാശവാദം ഒന്നു നിഷേധിക്കുവാനാണ്. നേരും നേറിയുമില്ലാത്ത, നാലണയ്ക്കുവേണ്ടി എന്തു നീചകാര്യവും ചെയ്യുവാൻ സന്നദ്ധതയുള്ള മനുഷ്യരുള്ള, കൈക്കൂലിയും അഴിമതിയുംകൊണ്ട് നശിച്ചഴിയുന്ന, പ്രസംഗത്തിനല്ലാതെ പ്രവർത്തിയ്ക്ക് ആരും മുന്നോട്ടിറങ്ങാത്ത, ഈശ്വരന്റേയും ദേവന്മാരുടെയും പേരു പറഞ്ഞ് സന്യാസിമാരും വൈദികന്മാരും പാവങ്ങളെ കളിപ്പിയ്ക്കുന്ന ഈ രാജ്യത്ത് പണ്ടുണ്ടായിരുന്നുവെന്നു പറയുന്ന അദ്ധ്യാത്മിക സംസ്ക്കാരത്തെക്കുറിച്ച് ഇന്ന് ലജ്ജയോടുകൂടെ അല്ലാതെ ഏതൊരു ഭാരതീയന് അനുസ്മരിക്കുവാൻ കഴിയും?

എന്നാൽ അപ്പോഴേയ്ക്ക് അടുത്ത കാലത്തെ ഭാരതചരിത്രത്തിൽ നിന്ന് രണ്ടു മുഖങ്ങൾ എന്റെ മനോമുകുരത്തിൽ ഉദിക്കും. എന്റെ ഈ തലമുറയിൽ ബാല്യകാലത്ത് ഞങ്ങൾ കണ്ണുകൊണ്ടു കണ്ടിട്ടുള്ള ഈ രണ്ടു സ്മര്യപുരുഷന്മാരുടെ ചിന്ത എന്നെ ആവേശഭരിതനാക്കും. ഞാൻ എത്രതന്നെ ആദർശരഹിതനായിരുന്നാലും ഈ ശതാബ്ദത്തിൽ ടാഗോറിനെയും ഗാന്ധിയെയും കരുപ്പിടിച്ച ഭാരതത്തിൽ അദ്ധ്യാത്മ സംസ്ക്കാരം നിശേഷം നശിച്ചുപോയി കഴിഞ്ഞുവെന്ന് എങ്ങനെ ചിന്തിക്കുവാൻ സാധിക്കും?

പാശ്ചാത്യ സംസ്കാരത്തിന്റേയും മതത്തിന്റെയും നിശിത വിമർശകരിൽ ഒരാളായ ഫ്രിഡ്രിക്ക് നീച്ചോയാണെന്നു തോന്നുന്നു ഒരിക്കൽ പറഞ്ഞു "ഒരേ ഒരു ക്രിസ്ത്യാനിയേ യഥാർത്ഥത്തിൽ ജീവിച്ചിരുന്നുള്ളു; അയാൾ ക്രൂശിൽ മരിക്കുകയും ചെയ്തു" എന്ന്. ചിലപ്പോൾ മഹാത്മജിയെപ്പറ്റിയും അങ്ങനെ പറയുവാൻ തോന്നിപ്പോകും. "ഗാന്ധിയൻ" എന്നൊരു വർഗ്ഗം ഉണ്ടെങ്കിൽ, അക്കൂട്ടത്തിൽ ഒരാളേ ഉണ്ടായിരുന്നുള്ളു. അയാളെ 1948 ജനുവരി 30-ന് ഗോഡ്സേ എന്നൊരു ചെറുപ്പക്കാരൻ വെടിവച്ചുകൊന്നു എന്നു പറഞ്ഞാൽ വിനോബാജിയോടും ജയ

പ്രകാശിനോടും മറ്റു നാം കാണിക്കുന്ന ആദരരാഹിത്യമാണെന്ന് ആരെങ്കിലും പറഞ്ഞേക്കും.

ഏതായാലും ആ പുണ്യപുരുഷന്റെ ജന്മദിനത്തിന്റെ ശതാബ്ദി ആഘോഷിക്കുവാൻ വന്നുകൂടിയിരിക്കുന്ന ഈ ജനാവലിയോട് അദ്ദേഹത്തിന്റെ ആദർശങ്ങളെപ്പറ്റി പ്രസംഗം പറയുവാൻ എനിക്ക് അല്പം സങ്കോചം ഉണ്ട്. കാരണം, ആ ആദർശങ്ങളുടെ ഒരു ചെറിയ ഭാഗംപോലും പ്രാവർത്തികമാക്കുവാൻ എന്റെ ജീവിതത്തിൽ സാധിച്ചിട്ടില്ലെന്നുള്ളതു തന്നെ. അല്പമെങ്കിലും ജീവിതത്തിൽ കാണാതെ പ്രസംഗിച്ചാൽ പ്രസംഗ വിഷയത്തോടു തന്നെ മനുഷ്യർക്ക് വിരക്തി തോന്നിപ്പോവുകയില്ലേ എന്നാണ് എന്റെ സംശയം.

പക്ഷേ, അദ്ദേഹത്തിന്റെ ഉന്നത ആദർശങ്ങളും പ്രായോഗിക ജീവിതവും തമ്മിൽ ബന്ധപ്പെടുത്തുവാൻ സാധിക്കുമോ എന്നൊരു സംശയവും പലരുടേയും മനസ്സിൽ തോന്നിയേക്കാം. അക്കാര്യത്തെക്കുറിച്ച് തീർത്തു പറയാവുന്ന ഒരു സംഗതി, നമ്മൾ ഏവരേയുംകാൾ പ്രായോഗികതാബോധം കുടുതൽ ഉണ്ടായിരുന്നത് കത്തിയവാർ ബനിയ ആയിരുന്ന ഗാന്ധിജിക്കാണെന്നുള്ളതത്രേ. സാധാരണതയിൽ നിന്ന് ദൈവാശ്രയം മൂലവും ആത്മശിക്ഷണം മൂലവും മഹാത്മതയിലേയ്ക്കുയർന്ന ഒരു പ്രായോഗിക സന്യാസി ആയിരുന്നു ബാപ്പുജി.

പണം കൊണ്ടോ പഠിപ്പുകൊണ്ടോ അല്ല അദ്ദേഹം ഉയർന്നത്. പാണ്ഡിത്യവും പേഴ്സനാലിറ്റിയും ഒന്നും അദ്ദേഹത്തിനില്ലായിരുന്നു. ദിവാന്മാരുടേയും ദളവാമാരുടേയും ഉയർന്ന സാമ്പത്തികനിലയിൽ ജനിച്ചുവെങ്കിലും സ്വയം പാവപ്പെട്ടവനായി തീർന്ന ഈ മനുഷ്യന്റെ നിര്യാണത്തിങ്കൽ അമേരിക്കയിലെ സെനറ്റർ വാൻഡൻ ബർഗ് പറഞ്ഞു: "സൗമ്യതയേയും സത്യത്തേയും സാമ്രാജ്യങ്ങളെക്കാൾ ബലവത്തരങ്ങളാക്കിത്തീർക്കുവാൻ അദ്ദേഹത്തിനു കഴിഞ്ഞു"വെന്ന്. ഈ സൗമ്യതയേയും സത്യത്തേയും കുറിച്ച് രണ്ടു വാക്കു പറയുവാൻ മാത്രമാണ് ഇന്ന് ഞാൻ ഉദ്ദേശിക്കുന്നത്. സത്യത്തെപ്പറ്റി ആദ്യം പറയട്ടെ. എങ്കിലേ സൗമ്യതയുടെ അടിസ്ഥാനം എന്താണെന്ന് മനസ്സിലാകയുള്ളു.

## സാധാരണതയിൽ നിന്ന് മഹാത്മതയിലേക്ക്

അഹിംസ എന്ന പദത്തെക്കാൾ ഗാന്ധിജിയുടെ ആദർശമന്ദിരത്തിന്റെ അടിത്തറയായിട്ടുള്ളത്, സത്യം, സത്യഗ്രഹം എന്നീ പദങ്ങളാണ്. അദ്ദേഹത്തിന്റെ സൗമ്യതയുടേയും സാമ്രാജ്യ അധികാര ശക്തിയെ വെല്ലുന്ന ആത്മീക ശക്തിയുടേയും ഉത്ഭവകേന്ദ്രവും ഈ സത്യത്തെയുള്ള മുറുകെ പിടിക്കൽ തന്നെയാണ്.

അദ്ദേഹം ബാല്യകാലം മുതലേ സത്യബോധമുള്ളവനായിരുന്നുവെന്ന് നാമാരും തെറ്റിദ്ധരിക്കേണ്ട. നമ്മേപ്പോലെയൊക്കെ ചില്ലറ കളവുകൾ ബാല്യത്തിലും യൗവ്വനത്തിലും ഗാന്ധിജിയും നടത്തിയിട്ടുണ്ട്. പന്ത്രണ്ടു വയസ്സായപ്പോഴേ സിഗരറ്റു വലി തുടങ്ങി. വീട്ടിലറിഞ്ഞാൽ വഴക്കു പറയുമെന്നുള്ളതുകൊണ്ട് ഒളിവിൽ സിഗരറ്റു വലിച്ചുവെന്നു മാത്രമല്ല; അതിനുള്ള കാശ് മാതാപിതാക്കന്മാരിൽ നിന്നും ജേഷ്ഠ സഹോദരന്മാരിൽ നിന്നുമൊക്കെ മോഷ്ടിക്കുകയും ചെയ്തിരുന്നുവെന്ന് അദ്ദേഹത്തിന്റെ ആത്മകഥയിൽ നാം കാണുന്നുണ്ടല്ലോ.

അദ്ദേഹത്തിന്റെ ആത്മധീരതയും ജന്മനായുള്ളതല്ലായിരുന്നു. കള്ളന്മാർ, ഭൂതങ്ങൾ, സർപ്പങ്ങൾ ഇവയൊക്കെ പേടിച്ച് രാത്രി പുറത്തിറങ്ങുവാൻ പോലും തന്റെ വിവാഹത്തിന് ശേഷവും അദ്ദേഹത്തിനു ഭയമായിരുന്നത്രെ. മാംസഭോജനമില്ലാഞ്ഞിട്ടാണ് ഈ ഭയമൊക്കെ എന്നാരോ പറഞ്ഞു പിടിപ്പിച്ചു. ധൈര്യം കിട്ടാൻവേണ്ടി അദ്ദേഹത്തിന്റെ സതീർത്ഥ്യനായ ഷെയ്ക്ക് മേത്താസിനെക്കൊണ്ട് ആട്ടിറച്ചി വീട്ടിൽനിന്നും കടലാസിൽ പൊതിഞ്ഞുകൊണ്ടു വരുവിച്ചു. ആറ്ററികിലിരുന്നു ചവച്ചിറക്കുവാനും ശ്രമിച്ചു. പക്ഷേ, അകത്താക്കിയത് അധിക സമയം അവിടെ ത്താമസിക്കാതെ ഉടനെ വായിൽകൂടെത്തന്നെ പുറത്തുവന്നു. എന്നിട്ടും രാത്രിയിൽ ഒരു സ്വപ്നം – എന്താണ്? ജീവനോടുകൂടിയ ഒരാട് തന്റെ വയറ്റിൽ കിടന്നുകൊണ്ട് ദയനീയമായ 'ബാ ആ ആ' എന്ന രോദനം. പക്ഷേ, അദ്ദേഹം വിട്ടുകൊടുത്തില്ല. ഒരു വർഷം മുഴുവൻ ഷേയ്ക്ക് മേത്താസിന്റെ സഹായത്തോടെ ധൈര്യസമ്പാദനത്തിനു വേണ്ടി ഒളിവിലുള്ള മാംസഭോജനം പരിചയിക്കുവാൻ അദ്ദേഹം ശ്രമിച്ചു.

മതത്തെക്കുറിച്ചാണെങ്കിലും നമ്മെയൊക്കെപ്പോലെ തന്നെയുള്ള മതവിരോധം അദ്ദേഹത്തിനുമുണ്ടായിരുന്നു. ഹൈന്ദവ ക്ഷേത്രങ്ങളിലൊക്കെപ്പോയാൽ കുറെ സ്വർണ്ണവും വെള്ളിയുമൊക്കെയല്ലാതെ അദ്ധ്യാത്മികമായൊന്നും കാണുന്നില്ല എന്നായിരുന്നു അദ്ദേഹത്തിന്റെയും പരാതി. ഹൈന്ദവ മതത്തിലെ ബാഹ്യാചാരങ്ങളോടുള്ള വിരക്തി മൂലമാണ് അദ്ദേഹം ജയിൻ മതവും ബുദ്ധമതവും ഇസ്ലാമും ക്രിസ്തീയ മതവുമൊക്കെ കുറെ പഠിക്കാൻ തുടങ്ങിയത്.

നമ്മെയൊക്കെപ്പോലുള്ള ആഡംബരപ്രിയവും അദ്ദേഹത്തിന് കുറെയൊക്കെ ഉണ്ടായിരുന്നു. 20 വയസ്സാകുന്നതിന് മുമ്പാണ് അദ്ദേഹം ബാർ അറ്റ് ലായ്ക്കു പഠിക്കുവാൻ ലണ്ടനിൽ പോയത്. അവിടെ ചെന്നയുടനെ വലിയ അംബാസഡർമാരും പ്രഭുകുമാരന്മാരുമൊക്കെയിടുന്ന വരയൻ കളസവും ഇരട്ടവാലൻ കോട്ടും നീളൻ തൊപ്പിയും വെള്ളിപ്പിടിയുള്ള ചൂരലും സിൽക്ക് ഷർട്ടും തോൽ കൊണ്ടുള്ള കാലുറയുമൊക്കെയിട്ട് ഒരു 'സിംബ്ള'നായിട്ടാണ് അദ്ദേഹവും നടന്നിരുന്നത് 1891-ാം ആണ്ടിൽ

ഡിഗ്രിയും വാങ്ങിച്ചു നാട്ടിൽ തിരിച്ചുവരുന്ന കാലത്ത് അദ്ദേഹം ഇന്നും നമ്മുടെയിടയിലുള്ള (ഞാനുൾപ്പെടെ) ചില "അമേരിക്കൻ റിട്ടേൺഡ്" കാരെപ്പോലെ പൊങ്ങച്ചവും പൊളിയും നിറഞ്ഞ ഒരു കറുത്ത സായ്പാ യിരുന്നു.

അതുകൊണ്ട് അദ്ദേഹത്തിന്റെ സത്യഗ്രഹം ജന്മനായുള്ള ഒരു പ്രത്യേക ദാനമാണെന്നാരും ചിന്തിക്കേണ്ട. നമ്മെപ്പോലെയുള്ള ബലഹീ നതകളൊക്കെ അദ്ദേഹത്തിനുമുണ്ടായിരുന്നു. തന്റെ 22-ാമത്തെ വയ സ്സിൽ അദ്ദേഹത്തെ നാം പരിചയപ്പെട്ടിരുന്നെങ്കിൽ ഇവിടെ കൂടിയിരി ക്കുന്ന ഏതെങ്കിലും 22 വയസ്സുകാരനേക്കാൾ വലിയ വ്യത്യാസമൊന്നും തോന്നുകയില്ല. അദ്ദേഹത്തിന് കൂടുതലായിട്ടുണ്ടായിരുന്നത് തന്റെ ഇംഗ്ലീഷ് ബാർ അറ്റ് ലായും തന്റെ സൂട്ടും കോട്ടും മാത്രമായിരുന്നു. അല്ലാതെ സ്വഭാവഗുണങ്ങളിൽ നമ്മെയൊക്കെ പോലെ തന്നെയായി രുന്നു. നാട്ടിൽ വന്നിട്ടു ദക്ഷിണാഫ്രിക്കയിൽ പോകുന്നതുവരെ അദ്ദേഹം ഒരു കേസില്ലാ വക്കീലായിട്ടാണ് കഴിഞ്ഞുകൂടി വന്നതെന്നു നാം ഓർ ക്കണം.

### സത്യഗ്രഹവും അനീതിക്കെതിരായ സമരവും

പിന്നെങ്ങിനെയാണ് ഈ വെറും സാധാരണക്കാരനായ മനുഷ്യൻ സത്യത്തിന്റെ അപ്പോസ്തോലനായും ധർമ്മത്തിന്റെ വഴികാട്ടിയായും വളർന്നത്? തന്റെ സ്വദേശമായ പോർബന്തറിലെ വെള്ളക്കാരന്റെ അഹ ങ്കാരവും സൗത്താഫ്രിക്കയിലെ വെള്ളക്കാരുടെ മർദ്ദനവുമാണ് അദ്ദേ ഹത്തെ ഒരു മനുഷ്യനാക്കി തീർത്തതെന്നതിന് സംശയമൊന്നുമില്ല. നിങ്ങൾക്കേവർക്കും അറിവുള്ള കഥകളാണവ. പോർബന്തറിലെ സിംഹാ സനാവകാശിയുടെ ഉപദേഷ്ടാവായിരുന്ന സ്വജേഷ്ഠൻ ലക്ഷ്മീദാസ് ഗാന്ധിക്കുവേണ്ടി ഒരു ശുപാർശ ചെയ്യുവാൻ തനിക്ക് ലണ്ടനിൽ വെച്ച് പരിചയമുണ്ടായിരുന്ന ബ്രിട്ടീഷ് റസിഡന്റിന്റെ ഓഫീസിൽ മോഹൻദാസ് ഗാന്ധി കയറിച്ചെന്നു. ആ സായിപ്പ് തന്റെ ശിപായിയെക്കൊണ്ട് മോഹൻ ദാസ് ഗാന്ധിയെ കഴുത്തിൽ പിടിച്ച് പുറത്തു തള്ളിച്ചു. സായ്പ്പിന്റെ മഹാശക്തി അദ്ദേഹത്തിന്റെ ശരീരത്തിലും മനസ്സിലും അനുഭവിച്ചു.

സൗത്താഫ്രിക്കയിൽ ഇന്ത്യാക്കാരായ മുസ്ലീം വണിക്കുകളുടെ വക്കീലായിട്ടാണ് അദ്ദേഹം പോയത്. ഒന്നാം ക്ലാസ്സ് ടിക്കറ്റു വാങ്ങി ഒന്നാം ക്ലാസ്സിൽ കയറിയിരുന്ന ഗാന്ധിയോട് ആ കമ്പാർട്ടുമെന്റിൽ പ്രവേശിച്ച ഒരു വെള്ളക്കാരൻ പുറത്തിറങ്ങി ലഗേജു വാനിൽ കയറിയിരിക്കുവാൻ പറഞ്ഞു. അദ്ദേഹം കൂട്ടാക്കിയില്ല. സായ്പ്പ് വെള്ളപ്പോലീസുകാരെ വിളിച്ച് ഗാന്ധിയേയും അദ്ദേഹത്തിന്റെ പെട്ടികളെയും കൂടെ പ്ലാറ്റ്ഫോ റത്തിലേയ്ക്കു വലിച്ചിട്ടു. മാർട്ടിസ്ബർഗ് സ്റ്റേഷനിലെ ആ പ്ലാറ്റ്ഫോ

റമാണ് ഗാന്ധിജിയെ ഒരു മനുഷ്യനാക്കിയത്. അതായത് വെള്ളക്കാരന്റെ മഹാശക്തിയുടെ അനീതിയ്ക്കും മർദ്ദനത്തിനും എന്തുവന്നാലും താൻ കീഴ്വഴങ്ങില്ലെന്ന് ആ കൊച്ചു മനുഷ്യൻ തീരുമാനിച്ചു. സത്യത്തെ മുറുകെ പിടിച്ചുകൊണ്ട് അനീതിയുടെയും ചൂഷണത്തിന്റെയും മഹാ മല്ലനായ ഗോല്യാത്തിനോട് സമരം ചെയ്യുവാൻ ഈ കൊച്ചു ദാവീദ് കല്ലും കവിണയുമായി ഇറങ്ങി. പക്ഷേ, ഒരു വ്യത്യാസം മാത്രം. ഗോല്യാത്തിനെ കൊല്ലുവാനല്ലായിരുന്നു ഗാന്ധിജിയുടെ ശ്രമം. പ്രത്യുത അയാളെ മെരുക്കിയെടുത്ത് ധർമ്മബോധമുള്ള ഒരു നല്ല മനുഷ്യനാക്കി മാറ്റുവാനാണ് അദ്ദേഹം ഉദ്യമിച്ചത്.

## ഗാന്ധിയും മാർക്സും

അവിടെയാണ് റസ്ക്കിന്റെ “Unto This Last” എന്ന ഗ്രന്ഥം ഗാന്ധിയെ സഹായിച്ചത്. സാമാന്യ പാശ്ചാത്യ ചിന്താഗതിയും ഗാന്ധിസവും തമ്മിലുള്ള വ്യത്യാസവും ഇവിടെയാണ് നാം കാണേണ്ടത്. ഇന്നത്തെ പാശ്ചാത്യ ചിന്താഗതിയിലുള്ള ഒരു പ്രധാനമായ ആശയം കാറൽ മാർക്സിൽ നിന്ന് അവർക്ക് ലഭിച്ചിട്ടുള്ളതാണ്. അതായത് മനുഷ്യ സംസ്ക്കാരത്തിന്റെ മൂല്യങ്ങളെല്ലാം സാമ്പത്തിക വ്യവസ്ഥിതിയിൽ അധിഷ്ഠിതങ്ങളാണെന്നും ആ വ്യവസ്ഥിതിയിലുള്ള അനീതികൾ മാറ്റുമ്പോൾ മൂല്യങ്ങളും താനെ കൂടുതൽ ധന്യങ്ങളായി തീർന്നുകൊള്ളുമെന്നുള്ള സാമ്പത്തിക പ്രധമികതാ വാദം. റസ്ക്കിൻ വിമർശിച്ചതും ഈ വാദത്തെത്തന്നെ. സത്യത്തിന്റെ നാരായവേരെന്തെന്നറിഞ്ഞെങ്കിലേ സത്യഗ്രഹം സാധ്യമാകൂ. എന്നാൽ സാമ്പത്തിക രാഷ്ട്രവിജ്ഞാനീയം അഥവാ പൊളിറ്റിക്കൽ ഇക്കണോമിയിലെ സത്യനിർവ്വചനവും ആദ്ധ്യാത്മ സംസ്ക്കാരത്തിലെ സത്യനിർവ്വചനവും തമ്മിൽ സാരമായ അന്തരമുണ്ട്. ക്രിസ്തുവിനെ മുന്നിൽ നിർത്തിക്കൊണ്ട് പീലാത്തോസ് ചോദിച്ച ആ ചോദ്യം, “സത്യം എന്നാൽ എന്ത്?” എന്നുള്ളത് ഇന്നും മനുഷ്യരാശിയെ അഭിമുഖീകരിക്കുന്ന പ്രധാന പ്രശ്നമാണ്.

മാർക്സിസ്റ്റു ചിന്താഗതിയിൽ ഈ ചോദ്യത്തിന് രണ്ട് സമാധാനങ്ങളാണുള്ളത്. ഒന്നാമത് സത്യം എന്നു പറയുന്നത് ചരിത്രത്തിന്റെ ലക്ഷ്യം പിഴയ്ക്കാത്ത ഗമനമാർഗ്ഗമാണെന്നവർ പറയും. അതായത് തൊഴിലാളി വർഗ്ഗത്തിന്റെ ആധിപത്യം മനുഷ്യസമുദായത്തിൽ സംസൃഷ്ഠമായി ഒരു വർഗ്ഗരഹിത മനുഷ്യ വർഗ്ഗമുണ്ടാവുകയെന്ന മുൻ നിശ്ചിതമായ ചരിത്രലക്ഷ്യത്തിലേക്കാനയിക്കുന്നതെന്തോ അതാണ് സത്യം. ഈ സത്യനിർവ്വചനം കൊണ്ടാണ് കമ്മ്യൂണിസ്റ്റ് രാജ്യങ്ങളിൽ ശാസ്ത്രീയ ഗവേഷണം വേണ്ടത്ര പുരോഗമിക്കാത്തത് എന്നൊരാരോപണം ഇന്ന് പൂർവ്വ യൂറോപ്യൻ രാജ്യങ്ങളിൽ കേൾക്കാറുണ്ട്.

അതായത് സത്യത്തെ അങ്ങനെ വിശ്വാസ പ്രഖ്യാപനം പോലെ എന്നേക്കുമായി നിർവ്വചിച്ച് വിമർശനാതീതമാക്കുന്നത് സത്യത്തിന് ചേർന്നതല്ല എന്നാണ് ശാസ്ത്രജ്ഞന്മാർ ഇപ്പോൾ വാദിക്കുന്നത്. രണ്ടാമത് കമ്മ്യൂണിസ്റ്റുകാർ നൽകുന്ന സമാധാനം സമൂഹത്തിൽ ഉല്പാദനം, വിതരണം, സേവനം എന്നീ കാര്യങ്ങളിൽ നിലകൊള്ളുന്ന പരസ്പര ബന്ധങ്ങളാണ് സർവ്വസത്യത്തിന്റെയും സർവ്വ മൂല്യങ്ങളുടെയും അടിസ്ഥാനമെന്ന്. എന്നാൽ മാർക്സിസ്റ്റുകാർ മാത്രമല്ല ഇങ്ങനെ വാദിക്കുന്നത്. കഴിഞ്ഞ ശതാബ്ദത്തിൽ ഇംഗ്ലണ്ടിലെങ്ങും നടപ്പിലിരുന്ന ഒരു വാദം കാറൽ മാർക്സ് സ്വീകരിച്ചുവെന്നേയുള്ളു. ഇന്നുമുണ്ട് സാമ്പത്തിക വ്യവസ്ഥിതിയിന്മേലാണ് സർവ്വവും അധിഷ്ഠിതമായിരിക്കുന്നതെന്നും മാനുഷിക ബന്ധങ്ങളെ കുറിക്കുന്ന സാമൂഹിക ശാസ്ത്രത്തെ സാമ്പത്തിക ശാസ്ത്രത്തിന് കണക്കിലെടുക്കേണ്ട ആവശ്യമില്ല എന്നും മറ്റും വാദിക്കുന്ന പാശ്ചാത്യ സാമ്പത്തിക ശാസ്ത്രധുരന്ധരന്മാർ.

റസ്ക്കിനും ഗാന്ധിയും വാദിക്കുന്നത്, ധാർമ്മിക മൂല്യങ്ങൾ സാമ്പത്തിക ശാസ്ത്രവുമായി അഭേദ്യബന്ധമുള്ളവയാണെന്നും, ധാർമ്മിക മൂല്യങ്ങളെ മാറ്റിവെച്ചിട്ടുള്ള ഒരു സാമ്പത്തികശാസ്ത്രത്തിന് മനുഷ്യവർഗ്ഗത്തെ അതിന്റെ ലക്ഷ്യത്തിലേക്ക് വഴികാണിപ്പാൻ സാദ്ധ്യമല്ലെന്നുമുള്ള കാര്യമാണ്.

മനുഷ്യനെ ഉല്പാദന പ്രക്രിയകളിൽ മാത്രമേർപ്പെടുന്ന, പണമുണ്ടാക്കുന്ന ഒരു യന്ത്രമായി കരുതുവാൻ സാധ്യമല്ലെന്നും, ശ്രമവും വില്പനയും വാങ്ങലും മാത്രമല്ല മനുഷ്യന്റെ നിർണ്ണായകങ്ങളായ പ്രക്രിയകളെന്നും റസ്ക്കിൻ വാദിച്ചത് ഗാന്ധി തന്റെ ജീവിതാടിസ്ഥാനമായി സ്വീകരിക്കയാണുണ്ടായത്. തൊഴിലാളിയുടെയും മുതലാളിയുടെയും താല്പര്യങ്ങൾ തമ്മിൽ അനിവാര്യമായ വൈരുദ്ധ്യമുണ്ടെന്ന വാദവും അദേഹം നിഷേധിച്ചു. ഒരു വീട്ടിൽ ഒരമ്മയും മൂന്നു മക്കളുമുണ്ട്. റസ്ക്കിന്റെ ഒരു ഉദാഹരണമാണ്. പട്ടിണിയായിട്ട് നാളുകൾ പലതായി. ഒരു കൊച്ചുറോട്ടിക്കഷണം അവർക്ക് കിട്ടി. നാലു പേർക്കും ഒരുപോലുള്ള വിശപ്പാണ്. അമ്മയ്ക്ക് വല്ലതും കഴിച്ചെങ്കിലേ ജോലിയ്ക്കു പോകാനൊക്കൂ. മക്കൾക്ക് പങ്കിട്ടുകൊടുത്താൽ അമ്മയ്ക്കൊന്നും കിട്ടുകയില്ല. അതുകൊണ്ട് അമ്മയുടെയും മക്കളുടെയും താല്പര്യങ്ങൾക്കു തമ്മിൽ വൈരുദ്ധ്യമുണ്ടെന്നും അവർ പരസ്പരം സമരം ചെയ്ത് ബലം കൂടുതലുള്ളയാൾ അപ്പം കൈക്കലാക്കണമെന്നും നിർബന്ധമുണ്ടോ? സ്നേഹവും ക്ഷമയും സമാധാനവും പരസ്പരാനുകമ്പയുമവിടെയുണ്ടോ ഇല്ലയോ എന്ന അടിസ്ഥാനത്തിലാണ് ആ അപ്പക്കഷണത്തിന്റെ വിതരണം നടക്കുവാൻ പോകുന്നത്. താല്പര്യങ്ങളുടെ അടിസ്ഥാനത്തിൽ മാത്രമല്ല എന്നുള്ളതാണ് റസ്ക്കിന്റെ വാദം. മാത്രമല്ല കൂടുതൽ ധനമു

ണ്ടെങ്കിൽ കുടുതൽ സന്തോഷമുണ്ട് എന്ന് ഒരു വിവക്ഷയും ധനശാസ്ത്രത്തിൽ അന്തർലീനമായിട്ടില്ലേ എന്ന് റസ്ക്കിൻ ചോദിക്കുന്നു. മുതലാളിത്ത വ്യവസ്ഥിതിയിലെ മുതലാളിമാരുടെ ധനസമ്പാദന വ്യഗ്രതയാണ് യുദ്ധങ്ങളും കലഹങ്ങളുമുണ്ടാക്കി മനുഷ്യന്റെ സമാധാനവും സന്തോഷവും നശിപ്പിക്കുന്നത് എന്ന് അദ്ദേഹം വാദിച്ചു.

എല്ലാ മനുഷ്യർക്കുമുള്ളതല്ലേ ഈ ധനസമ്പാദന വ്യഗ്രത എന്ന് ആരെങ്കിലും ചോദിച്ചാൽ റസ്ക്കിന്റെ സമാധാനമിതാണ്: "ധാർമ്മികേതരമായ ഒരു മനോഭാവമാണ് ഈ ചോദ്യത്തിൽ അന്തർലീനമായിരിക്കുന്നത്. ധാർമ്മിക നിയമങ്ങളെ അനുസരിക്കയും ദ്രവ്യാഗ്രഹത്തിന് സ്വയം വിധേയനാകാതിരിക്കയും ചെയ്യുന്ന നല്ല മനുഷ്യന് ആത്മശിക്ഷണമുള്ള ഒരു മനസ്സുള്ളതുകൊണ്ട് അവൻ സന്മാർഗ്ഗത്തിൽ നിന്ന് വ്യതിചലിക്കുന്നില്ലെന്ന് മാത്രമല്ല, സ്വപ്രവൃത്തികളാൽ മറ്റുള്ളവരിൽ സ്വാധീനം ചെലുത്തുകയും ചെയ്യുന്നു. ഒരു രാഷ്ട്രത്തിലെ വ്യക്തികൾ അധാർമ്മികരാണെങ്കിൽ ആ രാഷ്ട്രീയവും അധാർമ്മികമായിത്തീരുന്നു." അതായത് മനുഷ്യൻ അധർമ്മം കാണിക്കുന്നു. അതുകൊണ്ട് അധർമ്മത്തെ സാന്മാർഗ്ഗിക മാനദണ്ഡമാക്കണമെന്ന് ആരും വാദിക്കുന്നില്ലല്ലോ.

ഗാന്ധിജിയുടെ ജീവിതത്തിന് ലക്ഷ്യമുണ്ടാക്കി കൊടുത്തത് ഈ വാചകങ്ങളാണ്. ഒരു രാഷ്ട്രത്തിന്റെ ശ്രേയസ്സിന് ഏറ്റവും ആവശ്യമായിട്ടുള്ളത് ധനസമ്പാദനത്തിലോ, ഉല്പാദനത്തിലോ ഉള്ള പുരോഗമനമല്ല. ധാർമ്മികതയിൽ അധിഷ്ഠിതരായി പ്രലോഭനങ്ങൾക്ക് വശംവദരാകയില്ലെന്ന് സ്വയം തീരുമാനിച്ചിട്ടുള്ള നല്ല വ്യക്തികൾ രാഷ്ട്രത്തിലുണ്ടാകുക എന്നതാണ്.

ഗാന്ധിജിയുടെ ബലവും ബലഹീനതയും ഇവിടെയായിരുന്നു. സത്യഗ്രഹം എന്ന പദംകൊണ്ട് അദ്ദേഹം അർത്ഥമാക്കിയത് വ്യക്തിയുടെ ധാർമ്മികബോധത്തിലും ആത്മശിക്ഷണത്തിലുമുള്ള ഉറച്ച നിലയായിരുന്നു. സ്വരാജ് അല്ലെങ്കിൽ സ്വാതന്ത്ര്യം എന്ന പദംകൊണ്ട് അദ്ദേഹം അർത്ഥമാക്കിയതും ഇതു തന്നെ. അതായത് ചില പ്രത്യേക മൂല്യങ്ങൾക്കുവേണ്ടി ഞാൻ നിലകൊള്ളുമെന്നും, ഏതെല്ലാം പ്രലോഭനങ്ങൾ വന്നാലും ഞാനവയ്ക്കു സ്വയം കീഴ്പ്പെടുത്തിക്കൊടുക്കുകയില്ല എന്നുമുള്ള ഉറച്ച നിലയ്ക്കാണ് അദ്ദേഹം സത്യഗ്രഹ എന്ന പേർ നൽകിയത്.

## സത്യഗ്രഹവും ക്രൈസ്തവവിശ്വാസവും

ക്രൈസ്തവ ചിന്താഗതിയിൽ ഈ നിലപാടിന് കൊടുത്തിരുന്ന പേരാണ് വിശ്വാസം എന്നുള്ളത്. ദൈവത്തിന്റെ സ്നേഹത്തിൽ ഉറച്ചുനിൽക്കുന്ന മനുഷ്യനെ സൃഷ്ടിയിലുള്ള യാതൊരു ശക്തിക്കും ഭയപ്പെ

ടുത്തുവാൻ സാദ്ധ്യമല്ല എന്നുള്ളതാണ് ക്രൈസ്തവ വിശ്വാസത്തിന്റെ അടിസ്ഥാനം. പൗലോസപ്പോസ്തോലൻ പറയുമായിരുന്നു:

"ക്രിസ്തുവിന്റെ സ്നേഹത്തിൽ നിന്ന് നമ്മെ വേർപെടുത്തുവാൻ ആർക്ക് കഴിയും? പ്രയാസത്തിനും ദുരിതത്തിനുമോ പീഡനത്തിനും താഡനത്തിനുമോ, ക്ഷാമത്തിനും ദാരിദ്ര്യത്തിനുമോ, ആപത്തിന്നോ, വാളിന്നോ, അതു കഴിയുമോ? അങ്ങേ നാമത്തിനുവേണ്ടി ഞങ്ങളെ നാൾ തോറും കൊല ചെയ്യുന്നു; അറുപ്പാനുള്ള ആടുകളെപ്പോലെ ഞങ്ങളെ എണ്ണുന്നു. പക്ഷേ, ഇതിലെല്ലാം, ഏതു ശൂരധീരനെയും ഞങ്ങൾ ദൈവ സ്നേഹം മൂലം വിജയം വരിക്കുന്നു. ഞങ്ങളുടെ നാഥനായ യേശുക്രി സ്തുവിൽ ഞങ്ങളനുഭവിക്കുന്ന ദൈവസ്നേഹത്തിൽ നിന്ന് ഞങ്ങളെ വേർപെടുത്തുവാൻ മരണത്തിനും ജീവനും മാലാഖയ്ക്കും മഹാരാജാ വിനും ഇന്നുള്ളതിന്നും നാളെ വരുവാനുള്ളതിന്നും അധികാരശക്തി കൾക്കും ഉയർച്ചയ്ക്കും താഴ്ച്ചയ്ക്കും വേണ്ടാ, സൃഷ്ടിയിലുള്ള യാതൊ ന്നിനും തന്നെ ഒരുനാളും സാദ്ധ്യമല്ല."

അതാണ് സത്യാഗ്രഹം. അതാണ് സത്യവിശ്വാസം. ഗാന്ധിസവും ക്രിസ്തീയ മതവും ഒന്നാണെന്നല്ല വിവക്ഷ. പ്രസ്തുത രണ്ടിലെയും പ്രാഥമികതത്വങ്ങൾ പരസ്പര സാമ്യമുള്ളവയാണെന്നു മാത്രം. ഗാന്ധി സത്യം കാണുന്നിടത്ത് പഠിക്കുവാൻ തയ്യാറായിരുന്നു. ക്രിസ്തുവിന്റെ ഗിരിപ്രഭാഷണം അദ്ദേഹത്തിന് ധാരാളം ധാർമ്മിക മൂല്യങ്ങൾ പകർന്നു കൊടുത്തു.

സത്യം ഈശ്വരനാണ്. ഇളകിപ്പോകാത്തവനും വിശ്വസ്തനും കാപ ട്യവും വഞ്ചനയും ഇല്ലാത്തവനുമായ ഈശ്വരൻ. ആ ഈശ്വരനിൽ ഉറച്ചു നിൽക്കുകയാണ് സത്യഗ്രഹത്തിന്റെ അടിസ്ഥാനം. സത്യത്തെ മുറുകെ പിടിക്കുക, സത്യത്തിൽ ഉറച്ചുനിന്ന് ആന്തരിക സ്ഥൈര്യം പ്രാപിക്കുക. സത്യത്തിന്റെയും സ്നേഹത്തിന്റെയും ശക്തികൊണ്ട് അസത്യത്തെയും അനീതിയെയും വെല്ലുക, മറ്റുള്ളവർക്കുവേണ്ടി തന്നെത്തന്നെ ബലി യായിയർപ്പിക്കുക എന്നിങ്ങനെയുള്ള മൂല്യങ്ങൾ ഗാന്ധിസത്തിലും ക്രിസ്തീയ വിശ്വാസത്തിലും കാണുന്നുണ്ട്.

ഇന്ന് പലയിടങ്ങളിലും നടക്കുന്ന നിരാഹാര സത്യഗ്രഹത്തിന്റെയും ഹർത്താലുകളുടെയും കഥ കേട്ടാൽ ഗാന്ധിജി അമ്പരക്കുമായിരുന്നു. യാതൊരു ധാർമ്മിക ശക്തിയുമില്ലാതെ, അവനവന്റെ കാര്യം കാണുന്ന തിനുവേണ്ടി ചെയ്യുന്ന ഒരു നിരാഹാര സമരത്തിന് ഗാന്ധിജി ഒരിക്കലും തുണ നൽകുകയില്ലായിരുന്നു.

സാമ്പത്തിക ബലം മൂലം ഒരു വലിയ ജനവിഭാഗത്തിനെതിരെ അക്ര മവും അനീതിയും നടത്തുന്ന മഹാശക്തികൾക്ക് മനസ്സുതിരിവുണ്ടാക്കി

അവരെ ധാർമ്മിക ബോധത്തിലേക്കും ചുമതലാ നിർവ്വഹണത്തി ലേയ്ക്കും കൊണ്ടുവരികയാണ് സത്യഗ്രഹത്തിന്റെ ഉദ്ദേശ്യം.

ഈ സത്യഗ്രഹത്തിന്റെ ഒരു പ്രധാന ഘടകമാണ് മൗലികമായ സൗമ്യതയും വൈനീത്യവും. ഒരു ശരിയായ ഗാന്ധിയൻ തന്റെ മർദ്ദ കനെ സത്യഗ്രഹം കൊണ്ട് മുട്ടുകുത്തിക്കുമെന്ന് ഒരിക്കലും പെരുമ്പറ മുഴക്കി പ്രഘോഷിക്കുകയില്ല. പ്രത്യുത മർദ്ദകന്റെയും മൗലികാഭിമാന ത്തിന് ഭംഗംവരാത്തവിധത്തിൽ അവന്റെ മനസ്സുതിരിക്കുകയാണ് ഗാന്ധി സത്തിന്റെ ലക്ഷ്യം. ദരിദ്രനാരായണന്മാരുടെയും ചൂഷിതജനതയുടെയും പ്രതിനിധിയാണ് സത്യഗ്രഹി. അതുകൊണ്ടാണ് ഈ അർദ്ധ നഗ്നനായ സന്യാസിയ്ക്ക്, വരയൻ കളസവും വാലൻ കോട്ടും നീളൻ തൊപ്പിയു മുള്ള ബ്രിട്ടീഷ് നേതാക്കന്മാരെ അമ്പരപ്പിക്കുവാൻ കഴിഞ്ഞത്. ലോകത്തെ അവകാശമായനുഭവിയ്ക്കുന്ന സൗമ്യതയും താഴ്മയും ക്രിസ്ത്യാനിയുടെയും മൗലിക തത്വമാണ്. പ്രയോഗത്തിൽ വരുന്നില്ലെ ന്നേയുള്ളു.

### ഗീതയിലുള്ള അടിസ്ഥാനം

ഗാന്ധിജിയുടെ ആദർശമന്ദിരത്തിന്റെ അടിത്തറ പണിയുവാൻ സഹാ യിച്ച ചില ആശയങ്ങൾ ക്രിസ്തുവിന്റെ പ്രഭാഷണങ്ങളിൽ നിന്നും റസ്ക്കിനെയും ടോൾസ്റ്റോയിയെയുംപോലുള്ള പാശ്ചാത്യസംസ്ക്കാര ത്തിന്റെ ആന്തരിക വിമർശകന്മാരിൽ നിന്നുമാണ് ലഭിച്ചതെങ്കിലും, അതിനെ ആർഷഭാരതത്തിന്റെ അദ്ധ്യാത്മമൂല്യങ്ങളിൽ അധിഷ്ടിതമാ ക്കുവാൻ ഗാന്ധിജിയ്ക്കു കഴിഞ്ഞു. ഹിന്ദുമതത്തിന്റെ ബാഹ്യാചരങ്ങ ളോടുള്ള വിരക്തി ഒട്ടും കുറഞ്ഞില്ലെങ്കിലും ഹൈന്ദവ ധർമ്മശാസ്ത്ര ത്തിന്റെ അടിസ്ഥാന രേഖയായ ഗീതയിലാണ് അദ്ദേഹം യഥാർത്ഥമായ അദ്ധ്യാത്മികപോഷകത്വം അനുഭവിച്ചത്. നിഷ്കാമകർമ്മം, അംഹിംസ, സത്യം, ധർമ്മം എന്നിങ്ങനെയുള്ള ആർഷഭാരതത്തിലെ പുരാതന മൂല്യ ങ്ങൾ അദ്ദേഹത്തിന്നഭിനിവേശം നൽകി. ബ്രഹ്മചര്യം അഥവാ ആത്മശ രീര വിശുദ്ധി, ഉദരമോഹ നിയന്ത്രണം, അത്യാവശ്യമില്ലാത്തത് സ്വത്തായി വയ്ക്കുന്നത് മോഷണമാണെന്നുള്ള ചിന്ത, നിർഭയത, അവനവന്റെ ആവ ശ്യത്തിനുള്ളത് അവനവൻ വേല ചെയ്തുണ്ടാക്കുകയെന്ന തത്വം, സർവ്വ മത സാഹോദര്യം, ത്യാഗസമ്പന്നത, ജീവിതം ആസ്വാദനത്തിനല്ല പ്രസ്തുത സേവനത്തിനാണെന്നുള്ള ചിന്ത, കാമക്രോധാദി വികാര നിയ ന്ത്രണം, കൊടുക്കുന്ന വാക്കിന്റെ ഉറപ്പ് ഇങ്ങനെയുള്ള അനേകം ധാർ മ്മിക മൂല്യങ്ങൾ അദ്ദേഹം ഭഗവദ്ഗീതയിൽ നിന്നും ആർജ്ജിച്ചു. പാശ്ചാ ത്യവിദ്യാഭ്യാസം തന്നിൽ ഉദ്ദീപിപ്പിച്ച ധാർമ്മികതാബോധത്തിന്റെ വേരു കൾ ആർഷഭാരത സംസ്ക്കാരത്തിനുണ്ടെന്നു കണ്ടപ്പോൾ അദ്ദേഹ ത്തിന്റെ ധാർമ്മികബോധം പൂർണ്ണമായും മതസംസ്ക്കാരാധിഷ്ടിതമാ

യിത്തീർന്നു. സൂട്ടും, കോട്ടും കളഞ്ഞതോടെ ആന്തരികമായ പാശ്ചാത്യ വിധേയത്വവും അദ്ദേഹം ഉരിഞ്ഞെറിഞ്ഞു. തികച്ചും ഭാരതീയനായ ഒരു ധാർമ്മിക ഗുരുവായി അദ്ദേഹം ആത്മപരിവർത്തനം ചെയ്തു.

ഗാന്ധിസത്തെക്കുറിച്ചുള്ള രണ്ടുമൂന്നു പ്രധാന വിമർശനങ്ങൾ ചൂണ്ടി ക്കാണിക്കാതെ ഈ പ്രസംഗം അവസാനിപ്പിക്കുന്നത് എന്റെ സ്വന്തം സത്യബോധത്തിന് വിപരീതമായിരുന്നേക്കാമെന്ന് ഞാനാശങ്കിയ്ക്കുന്നു.

അഹിംസകൊണ്ട് കാര്യം കാണാൻ സാധിക്കുമോ എന്നതല്ല പ്രധാന പ്രശ്നം. എന്തു കാര്യമാണ് കാണേണ്ടത് എന്നതിലാണ് മൗലികമായ അഭിപ്രായ വ്യത്യാസമുള്ളത്. അതായത് മനുഷ്യവർഗ്ഗത്തിന്റെ പൊതു വായ ലക്ഷ്യങ്ങളേവ എന്നാണ് ചോദ്യം. യന്ത്രവൽകൃത പ്രവർത്തന ത്തിലൂടെ സംജാതമാകുന്ന ഒരു നാഗരിക സംസ്ക്കാരമാണോ നമ്മുടെ ലക്ഷ്യം? അല്ലെന്ന് ഗാന്ധിജി വാദിക്കുന്നു.

സ്വരാജെന്നു പറഞ്ഞാൽ സർവ്വോദയം എന്നുതന്നെയാണ് അർത്ഥം. രാഷ്ട്രത്തിന്റെ ഘടകങ്ങളായ സർവ്വവിഭാഗങ്ങളും വ്യക്തികളും മതം, വർഗ്ഗം, നിറം എന്നിവയിലുള്ള വ്യത്യാസങ്ങളെത്തന്നെയായിരുന്നാലും സത്യത്തിലും അഹിംസയിലും കൂടെ പൂർണ്ണ സ്വാതന്ത്ര്യം പ്രാപിച്ച്, പര സ്പരാശ്രയത്തിന്റെയും സഹകരണത്തിന്റെയും അന്തരീക്ഷത്തിൽ ജീവി ക്കുക എന്നതായിരുന്നു ഗാന്ധിജിയുടെ സാമൂഹ്യലക്ഷ്യം. വർഗ്ഗീ യൈക്യം, അയിത്തോച്ചാടനം, മദ്യവർജ്ജനം, ഖാദി, മറ്റു ഗ്രാമീണ വ്യവ സായങ്ങൾ, പ്രാഥമിക വിദ്യാഭ്യാസം, ഗ്രാമശുചീകരണം, നിരക്ഷരതാ വിപാടനം, സ്ത്രീസമത്വ സ്ഥാപനം, ആരോഗ്യസംരക്ഷണം, പ്രദേശിക ഭാഷകളുടെ പ്രോത്സാഹനവും ദേശീയ ഭാഷയായ ഹിന്ദിയുടെ വികസ നവും, സാമ്പത്തിക സമത്വം, കർഷകരുടെ സഹകരണവും സംഘട നയും, അംഹിസയിൽ അധിഷ്ഠിതമായ തൊഴിലാളി സംഘടന, ആദി വാസികളുടെയും അധഃകൃതരുടെയും ഉന്നമനം, കുഷ്ഠരോഗികളുടെ ശുശ്രൂഷ, ഗാന്ധിസത്തിൽ അധിഷ്ഠിതമായ വിദ്യാർത്ഥി പ്രസ്ഥാനം, നിയമ നിസ്സഹകരണം എന്നിങ്ങനെയുള്ള ഇരുപതോളം ശീർഷകങ്ങളി ലായാണ് അദ്ദേഹം തന്റെ പദ്ധതിയെ അവിഷ്ക്കരിച്ചത്.

എന്നാൽ ഇന്ന് നാമാവിഷ്ക്കരിച്ചിട്ടുള്ള ദേശീയ വികസന പദ്ധതിക ളുമായി തുലനം ചെയ്യുമ്പോഴാണ് ഗാന്ധിജിയുടെ പദ്ധതിയിലെ ചില പ്രായോഗിക പ്രയാസങ്ങൾ വെളിപ്പെടുന്നത്. അതായത് ഗാന്ധിജിയുടെ പദ്ധതിയുടെ പ്രധാന ലക്ഷ്യം ധാർമ്മിക സ്വാതന്ത്ര്യവും വളർച്ചയും പ്രാപിച്ച വ്യക്തികൾ ഒരുമിച്ചു പരസ്പരം സമാധാനത്തിലും സ്നേഹ ത്തിലും സത്യത്തിലും അംഹിസയിലും വർത്തിക്കുന്ന ഒരു രാമരാജ്യ മായിരുന്നു. നമ്മുടെ ദേശീയ പദ്ധതികൾ ലക്ഷ്യമായി കരുതുന്നതോ

മതേതരാടിസ്ഥാനത്തിൽ, ഉല്പാദനത്തിൽ വളർച്ചയും വികസനവും വിതരണത്തിൽ ന്യായവും സമത്വവും പരിപാലിയ്ക്കുന്ന ഒരു സാമൂഹ്യ വ്യവസ്ഥിതിയെ കെട്ടിപ്പടുക്കുക എന്നതാണ്. ഗാന്ധിസത്തിൽ ധാർമ്മികമൂല്യങ്ങൾക്ക് പ്രധാന സ്ഥാനം നൽകിക്കൊണ്ട്, സാമ്പത്തിക വികസനത്തിന് വളരെ പരിമിതമായ സ്ഥാനം മാത്രം നൽകുന്നു. ദേശീയ പദ്ധതിയിൽ സാമ്പത്തിക വികസനത്തിനും സാമ്പത്തിക നീതിയെന്ന പൊതുധർമ്മത്തിനും പ്രധാന സ്ഥാനം നൽകിക്കൊണ്ട് വ്യക്തിപരമായ ധാർമ്മികമൂല്യങ്ങൾക്ക് പരിമിതമായ പ്രാധാന്യം മാത്രം കല്പിക്കുന്നു.

ഗാന്ധിസത്തിലധിഷ്ഠിതമായ വികസനപദ്ധതി ഒരു സർക്കാരിന് സാദ്ധ്യമാണോ എന്നാണ് വിമർശകർ ചോദിക്കുന്നത്. മാത്രമല്ല സാമ്പത്തിക വികസനത്തിന് വേണ്ടത്ര പ്രാധാന്യം നൽകാതിരിക്കുന്നതു മൂലം അദ്ദേഹത്തിന്റെ സ്ഥിതിസമത്വവാദം വെറുമൊരു ദാരിദ്ര്യവിതരണം മാത്രമായിപ്പോകുന്നില്ലേ എന്ന ചോദ്യത്തിന് മതിയായ മറുപടി നൽകുവാൻ പ്രയാസമാണ്. മാത്രമല്ല, ധനവാൻ ഈശ്വരദത്തമായ സമ്പത്തിന്റെ മുതൽപിടിക്കാരൻ മാത്രമായതുകൊണ്ട്, അതിനെ സാധുക്കൾക്ക് വിതരണം ചെയ്യുവാൻ ധാർമ്മികമായ ചുമതലയുള്ളവനാണെന്നും അത് പിടിച്ചു വാങ്ങിക്കൂടാ എന്നും മറ്റുമുള്ള വാദം പണക്കാരന്റെ പൈതൃകത്വത്തിന് പാവപ്പെട്ടവനെ അടിമയാക്കുകയല്ലേ ചെയ്യുന്നതെന്ന് വിമർശകർ ചോദിക്കുന്നു. ഗാന്ധിജിയുടെ തന്നെ ആതിഥേയനും ശിഷ്യനുമായിരുന്ന ജി. ഡി. ബിർല്ലാ, തന്റെ പൈതൃകത്വബോധത്തിൽ തനിക്കുള്ളത് സാധുക്കൾക്ക് പങ്കിട്ടതിന്റെ ഫലമായി ആ സമ്പത്ത് ഒന്നിന് പത്തുവീതം വർദ്ധിച്ചുകൊണ്ടാണിരിക്കുന്നത്. അത് ദൈവാനുഗ്രഹമാണെന്ന് ശ്രീ. ബിർലായും മക്കളും കരുതുന്നുണ്ടാവാം. പാവപ്പെട്ടവനെ ചൂഷണം ചെയ്തുണ്ടായതാണതെന്ന് ബോധമുള്ള മിക്കവരും സമ്മതിയ്ക്കും.

സമൂഹത്തിൽ ധനപരമായും രാഷ്ട്രീയമായും ശക്തിയാർജ്ജിച്ചിട്ടുള്ള വിഭാഗങ്ങൾ അംഹിംസാ വാദമുന്നയിക്കുന്നത് പ്രധാനമായും തങ്ങൾക്കുള്ളത് നഷ്ടപ്പെടാതിരിക്കാനാണ് എന്ന വാദത്തെ തീർത്തും അടിസ്ഥാനരഹിതമായി കരുതിക്കൂടാ.

മാത്രമല്ല, യന്ത്രവൽക്കരണാധിഷ്ഠിതമായ ഒരു നാഗരിക സംസ്കാരത്തിന് ഗാന്ധിജി ഏറെക്കുറെ എതിരായിരുന്നുവെന്ന് തോന്നുന്നു. മനുഷ്യാവശ്യങ്ങളെ പരിമിതപ്പെടുത്തിക്കൊണ്ടുള്ള ഒരു ഗ്രാമീണ സംസ്കാരമാണ് അദ്ദേഹം അഭികാമ്യമായി കരുതിയിരുന്നത്. ഭക്ഷണം, ഭവനം, വസ്ത്രം, ഇവയുടെ ഉല്പാദനത്തിനുള്ള യന്ത്രങ്ങൾ മാത്രം മതി. നാഗരിക സംസ്കാരം മനുഷ്യനെ മനുഷ്യേതരനാക്കിത്തീർക്കുന്നുവെന്നായിരുന്നു അദ്ദേഹത്തിന്റെ വാദം. യന്ത്രവൽക്കരണം മനുഷ്യരെ പട്ടണങ്ങ

ളിൽ തിങ്ങിപ്പാർക്കുവാൻ നിർബന്ധിക്കുന്നു. യന്ത്രത്തിന്റെ ഉപകരണ ങ്ങൾ മാത്രമായി മനുഷ്യൻ മാറുന്നു. യന്ത്രം നഗരത്തിന്റെ അധിപതി യായിത്തീരുന്നു. മനുഷ്യന്റെ മാനുഷികബന്ധങ്ങൾ ശിഥിലങ്ങളായിട്ട്, യന്ത്രവുമായുള്ള ബന്ധത്തിൽ കൂടെയുള്ള പരസ്പരബന്ധം മാത്രം മനു ഷ്യനുണ്ടായി തീരുന്നതോടെയാണ് വർഗ്ഗസമരവും വിപ്ലവുമൊക്കെ സംജാതമാകുന്നത്. മാത്രമല്ല മനുഷ്യൻ മനുഷ്യനായി ജീവിക്കണമെ ങ്കിൽ ഭൂമിയുമായി ഇടപെട്ട് കുറച്ചു സമയമെങ്കിലും ജോലിചെയ്യാതെ സാധ്യമല്ല. അത് നഗരത്തിലെങ്ങനെ സാധിക്കും? അതുകൊണ്ട് നാഗ രിക സംസ്ക്കാരം മാനുഷികമാകുവാൻ സാദ്ധ്യമല്ല. ഈ വാദമാണ് ഇന്നും വിനോബജിയെപ്പോലുള്ളവർ ഉന്നയിക്കുന്നത്.

ഗാന്ധിസത്തിന്റെ വിമർശകർ പറയുന്നത്, ഇതൊരു പിന്തിരിപ്പൻ ചിന്താഗതിയാണെന്നാണ്. മനുഷ്യവർഗ്ഗത്തിന്റെ പുരോഗതിയുടെ ഒരു പടിയാണ് ശാസ്ത്രവിജ്ഞാനീയവും യന്ത്രവൽക്കരണവുമെന്നും അവ പ്രശ്നങ്ങൾ സൃഷ്ടിക്കുന്നെങ്കിൽ അവയെ അഭിമുഖീകരിച്ച് മുമ്പോട്ട് പോവുകയല്ലാതെ, അവയെ ഭയന്ന് ശാസ്ത്രവും യന്ത്രവും വേണ്ടായെന്ന് പറയുന്നത് ഭോഷത്വമാണെന്നും അവർ വാദിയ്ക്കുന്നു.

ഇനിയും ഇന്ന് ഗാന്ധിജിയുടെ അനുയായികളെന്ന് അവകാശപ്പെടു ന്നവരോട് ഒരു വാക്കു കൂടെ പറയുവാൻ ഞാൻ നിങ്ങളുടെ അനുവാദം അഭ്യർത്ഥിക്കുന്നു. നമ്മെ ഇന്ന് അഭിമുഖീകരിക്കുന്ന പ്രധാന പ്രശ്നം, ഇന്നത്തെ നമ്മുടെ പരിതസ്ഥിതിയിൽ ഗാന്ധി എതെല്ലാം ആദർശങ്ങൾ ക്കും മുല്യങ്ങൾക്കുംവേണ്ടി നിലകൊണ്ടിരുന്നുവോ അവയെ എങ്ങിനെ നമുക്ക് പ്രാവർത്തികമാക്കുവാൻ കഴിയും എന്നുള്ളതാണ്.

അതായത് ഗാന്ധിജിയോട് നമുക്കിന്ന് ചെയ്യാവുന്ന ഏറ്റവും വലിയ അനീതി, ഗാന്ധിജി, ഗാന്ധിജി എന്നു പറഞ്ഞു കൊണ്ടു നടക്കുകയും അദ്ദേഹത്തിന്റെ നാമത്തേയും ലിഖിതങ്ങളേയും മറപറ്റി സ്ഥാപിത താല്പര്യങ്ങളുടെ സംരക്ഷണയ്ക്കുവേണ്ടി മാത്രം അഹിംസ പ്രസംഗിച്ച്, കൊറാനും, ബൈബിളും, ഗീതയും വായിച്ച്, രാമനാമം ജപിച്ച് യഥാ സ്ഥിതികത്വത്തിന്റെ സ്തുതിപാഠകരായിത്തീരുകയെന്നതാണ്. ഗാന്ധി ശിഷ്യന്മാർക്ക് ഇന്നു കടപ്പാടുള്ളത് ഒരു ഗാന്ധിയൻ മതമുണ്ടാക്കാനല്ല.

ഗാന്ധിയൻ കൾറ്റ്, ഗാന്ധിയൻ ഫണ്ടമെന്റലിസം, ഇവ രണ്ടും ഗാന്ധി യുടെ തത്വങ്ങൾക്കെതിരാണ്. അതായത് ഗാന്ധിജിയെ ഈശ്വരനായി കരുതി അദ്ദേഹത്തിന്റെ അപദാനങ്ങളെ പ്രകീർത്തിക്കുകയും അദ്ദേഹ ത്തിന്റെ ബിംബത്തെ ആരാധിക്കുകയും ചെയ്യുന്ന ഒരു ഗാന്ധിയൻ മത മുണ്ടാവുകയെന്നത് അദ്ദേഹത്തിന്റെ മനസ്സിനെ വളരെ വേദനിപ്പിക്കുക തന്നെ ചെയ്യും. ഗാന്ധിയൻ ഫണ്ടമെന്റലിസം എന്ന പ്രയോഗംകൊണ്ട്

ഞാൻ വിവക്ഷിക്കുന്നത് ഗാന്ധിജിയുടെ ആപ്തവാക്യങ്ങളെ സത്യപ്രഖ്യാപനങ്ങളായി എടുത്ത് അദ്ദേഹം അങ്ങനെ പറയുവാനുണ്ടായ സാഹചര്യത്തേയും പശ്ചാത്തലത്തേയും കണക്കിലെടുക്കാതെ ആ പുണ്യപുരുഷന്റെ ചില വചനങ്ങളെ മാത്രം പശ്ചാത്തലത്തിൽ നിന്നു വേർപെടുത്തിയെടുത്ത് അക്ഷരംപ്രതി അനുസരിക്കുന്ന ഒരുതരം ഇമിറ്റേഷൻ ഗാന്ധിസം ഇന്ന് സേവാഗ്രാമിൽപ്പോലും കാണുവാൻ കഴിയും.

ഗാന്ധിജി ആരംഭിച്ച ആ ധാർമ്മിക പ്രസ്ഥാനത്തെ ഇന്നു നയിക്കുന്നത് അദ്ദേഹത്തോളം സ്വാതന്ത്ര്യ ബുദ്ധിയോ, ഭാവനാസമ്പത്തോ, സൃഷ്ട്യാത്മക ശക്തിയോ, ലോകപരിചയമോ ഇല്ലാത്ത കുറെ പുരോഹിതന്മാരാണ്. അവരെപ്പറ്റിപ്പറയുന്ന വിമർശനങ്ങൾ നാം കുറെ കാര്യമായി കണക്കിലെടുക്കേണ്ടിയിരിക്കുന്നു.

1. സാമുദായിക ധർമ്മബോധമില്ലാതെ വ്യക്തിപരമായ ധർമ്മബോധം മാത്രം പുലർത്തുന്നു. അതായത് മാംസം ഭക്ഷിക്കാതിരിക്കുക, മദ്യപാനം ചെയ്യാതിരിക്കുക, പുകവലിക്കാതിരിക്കുക, ഗോവധവിരോധം എന്നിങ്ങനെയുള്ള നിഷേധാത്മകങ്ങളായ സദ്ഗുണങ്ങളെ വച്ചു പുലർത്തുന്നെങ്കിലും മനുഷ്യനെ ചൂഷണം ചെയ്യുന്ന മുതലാളിത്ത വ്യവസ്ഥിതിക്ക് അവർ പലപ്പോഴും തുണ നില്ക്കുന്നുവെന്നാണ് ഗാന്ധിജിയുടെ ചില അനുയായികളെക്കുറിച്ചുള്ള പരാതി. ഇക്കാര്യത്തിൽ ഗാന്ധിജിയെ അവർ യഥാർത്ഥമായി അനുകരിക്കുന്നില്ല. പാവപ്പെട്ടവന്റെ ഉന്നമനമായിരുന്നു അദ്ദേഹത്തിന്റെ ജീവിതലക്ഷ്യം. ബിർലായെയും മറ്റും അദ്ദേഹം പണം കറന്നെടുക്കാനുള്ള ശുപാർശകളായി കരുതിയിരുന്നെങ്കിലും അദ്ദേഹം പൊതുവെ മുതലാളിത്ത വ്യവസ്ഥിതിക്കെതിരായിരുന്നു. ഗാന്ധിശിഷ്യന്മാർ ഇക്കാര്യത്തിൽ കുറെക്കൂടെ ഉറച്ച ഒരു നിലപാട് എടുത്തില്ലെങ്കിൽ ഗാന്ധിജിയുടെ പേരിന് കളങ്കമുണ്ടാക്കുകയായിരിക്കും അവർ ചെയ്യുന്നത്.

2. വർഗ്ഗീയതാബോധം അവരിൽ കുറെയൊക്കെ കാണുന്നുണ്ടെന്നും, വളരെ പരിമിതമായ ഒരു ലോകവീക്ഷണം മാത്രമാണ് അവർക്കുള്ളതെന്നും, അറബികളോടും മുസ്ലീം രാഷ്ട്രങ്ങളോടും, ഭാരതത്തിലും അയൽ രാജ്യങ്ങളിലുമുള്ള മുസ്ലീങ്ങളോട് ഗാന്ധിജി കാണിച്ചതുപോലെയുള്ള സന്മനോഭാവമൊന്നും അവർ പ്രകടിപ്പിക്കുന്നില്ലെന്നും ഗാന്ധിസത്തെ ഹൈന്ദവമതത്തിന്റെ ഒരു വകുപ്പാക്കിയെടുക്കുവാൻ അവർ ശ്രമിക്കുന്നുമെന്നുമൊക്കെ ചില ഗാന്ധിശിഷ്യന്മാരെപ്പറ്റി പരാതി കേൾക്കാറുണ്ട്. ഇതു ശരിയാണെങ്കിൽ തിരുത്തുവാൻ ഉടനെ ശ്രമിക്കേണ്ടതാണ്. ഈ രാജ്യത്തെ ഹൈന്ദവേതര മതാനുയായികൾക്ക് തങ്ങളുടെ നേതൃത്വത്തിൽ കൂടുതൽ സ്ഥാനം നൽകേണ്ടയാവശ്യം ഗാന്ധിയൻ പ്രസ്ഥാനത്തിനുണ്ട്.

3. ഗാന്ധിയുടെ അനുയായികൾ പരസ്പരം യോജിച്ചു പ്രവർത്തിക്കു

ന്നില്ലെന്നും സേവാഗ്രാം പോലുള്ള ഒരു പുണ്യസ്ഥലത്ത് വെറും സ്വാർത്ഥവും സ്വാർത്ഥാധിഷ്ടിതവുമായ കലഹവുമാണ് നടമാടുന്നതെന്നും കാര്യങ്ങളൊന്നും നടക്കുന്നില്ലെന്നു മാത്രമല്ല വ്യാജവും വഞ്ചനയും ചാരവൃത്തിയും മൂലം മനഃസാക്ഷിയുള്ളവർക്കൊന്നും അവിടെ വേലചെയ്യാൻ സാധിയ്ക്കാതായിട്ടുണ്ടെന്നുമൊക്കെയുള്ള പരാതികളിൽ പരമാർത്ഥമുണ്ടോയെന്നതിനെക്കുറിച്ച് ഒരു പൊതുവന്വേഷണം ഉണ്ടാകേണ്ട കാലം അതിക്രമിച്ചിരിക്കുന്നു.

6. പ്രവർത്തനത്തിൽ കാര്യക്ഷമതയില്ലായ്ക എന്നൊരു പരാതിയും ഗാന്ധിയൻ പ്രസ്ഥാനത്തെപ്പറ്റി പലപ്പോഴും കേൾക്കാറുണ്ട്. സേവാഗ്രാമിൽ വിപുലമായ തോതിൽ ആരംഭിച്ച പ്രവർത്തികൾ പലതും പരാജയപ്പെട്ടതിന്റെ ഒരു കാരണം കാര്യക്ഷമതയുടെ അഭാവമാണെന്നാണ് പലരും പറയുന്നത്. മഹാത്മജിയെ സംബന്ധിച്ചിടത്തോളം എന്തുകാര്യവും സമയ ദുർവ്യയവും അലസതാമനോഭാവവും കൂടാതെ ഫലപ്രാപ്തിയിലെത്തിക്കുകയെന്നത് അദ്ദേഹത്തിന് നിർബന്ധമായിരുന്നു. സ്വത്തൊന്നുമില്ലാത്ത ഈ സ്വാമിയുടെ പ്രധാന സ്വത്തുക്കളിലൊന്ന് ഒരു ഘടികാരമായിരുന്നുവെന്ന വസ്തുത നമുക്ക് വിസ്മരിക്കത്തക്കതല്ല. ഇന്ന് ഈ സമയബോധവും കാര്യക്ഷമതയും ഭാരതത്തിൽ വീണ്ടെടുക്കുന്ന കാര്യത്തിൽ ഗാന്ധിയൻ പ്രസ്ഥാനം നേതൃത്വം നൽകേണ്ടതാണ്.

7. ത്യാഗത്തിനും ആപല്ക്കരങ്ങളായ പരീക്ഷണങ്ങൾക്കുമുള്ള സന്നദ്ധത ഗാന്ധി ശിഷ്യന്മാരിൽ വേണ്ടുന്നത്ര കാണുന്നില്ലെന്നും, ഗാന്ധിജിയെപ്പോലെ ഒരു ധാർമ്മിക സമരത്തിന് നേതൃത്വം കൊടുക്കുവാൻ തന്റെ ശിഷ്യന്മാർക്ക് സാധിക്കാത്തത്, ത്യാഗമനോഭാവത്തിന്റെയും വിപത്തുകളേയും എതിർപ്പിനേയും അഭിമുഖീകരിക്കുവാനുള്ള ശക്തിയുടേയും കുറവുകൊണ്ടാണെന്നും ചില വിമർശകർ പറയുന്നു. മുട്ടുമറയാത്ത മുണ്ടുമുടുത്ത് ഇംഗ്ലണ്ടിലെ സാമ്രാജ്യശക്തിയുടെ അധികാരകേന്ദ്രങ്ങളിൽ കയറിചെല്ലുവാൻ ഗാന്ധിക്കുണ്ടായിരുന്ന ആ ധാർമ്മിക ധീരത ഇന്ന് ലോകത്തിൽ പൊതുവെ വളരെ കാണുന്നില്ല. ഇങ്ങനെയുള്ള ആത്മധീരതയെ വീണ്ടെടുക്കുവാൻ നമുക്ക് സാധിച്ചില്ലെങ്കിൽ ഗാന്ധിയൻ പ്രസ്ഥാനത്തിന് ധാർമ്മികമായ അടിസ്ഥാനമുണ്ടാകുവാൻ പ്രയാസമാണ്.

ഈ മേൽപറഞ്ഞ ഏഴ് വിമർശനങ്ങളെ ഞാനുൾപ്പെടെയുള്ള ഇൻഡ്യൻ ജനതയെക്കുറിച്ച് പൊതുവേ പറയാവുന്നവയാണ്. പ്രത്യേകിച്ച് മതത്തിന്റെ പേരും പറഞ്ഞ് നടക്കുന്ന എന്നെപ്പോലെയുള്ളവരെക്കുറിച്ച് വിശേഷവിധിയായി ഈ കുറ്റങ്ങൾ ആരോപിക്കുവാൻ സാധിക്കും. ഞാൻ അവിടെയും ഇവിടെയും ഒക്കെ കേട്ടിട്ടുള്ള ചില പരാതികളെ ഇവിടെ എടുത്തുപറഞ്ഞത് ഗാന്ധിയൻ പ്രസ്ഥാനം സജീവമായ ഒരു ധാർമ്മിക ധീരതയോടെ മുമ്പോട്ടുപോയി കണ്ടാൽക്കൊള്ളാമെന്നുള്ള ആഗ്രഹം കൊണ്ടു മാത്രമാണ്.

ഐൻസ്റ്റൈനല്ലേ ഗാന്ധിയെക്കുറിച്ച് പറഞ്ഞത് ഇത്ര ധർമ്മധീരനായ ഒരു മനുഷ്യൻ ജഡരക്തങ്ങളോടെ ഈ ഭൂമിയിൽ ജീവിച്ചിരുന്നുവെന്ന് വിശ്വസിക്കുവാൻ ഒരു കാലത്ത് പ്രയാസമായിത്തീരുമെന്ന്. ആർഷഭാരതത്തിലെ ഈ പുണ്യപുരുഷനെക്കുറിച്ച് അഭിമാനം കൊണ്ടതുകൊണ്ട് മാത്രമായില്ല. ആ രക്തസാക്ഷിമരണം വൃഥാവിലാകാതിരിയ്ക്കണമെങ്കിൽ അദ്ദേഹം നമ്മെ കാണിച്ചുതന്നിട്ടുള്ള ആ ധാർമ്മിക പന്ഥാവിൽ സഞ്ചരിപ്പാൻ കുറച്ചുപേരെങ്കിലും ഈ ഭാരതഭൂമിയിലുണ്ടാവണം.

പ്രസംഗം നിർത്തട്ടെ. എന്നാൽ പ്രവൃത്തി ആരംഭിപ്പാൻ നമുക്ക് സാധിക്കുകയും ചെയ്യട്ടെ. അതാണിന്ന് ബാപ്പുജിയുടെ ആഹ്വാനം.

*(മഹാത്മാഗാന്ധിയുടെ ജന്മശതാബ്ദി സമ്മേളനത്തിൽ ചെയ്ത പ്രഭാഷണം)*

# 23

# മൂന്നു വൈദിക ശ്രേഷ്ഠന്മാർ

സ്വഭാവസംസ്ക്കാരം കൊണ്ടും നേതൃത്വശക്തികൊണ്ടും പേരെടുത്തിട്ടുള്ള മൂന്ന് വൈദിക ശ്രേഷ്ഠന്മാർ ഓർത്തഡോക്സ് – യാക്കോബായ സഭാവിഭാഗങ്ങളിൽ നിന്നും അടുത്തകാലത്ത് റോമൻ കത്തോലിക്കാ സഭയെ ആശ്ലേഷിച്ചതിനെ തുടർന്ന് കുറെപ്പേർക്കെങ്കിലും കുറെയൊക്കെ ആശങ്കയും വെപ്രാളവും തോന്നിത്തുടങ്ങിയിട്ടുണ്ടെന്ന് തോന്നുന്നു.

ഇവർ മൂവരും ആലുവായിൽ നിന്നാണ് പോയത്. മൂന്നുപേരും എന്റെ അടുത്ത സ്നേഹിതന്മാരായിരുന്നു. വളരെ ഉറ്റ ആത്മികസഹത്വമാണ് ഞങ്ങൾ തമ്മിൽ ഉണ്ടായിരുന്നത്. അതുകൊണ്ട് ഈ തീരുമാനത്തിലേയ്ക്ക് അവരെ നയിച്ച കാരണങ്ങളെപ്പറ്റി കുറെയൊക്കെ അറിവെനിയ്ക്കുണ്ടെന്ന് ഞാൻ വിചാരിയ്ക്കുന്നു.

മൂന്ന് പേരും ഒരുമിച്ചിരിയ്ക്കുന്ന ഒരു ചിത്രം ഇയ്യിടെ സത്യദീപത്തിൽ കണ്ടതിനെ തുടർന്ന് എന്റെ ഹൃദയത്തിൽ ഉദിച്ച ചില ചിന്തകളെ ഞാൻ ചുവടെ കുറിച്ചുകൊള്ളട്ടെ.

യഥാർത്ഥ ക്രിസ്തീയ ജീവിതത്തിന്നും ആത്മിക ശാന്തിയ്ക്കും ആത്മാർത്ഥമായി അഭിലഷിച്ചിരുന്നവരായിരുന്നു. ഇവർ മൂന്നുപേരും.

* * * * * * * * * * *

ബ. വി. സി. ഗീവറുഗീസ് കോർഎപ്പിസ്കോപ്പാ, ഒരു കാലത്ത് ആത്മീയ തീക്ഷ്ണതയുടെ മൂർത്തീകരണമായിരുന്നു. സ്വഹൃദയത്തിലുള്ള മനുഷ്യസഹജമായ ജഡീകാഗ്രഹങ്ങളെ ശക്തിയുക്തം അടിച്ചമർത്തിക്കൊണ്ട് സാത്താനുമായി സമരം ചെയ്യാൻ അരയും തലയും മുറുക്കിയിറങ്ങിയ കോരത് ശെമ്മാശ്ശൻ, നാടാകെയുള്ള യാക്കോബായക്കാർക്ക് ത്യാഗസന്നദ്ധതയുടെ പ്രത്യക്ഷോദാഹരണവും ആത്മീയ പ്രചോദനത്തിന്റെ നീരുറവയുമായിരുന്നല്ലോ. കൃതജ്ഞതാപൂർവ്വം അദ്ദേഹത്തെപ്പറ്റി അനുസ്മരിയ്ക്കുന്ന അനേകം യുവജനങ്ങളെ ഞാൻ കണ്ടിട്ടുണ്ട്. നമ്മുടെ കർത്താവുമായി അവരെ പരിചയപ്പെടുത്തി പുതിയ ജീവിതശുദ്ധിയിലേയ്ക്കും സേവനസന്നദ്ധതയിലേയ്ക്കും അവരെ നയിച്ചത് ബഹുമാനപ്പെട്ട കോരതു ശെമ്മാശ്ശനായിരുന്നു.

എന്നാൽ അദ്ദേഹത്തിന്ന് ചില പ്രത്യേക ബലഹീനതകളുണ്ടായിരുന്നു. എനിക്ക് ഇന്നും ആത്മാർത്ഥമായ ബഹുമാനമാണ് ഈ വന്ദ്യ വയോധികനോടുള്ളത്. അതുകൊണ്ട് രണ്ട് പ്രത്യേക ബലഹീനതകളെ

ഞാൻ പരസ്യമായി ചൂണ്ടിക്കാണിയ്ക്കുന്നത് അദ്ദേഹമെന്നോട് ക്ഷമിയ്ക്കണമേ എന്ന് ഞാൻ താഴ്മയോടെ പ്രാർത്ഥിക്കുന്നു.

ഒന്നാമത്, സമഗ്രമായ നിരീഷണ ശക്തിയുടെ അഭാവം. വളരെ കൂർമ്മതയുള്ള ബുദ്ധിശക്തിയാണദ്ദേഹത്തിന്റേത്. ഒരൊറ്റ വായനയ്ക്ക് ഏതാശയവും സ്വായത്തമാക്കുവാനുള്ള ഒരു പ്രത്യേക ശക്തി അദ്ദേഹത്തിനുണ്ട് - പ്രത്യേകിച്ചും ഈ ആശയങ്ങൾ യുക്തിയുക്തമായും ക്രമാനുക്രമമായും പ്രതിപാദിയ്ക്കപ്പെട്ടിട്ടുണ്ടെങ്കിൽ. ഇത് സാധാരണഗതിയിൽ ഒരു വലിയ ശക്തിയാണ്. പക്ഷേ, ഈ ആശയങ്ങളെ ശരിയായി നിരീക്ഷണം ചെയ്ത്, മറ്റാശയങ്ങളുമായി പരസ്പര വിവേചനം ചെയ്തിട്ട് പരസ്പര വൈരുദ്ധ്യമുള്ളവയെ നിഷ്കാസനം ചെയ്ത്, സമഗ്രമായ ഒരു ആശയ സൌധം കെട്ടിയുണ്ടാക്കുവാൻ അദ്ദേഹത്തിന് കഴിവു കുറവായിരുന്നെന്നാണ് ഞാൻ മനസ്സിലാക്കിയിട്ടുള്ളത്.

അതോടൊരുമിച്ച് തന്നെ ബുദ്ധിശക്തിയേക്കാൾ കവിഞ്ഞ വികാരശക്തിയും അദ്ദേഹത്തിനുണ്ട്. അതുകൊണ്ട് വികാരപരമായ തീരുമാനങ്ങളാണ് അദ്ദേഹത്തിന്റെ ജീവിതത്തിലധികവുമുണ്ടായിട്ടുള്ളത്. എന്നാൽ ബലിഷ്ഠമായ ഈ വികാരശക്തി സ്വഭാവദൂഷ്യത്തിലേയ്ക്ക് തന്നെ നയിയ്ക്കാതിരിയ്ക്കാൻ വേണ്ടി തന്റെ ഇച്ഛാശക്തി (Will power) കൊണ്ട് അതിനെ നിയന്ത്രണം ചെയ്യുവാൻ അദ്ദേഹം ചെറുപ്പം മുതലേ പരിശീലിച്ചു. അതുകൊണ്ട് തന്നിലോ മറ്റുള്ളവരിലോ എന്തെങ്കിലും ബലഹീനതകളോ കുറവുകളോ കാണുമ്പോൾ അതിനോട് നിഷ്കരുണം പടവെട്ടുകയെന്നുള്ളത് അദ്ദേഹത്തിന്റെ സ്വഭാവത്തിന്റെ ഒരു വിഭാഗമായിരുന്നു.

തന്നെപ്പോലെ തന്നെ കഴിവും പ്രാപ്തിയുമുള്ള മറ്റുള്ളവരോടൊരുമിച്ച് വേല ചെയ്യുവാൻ അദ്ദേഹത്തെ അപ്രാപ്തനാക്കിത്തീർത്തത് തന്റെ ഈ രണ്ടാമത്തെ ബലഹീനതയായിരുന്നു. മൂന്നും നാലും വർഷങ്ങൾ കഴിയുമ്പോൾ സഭാ വിഭാഗങ്ങളും പ്രസ്ഥാനങ്ങളും മാറുന്നതിന്റെ പിറകിൽ പലപ്പോഴും കിടന്നിരുന്നത് തന്റെ കൂടെയുള്ളവരുമായി തനിയ്ക്ക് യോജിച്ചു പോകുവാൻ കഴിയാത്ത ഒരു സാഹചര്യമായിരുന്നു.

അതുകൊണ്ട് എവിടെയെങ്കിലും ഒരു വഴക്കുണ്ടായിക്കഴിയുമ്പോൾ, അവിടം വിട്ടുപോകുവാൻ വേണ്ടി തന്റെ ഇച്ഛാശക്തി പ്രവർത്തിയ്ക്കുവാൻ തുടങ്ങും. ആ ഇച്ഛാശക്തിയെ തന്റെ വികാരശക്തി സഹായിയ്ക്കുകയായി. ആ വികാരശക്തിയുടെ പിൻബലത്തിന്നായി തന്റെ ബുദ്ധിശക്തി രൂക്ഷമായി പ്രവർത്തിയ്ക്കുവാൻ തുടങ്ങും.

ഇത്രയുമായിക്കഴിയുമ്പോഴാണ് തന്റെ ദൈവഭക്തി പ്രവർത്തനമാരംഭിക്കുന്നത്. ഉടനെതന്നെ താൻ ജോലിത്തിരക്കുകളിൽ നിന്നും

പിൻവാങ്ങി ധ്യാനത്തിലേയ്ക്ക് പ്രവേശിയ്ക്കും. ആ ധ്യാന സമയത്ത് താൻ ഒരു പുതിയ പ്രവർത്തനമണ്ഡലത്തെപ്പറ്റിയാണ് ധ്യാനിയ്ക്കുന്നത്. തന്നെത്തന്നെ ആത്മാർത്ഥമായി ദൈവത്തിന് കാഴ്ച വെച്ച് പുതിയ വെളിച്ചത്തിനായി താൻ കാത്തിരിയ്ക്കുന്നുവെങ്കിലും തന്റെ പഴയ പ്രവൃത്തിമണ്ഡലത്തിലേയ്ക്ക് തിരികെപ്പോവുകയില്ലെന്ന തീരുമാനം ദൈവ വെളിച്ചത്തിന്നായി കാത്തിരിയ്ക്കാതെ തന്നെ ഉണ്ടായിരിയ്ക്കുന്നു.

യാക്കോബായ സഭാ വിഭാഗത്തിലെ രണ്ട് അഭിവന്ദ്യ തിരുമേനിമാരുമായുണ്ടായ സാരമായ അഭിപ്രായ വ്യത്യാസങ്ങളാണ് റോമ്മാ സഭയെ ആശ്ലേഷിയ്ക്കുവാനുള്ള തീരുമാനത്തിലേയ്ക്ക് അദ്ദേഹത്തെ നയിച്ചിട്ടുള്ളതെന്നാണെന്റെയറിവ്. മാർ യൂലിയോസ് തിരുമേനിയുമായി തന്റെ വേദപുസ്തക വ്യാഖ്യാന സംബന്ധമായിട്ടുണ്ടായ അഭിപ്രായ വ്യത്യാസം അദ്ദേഹം തന്നെ പരസ്യമാക്കിയിട്ടുള്ളതാണല്ലോ (രണ്ടാമത്തെ തിരുമേനിയുമായുണ്ടായ അഭിപ്രായ വ്യത്യാസങ്ങൾ ഈ പംക്തികളിൽ പ്രതിപാദിയ്ക്കുന്നത് ഉചിതമല്ലെന്ന് ഞാൻ കരുതുന്നു). ബഹുമാനപ്പെട്ട കോർ എപ്പിസ്കോപ്പായെ എനിയ്ക്കറിയാവുന്നിടത്തോളം ഇവാൻജലിക്കൽ പ്രോട്ടസ്റ്റന്റ് രീതിയിലുള്ള ഒരു വ്യാഖ്യാനമായിരിയ്ക്കണം അത്. അദ്ദേഹം ഇപ്പോളുൾപ്പെട്ടു നില്ക്കുന്ന റോമ്മാ സഭ അത് അപ്പാടെ പ്രസിദ്ധം ചെയ്യുവാൻ ഒരുമ്പെടുകയില്ലെന്ന് എനിയ്ക്ക് പൂർണ്ണ ബോദ്ധ്യമുണ്ട്. എന്നാൽ യൂലിയോസ് തിരുമേനിയെപ്പോലെ, മാർപാപ്പാ വായിച്ചു നോക്കിയിട്ടേ ഈ മലയാള പുസ്തകം പ്രസിദ്ധം ചെയ്യാവൂ എന്നു പറയുവാൻ മാത്രം ബുദ്ധിഹീനരല്ല റോമൻ കത്തോലിക്കർ. ആ പുസ്തകം വായിച്ചു നോക്കി, അതിലുള്ള അനേക വിശ്വാസ വിപരീതങ്ങളെ ബഹുമാനപ്പെട്ട കോർഎപ്പിസ്കോപ്പായ്ക്ക് മനഃപ്രയാസം വരാത്തവിധം തിരുത്തി, ഈ വ്യാഖ്യാനത്തിന്റെ നല്ല വശങ്ങളെ സാധാരണജനങ്ങൾക്ക് ഉപകാരയുക്തമാക്കുവാൻ മാത്രമുള്ള അനുഭവ സമ്പത്തും വിവേകവും അവർക്കുണ്ടെന്നുള്ളതാണ് റോമ്മാ സഭയുടെ വലിയ ശക്തികളിലൊന്ന്.

നമ്മുടെ സഭയിൽ അനേകം ആളുകൾ ഇതുപോലെ വളരെയധികം കഴിവും ത്യാഗസന്നദ്ധതയും എന്നാൽ വളരെക്കുറച്ച് കാതോലികജ്ഞാനവും വിശ്വാസപഠനവും ഉള്ളവരായിട്ടുണ്ട്. അവരെ കാതോലിക വിശ്വാസത്തിലേയ്ക്ക് കൊണ്ടുവന്ന് സഭാസേവനത്തിന്നുള്ള ഉപാധികളുണ്ടാക്കിക്കൊടുക്കുന്നതിന് പകരം അവരെ പ്രോട്ടസ്റ്റന്റ് വിശ്വാസികളെന്ന് മുദ്രയടിച്ച് ആത്മപ്രശംസയിലും ഔന്നത്യഭാവത്തിലും ആശ്വാസം നേടുവാനുള്ള പ്രവണതയാണ് നമുക്കുള്ളത്.

ബ. വി. സി. ഗീവറുഗീസ് കോർഎപ്പിസ്കോപ്പാ പോയതിനെപ്പറ്റി പരിതപിയ്ക്കുകയോ കലികൊള്ളുകയോ അല്ല നാം ചെയ്യേണ്ടത്, അതിന് കാരണമാക്കിയ നമ്മുടെ ബലഹീനതകളെ കണ്ടുപിടിച്ച് പരിഹരിയ്ക്കു

വാൻ ശ്രമിയ്ക്കുകയാണ് കരണീയമെന്ന് പറയുവാൻ വേണ്ടി ആ വന്ദ്യ വൈദികന്റെ പേർ ഞാനിവിടെയെടുത്തെന്നേയുള്ളൂ.

ചെറുപ്പം മുതലേ തന്റെ വികാരശക്തി മൂലം അത്യധികമായ "അശാന്തി" (restlessness) അനുഭവിച്ചിരുന്നിട്ടുള്ള ഈ ബഹുമാനപ്പെട്ട വൈദികന് തന്റെ വാർദ്ധക്യത്തിൽ യഥാർത്ഥ ശാന്തിയും മനഃസമാധാനവും നല്കുവാൻ ദൈവം റോമാ സഭയ്ക്ക് കഴിവു നല്കട്ടെ എന്നാണ് അദ്ദേഹം പോയതു മുതലുള്ള എന്റെ പ്രാർത്ഥന.

* * * * * * * * * * *

ബുദ്ധികൂർമ്മതയിലും ഭരണശക്തിയിലും ബ. കോർഎപ്പിസ്കോപ്പായേക്കാൾ ഒട്ടും പുറകിലല്ല ബ. ടി. വി. ജോണച്ചൻ. വികാരശക്തിയും ത്യാഗസന്നദ്ധതയും കുറെ കുറവായിരിയ്ക്കാമെങ്കിലും, കാതോലിക വിശ്വാസ സംബന്ധമായ പഠനത്തിൽ ഓർത്തഡോക്സ് സഭയിലെ മിക്ക വൈദികരേയും കവച്ചു വയ്ക്കുവാൻ അദ്ദേഹത്തിന് തന്റെ വാർദ്ധക്യത്തിൽ കഴിഞ്ഞിട്ടുണ്ട്.

ആലുവാ കോളജിൽ നിന്നും അടുത്തൂൺ പറ്റി പിരിഞ്ഞ ശേഷമാണ് സഭാസംബന്ധമായ കാര്യങ്ങൾക്ക് തന്റെ പൂർണ്ണസമയവും വിനിയോഗിയ്ക്കുവാൻ അദ്ദേഹം ആരംഭിച്ചത്. വി. സി. അച്ചന്റെ ശക്തി ക്രിസ്തുവുമായുള്ള തന്റെ യഥാർത്ഥ ബന്ധമായിരുന്നെങ്കിൽ ജോണച്ചന്റെ ശക്തി മുഴുവൻ സഭയോടും ഓർത്തഡോക്സ് കക്ഷിയോടുമുള്ള തന്റെ സ്വാമീഭക്തിയിലായിരുന്നു. ഓർത്തഡോക്സ് സഭയുടെ മേലദ്ധ്യക്ഷനോട് അദ്ദേഹത്തിന് ഒരു കാലത്തുണ്ടായിരുന്ന ഭക്തി തന്റെ ദൈവഭക്തിയേക്കാൾ കവിഞ്ഞതായിരുന്നു. മക്കാബ്യ പുസ്തകത്തിലെ മഹാപുരോഹിതന്റെ മഹിമയെ വിവരിയ്ക്കുന്ന ഭാഗം വേദപുസ്തകത്തിൽ അദ്ദേഹത്തിന് ഏറ്റവും പ്രിയമായിരുന്നതിന്റെ കാരണം, ആ ഭാഗം വായിയ്ക്കുമ്പോൾ തനിയ്ക്കോർമ്മ വരുന്നത് പരിശുദ്ധ കാതോലിക്കാ ബാവായുടെ മഹിമയായിരുന്നുവെന്നുള്ളതാണ്.

അതുകൊണ്ട് സഭാസേവനത്തിന്നായി അദ്ദേഹത്തിന് ചിന്തിയ്ക്കാമായിരുന്നതിൽ ഏറ്റവും ശ്രേഷ്ഠമായ കേന്ദ്രം ഓർത്തഡോക്സ് സഭയുടെ മേലദ്ധ്യക്ഷാസനമായ കോട്ടയമായിരുന്നു. "മലങ്കരസഭ" എന്ന സഭാമാസികയുടെ ചുമതല അദ്ദേഹം ഏറ്റെടുത്ത് കുറെ കഴിഞ്ഞപ്പോഴാണ് "ദേവലോക"ത്തുണ്ടായിരുന്ന ചില "അസുര"ന്മാരുമായി അദ്ദേഹത്തിന്ന് ഏറ്റുമുട്ടേണ്ടി വന്നത്. പരിശുദ്ധ കാതോലിക്കാബാവാ തിരുമേനിയോടുള്ള ബഹുമാനം അതുകൊണ്ട് വർദ്ധിച്ചതേയുള്ളുവെങ്കിലും സഭാസേവന സാദ്ധ്യതകളെപ്പറ്റിയുള്ള അദ്ദേഹത്തിന്റെ ആശകൾ കുറെയൊക്കെ തകർന്നുപോയി.

അന്നു തുടങ്ങിയാണദ്ദേഹത്തിന്റെ സംശയങ്ങൾ കുറെക്കൂടി പ്രബലമായത്. തന്നെയും തന്റെ പ്രവർത്തനങ്ങളേയും അഭിനന്ദിയ്ക്കുന്നവർ സഭയുടെ കേന്ദ്രത്തിൽ കുറവായതുകൊണ്ട്, സഭയുടെ പുറം പരിധികളിലുള്ളവർക്ക് തന്റെ സേവനങ്ങളെ നല്കുവാൻ അദ്ദേഹം സന്നദ്ധനായി. വടക്കൻ കൊച്ചിയിലുള്ള ചില എസ്റ്റേറ്റുകളിൽ പള്ളിയും പട്ടക്കാരുമില്ലാതെ കിടന്നിരുന്ന പല സ്ഥലങ്ങളിലും അദ്ദേഹം ചെന്ന് ശുശ്രൂഷകൾ നടത്തുകയും വിശ്വാസം പഠിപ്പിയ്ക്കുകയും ചെയ്യുവാൻ തുടങ്ങി. ആലുവായിലും തൃശൂരിലും ഉള്ള ഇടവകകളെ അദ്ദേഹം ത്യാഗപൂർവ്വം സേവിച്ചു.

പക്ഷേ, കൊച്ചുന്നാളിലെ അദ്ദേഹത്തിനുണ്ടായിരുന്ന ഒരു ബലഹീനത, (നമ്മിൽ മിക്കവർക്കും ഉള്ള ഒന്നാണിത്) മറ്റുള്ളവർ തന്നെ അഭിനന്ദിയ്ക്കുവാനുള്ള അതിയായ വാഞ്ചയായിരുന്നു. ഈ വാഞ്ചയുടെ പൂരണത്തിന്ന് വേണ്ടി അദ്ദേഹം ചെയ്തിട്ടുള്ള പല കാര്യങ്ങളും ബ. അച്ചനെ അടുത്തറിയുന്നവർക്കേ നിശ്ചയമുള്ളു.

ഏതായാലും ഓർത്തഡോക്സ് സഭയിൽ അദ്ദേഹത്തിന്റെ സേവനങ്ങൾ വേണ്ടത്ര അഭിനന്ദിയ്ക്കപ്പെട്ടിട്ടില്ല. അതോടുകൂടെ സ്വഭവനത്തിൽപ്പോലും തന്നെപ്പറ്റി വേണ്ടത്ര ഉയർന്ന അഭിപ്രായമില്ലെന്നായി തനിയ്ക്ക് ഭയം. ഈ മാനസിക പശ്ചാത്തലത്തിൽ അദ്ദേഹത്തിന്റെ ബുദ്ധി റോമ്മാ സഭയുടെ നേർക്ക് ഒരു കണ്ണു തിരിച്ചു. പക്ഷേ, ബ. വി. സി. അച്ചനെപ്പോലെ ഉടനടി തീരുമാനങ്ങളെടുക്കുന്ന ആളല്ല ബ. ജോണച്ചൻ.

തന്റെ സമയം മുഴുവൻ വിശ്വാസപരമായ പുസ്തകങ്ങൾ വായിയ്ക്കുവാൻ അദ്ദേഹം വിനിയോഗിച്ചു. തനിയ്ക്ക് വേദശാസ്ത്ര സംബന്ധമായ അടിസ്ഥാനപരിശീലനം പോലുമില്ലായിരുന്നെങ്കിലും പരിശുദ്ധന്മാരുടെ പുസ്തകങ്ങളും അനേക റോമ്മൻ കത്തോലിക്കാ ഗ്രന്ഥങ്ങളും അദ്ദേഹം അത്യാർത്തിയോടെ വായിച്ചു തീർത്തു.

തന്റെ കൂർമ്മതയുള്ള ബുദ്ധി ഒരൊറ്റ വേദവാക്യത്തിന്മേൽ തന്റെ ചിന്താസൌധത്തിന്റെ അടിസ്ഥാനമിട്ടു. “നിത്യജീവനെന്നതോ, അവർ യഥാർത്ഥ ദൈവമായ നിന്നെയും, നീ അയച്ചിട്ടുള്ളവനായ യേശുക്രിസ്തുവിനേയും അറിയുന്നതു തന്നെ” (യോഹ. 17:3).

നിത്യജീവൻ പ്രാപിയ്ക്കുകയെന്നതാണ് ബ. ജോണച്ചന്റെ പ്രകടമായ ജീവിതോദ്ദേശ്യം. അതിന്നുള്ള മാർഗ്ഗമോ ദൈവത്തെയും യേശുക്രിസ്തുവിനേയും അറിയുകയെന്നതാണെന്ന് തിരുവെഴുത്തുകൾ പഠിപ്പിയ്ക്കുന്നു. ദൈവത്തെ അറിയുന്നതിന് യേശുക്രിസ്തുവിനെ അറിയുന്നതല്ലാതെ മറ്റു മാർഗ്ഗമില്ല. യേശുക്രിസ്തുവിനെ അറിയുക എന്ന് പറഞ്ഞാൽ തന്റെ ആളത്വത്തെ മനസ്സിലാക്കുക (to understand the Person of Christ) എന്നാണ് ജോണച്ചൻ ധരിച്ചിരിയ്ക്കുന്നത്.

ഇങ്ങിനെ തന്റെ ചിന്താഗതി ക്രിസ്തുവിന്റെ ആളത്വത്തെക്കുറിച്ചുള്ള സഭാ വിശ്വാസത്തിന്മേൽ ശ്രദ്ധ കേന്ദ്രീകരിച്ചു. കല്ക്കിദൂൻ സുന്നഹദോസിന്റെ സാഹചര്യങ്ങളെപ്പറ്റി ലഭിയ്ക്കാമായിരുന്നത്ര പുസ്തകങ്ങൾ അദ്ദേഹം വായിച്ചു തീർത്തു.

ഒരു പ്രശ്നം മാത്രം അവശേഷിച്ചു - യേശുക്രിസ്തുവിന്റെ മനുഷ്യത്വവും ദൈവത്വവും തമ്മിലുള്ള ബന്ധമെന്താണ്?

ഈ പ്രശ്നത്തിന്റെ ശരിയായ ഉത്തരത്തിലാണ് നിത്യജീവൻ കിടക്കുന്നതെന്നായിരുന്നു അച്ചന്റെ വിശ്വാസം. റോമ്മാ സഭയിൽ പോകുവാനുള്ള തീരുമാനം നേരത്തെ സ്വഹൃദയത്തിൽ ഉണ്ടായിക്കഴിഞ്ഞിരുന്ന കാര്യം അദ്ദേഹം സമ്മതിയ്ക്കയില്ലായിരുന്നു. ചില സാഹചര്യങ്ങളിൽ ആ തീരുമാനത്തെ പ്രവൃത്തിപഥത്തിൽ വരുത്തുവാൻ അദ്ദേഹത്തിന് ധൈര്യം വന്നില്ലെന്നതാണ് പരമാർത്ഥം.

അന്ന് എറണാകുളത്ത് ഹൈക്കോടതിയിൽ സമുദായക്കേസു നടക്കുകയാണ്. സൗകര്യമുള്ളപ്പോഴൊക്കെ അച്ചൻ കോടതിയിൽപ്പോകും.

1956-ാമാണ്ടിന്റെ അവസാന കാലമായപ്പോഴേയ്ക്ക് ഇവ രണ്ടുമായി അദ്ദേഹത്തിന്റെ ചിന്താജീവിതത്തിലെ പ്രധാന സംഗതികൾ - സമുദായക്കേസും കല്ക്കിദൂൻ സുന്നഹദോസും.

നമ്മുടെ കർത്താവിന്റെ സ്വഭാവത്തിന്റെ ഏകത്വ വിശ്വാസത്തെ അംഗീകരിയ്ക്കുവാൻ അദ്ദേഹത്തിന് പ്രയാസമായിരുന്നു. കർത്താവിന്റെ മനുഷ്യത്വവും ദൈവത്വവും ദ്വിസ്വഭാവങ്ങളായിത്തന്നെ അന്നും ഇന്നും നിലകൊള്ളുന്നുവെന്നാണദ്ദേഹത്തിന്റെ മതം. കർത്താവിന്റെ മനുഷ്യത്വവും ദൈവത്വവും ചേർന്ന് ഒരു സ്വഭാവമായിയെന്ന് നാം വിശ്വസിക്കുന്നുവെങ്കിൽ, നാമും ഉയിർത്തെഴുന്നേല്പിൽ കർത്താവിനെപ്പോലെയാകുവാനുള്ളവരാകകൊണ്ട് നമുക്കും ദൈവസ്വഭാവമുണ്ടായിത്തീരുമെന്നാണല്ലോ വരുന്നത്! ഇതാണ് ബ. അച്ചന് സ്വീകാര്യമല്ലാതിരുന്നത്. The Deification of man is a Pagan doctrine (മനുഷ്യനെ ദൈവമാക്കുന്നത് പുറജാതിക്കാരന്റെ പഠിപ്പിയ്ക്കലാണ്) എന്നാണ് അദ്ദേഹത്തിന്റെ വാദം.

ഇയ്യിടെ ബ. സി. എ. എബ്രഹാമച്ചൻ സത്യദീപത്തിലെഴുതിയിരുന്ന ലേഖനത്തിൽ, “I do not believe that there is any distinctive value in the Jacobite Church which cannot be better preserved in communion with the Holy See of St. Peter” (വി. പത്രോസിന്റെ പരിശുദ്ധ ഇടവകയുമായുള്ള സമ്പർക്കത്തിൽ കുറേക്കൂടി നന്നായി പുലർത്തിക്കൊണ്ടു പോകാൻ സാധിയ്ക്കാത്ത വിശിഷ്ടതകളേതെങ്കിലും യാക്കോബായ സഭയിലുണ്ടെന്ന് ഞാൻ വിശ്വസിയ്ക്കുന്നില്ല) എന്ന് പ്രസ്താവിച്ചിരുന്നതിന്റെ തെറ്റ്

ഈ ഒരു കാര്യത്തിലെങ്കിലും എനിയ്ക്ക് ചൂണ്ടിക്കാണിയ്ക്കാതെ നിവൃത്തിയില്ല.

ഉയിർത്തെഴുന്നേല്പിൽ മനുഷ്യരായ നമുക്ക് ക്രിസ്തുവിന്റെ മനുഷ്യത്വത്തിന്റെ പൂർണ്ണത മാത്രമേയുണ്ടാവുകയുള്ളുവെന്നും ദൈവസ്വഭാവത്തിന്റെ അംശമേതെങ്കിലും നമ്മിലുണ്ടാകുമെന്ന് പറയുന്നത് ഹൈന്ദവ മതമാണെന്നുമാണ് ബ. ജോണച്ചൻ പലപ്പോഴും എന്നോട് പറഞ്ഞിട്ടുള്ളത്.

എന്നാൽ കിഴക്കുള്ള പരിശുദ്ധ പിതാക്കന്മാരുടേയും വി. പൌലൂസു ശ്ലീഹായുടേയും അഭിപ്രായം ഇതാണെന്ന് തോന്നുന്നില്ല. വി. പൌലൂസ് ശ്ലീഹായുടെ എഴുത്തുകളിലെ പ്രധാന ആശയങ്ങളിലൊന്ന് "പുത്രത്വം" (hiotheria) എന്നതാണ്. പിതൃസ്വഭാവവും പുത്രസ്വഭാവവും തമ്മിൽ യാതൊരു ബന്ധവുമില്ലെന്ന് വന്നാൽ പുത്രത്വമെന്ന വാക്കിന് യാതൊരർത്ഥവുമില്ല. നാം ദൈവപുത്രന്മാരായി ദത്തെടുക്കപ്പെട്ടിട്ടുണ്ടെങ്കിൽ, നമുക്കും ദൈവസ്വഭാവമുണ്ടായിത്തീരാതെ  നിവൃത്തിയില്ല.

നമ്മുടെ കർത്താവ് ഇന്നും ദൈവപുത്രനും മനുഷ്യപുത്രനുമാണ്. തന്റെ മനുഷ്യത്വം കുരിശുമരണത്തോടെ അവസാനിച്ചതൊന്നുമല്ല. ഉയിർത്തെഴുന്നേറ്റ മനുഷ്യപുത്രനാണ് ഇന്ന് ദൈവത്തിന്റെ വലത്തുഭാഗത്തുള്ളത്. "കണ്ടാലും, സ്വർഗ്ഗം തുറന്നിരിയ്ക്കുന്നതായും, മനുഷ്യപുത്രൻ ദൈവത്തിന്റെ വലത്തുഭാഗത്തു നില്ക്കുന്നതായും ഞാൻ കാണുന്നു" എന്നാണ് മരണാസന്നനായ വി. സ്തേഫാനോസ് വിളിച്ചു പറഞ്ഞത്.

ഉയിർത്തെഴുന്നേല്പിൽ നാം ഈ മനുഷ്യപുത്രന്റെ സ്വഭാവത്തിലാണ് ഭാഗഭാക്കുകളാകുന്നത്. ഈ മനഷ്യപുത്രന്റെ ദൈവസ്വഭാവവും മനുഷ്യസ്വഭാവവും തമ്മിൽ വേർതിരിയ്ക്കുവാൻ ഒരു മാർഗ്ഗവുമില്ല. ദൈവമാണ് മനുഷ്യനായത്. അല്ലാതെ ദൈവത്തിന്റെ കൂടെ മനുഷ്യത്വം ഒട്ടിച്ചു വെയ്ക്കുകയല്ല ചെയ്തത്. ഈ വിശ്വാസം ക്രൈസ്തവ വിശ്വാസത്തിന്റെ കേന്ദ്രിക യാഥാർത്ഥ്യമാണ്. ഇതിൽ മനുഷ്യസ്വഭാവം ദൈവസ്വഭാവമായിത്തീരുന്നു എന്ന് പഠിപ്പിയ്ക്കുവാൻ ആസക്തിയുള്ള ഗ്രീക്കുസഭയ്ക്ക് പോലും തെറ്റുപറ്റിയിരിയ്ക്കുന്നു. ഈ സത്യം മുറുകെപ്പിടിയ്ക്കുന്നവരായ ചെറിയ കിഴക്കൻ സഭകൾക്ക് മറ്റൊന്നും ക്രിസ്തീയ സഭയ്ക്ക് കൊടുക്കാനില്ലെങ്കിലും, ഈ മൌലികയാഥാർത്ഥ്യം നാം മനസ്സിലാക്കുകയും നമ്മുടെ റോമൻ കത്തോലിക്കാ, പ്രോട്ടസ്റ്റന്റ്, ഓർത്തഡോക്സ് സഹോദരങ്ങളെ പഠിപ്പിയ്ക്കുകയും ചെയ്യണം.

പക്ഷേ, ബ. ജോണച്ചന് ഈ കാര്യം എത്ര പ്രാവശ്യം തന്നെ പറഞ്ഞിട്ടും ഇതുവരെ മനസ്സിലായിട്ടില്ലെന്നു തോന്നുന്നു. ഏകത്വ സ്വഭാവ വിശ്വാസം ഹൈന്ദവമാണെന്ന് അദ്ദേഹത്തിന്നഭിപ്രായമുള്ള സ്ഥിതിയ്ക്ക്

അദ്ദേഹം കല്ക്കിദൂൻ സഭകളിലേതിലെങ്കിലും ആത്മശാന്തി തേടുകയെന്നത് സ്വാഭാവികമാണ്. അദ്ദേഹം തേടുന്ന ശാന്തി, റോമ്മൻ സഭയിൽ അദ്ദേഹത്തിന് ലഭിയ്ക്കട്ടെയെന്ന് ഞാൻ പ്രാർത്ഥിയ്ക്കുന്നു.

എന്നാലും ഈ വിശ്വാസപരമായ സംശയത്തെക്കുറിച്ച് ഒരവസാന തീരുമാനമെടുക്കുവാൻ അദ്ദേഹത്തെ സഹായിച്ചത് സമുദായക്കേസിന്റെ വിധിയായിരുന്നു. താനുൾപ്പെട്ടു നില്ക്കുന്ന കാതോലിക്കാ കക്ഷിയ്ക്ക് വിപരീതമായ വിധിയുടെ അർത്ഥം, വടക്കൻ ഇടവകകൾ ആ കക്ഷിയിലേയ്ക്ക് വരുമെന്നും അങ്ങിനെ തനിയ്ക്ക് ഒരു പുതിയ സ്ഥാനമുണ്ടായിത്തീരുമെന്നുമുള്ള പ്രതീക്ഷയുടെ തകരലായിരുന്നു. പിന്നെയൊരു മാർഗ്ഗമേയുള്ളൂ തന്റെ അഭിനന്ദനകാംക്ഷയുടെ പൂരണത്തിന് – അതാണദ്ദേഹം സ്വീകരിച്ചത്.

പരമാർത്ഥം പറഞ്ഞാൽ – ബ. അച്ചൻ ക്ഷമിയ്ക്കണേ! – പണ്ഡിതോചിതമായ ഒരു നല്ല ജോലി സഭാമണ്ഡലത്തിൽ അദ്ദേഹത്തിന് നല്കുവാൻ ഓർത്തഡോക്സ് സഭയ്ക്ക് കഴിഞ്ഞിരുന്നെങ്കിൽ അദ്ദേഹവും പോകയില്ലായിരുന്നു. ഇവിടെയും അപരാധം നമ്മുടേതു തന്നെ.

* * * * * * * * * * *

(കൈയെഴുത്തുരൂപത്തിൽ കണ്ടുകിട്ടിയ ഈ ലേഖനം എഴുതി പൂർത്തീകരിക്കാത്ത ലേഖനമാണെന്ന് തോന്നുന്നു. ഡോ. പൗലോസ് മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്താ, ആലുവാ ഫെലോഷിപ്പ് ഹൗസിൽ സേവനമനുഷ്ഠിച്ച കാലഘട്ടത്തിൽ 1956–ൽ എഴുതിയത്. ഈ ലേഖനം പ്രസിദ്ധീകരിച്ചതാണോ എന്ന കാര്യം അറിവില്ല.)